SGOU
Higher
Education
for All

# മലയാള സാഹിത്യമാതൃകകൾ:

## ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം

**Course Code: SGB24ML504ME**

Major Discipline Specific Elective

Malayalam Language and Literature (Honours)

Self Learning Material



SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

## Vision

To increase access of potential learners of all categories to higher education, research and training, and ensure equity through delivery of high quality processes and outcomes fostering inclusive educational empowerment for social advancement.

## Mission

To be benchmarked as a model for conservation and dissemination of knowledge and skill on blended and virtual mode in education, training and research for normal, continuing, and adult learners.

## Pathway

Access and Quality define Equity.

SGOU

# മലയാള സാഹിത്യമാതൃകകൾ:

## ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം

Course Code: SGB24ML504ME

Semester - V

**Four Year Undergraduate Programme**
**Malayalam Language and Literature (Honours)**
**Major Discipline Specific Elective**
**Self Learning Material**

SGOU

SREENARAYANAGURU
OPEN UNIVERSITY

**SREENARAYANAGURU OPEN UNIVERSITY**

The State University for Education, Training and Research in Blended Format, Kerala

SREENARAYANAGURU
OPEN UNIVERSITY

# മലയാള സാഹിത്യമാതൃകകൾ:
## ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം

Course Code: SGB24ML504ME
Semester- V
Major Discipline Specific Elective
BA Malayalam Language and Literature (Honours)

**Academic Committee**

Prof. (Dr.) Thomas Thamarasseri
Dr. Asha Latha
Dr. Aju K. Narayanan
Dr. Indusree S.R.
Dr. Sini V.
Dr. Girish Kumar .S
Rakhi R.G.
Dr. R.S. Jaya
Jesny J.

**Development of the Content**

Dr. Asalatha V.
Dr. Aswani A.P.
Dr. Thara S.S.
Dr. Soumya Dasan
Dr. Deepam S.
Dr. Rajasree M.

**Review and Edit**

Prof. (Dr.) Thomas Thamarasseri

**Linguistics**

Dr. Leja V.R.

**Scrutiny**

Dr. Aswani A.P.
Dr. Deepam S.
Dr. Thara S.S.
Dr. Deepthi V.S.
Dr. Lathika A.C.

**Cover Design**

Jobin J.

**Co-ordination**

**Director (IC), MDDC :**
Dr. Sajeevkumar G.
**Coordinator, Development:**
Dr. Anfal M.

Scan this QR Code for reading the SLM on a digital device.

**Second Edition**
June 2026

**Copyright**
© Sreenarayanaguru Open University

ISBN 978-81-687084-4-0

SGOU

All rights reserved. No part of this work may be reproduced in any form, by mimeograph or any other means, without permission in writing from Sreenarayanaguru Open University. Printed and published on behalf of Sreenarayanaguru Open University
by Registrar, SGOU, Kollam.

www.sgou.ac.in

Visit and Subscribe our Social Media Platforms

# MESSAGE FROM VICE CHANCELLOR

Dear Learner,

It is with great pleasure that I welcome you to the Four Year UG Malayalam Language and Literature Programme offered by Sreenarayanaguru Open University.

Established in September 2020, our university aims to provide high-quality higher education through open and distance learning. Our guiding principle, 'access and quality define equity', shapes our approach to education. We are committed to maintaining the highest standards in our academic offerings.

Our university proudly bears the name of Sreenarayanaguru, a prominent Renaissance thinker of modern India. His philosophy of social reform and educational empowerment serves as a constant reminder of our dedication to excellence in all our academic pursuits.

The Four Year UG Malayalam Language and Literature Programme covers all relevant areas aligned with Malayalam language and literary studies. We have incorporated the latest trends in Malayalam studies to ensure a comprehensive and up-to-date curriculum. Moreover, the programme encompasses flexible options for learners to choose from a range of Ability Enhancement Courses, Multi-disciplinary Courses, Value Added Courses, and Skill Enhancement Courses, complemented by discipline-oriented Advanced and Additional Advanced Courses.

Our teaching methodology combines three key elements: Self Learning Material, Classroom Counselling, and Virtual modes. This blended approach aims to provide a rich and engaging learning experience, overcoming the limitations often associated with distance education. We are confident that this programme will enhance your understanding of Malayalam language and literature, preparing you for various career paths and further academic pursuits.

Our learner support services are always available to address any concerns you may have during your time with us. We encourage you to reach out with any questions or feedback regarding the programme.
We wish you success in your academic journey with Sreenarayanaguru Open University.

Best regards,

Dr. Jagathy Raj V.P.
Vice Chancellor

01-06-2026

SGOU

# Contents


BLOCK - 01 ആത്മകഥ 1

യൂണിറ്റ് 1 ആശുപത്രിയിൽ (ജീവിതപ്പാത)
- ചെറുകാട്(ഗോവിന്ദപിഷാരടി) 2

യൂണിറ്റ് 2 ഇരന്നുണ്ട ഓണം - (ചിദംബരസ്മരണ)
- ബാലചന്ദ്രൻ ചുള്ളിക്കാട് 12

യൂണിറ്റ് 3 ദലിതൻ (ആദ്യത്തെ രണ്ട് അധ്യായങ്ങൾ) - കെ.കെ. കൊച്ച് 20

BLOCK - 02 ആത്മകഥ 30

യൂണിറ്റ് 1 വള്ളത്തോളുമായി ഒരു കൂടിക്കാഴ്ച - എം.ജി.എസ്സ്. നാരായണൻ 31

യൂണിറ്റ് 2 ഒറ്റപ്പെട്ടു പോയ കുട്ടി - ഭാഗ്യലക്ഷ്മി 39

BLOCK - 03 ജീവചരിത്രം 50

യൂണിറ്റ് 1 ഒരു വലിയ മുഹൂർത്തത്തിന്റെ പശ്ചാത്തലം
(നാരായണഗുരുസ്വാമി) - എം.കെ. സാനു 51

യൂണിറ്റ് 2 ആ മനുഷ്യൻ നീ തന്നെ (ഇവൻ എന്റെ പ്രിയ സി.ജെ.)
- റോസി തോമസ് 58

യൂണിറ്റ് 3 മയിലമ്മ ഒരു ജീവിതം (അധ്യായം അഞ്ച്)
- ജ്യോതിബായി പരിയാടത്ത് 64

BLOCK - 04 യാത്രാവിവരണം 72

യൂണിറ്റ് 1 നിലാവ് കോരിക്കുടിച്ച കള്ളിമുൾച്ചെടികൾ
(മരുഭൂമിയുടെ ആത്മകഥ) - വി. മുസഫർ അഹമ്മദ് 73

യൂണിറ്റ് 2 വഴിയമ്പലത്തിലും പുൽക്കുടിലിലും
(ഹിമവാന്റെ മുകൾത്തട്ടിൽ) - രാജൻ കാക്കനാടൻ 79

BLOCK - 05 അനുഭവസാഹിത്യം 86

യൂണിറ്റ് 1 ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ
(നദി തിന്നുന്ന ദ്വീപ്) - കെ.എ. ബീന 87

യൂണിറ്റ് 2 ചൂണ്ടക്കാരുടെ സ്വർഗ്ഗം (രണ്ടുയാത്രകൾ) - സക്കറിയ 94

BLOCK - 06 അനുഭവസാഹിത്യം 100

യൂണിറ്റ് 1 എന്നെ പാണനെന്ന് വിളിക്കരുത് - എതിര്
- എം. കുഞ്ഞാമൻ 101

യൂണിറ്റ് 2 ദരിദ്രന്റെ ക്രിസ്മസ് (പച്ചവിരൽ) - ദയാബായി 114

യൂണിറ്റ് 3 വരുമോ വസന്തം (ഒരു മലയാളി ഹിജഡയുടെ ആത്മകഥ)
- ജെറീന 126


SGOU

BLOCK - 01

# ആത്മകഥ

SCOU

# യൂണിറ്റ് - 1
# ആശുപത്രിയിൽ (ജീവിതപ്പാത)

**ചെറുകാട് (ഗോവിന്ദപിഷാരടി)**

## Learning Outcomes

- ആത്മകഥയുടെ പ്രത്യേകതകൾ ഗ്രഹിക്കുന്നു
- മലയാളത്തിലെ ശ്രദ്ധേയമായ ആത്മകഥകളെ വിശകലനം ചെയ്യുന്നു
- ജീവിതപ്പാത എന്ന ആത്മകഥയുടെ സവിശേഷതകൾ വിലയിരുത്തുന്നു
- ചെറുകാടിന്റെ സാഹിത്യസംഭാവനകൾ വിശകലനം ചെയ്യുന്നു
- ചെറുകാടിന്റെ സാമൂഹ്യ ഇടപെടലുകൾ അടയാളപ്പെടുത്തുന്നു

## Prerequisite

**ആത്മകഥ**


ജീവചരിത്രത്തോട് ഏറ്റവുമടുത്ത ബന്ധമുള്ള ഒരു സാഹിത്യവിഭാഗമാണ് ആത്മകഥ. ജീവചരിത്രവും (Biography) ആത്മകഥയും (Autobiography) വ്യക്തിചരിതം തന്നെയാണല്ലോ. ഒന്നു ചരിത്രമായും മറ്റേത് കഥയായും പരാമർശിക്കപ്പെടുന്നു. രണ്ടിലും ചരിത്രമുണ്ട്, കഥയുമുണ്ട്. ആത്മകഥയിലെ ചരിത്രം കഥാപുരുഷൻ തന്നെ രചിക്കുന്നു. ജീവചരിത്രരചന കഥാപുരുഷന് ഒഴിച്ച് ആർക്കും ആകാവുന്നതാണ്. ഇതാണ് രണ്ടും തമ്മിലുള്ള മൗലിക വ്യത്യാസം. ഒരു വ്യക്തിയുടെ സ്വഭാവരൂപരേഖയും ജീവിതഗതിയും വിവരിക്കുന്ന രണ്ട് പരമ്പരാഗത സാഹിത്യരൂപങ്ങളാണ് ജീവചരിത്രവും ആത്മകഥയും. ജീവചരിത്രം എന്നത് മറ്റൊരാൾ എഴുതിയ ഒരു വ്യക്തിയുടെ ജീവിതചരിത്രമാണ്, അതേസമയം ആത്മകഥ ഒരു വ്യക്തിയുടെ ജീവിതത്തിന്റെ പ്രകടനമാണ്. ഓട്ടോ എന്ന വാക്കിന്റെ അർഥം 'സ്വയം' എന്നാണ്. അതിനാൽ, ആത്മകഥയിൽ ഒരു ജീവചരിത്രത്തിന്റെ എല്ലാ ഘടകങ്ങളും അടങ്ങിയിരിക്കുന്നു. ഒരു ആത്മകഥ ആഖ്യാതാവിന്റെ സ്വഭാവ രേഖാചിത്രം, അയാൾ ജനിച്ച് വളർന്ന സ്ഥലം, അയാളുടെ വിദ്യാഭ്യാസം, ജോലി, ജീവിതാനുഭവങ്ങൾ, വെല്ലുവിളികൾ, നേട്ടങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. ഇതിൽ അയാളുടെ കുട്ടിക്കാലം, കൗമാരം, യൗവനം തുടങ്ങിയ സംഭവങ്ങളും കഥകളും ഉൾപ്പെട്ടേക്കാം. അന്യവ്യക്തിക്ക് ഒരിക്കലും കണ്ടുപിടിക്കാൻ കഴിയാത്ത ചില ഘടകങ്ങൾ സ്വന്തം കഥ എഴുതുന്ന ആളിനു അറിയാൻ കഴിയും. ഒരാളുടെ പ്രവൃത്തികളും ഭാഷണങ്ങളും അടിസ്ഥാനമാക്കിയാണ് ലോകം അയാളെ വിധിക്കുന്നത്. അയാളുടെ ചിന്തയ്ക്കും അതുപോലെ പ്രധാനമായ സ്ഥാനം കൊടുക്കേണ്ടതാണെങ്കിലും ലോകം അതറിയുന്നില്ല. ചിന്താഗതിയെക്കുറിച്ചു അയാൾ ഊഹിക്കുന്നതേയുള്ളൂ. അയാൾ ജീവിച്ച ഓരോ കാലഘട്ടത്തിലെയും അയാളുടെ ചിന്താഗതിയെക്കുറിച്ച് ആത്മകഥാകാരന് പറയാൻ കഴിയും. ആ ചിന്താഗതിയുടെ വൈചിത്ര്യങ്ങൾ ഒരളവിൽ ആത്മകഥയിൽ പ്രതിഫലിക്കുകയും ചെയ്യും.

ലോകം കണ്ട ആത്മകഥകളിൽ ഏറ്റവും വിശിഷ്ടമായ ഒന്നാണല്ലോ മഹാത്മാഗാന്ധിയുടെ 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ.' ജീവിതത്തിന്റെ ഓരോ ഘട്ടത്തിലും ഗുണവും ദോഷവും പ്രതിഫലിപ്പിക്കുന്ന ചിന്താഗതികൾ അവതരിപ്പിക്കുന്നതിൽ ഗാന്ധിജിയെപ്പോലെ

SGOU

വിജയിച്ചിട്ടുള്ളവർ ചുരുക്കംതന്നെ. ഇപ്രകാരം സ്വന്തം ജീവിതാനുഭവങ്ങൾ ചികഞ്ഞുപിടിച്ചു കണ്ടെത്താനും, കണ്ടെത്തുന്നത് നൂറുശതമാനം സത്യസന്ധമായി അവതരിപ്പിക്കുവാനും കഴിവുള്ള എത്ര എഴുത്തുകാർ ഉണ്ടായിരിക്കും എന്നതാണ് അതീവ പ്രസക്തമായ ചോദ്യം. ഒരു വ്യക്തിയുടെ പൂർണ്ണമായ ജീവിതകഥ ആവിഷ്കരിക്കുവാൻ ജീവിതചരിത്രത്തിനല്ലാതെ ആത്മകഥയ്ക്ക് സാധ്യമല്ല. ജനനം മുതൽ മരണംവരെയുള്ള കാലമാണ് ഇവിടെ കണക്കിലെടുക്കേണ്ടത്. ജീവിതസായാഹ്നത്തിൽ എഴുതപ്പെടുന്ന ആത്മകഥയ്ക്ക് സാമാന്യം പൂർണ്ണത ലഭ്യമാകുന്നു. പക്ഷേ പലപ്പോഴും മരണത്തിനു വളരെ മുമ്പായിരിക്കും കഥാരചന നടക്കുക. പിന്നെയും ഫലപ്രദമായി ജീവിതം പൊയ്ക്കൊണ്ടിരിക്കും. ആത്മകഥാകാരന് സ്വന്തം കഥയിലെ വൈകാരികഭാവം ആവിഷ്കരിച്ച് സംതൃപ്തി നേടാൻ കൗതുകം ഏറുന്നു. ഇക്കാരണത്താൽ തന്നെ, ആത്മകഥകൾ കൂടുതൽ ആസ്വാദ്യകരമായി അനുഭവപ്പെടുന്നു.

**ചെറുകാട് (ഗോവിന്ദപിഷാരടി) ( 1914 - 1976)**



മലയാളത്തിലെ പ്രസിദ്ധ നോവലിസ്റ്റും നാടകകൃത്തും കമ്മ്യൂണിസ്റ്റ് സഹയാത്രികനും പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ നായകനുമായിരുന്നു ചെറുകാട്. ഗോവിന്ദപിഷാരടി എന്ന് യഥാർഥ നാമം. മലങ്കാടൻ എന്ന പേരിൽ ഹാസ്യകവിതകൾ എഴുതിയിരുന്നു. പ്രൈമറി സ്കൂൾ അധ്യാപകനായിരുന്ന ചെറുകാട് രാഷ്ട്രീയ പ്രവർത്തനങ്ങളെത്തുടർന്ന് സർവീസിൽ നിന്നും പിരിച്ചുവിടപ്പെട്ടു. പിൽക്കാലത്ത് പാവറട്ടി കോളേജ്, പട്ടാമ്പി ഗവ.കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായി. തനിക്ക് സുപരിചിതമായ മണ്ണും മനുഷ്യരുമാണ് ചെറുകാടിന്റെ കൃതികളിൽ കാണുന്നത്. ജീവിതപ്പാത എന്ന ആത്മകഥയ്ക്ക് 1976-ൽ കേരള സാഹിത്യ അക്കാദമി അവാർഡും 1977-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും ലഭിച്ചു. പെരിന്തൽമണ്ണയിലെ ചെറുകാട് സ്മാരക ട്രസ്റ്റ് 1978 മുതൽ ചെറുകാട് അവാർഡ് നൽകി വരുന്നു.

ചെറുകാടിന്റെ ആത്മകഥയായ 'ജീവിതപ്പാത'യിൽ നിന്നെടുത്തിട്ടുള്ളതാണ് പാഠഭാഗം. മുൻപ് പല ദ്രോഹങ്ങളും ചെയ്ത കുഞ്ഞമ്മാമന് ഒരാപത്ഘട്ടത്തിൽ ലേഖകൻ തുണയാവുന്നതാണ് ഇവിടുത്തെ പ്രമേയം. ജോലിയിൽ അങ്ങേയറ്റം ആത്മാർഥത കാണിക്കുന്ന റാവു ഡോക്ടറും തട്ടിപ്പുകാരായ ചില ആളുകളും ചേർന്നതാണ് ആശുപത്രിയിലെ അന്തരീക്ഷം. ഈ ചെറിയ ഭാഗത്തിൽ സെയ്താലിയെപ്പോലെ നമ്മുടെ മനസ്സിൽ തറഞ്ഞു നിൽക്കുന്ന ധാരാളം കഥാപാത്രങ്ങൾ ഉണ്ട്. നോവൽ പോലെ വായിച്ചു പോകാവുന്ന രീതിയിൽ സരളസുന്ദരമാണ് ഇതിലെ ആഖ്യാനശൈലി.

ഞാനൊരമ്പലവാസിയാണ് എന്നു പറഞ്ഞാണ് ചെറുകാടിന്റെ ജീവിതപ്പാതയെന്ന ആത്മകഥ ആരംഭിക്കുന്നത്. അമ്പലവാസികൾക്കിടയിലെ മരുമക്കത്തായ സമ്പ്രദായം അദ്ദേഹത്തിന്റെ ജീവിതവഴിയിൽ സൃഷ്ടിക്കുന്ന പ്രതിബന്ധങ്ങളും അവ തരണം ചെയ്യാനുള്ള പോരാട്ടങ്ങളുമാണ് കഥയുടെ അടിയൊഴുക്ക്. ജീവിതപ്പാതയ്ക്ക് അവതാരിക എഴുതിയത് ഇ.എം.എസ്. നമ്പൂതിരിപ്പാടാണ്. കാരണവരുടെ നിർദയമായ പെരുമാറ്റവും കർക്കശമായ കുടുംബഭരണവും കാരണം വീട്ടിലുള്ളവർക്കെല്ലാം നേരിടേണ്ടി വരുന്ന കഷ്ടപ്പാടുകളിൽ മനംനൊന്ത് ചെറുകാട് ഗോവിന്ദപിഷാരടി ഉള്ളിലുറപ്പിച്ചു. വലിയൊരാളാകണം, കാരണവരെ മുട്ടുകുത്തിക്കണം, കുടുംബത്തെ രക്ഷിക്കണം എന്നൊക്കെ. ആ ദൃഢനിശ്ചയമാണ് അദ്ദേഹത്തെ സാഹിത്യകാരനും കമ്മ്യൂണിസ്റ്റ് സഹയാത്രികനുമാക്കിയത്.

SGOU

**പ്രധാന കൃതികൾ**

മുത്തശ്ശി, മണ്ണിന്റെ മാറിൽ, ഭൂപ്രഭു, മരണപത്രം, ശനിദശ, ദേവലോകം ( നോവലുകൾ), സ്നേഹബന്ധങ്ങൾ, മനുഷ്യഹൃദയങ്ങൾ, കുട്ടിത്തമ്പുരാൻ, വാൽനക്ഷത്രം, വിശുദ്ധനുണ, ചുറ്റുവിളക്ക്, നമ്മളൊന്ന്, തറവാടിത്തം, സ്വതന്ത്ര, മുളങ്കൂട്ടം, അടിമ, ജന്മഭൂമി, അണക്കെട്ട്, രക്തേശ്വരി, കൊടുങ്കാറ്റ്, കുട്ടിതമ്പുരാട്ടി, ഡോക്ടർ കചൻ, ഒടുക്കത്തെ ഓണം (നാടകങ്ങൾ), ചെകുത്താന്റെ കൂട്, തെരുവിന്റെ കുട്ടി, മുദ്രമോതിരം, ചുട്ടൻമൂരി, ഒരു ദിവസം, ചെറുകാടിന്റെ ചെറുകഥകൾ ( ചെറുകഥകൾ), മനുഷ്യനെ മാനിക്കുക, അന്തഃപുരം, മെത്താപ്പ്, ആരാധന, തിരമാല (കവിതകൾ), ജീവിതപ്പാത (ആത്മകഥ).

## Keywords

ആത്മകഥ - ചെറുകാട് - മരുമക്കത്തായസമ്പ്രദായം - സാമൂഹ്യ ഇടപെടലുകൾ - സാഹിത്യ സംഭാവനകൾ - ആശുപത്രി - ഓർമ്മക്കുറിപ്പുകൾ

## Discussion

ഒരിടത്തരം മരുമക്കത്തായത്തറവാട്ടിലെ അനന്തരവനെന്ന നിലയിൽ തനിക്കു അഭിമുഖീകരിക്കേണ്ടിവന്ന നിരവധി ജീവിതപ്രശ്നങ്ങളെ നേരിട്ടു കൊണ്ടാണ് പഴയ വള്ളുവനാടു താലൂക്കിലെ ഒരു കുഗ്രാമത്തിൽ പിറന്ന ഗോവിന്ദ പിഷാരടി എന്ന ബാലൻ സാഹിത്യകാരനായ ചെറുകാടായി മാറിയത്. തെക്കേമലബാറിലെ കൂട്ടുകുടുംബങ്ങളുടെയും ജന്മിത്തത്തിന്റെയും തകർച്ചയെ ചിത്രീകരിച്ചിരിക്കുന്ന 'മണ്ണിന്റെ മാറിൽ', മലബാറിലെ കർഷകപ്രസ്ഥാനവും അതുമായി ബന്ധപ്പെട്ടു രൂപംകൊണ്ട അധ്യാപക പ്രസ്ഥാനവും ചിത്രീകരിക്കുന്ന 'മുത്തശ്ശി', കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ ഗതിവിഗതികൾ വ്യക്തമാക്കുന്ന 'ദേവലോകം' എന്നീ കൃതികൾ ചെറുകാട് എന്ന എഴുത്തുകാരന്റെ രാഷ്ട്രീയവിശ്വാസങ്ങളും സാമൂഹികബോധവും തെളിയിക്കുന്നവയാണ്. കമ്മ്യൂണിസ്റ്റു പ്രസ്ഥാനം ദുർബലമായിപ്പോയ ഘട്ടത്തിലും അതിന്റെ ഭാവിയെക്കുറിച്ചുള്ള ശുഭപ്രതീക്ഷ അദ്ദേഹത്തിനുണ്ടായിരുന്നു. വളരെവേഗം മുന്നേറിക്കൊണ്ടിരിക്കുന്ന സമൂഹം, ഒരു വ്യക്തിയെ എങ്ങനെയെല്ലാം മാറ്റിത്തീർക്കുന്നു എന്നും ആ വ്യക്തി സമൂഹത്തിന്റെ മാറ്റത്തിൽ എന്തെല്ലാം സംഭാവനകൾ നൽകുന്നു എന്നും വിവരിക്കുന്ന സാഹിത്യരൂപം കൂടിയാണ് ആത്മകഥ. ദോഷങ്ങളും ഗുണങ്ങളും ഇടകലർന്ന ആത്മനിഷ്ഠാപൂർവ കഥനമായി ചെറുകാടിന്റെ 'ജീവിതപ്പാത' മാറുന്നു. 'ആശുപത്രി' എന്ന അധ്യായം യൗവനകാലത്ത് അദ്ദേഹം അനുഭവിക്കേണ്ടിവന്ന ചില ജീവിതപ്രശ്നങ്ങളാണ് അവതരിപ്പിക്കുന്നത്.

ആശുപത്രിയിലെ ഓപ്പറേഷൻ മുറിയിൽ നിന്നു കേൾക്കുന്ന കുഞ്ഞമ്മാമന്റെ 'അയ്യോ' എന്ന നിലവിളിയോടെയാണ് ആ അധ്യായം ആരംഭിക്കുന്നത്. ആരും സഹായത്തിനില്ലാത്ത കുഞ്ഞമ്മാമനെ ശുശ്രൂഷിക്കുവാനായി ആശുപത്രിയിൽ കഴിയവേ, ചില സത്യങ്ങൾ ഉൾക്കൊള്ളുവാൻ തനിക്കു കഴിഞ്ഞു എന്ന് ചെറുകാട് വെളിപ്പെടുത്തുന്നു. മനുഷ്യൻ എത്രവേഗമാണ് പക്വത നേടുന്നത്. കണ്ടുമുട്ടിയാൽപ്പോലും ഒഴിഞ്ഞുമാറിയിരുന്ന കാരണവർ അവശനായി മരുമകന്റെ മുന്നിൽ കിടക്കുന്നു. അസുഖത്താൽ താൻ മരിക്കുമെന്നു പോലും അയാൾ വിശ്വസിക്കുന്നു. വർധിച്ച പ്രമേഹം മൂലം കാൽ വീങ്ങിപ്പഴുത്ത കുഞ്ഞമ്മാമന് ആശുപത്രിയിൽ കൂട്ടിരുന്ന ഓർമ്മകളാണ് ഇവിടെ പ്രതിപാദിക്കുന്നത്. വേദന സഹിക്കവയ്യാതെ കുഞ്ഞമ്മാമൻ അലറിക്കരഞ്ഞു. രാമമ്മാമനും കൃഷ്ണമ്മാമ

SGOU

നും എല്ലാ കാര്യവും ലേഖകനെ ഏല്പിച്ചിട്ട് യാത്രയായി. കണ്ടുമുട്ടിയാൽ പോലും കണ്ടില്ലെന്ന് നടിച്ചിരുന്ന ആ കാരണവർ ഇന്ന് നിസ്സഹായനായി കിടക്കുകയാണ്. പാട്ടക്കാരനായ ചെമ്മല സെയ്തു ഹാജിയോട് കുറച്ചു പണം വാങ്ങണം എന്ന് അമ്മാമൻ പറഞ്ഞു. പാട്ടക്കാരനും കച്ചവടക്കാരനുമായ സെയ്താലി വിവരമറിഞ്ഞയുടൻ അവിടെയെത്തി. അമ്മാമന്റെ വിശ്വസ്തന്റെ മകനും ആശ്രിതനുമായ സെയ്താലിയും അമ്മാവനും തമ്മിലുള്ള ആത്മബന്ധം നേരിട്ടു മനസ്സിലാക്കുവാനും കഴിഞ്ഞു. സെയ്താലി കുഞ്ഞമ്മാമനെ തന്റെ പണപ്പെട്ടിയെന്നും കുഞ്ഞമ്മാമൻ തന്റെ മടിശ്ശീലയെന്ന് സെയ്താലിയെയും വിശേഷിപ്പിക്കാറുണ്ടായിരുന്നു. നൂറുരൂപ ആശുപത്രിച്ചെലവുകൾക്കായി നൽകി അയാൾ പോയി.

കുഞ്ഞമ്മാമൻ സെയ്താലി കൊടുത്ത കാശ് സൂക്ഷിച്ചു ചിലവാക്കാൻ ലേഖകന്റെ കയ്യിൽ കൊടുത്തു. പണപ്പെട്ടിയും മടിശ്ശീലയും തമ്മിലുള്ള ബന്ധം നേരിട്ടറിയുകയായിരുന്നു. അമ്മാവന്റെ ആവശ്യത്തിനായി തന്ന കാശ് കയ്യിൽ കിട്ടിയപ്പോൾ ഗ്രന്ഥകാരൻ അത്ഭുതപ്പെട്ടുപോയി. ഇഷ്ടം പോലെ ചിലവാക്കാൻ ഒരു വലിയ തുക ജീവിതത്തിലാദ്യമായി കയ്യിൽ വരികയും അതോടൊപ്പം സർവാധികാരിയായ കാരണവരും തന്റെ കൈയിലായി. അന്യമതസ്ഥനായ പാട്ടക്കാരന്റെ മനുഷ്യത്വത്തെ തൊട്ടറിഞ്ഞ ഒരു സന്ദർഭം കൂടിയായിരുന്നു അത്. മലബാറിൽ വ്യത്യസ്ത മതക്കാർ പുലർത്തിവന്ന സൗഹൃദം കൂടിയാണ് ഈ സന്ദർഭത്തിൽ ചെറുകാട് ഓർമ്മിപ്പിക്കുന്നത്. ജന്മിയും കൃഷിക്കാരനും തമ്മിൽ ഭേദഭാവമില്ലാതെ കിടക്കുന്ന ഒരിടമായി ആശുപത്രിയെ അദ്ദേഹം കാണുന്നു. കുഞ്ഞമ്മാമനെ പരിശോധിക്കുന്നത് ഡോക്ടർ റാവു ആണ്. കുഞ്ഞമ്മാമന് നല്ല പനിയുള്ളതിനാൽ സൂക്ഷിക്കണം എന്ന് ഡോക്ടർ മുന്നറിയിപ്പ് നൽകി. പല തരത്തിൽപ്പെട്ടവരും സമ്പന്നനും തൊഴിലാളിയും എല്ലാം ഉൾപ്പടെയുള്ള രോഗികൾ ഒരുപോലെ നിസ്സഹായാവസ്ഥയിൽ അവിടെ കിടക്കുന്നതു കണ്ട ലേഖകൻ 'ഇവിടമാണധ്യാത്മവിദ്യാലയം' എന്ന് മനസ്സിൽ വിചാരിച്ചു പോയി. രോഗാതുരമായ അവസ്ഥയിൽ മനുഷ്യൻ തങ്ങളുടെ സങ്കുചിതചിന്തകൾ മറക്കുന്നു എന്ന സത്യം കൂടിയാണ് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. 'ഇവിടമാണധ്യാത്മവിദ്യാലയം' എന്നുള്ള ചെറുകാടിന്റെ വിശേഷണം അതാണ് ഓർമ്മിപ്പിക്കുന്നത്.

ഉണ്ണാതെയും ഉറങ്ങാതെയും ലേഖകൻ അമ്മാമന് കൂട്ടിരുന്നു. ആശുപത്രിയിൽ പല തരക്കാരുണ്ടാവും എന്നതിനാൽ സൂക്ഷിക്കണം എന്ന സെയ്താലിക്കുട്ടിയുടെ മുന്നറിയിപ്പ് ലേഖകൻ ഓർത്തു. മടിയിൽ ഇരിക്കുന്ന നൂറ് രൂപയും കൈവിരലിലെ മോതിരങ്ങളും നോക്കി ലേഖകൻ ആശങ്കപ്പെട്ടു. ആശുപത്രിയിൽ പാലും റൊട്ടിയും സൗജന്യമായി വിതരണമുണ്ട്. പരിചയക്കാരനായ രാമൻനായരെ ആ ആപത്തിൽ ലേഖകൻ കണ്ടുമുട്ടി. ഡോക്ടർ റാവുവിനെ താൻ മലയാളം പഠിപ്പിക്കുന്നുണ്ടെന്നും അമ്മാമന്റെ കാര്യം പ്രത്യേകിച്ച് ഡോക്ടറെ ഓർമ്മിപ്പിക്കാമെന്നും രാമൻനായർ പറഞ്ഞു. പത്തുരൂപ ഡോക്ടർക്ക് കൊടുക്കാനാണെന്ന് പറഞ്ഞ് രാമൻനായർ വാങ്ങിക്കുകയും ചെയ്തു. ഇംഗ്ലീഷ് വേണ്ടത്ര വശമില്ലാത്തതിനാൽ കുഞ്ഞമ്മാമന്റെ രോഗവിവരം ഡോക്ടറോട് ചോദിച്ച് മനസ്സിലാക്കാൻ പറ്റുന്നില്ലല്ലോ എന്ന വിഷമം ലേഖകന് ഉണ്ടായിരുന്നു. ഭാഷ നിശ്ചയമില്ലാതിരുന്നിട്ടും അന്യദേശക്കാരനായ ഡോക്ടറോട് മുറിഇംഗ്ലീഷിൽ സംവദിക്കുവാനും മടി കാട്ടിയില്ല. അല്പജ്ഞാനിയായിരിക്കുമ്പോഴും ഔചിത്യമനുസരിച്ച് എങ്ങനെ ഉയരണമെന്നും അദ്ദേഹം മനസ്സിലാക്കുകയായിരുന്നു. എന്നാലും രോഗിയുടെ എല്ലാ വിവരവും ഡോക്ടറിൽ നിന്ന് മനസ്സിലാക്കാൻ തന്റെ പരിമിതമായ ഇംഗ്ലീഷ് ഭാഷാജ്ഞാനം പോരായെന്നറിഞ്ഞ് ഖേദിക്കുന്നുണ്ട്. പത്താംതരം വരെയെങ്കിലും തന്നെ പഠിപ്പിച്ചിരുന്നെങ്കിൽ എന്നോർത്ത് വ്യാകുലപ്പെടുന്നുണ്ട്. വിദ്യാഭ്യാസം നേടാൻ കഴിയാത്തതിന്റെ ദുഃഖം അക്കാലത്തെ തറവാടുകളിലെ പല ചെറുപ്പക്കാരും അനുഭവിച്ചിട്ടുള്ളതാണ്.

കുഞ്ഞമ്മാമന്റെ പ്രാഥമിക കാര്യങ്ങളെല്ലാം ശൗചമുൾപ്പടെ ചെയ്തു കൊടുത്തത് ലേഖകനാണ്. കുഞ്ഞമ്മാമനെ കഴുകിക്കുന്നതിനിടയിൽ വീണുപോയ മോതിരം തോട്ടിത്തലവൻ

കുഞ്ഞാലി തട്ടിയെടുത്തു. ഇതിനിടയിൽ രാമൻ നായർ അമ്മാമന് കനമുള്ള അസുഖമായതിനാൽ ഡോക്ടർക്ക് ഒറ്റനോട്ട് കിട്ടണമെന്ന് പറഞ്ഞിട്ടുണ്ട് എന്ന് തിരിച്ചു വന്ന് അറിയിച്ചു. മോതിരം പോയ വിഷമത്തിൽ ലേഖകൻ അത്ര കാര്യമായെടുത്തില്ല. ഡോക്ടറെ കണ്ട് മോതിരത്തിന്റെ കാര്യം പറഞ്ഞപ്പോൾ അതിന്റെ വഴിയേ പോയിട്ട് കാര്യമില്ലെന്നും മോതിരം എടുത്തയാൾ കുറ്റം സമ്മതിക്കില്ലെന്നും അദ്ദേഹം പറഞ്ഞു. മലയാളം സംസാരിക്കാൻ കഴിയില്ലെങ്കിലും തനിക്ക് കേട്ടാൽ മനസ്സിലാവും എന്ന് അദ്ദേഹം പറഞ്ഞു. മലയാളത്തിന് തനിക്കാരും ട്യൂഷൻ എടുക്കുന്നില്ലെന്നും തട്ടിപ്പുകാരുടെ വലയിൽ ചാടരുതെന്നും ഡോക്ടർ റാവു ഉപദേശിച്ചു. മാത്രമല്ല അമ്മാമന് എന്തു വിഷമമുണ്ടെങ്കിലും എപ്പോൾ വേണമെങ്കിലും തന്നെ സമീപിച്ചുകൊള്ളാൻ ഡോക്ടർ അനുവാദം നൽകുകയും ചെയ്തു. രോഗികളെ നോക്കുന്നത് തന്റെ ഡ്യൂട്ടിയാണെന്നും നല്ലവനായ ആ ഡോക്ടർ പറയുകയുണ്ടായി.

ചെറുകാടിന്റെ ആത്മകഥയിൽ നിന്നെടുത്ത ഈ ഭാഗം രോഗാവസ്ഥയുടെ നിസ്സഹായാവസ്ഥ മനുഷ്യനെ എപ്രകാരം മാറ്റിത്തീർക്കുന്നു എന്ന് കാണിച്ചു തരുന്നു. നല്ലവരും ചീത്തവരുമായ ലോകത്തിന്റെ നേർക്കാഴ്ച തന്നെയാണ് ലേഖകൻ ഹ്രസ്വകാലത്തെ ആശുപത്രിവാസത്തിന്റെ അനുഭവത്തിലൂടെ നമുക്ക് മുന്നിൽ എത്തിക്കുന്നത്. നല്ല കാലത്ത് തനിക്ക് യാതൊരു ഉപകാരവും ചെയ്യാത്ത കുഞ്ഞമ്മാമനോട് യാതൊരു പകയും ലേഖകൻ വെച്ചു പുലർത്തുന്നില്ല. ആപത്തു കാലത്ത് മറ്റുള്ളവർ കൈയ്യൊഴിഞ്ഞ കുഞ്ഞമ്മാമനെ മരുമക്കത്തായ കാലത്ത് മകന്റെ സ്ഥാനത്തു നിന്ന് എല്ലാ ശുശ്രൂഷയും ചെയ്യുന്നു. ചെറുകാടിന്റെ അസുലഭമായ വ്യക്തിത്വസവിശേഷതയാണ് ഈ ഭാഗത്ത് കാണാൻ കഴിയുക. ഡോക്ടർ റാവു, സെയ്താലി എന്നിങ്ങനെ മനസ്സിൽ തങ്ങി നിൽക്കുന്ന ചില ആളുകളും ഈ ഭാഗത്ത് ഉണ്ട്. ലേഖകന്റെ ലളിതസുന്ദരമായ ഭാഷാശൈലിയും ശ്രദ്ധേയം തന്നെ.

## വിശകലനം

നോവലുകളെയും ചെറുകഥയെയും പോലെതന്നെ ആത്മകഥയും മലയാളത്തിലുണ്ടാകുന്നത് പാശ്ചാത്യസാഹിത്യത്തിന്റെ സ്വാധീനത്തിലൂടെയാണ്. സെയ്ന്റ് അഗസ്റ്റിൻ എഴുതിയ 'കൺഫെഷൻസി'നെയാണ് പാശ്ചാത്യസാഹിത്യത്തിലെ, ആത്മകഥയുടെ സ്വഭാവം തികഞ്ഞ ആദ്യകൃതിയായി പരിഗണിക്കുന്നത്. മലയാളത്തിലെ ആദ്യ ആത്മകഥയായി കണക്കാക്കുന്നത് വൈക്കം പാച്ചുമൂത്തതിന്റെ ജീവിതകഥയാണ്. 1875-ൽ എഴുതിയ ഈ കൃതിയെ ലക്ഷണയുക്തമായ ആത്മകഥ എന്നുപറയാൻ കഴിയില്ല. തന്റെ ജീവിതത്തിലെ ചില സംഭവങ്ങൾ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു എന്നേയുള്ളൂ. 1880-ൽ വിശാഖം തിരുനാൾ മഹാരാജാവ് ഇംഗ്ലീഷിൽ ആത്മകഥാസംഗ്രഹം എഴുതിയിട്ടുണ്ട്. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' ശ്രദ്ധേയമായ ആത്മകഥയാണ്. ബി. കല്യാണിഅമ്മയുടെ 'വ്യാഴവട്ട സ്മരണകൾ' ആണ് ഈ സരണിയിൽ എടുത്തുപറയേണ്ട മറ്റൊരു ഗ്രന്ഥം. ഭർത്താവായ സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുമായുള്ള ദാമ്പത്യജീവിതത്തിന്റെ ഹൃദയസ്പൃക്കായ സ്മരണകളാണ് ആ ഗ്രന്ഥത്തിലുള്ളത്. തുടർന്ന്, മലയാളത്തിൽ ഒട്ടേറെ ആത്മകഥകളുണ്ടായി.

ഇ.വി. കൃഷ്ണപിള്ളയുടെ 'ജീവിതസ്മരണകൾ.' സാഹിത്യപഞ്ചാനനൻ പി.കെ. നാരായണപ്പിള്ളയുടെ 'സ്മരണമണ്ഡലം', സി. കേശവന്റെ 'ജീവിതസമരം', പ്രക്ഷുബ്ധമായ കാലഘട്ടത്തിന്റെ കഥപറയുന്ന കെ.പി. കേശവമേനോന്റെ 'കഴിഞ്ഞകാലം', ജോസഫ് മുണ്ടശ്ശേരിയുടെ 'കൊഴിഞ്ഞ ഇലകൾ', ജി. ശങ്കരക്കുറുപ്പിന്റെ 'ഓർമകളുടെ ഓളങ്ങളിൽ', നമ്പൂതിരിസമുദായത്തിൽ നിലവിലിരുന്ന അനാചാരങ്ങളെക്കുറിച്ചും പിന്നീടുണ്ടായ മാറ്റങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന വി.ടി. ഭട്ടതിരിപ്പാടിന്റെ 'കണ്ണീരും കിനാവും', ഏറ്റവും കൂടുതൽ മലയാളികൾ വായിച്ച മാധവിക്കുട്ടിയുടെ 'എന്റെ കഥ', തെളിനീരുപോലെ സുന്ദരമായ കുഞ്ഞുണ്ണിമാഷിന്റെ 'എന്നിലൂടെ' സ്വാതന്ത്ര്യത്തിനു മുമ്പും പിമ്പുമുള്ള കേരളത്തിന്റെയും ഭാരതത്തിന്റെയും ചരിത്രവും സാമൂഹികചുറ്റുപാടും കലയും സംസ്കാരവും എല്ലാം ആസ്വദിച്ച് വായിക്കാൻ കഴിയുന്ന എം.കെ.കെ. നായരുടെ 'ആരോടും പരിഭവമില്ലാതെ' തുടങ്ങി മലയാളത്തിൽ എടുത്തുപറയാവുന്ന ഒട്ടേറെ ആത്മകഥകളുണ്ട്. പി. കുഞ്ഞിരാമൻ നായർ മല

SGOU

യാളത്തിൽ മൂന്ന് ആത്മകഥകളാണ് എഴുതിയിട്ടുള്ളത്. കവിയുടെ കാൽപ്പാടുകൾ, എന്നെത്തിരയുന്ന ഞാൻ, നിത്യകന്യകയെത്തേടി എന്നിവയാണവ. ജീവിതാനുഭവങ്ങൾ സത്യസന്ധമായി തുറന്നുപറഞ്ഞതിന്റെ പേരിൽ വായനക്കാരെ ഏറെ ആകർഷിച്ചതാണ് എൻ.എൻ. പിള്ളയുടെ 'ഞാൻ' എന്ന ആത്മകഥ. എന്റെ ജീവിതകഥ - എ.കെ.ജി, എന്റെ ജീവിതസ്മരണകൾ - മന്നത്ത് പദ്മനാഭൻ, ഓർമകളുടെ ലോകത്തിൽ - കേശവദേവ്, കർമഗതി - എം.കെ. സാനു, ആത്മായനം - മുനി നാരായണപ്രസാദ്, അരങ്ങുകാണാത്ത നടൻ - തിക്കോടിയൻ, എന്റെ കുതിപ്പും കിതപ്പും - ഫാദർ വടക്കൻ, മൗലവിയുടെ ആത്മകഥ - ഇ. മൊയ്തുമൗലവി, എന്റെ ആത്മകഥ - എം.എൻ. ഗോവിന്ദൻനായർ, യാത്ര - ഗുരു നിത്യചൈതന്യയതി, ഒരു നടന്റെ ആത്മകഥ - സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞുഭാഗവതർ, അനുഭവങ്ങളേ നന്ദി - വൈക്കം ചന്ദ്രശേഖരൻ നായർ തുടങ്ങിയവ ശ്രദ്ധേയമായ ആത്മകഥകളാണ്.

കൃത്യമായ ബ്രാഹ്മണചിട്ടകളിൽ വളർന്നുവന്ന ഗോവിന്ദപിഷാരടി, ഈശ്വരവിശ്വാസിയും ആയിരുന്നു. കൂട്ടുകുടുംബത്തിലെ ദാരിദ്ര്യവും കഷ്ടപ്പാടുകളും രസകരമായ രീതിയിൽ അദ്ദേഹം വിവരിക്കുന്നു. ആ വീട്ടിലെ ഓരോ അംഗവും തന്റെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം വ്യക്തമായ രീതിയിൽ ചെറുകാട് ചൂണ്ടിക്കാണിക്കുന്നു. സംസ്കൃത വിദ്യാഭ്യാസവും, ഉപനയനവും അനുബന്ധ ബ്രാഹ്മണനിയമങ്ങളും പാലിച്ചു വന്ന ആ ബ്രാഹ്മണബാലൻ എപ്രകാരമാണ് വിപ്ലവപ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെട്ടത് എന്ന് അദ്ദേഹത്തിന്റെ ആത്മകഥ വ്യക്തമാക്കുന്നു. ബാല്യകാലം മുതൽ ജീവിതത്തിന്റെ പകുതിയിൽ കൂടുതൽ കാലവും ജീവിതപ്പാതയിൽ അദ്ദേഹം വരച്ചുകാട്ടുന്നു. ഒരു ആത്മകഥയുടെ എല്ലാ സവിശേഷതകളും ഉൾകൊള്ളുന്ന ഈ കൃതിയുടെ രചനയിൽ ചെറുകാട് സത്യസന്ധതയും സമർപ്പണവും പുലർത്തിയിട്ടുണ്ട്. അതുകൊണ്ട് തന്നെ ജീവിതത്തിന്റെ വളരെ കഠിനമായ നിമിഷങ്ങളെപ്പോലും, സ്വകാര്യസന്ദർഭങ്ങളെപ്പോലും ലാഘവത്തോടെ, ലാളിത്യത്തോടെ അനുവാചകന് മുന്നിൽ തുറന്നുവെക്കുന്നു. സ്വന്തം ആത്മകഥയിൽക്കൂടി പുലാമന്തോൾ പുഴയുടെയും, ചെറുകാട് എന്ന ദേശത്തിന്റെയും ചരിത്രവും വർത്തമാനവും ആണ് ഗ്രന്ഥകർത്താവു വരച്ചിടുന്നത്. പുസ്തകത്തിന്റെ ആദ്യ താളുകളുടെ വായനയിൽക്കൂടി അനുവാചകനെ സ്വന്തം ഇല്ലത്തേക്ക് കൊണ്ടുപോകുന്നു. ബ്രാഹ്മണസമുദായത്തിൽ തന്നെ കീഴ്തട്ടിൽ ഉള്ളവർ അനുഭവിക്കുന്ന ദുരിതങ്ങളും, അവഗണനയും ഇതിൽ വ്യക്തമാക്കുന്നുണ്ട്.

'ജീവിതപ്പാത' എന്നത് പി. ഗോവിന്ദപിഷാരടിയുടെ ആത്മകഥ മാത്രമല്ല, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രരേഖ കൂടിയാണ്. അക്കാലത്തു നടന്നിട്ടുള്ള പാർട്ടി മീറ്റിങ്ങുകളും, സമരങ്ങളും, ഒളിവിൽപ്പോക്കും, രഹസ്യകൂടിക്കാഴ്ച്ചകളും എല്ലാം ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. കേരളത്തിന്റെ ചിന്താഗതിയിലും, രാഷ്ട്രീയനയങ്ങളിലും വന്ന മാറ്റങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. 'ജീവിതപ്പാത' എന്ന ഈ ആത്മകഥ ഒരു പരിധി വരെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജീവിതരേഖ കൂടിയാണ്. 1975-ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരവും 1976-ൽ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും നേടിയ ഈ കൃതി മലയാള സാഹിത്യമേഖലക്ക് എന്നും ഒരു മുതൽക്കൂട്ടാണ്.

സുഖമില്ലാതായ കുഞ്ഞമ്മാമന് ലേഖകൻ ആശുപത്രിയിൽ കൂട്ടിരുന്ന ഓർമ്മകളാണ് ഇവിടെ പ്രതിപാദിക്കുന്നത്. മോതിരം കൈക്കലാക്കിയ ഒരാളെയും ഇതേ സന്ദർഭത്തിൽ, ദല്ലാളാണെന്നു നടിച്ച് കക്ഷികളിൽ നിന്നു പണം കൈക്കലാക്കുകയും മറ്റുള്ളവരെ കബളിപ്പിക്കുകയും ചെയ്യുന്ന രാമൻ നായർ എന്നയാളെയും പരിചയപ്പെടുത്തുന്നുണ്ട്. താൻ കഷ്ടത്തിലാണെന്നും ഡോക്ടറോട് പറയാൻ ഭാഷയും വശമില്ലെന്ന് ആപത്തിൽ കണ്ടെത്തിയ ആളോട് പറയുന്ന ശുദ്ധഗതിക്കാരനായ കഥാനായകനെ ഈ സന്ദർഭത്തിൽ കാണാം. ഡോക്ടറുടെ ട്യൂഷൻ മാസ്റ്ററാണ് താനെന്ന് വിശ്വസിപ്പിച്ച് എല്ലാ സഹായവും വാഗ്ദാനം ചെയ്ത് എല്ലാം ശരിപ്പെടുത്താൻ പതിനഞ്ചു ഉറുപ്പികയും അയാൾ കൈക്കലാക്കി. ഇതിനിടയിൽ തന്റെ വിരലിൽ കിടന്ന മോതിരം നഷ്ടപ്പെടുന്നതും ഡോക്ടറോട് അതിനെക്കുറി

ച്ച് പറയുമ്പോൾ തന്നെ സഹായിക്കാമെന്നേറ്റ് രാമൻ നായർ, നല്ലവനായ ഡോക്ടറെ ഒരു കൈക്കൂലിക്കാരനാക്കി മാറ്റിയതും തിരിച്ചറിയുന്നു. കബളിപ്പിക്കലുമായി നടക്കുന്നവർ നല്ല മനുഷ്യരെക്കൂടി മോശപ്പെട്ടവരായി ചിത്രീകരിക്കാൻ മടിക്കുകയില്ല എന്ന സത്യം കൂടി ചെറുകാട് മനസ്സിലാക്കുകയാണ്. ഒരു ആശുപത്രിവാസം കുറേ മനുഷ്യരെ മനസ്സിലാക്കുവാനും നേരിന്റെ വഴികൾ ഏതെന്ന് കണ്ടെത്തുവാനും അദ്ദേഹത്തെ പ്രാപ്തനാക്കുകയായിരുന്നു. അതോടൊപ്പം മരുമക്കത്തായത്തറവാട്ടിലെ ചെറുപ്പക്കാർ അനുഭവിക്കേണ്ടിവന്ന ദാരിദ്ര്യവും നിസ്സഹായതയും തെളിമയോടെ ആവിഷ്ക്കരിക്കുവാൻ ചെറുകാടിനു കഴിഞ്ഞിട്ടുണ്ടെന്നു കാണാം. അക്കാലത്തെ സാമൂഹികജീവിതത്തിന്റെ ഒരു യഥാർഥചിത്രം കൂടിയാണ് 'ജീവിതപ്പാത'യിൽ അനാവരണം ചെയ്യുന്നത്.

അസുഖബാധിതനായ കുടുംബകാരണവർ കുഞ്ഞമ്മാമനെ ആശുപത്രിയിൽ കൂടെ നിന്നു പരിചരിച്ചു. അദ്ദേഹത്തിന്റെ സ്നേഹവും വിശ്വാസവും നേടിയെടുക്കുന്ന ചെറുകാടിന് അവസാനം അമ്മാവൻ കുടുംബഭരണം കൂടി ഏൽപ്പിച്ചു കൊടുക്കുന്നുണ്ട്. പക്ഷേ, കുടുംബഭരണത്തിൽ പരാജയപ്പെട്ട ചെറുകാട്, ഭരണം അദ്ദേഹത്തിന് തന്നെ തിരിച്ചു നൽകുകയായിരുന്നു. എതിർപ്പുകൾ അവഗണിച്ച് ആഗ്രഹിച്ച പെണ്ണിനെത്തന്നെ ജീവിതസഖിയാക്കിയപ്പോഴും അദ്ദേഹത്തിലെ വിപ്ലവബോധം തന്നെയാണ് വിജയിച്ചത്. പിന്നീട് പ്രാരാബ്ധങ്ങളുടെ ചുഴികളിൽ നിന്നു രക്ഷനേടാൻ അവർ ഒരുമിച്ചു തുഴഞ്ഞു. പകൽ മലയാളം പ്രൊഫസറും രാത്രി കമ്യൂണിസ്റ്റുകാരനുമായി അദ്ദേഹം ചാവക്കാട് ഫർക്കയുടെ മുക്കിലും മൂലയിലും നടന്നു. പാർട്ടിയുടെ പ്രചരണത്തിനായി പാഠകം അവതരിപ്പിച്ചു. തുള്ളലും നാടകവും എഴുതി അവതരിപ്പിച്ചു. 1948-ൽ മക്കരപ്പറമ്പ ജാഥക്കേസിൽ കുടുങ്ങി ഒളിവിൽ പോയ ചെറുകാട് അറസ്റ്റിലായി 3 വർഷം ജയിൽ ശിക്ഷ അനുഭവിച്ചു.

ചെറുകര സ്കൂൾ, ചെമ്മലശ്ശേരി അലി മുസല്യാർ സ്കൂൾ, വാടാനാംകുറിശ്ശി ഹയർ എലിമെന്ററി സ്കൂൾ, പാവറട്ടി സംസ്കൃത കോളജ്, പട്ടാമ്പി സംസ്കൃത കോളജ് എന്നിവിടങ്ങളിൽ അധ്യാപകനായിരുന്ന ചെറുകാട് വിരമിച്ച ശേഷം യുജിസി പ്രൊഫസറായും ജോലി നോക്കി. പാവറട്ടി കോളജിലെ ഉദ്യോഗം രാജിവച്ചാണ് കമ്യൂണിസ്റ്റ്പാർട്ടി പ്രവർത്തനങ്ങളിൽ സജീവമായത്. വള്ളുവനാട് ടീച്ചേഴ്സ് യൂണിയൻ, കേന്ദ്ര കലാസമിതി, പുരോഗമനസാഹിത്യസംഘടന, കേരളസാഹിത്യസമിതി, ദേശാഭിമാനി സ്റ്റഡി സർക്കിൾ തുടങ്ങിയ രംഗങ്ങളിൽ പ്രവർത്തിച്ചു. കുറച്ചുകാലം പത്രപ്രവർത്തകനുമായിരുന്നു. മലങ്കാടൻ എന്ന പേരിൽ ഹാസ്യകവിതകൾ എഴുതിയിരുന്നു. സംസ്കൃതവും വൈദ്യവും പഠിച്ച അദ്ദേഹം കുറച്ചുകാലം വൈദ്യവൃത്തിയും പരീക്ഷിച്ചു.

SGOU

## Recap

- ▶ വർധിച്ച പ്രമേഹം മൂലം കാൽ വീങ്ങിപ്പഴുത്ത കുഞ്ഞമ്മാമന് ആശുപത്രിയിൽ കൂട്ടിരുന്ന ലേഖകന്റെ ഓർമ്മകളാണ് ഇവിടെ പ്രതിപാദിക്കുന്നത്
- ▶ കണ്ടു മുട്ടിയാൽ പോലും കണ്ടില്ലെന്ന് നടിച്ചിരുന്ന ആ കാരണവർ ഇന്ന് നിസ്സഹായനായി കിടക്കുകയാണ്
- ▶ വിശ്വസ്തന്റെ മകനും ആശ്രിതനുമായ സെയ്താലിയും അമ്മാവനും തമ്മിലുള്ള ആത്മബന്ധം നേരിട്ടു മനസ്സിലാക്കുവാനും കഴിഞ്ഞു
- ▶ സെയ്താലി കുഞ്ഞമ്മാമനെ തന്റെ പണപ്പെട്ടിയെന്നും കുഞ്ഞമ്മാമൻ തന്റെ മടിശ്ശീലയെന്ന് സെയ്താലിയെയും വിശേഷിപ്പിക്കാറുണ്ടായിരുന്നു
- ▶ സെയ്താലി വിവരമറിഞ്ഞയുടൻ അവിടെയെത്തി നൂറുരൂപ ആശുപത്രിച്ചെലവുകൾക്കായി നൽകി

- കുഞ്ഞമ്മാമൻ സെയ്താലി കൊടുത്ത കാശ് സൂക്ഷിച്ചു ചെലവാക്കാൻ ലേഖകനു കൊടുത്തു. ആദ്യമായാണ് ഇത്രയും വലിയ തുക ലേഖകന്റെ കൈയിൽ കിട്ടുന്നത്
- പല തരത്തിൽപ്പെട്ടവരും സമ്പന്നനും തൊഴിലാളിയും എല്ലാം ഉൾപ്പടെയുള്ള രോഗികൾ ഒരു പോലെ നിസ്സഹായാവസ്ഥയിൽ ആശുപത്രിയിൽ കിടക്കുന്നതു കണ്ട ലേഖകൻ 'ഇവിടമാണധ്യാത്മവിദ്യാലയം' എന്ന് മനസ്സിൽ വിചാരിച്ചു
- ഉണ്ണാതെയും ഉറങ്ങാതെയും ലേഖകൻ അമ്മാമന് കൂട്ടിരുന്നു
- പരിചയക്കാരനായ രാമൻനായരെ ആ ആപത്തിൽ ലേഖകൻ കണ്ടുമുട്ടി
- പത്തു രൂപ ഡോക്ടർക്ക് കൊടുക്കാനാണെന്ന് പറഞ്ഞ് രാമൻ നായർ മേടിക്കുകയും ചെയ്തു
- കുഞ്ഞമ്മാമനെ കഴുകിക്കുന്നതിനിടയിൽ വീണുപോയ മോതിരം തോട്ടിത്തലവൻ കുഞ്ഞാലി തട്ടിയെടുത്തു
- ഡോക്ടറെ കണ്ട് മോതിരത്തിന്റെ കാര്യം പറഞ്ഞപ്പോൾ അതിന്റെ വഴിയേ പോയിട്ട് കാര്യമില്ലെന്നും അയാൾ കുറ്റം സമ്മതിക്കില്ലെന്നും അദ്ദേഹം പറഞ്ഞു
- മലയാളത്തിന് തനിക്കാരും ട്യൂഷൻ എടുക്കുന്നില്ലെന്നും തട്ടിപ്പുകാരുടെ വലയിൽ ചാടരുതെന്നും ഡോക്ടർ റാവു ഉപദേശിച്ചു
- മാത്രമല്ല അമ്മാമന് എന്തു വിഷമമുണ്ടെങ്കിലും എപ്പോൾ വേണമെങ്കിലും തന്നെ സമീപിച്ചു കൊള്ളാൻ ഡോക്ടർ അനുവാദം നൽകുകയും ചെയ്തു. രോഗികളെ നോക്കുന്നത് തന്റെ ഡ്യൂട്ടിയാണെന്നും നല്ലവനായ ആ ഡോക്ടർ പറയുകയുണ്ടായി
- നല്ലവരും ചീത്തവരുമായ ലോകത്തിന്റെ നേർക്കാഴ്ച തന്നെയാണ് ലേഖകൻ ഹ്രസ്വകാലത്തെ ആശുപത്രിവാസത്തിന്റെ അനുഭവത്തിലൂടെ നമുക്ക് മുന്നിൽ എത്തിക്കുന്നത്
- വിദ്യാഭ്യാസം നേടാൻ കഴിയാത്തതിന്റെ ദുഃഖം അക്കാലത്തെ തറവാടുകളിലെ പല ചെറുപ്പക്കാരും അനുഭവിച്ചിട്ടുള്ളത് സൂചിപ്പിക്കുന്നു
- ഡോക്ടർ റാവു, സെയ്താലി എന്നിങ്ങനെ മനസ്സിൽ തങ്ങി നിൽക്കുന്ന കഥാപാത്രങ്ങളുമുണ്ട്
- ലേഖകന്റെ ലളിതസുന്ദരമായ ഭാഷാശൈലി ശ്രദ്ധേയമാണ്

## Objective Type Questions

1. കുഞ്ഞമ്മാമന്റെ അസുഖം എന്തായിരുന്നു?
2. രോഗദുരിതങ്ങൾ വന്നാൽ മനുഷ്യമനസ്സിനുണ്ടാകുന്ന മാറ്റത്തെ കുഞ്ഞമ്മാമനിലൂടെ ലേഖകൻ കാണിച്ചു തരുന്നതെങ്ങനെ?
3. കുഞ്ഞമ്മാമൻ സെയ്താലിയെ വിളിച്ചിരുന്നതെന്തായിരുന്നു?
4. ആശുപത്രിയിൽ കുഞ്ഞമ്മാമനെ ചികിത്സിച്ച ഡോക്ടർ ആരായിരുന്നു?
5. 'ഇവിടമാണധ്യാത്മവിദ്യാലയം' എന്ന് ലേഖകന് തോന്നാൻ കാരണമെന്ത്?
6. ചെറുകാടിന്റെ മോതിരം നഷ്ടപ്പെട്ടതെങ്ങനെ?
7. രാമൻനായർ ലേഖകനെ ചതിച്ചതെങ്ങനെ?
8. മോതിരം നഷ്ടപ്പെട്ട കാര്യം പരാതിപ്പെട്ടപ്പോൾ ഡോക്ടറുടെ പ്രതികരണം എന്തായിരുന്നു?

9. കുഞ്ഞമ്മാമന്റെ ആശുപത്രിച്ചെലവുകൾക്കായി രൂപ നൽകിയതാരാണ്?
10. എന്തു പറഞ്ഞാണ് രാമൻനായർ ലേഖകനിൽ നിന്നും പണം വാങ്ങിയത്?
11. ചെറുകാടിന്റെ ആത്മകഥയുടെ പേര്?
12. ജീവിതപ്പാതയ്ക്ക് അവതാരിക എഴുതിയതാര്?
13. ചെറുകാട് ഹാസ്യകവിതകൾ എതു പേരിലാണ് എഴുതിയിരുന്നത്?

## Answers

1. വർദ്ധിച്ച പ്രമേഹം മൂലം കാൽ വീങ്ങിപ്പഴുത്തു
2. കണ്ടു മുട്ടിയാൽ പോലും കണ്ടില്ലെന്ന് നടിച്ചിരുന്ന കാരണവർ ഇന്ന് നിസ്സഹായനായി കിടക്കുന്നു
3. തന്റെ മടിശ്ശീലയെന്ന്
4. ഡോക്ടർ റാവു
5. എല്ലാത്തരം രോഗികളും ഒരു പോലെ നിസ്സഹായാവസ്ഥയിൽ കിടക്കുന്നതു കണ്ടതു കൊണ്ട്
6. കുഞ്ഞമ്മാമനെ കഴുകിക്കുന്നതിനിടയിൽ വീണുപോയ മോതിരം തോട്ടിത്തലവൻ കുഞ്ഞാലി തട്ടിയെടുത്തു
7. ഡോക്ടർക്ക് കൊടുക്കാനാണെന്ന് പറഞ്ഞ് രാമൻ നായർ പത്തു രൂപ മേടിക്കുന്നു.
8. നഷ്ടപ്പെട്ട മോതിരം കിട്ടില്ലെന്നും തട്ടിപ്പുകാരുടെ വലയിൽ ചാടരുതെന്നും ഡോക്ടർ റാവു ഉപദേശിച്ചു. അമ്മാമന് എന്തു വിഷമമുണ്ടെങ്കിലും തന്നെ സമീപിക്കാമെന്നും രോഗികളെ നോക്കുന്നത് തന്റെ ഡ്യൂട്ടിയാണെന്നും ഡോക്ടർ പറയുകയുണ്ടായി.
9. സെയ്താലി
10. ഡോക്ടർ റാവുവിനെ താൻ മലയാളം പഠിപ്പിക്കുന്നുണ്ടെന്നും അമ്മാമന്റെ കാര്യം പ്രത്യേകിച്ച് ഡോക്ടറെ ഓർമ്മിപ്പിക്കാമെന്നും പറഞ്ഞ്
11. ജീവിതപ്പാത
12. ഇ.എം.എസ്. നമ്പൂതിരിപ്പാട്
13. മലങ്കാടൻ

## Assignments

1. ആത്മകഥാസാഹിത്യ രംഗത്ത് 'ജീവിതപ്പാത' എന്ന കൃതിയുടെ സ്ഥാനം അടയാളപ്പെടുത്തുക.
2. ചെറുകാടിന്റെ 'ജീവിതപ്പാത' എന്ന കൃതിക്ക് ആസ്വാദനം തയ്യാറാക്കുക.
3. ആശുപത്രിയിൽ ലേഖകനുണ്ടായ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു-വിലയിരുത്തുക.
4. ഈ പാഠഭാഗത്തു നിന്നും തെളിയുന്ന ചെറുകാടിന്റെ സ്വഭാവസവിശേഷതകൾ വ്യക്തമാക്കുക.


SGOU

## Reference


1. ചെറുകാട്, ജീവിതപ്പാത, കറൻറ് ബുക്സ്, തൃശ്ശൂർ.
2. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ.എം. ജോർജ് (എഡി:), ആധുനിക മലയാള സാഹിത്യചരിത്രം - പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.


## Suggested Reading


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.
2. ഡോ. എം.കെ. സന്തോഷ് കുമാർ, പകൽ കോളജ് അധ്യാപകൻ രാത്രി കമ്മ്യൂണിസ്റ്റുകാരൻ, മനോരമ ഓൺലൈൻ, 2021 ഏപ്രിൽ 18.
3. ഡോ. തനുജ.എസ്, ആത്മകഥയിലൂടെ, മാതൃഭൂമി ഓൺലൈൻ, 2023 ജനുവരി 11.


SGOU

# യൂണിറ്റ് - 2
# ഇരന്നുണ്ട ഓണം - (ചിദംബരസ്മരണ)

**ബാലചന്ദ്രൻ ചുള്ളിക്കാട്**

## Learning Outcomes

- ആത്മകഥകളുടെ സവിശേഷതകൾ തിരിച്ചറിയുന്നു
- ചിദംബരസ്മരണയുടെ പ്രത്യേകതകൾ അപഗ്രഥിക്കുന്നു
- ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കൃതികളെ വിലയിരുത്തുന്നു
- വിശപ്പ് പ്രമേയമായ സാഹിത്യകൃതികളെ വിശകലനം ചെയ്യുന്നു
- അനുഭവസാഹിത്യത്തിന്റെ സവിശേഷതകൾ ഗ്രഹിക്കുന്നു

## Prerequisite

മലയാള സാഹിത്യത്തിൽ ആദ്യഘട്ടം മുതൽ തന്നെ വിശപ്പ് പ്രമേയമാകുന്ന കഥകളും നോവലുകളും ഉണ്ടായിട്ടുണ്ട്. എന്നാൽ നവോത്ഥാന ഘട്ടം മുതലാണ് മലയാള സാഹിത്യത്തിൽ ജീവിതവുമായി ബന്ധപ്പെട്ട അടിസ്ഥാനപ്രശ്നങ്ങൾ പ്രമേയമായി വരുന്നത്. തകഴിയും, ദേവും, കാരൂരും, ബഷീറുമെല്ലാം അക്കാലത്തെ കേരളീയ ജീവിതത്തിന്റെ നേർചിത്രങ്ങൾ തങ്ങളുടെ രചനകളിൽ ആവിഷ്കരിച്ചു. ദാരിദ്ര്യം, വിശപ്പ്, രോഗങ്ങൾ, ഏകാന്തത, അനാഥത്വം, കടഭാരം തുടങ്ങി ദുസ്സഹമായ ജീവിതാവസ്ഥകൾ ഈ കാലഘട്ടത്തിലെ മലയാള സാഹിത്യത്തിൽ ആവിഷ്കരിക്കപ്പെട്ടു. ദാരിദ്ര്യദുഃഖം ആവിഷ്കരിക്കുന്ന ഒട്ടേറെ കവിതകളും ചെറുകഥകളും മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. നവോത്ഥാനകാലത്താണ് ജീവിതത്തെ പച്ചയായി ആവിഷ്കരിച്ചു തുടങ്ങിയത്. വിശപ്പ് പ്രമേയമായ കൃതികളാണ് ബഷീറിന്റെ ജന്മദിനം, വിശപ്പ്, കാരൂരിന്റെ പൊതിച്ചോറ്, അന്നത്തെക്കൂലി, കേശവദേവിന്റെ കൂൾഡ്രിംഗ്സ്, കോവിലന്റെ 'റ', നന്തനാരുടെ 'വിശപ്പ്' 'വിലക്കപ്പെട്ട കഞ്ഞി' 'മൊയ്തീൻ', എം.ടി.യുടെ കർക്കിടകം, ടി. പത്മനാഭന്റെ 'തിന്നുവാൻ പറ്റാത്ത ബിസ്ക്കറ്റ്', എം.പി. നാരായണപിള്ളയുടെ 'കള്ളൻ', എം. മുകുന്ദന്റെ 'കള്ളൻ നായ' തുടങ്ങിയവ.

വിശപ്പ് പ്രമേയമായ കോവിലന്റെ 'റ'യിലും, 'പായസ'ത്തിലും കുട്ടികൾ തന്നെയാണ് കേന്ദ്രകഥാപാത്രങ്ങൾ. "മരിച്ചു പോയാൽ, മനുഷ്യൻ പിന്നെ വിശപ്പറിയില്ല." വിശപ്പിന്റെ തീവ്രതയെ അനുഭവിപ്പിക്കാൻ കോവിലൻ ഉപയോഗിച്ചിരിക്കുന്നത് ശക്തമായ ഈ വാക്യമാണ്. കാരൂർക്കഥകളിലെന്നപോലെ അധ്യാപകരുടെ ദാരിദ്ര്യവും കഥയിൽ സൂചിതമാകുന്നുണ്ട്. കാരൂരിന്റെ അധ്യാപക കഥകളെല്ലാം തന്നെ അവരുടെ കുടുംബത്തിന്റെ വിശപ്പിന്റെയും ദാരിദ്ര്യത്തിന്റെയും കഥകൾ കൂടിയാണ്. നവോത്ഥാനകാല കഥാകൃത്തുകൾക്ക് ശേഷം സമകാല കഥയിൽ വിശപ്പിനെ ആവിഷ്കരിച്ച ഇ. സന്തോഷ് കുമാറിന്റെ 'മുട്ടയോളം വലിപ്പമുള്ള ധാന്യമണികൾ', സന്തോഷ് ഏച്ചിക്കാനത്തിന്റെ 'ബിരിയാണി' എന്നീ കഥകൾ ആധുനികോത്തരകഥയിൽ വിശപ്പ് എങ്ങനെ ആവിഷ്കൃതമായിരിക്കുന്നു എന്നു കാട്ടിത്തരുന്നു. ഇത്തരത്തിൽ തീവ്രവികാരമായ വിശപ്പിന്റെ ദയനീയാവസ്ഥ കാട്ടിത്തരുന്ന ഒരു അനുഭവക്കുറിപ്പാണ് ചിദംബര സ്മരണയിലുള്ള 'ഇരന്നുണ്ട ഓണം.' 'രാജകുമാരിയും യാചകബാ

SGOU

ലനും' എന്ന അധ്യായത്തിലും ഭക്ഷണത്തിന്റെ മഹത്വം ചൂണ്ടിക്കാണിക്കുന്നുണ്ട്. ദാരിദ്ര്യം ഒരു മനുഷ്യനെ എത്രമാത്രം നിസ്സഹായനാക്കുമെന്ന്, മറ്റുള്ളവരുടെ മുന്നിൽ തെണ്ടിയായി ജീവിക്കേണ്ടിവന്ന നിമിഷങ്ങളെ സ്മരിച്ചുകൊണ്ട് ബാലചന്ദ്രൻ ചുള്ളിക്കാട് തന്റെ ആത്മകഥയിൽ വരച്ചു കാട്ടുന്നു.



ആധുനിക മലയാളകവിതയിലെ ക്ഷുഭിതയൗവനത്തിന്റെ വാക്താവെന്ന് വിശേഷിപ്പിക്കപ്പെട്ട കവിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട്. ചങ്ങമ്പുഴയ്ക്കു ശേഷം മലയാളകവിതയിൽ ജനപ്രിയത ആർജിക്കുവാൻ കഴിഞ്ഞ കവിയാണ് ചുള്ളിക്കാട്. ആധുനിക കവികളിൽ ഏറ്റവും മുഴക്കവും മൂർച്ചയേറിയതുമായ ശബ്ദത്തിനുടമയാണ് ചുള്ളിക്കാട്. മനുഷ്യബന്ധങ്ങൾക്ക് സമൂഹത്തിൽ സംഭവിക്കുന്ന വിച്ഛേദങ്ങൾ പലപ്പോഴും അദ്ദേഹത്തിന്റെ കവിതകളിലെ പ്രമേയങ്ങളാവുന്നു. അനുഭവത്തിന്റെ തീവ്രതയിൽ നിന്നാണ് കവിതയ്ക്ക് തെളിച്ചമേറുന്നത്. കവിതകളിൽ കാണുന്ന സംഭാഷണത്തിന്റെയും ആത്മഭാഷണത്തിന്റെയും സ്വാധീനം മറ്റു കവികളിൽ നിന്ന് ചുള്ളിക്കാടിനെ വേറിട്ടു നിർത്തുന്നു. നഷ്ടങ്ങളുടെ അശാന്തമായ അവസ്ഥ അദ്ദേഹത്തിന്റെ കവിതകളിൽ സജീവമായി നിൽക്കുന്നു. പതിനെട്ട് കവിതകൾ, അമാവാസി, ഗസൽ, മാനസാന്തരം, ഡ്രാക്കുള എന്നീ കവിതാസമാഹാരങ്ങളും 'ചിദംബരസ്മരണ' എന്ന സ്മൃതിസഞ്ചയവുമാണ് അദ്ദേഹത്തിന്റെ കൃതികൾ. 2001-ൽ അദ്ദേഹം രചിച്ച അനുഭവക്കുറിപ്പുകളാണ് 34 അധ്യായങ്ങളുള്ള ചിദംബരസ്മരണ.

പ്രമേയസ്വീകരണത്തിലും ആവിഷ്കരണതന്ത്രത്തിലും പുതുമ നിലനിർത്തുന്ന കവി, സവിശേഷമായ ഭാഷയും ബിംബാവലികളുംകൊണ്ട് തന്റെ രചനകളെ വ്യത്യസ്തമാക്കുന്നു. പല തൊഴിലിലും ഏർപ്പെട്ടതിനു ശേഷം ഗവ.സർവീസിൽ ക്ലർക്കായി ഔദ്യോഗിക ജീവിതം നയിച്ചു. 1999-ൽ ബുദ്ധമതം സ്വീകരിച്ചു. തിരക്കഥകളും ചലച്ചിത്രഗാനങ്ങളും എഴുതിയിട്ടുണ്ട്. കൂടാതെ ടെലിവിഷൻ സീരിയലുകളിലും സിനിമയിലും അഭിനയിക്കുന്നുണ്ട്. അനേകം ദേശീയ കവിസമ്മേളനങ്ങളിൽ മലയാളത്തെ പ്രതിനിധാനം ചെയ്തു. ഹിന്ദി, ബംഗാളി, മറാഠി, രാജസ്ഥാനി, പഞ്ചാബി, കന്നട, തമിഴ്, തെലുങ്ക് തുടങ്ങിയ ഇന്ത്യൻ ഭാഷകളിലേക്കും ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, സ്വീഡിഷ് തുടങ്ങിയ വിദേശഭാഷകളിലേക്കും കവിതകൾ തർജമ ചെയ്യപ്പെട്ടു. 2001-ൽ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചെങ്കിലും നിരസിച്ചു.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'ചിദംബരസ്മരണ' എന്ന ആത്മകഥയിൽ നിന്നെടുത്തതാണ് ഈ ഭാഗം. വീടും നാടും ഉപേക്ഷിച്ച് അലഞ്ഞു നടന്ന കവി വിശപ്പു സഹിക്കവയ്യാതെ ഒരു തിരുവോണനാളിൽ അപരിചിതമായ വീട്ടിൽ കയറിച്ചെന്ന് ഇരന്നുണ്ട അനുഭവമാണ് ഇവിടെ പ്രതിപാദിക്കുന്നത്. ദാരിദ്ര്യത്തിലും സഹനത്തിലും തന്നോടൊപ്പം ഉപദേശിച്ചും ശകാരിച്ചും ഒപ്പം നിന്ന ദരിദ്രനായ തന്റെ സുഹൃത്തിനെയും അദ്ദേഹം അനുസ്മരിക്കുന്നുണ്ട്. ബാലചന്ദ്രൻ ചുള്ളിക്കാട് എന്ന കവിയുടെ വ്യക്തിത്വ സവിശേഷതകളിലേക്ക് വിരൽ ചൂണ്ടുന്നതാണ് ഈ പാഠഭാഗം.

**പ്രധാന കൃതികൾ**

പതിനെട്ട് കവിതകൾ, അമാവാസി. ഗസൽ, മാനസാന്തരം, ഡ്രാക്കുള, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കവിതകൾ (സമ്പൂർണ്ണ സമാഹാരം), ചിദംബര സ്മരണ (അനുഭവക്കുറിപ്പുകൾ), ജാലകം (തിരക്കഥ), പി. കുഞ്ഞിരാമൻ നായരും സവർണ്ണ ഹിന്ദുമതവും.

SGOU

## Keywords

ആത്മകഥാസാഹിത്യം - ബാലചന്ദ്രൻ ചുള്ളിക്കാട് - സാഹിത്യസവിശേഷത - വിശപ്പ് പ്രമേയമാകുന്ന കൃതികൾ - അനുഭവസാഹിത്യം - തീവ്രത - സത്യസന്ധത - ഹൃദയസ്പർശിയായ അവതരണം - ചിദംബരസ്മരണ - അവിഷ്കരണതന്ത്രത്തിലെ പുതുമ

## Discussion

'ചിദംബരസ്മരണ'യിലെ മൂന്നാമത്തെ അധ്യായമാണ് 'ഇരന്നുണ്ട ഓണം'. തനിക്ക് മറക്കാനാവാത്ത 1978-ലെ ഓണത്തെപ്പറ്റിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട് പറയുന്നത്. വീടും നാടും വിദ്യാഭ്യാസവും ഉപേക്ഷിച്ച് നക്സലൈറ്റുകൾക്കു വേണ്ടി കവിത ചൊല്ലി നടക്കുന്ന കാലം. അന്ന് അദ്ദേഹത്തിന്റെ താവളം എറണാകുളം മഹാരാജാസ് കോളേജിലെ തത്വശാസ്ത്ര വിദ്യാർഥി ആയിരുന്ന കെ.എസ്. രാധാകൃഷ്ണന്റെ ഹോസ്റ്റൽമുറി ആയിരുന്നു. ആ മുറിയിലെ അന്തേവാസിയായി അയാളുടെ ഔദാര്യത്തിൽ കഴിഞ്ഞുകൂടിയ കാലം. ഒരു ദരിദ്രകുടുംബത്തിലെ അംഗമായിരുന്ന രാധാകൃഷ്ണന്റെ അന്തേവാസിയായി കഴിയുമ്പോൾ തന്റെ ചെലവുകളെല്ലാം വഹിക്കേണ്ട ഉത്തരവാദിത്വം അയാൾക്കായിരുന്നു. തലയ്ക്ക് സ്ഥിരതയില്ലാത്ത ഒരു സഹോദരനോടുള്ള സ്നേഹവും വാത്സല്യവും ഉത്തരവാദിത്വവും അദ്ദേഹം തന്നോട് പുലർത്തിയിരുന്നതായി ചുള്ളിക്കാട് സ്മരിക്കുന്നു. രാധന്റെ അമ്മയും സഹോദരങ്ങളും അടങ്ങുന്ന കുടുംബം വളരെ ദരിദ്രമായിരുന്നു. മാത്രമല്ല കോൺഗ്രസ്സ് പരിവർത്തനവാദിയായിരുന്ന അദ്ദേഹത്തിന് നക്സൽ അനുഭാവിയായിരുന്ന ചുള്ളിക്കാടിന്റെ ജീവിതരീതികളോടും ചിന്താഗതികളോടും ഒരു യോജിപ്പുമില്ലായിരുന്നു. എങ്കിലും സ്നേഹവും വാത്സല്യവും ഉത്തരവാദിത്വവും രാധൻ കവിയോട് പുലർത്തിയിരുന്നു.

ഒരു ദിവസം ഓണാവധിക്ക് ഹോസ്റ്റൽ അടയ്ക്കുന്നതിനാൽ മുറി ഒഴിയണം എന്ന് രാധൻ കവിയോട് ആവശ്യപ്പെട്ടു. അപ്പോൾ താൻ എവിടെ പോകുമെന്ന് കവി ചോദിച്ചു. സ്വന്തം വീട്ടിൽ പോകുവാൻ അയാൾ ആവശ്യപ്പെട്ടു. നശിച്ച കൂട്ടുകുടുംബത്തിൽ പിറന്നു. പതിനെട്ടുകൊല്ലം അവിടെ ജീവിച്ച് സഹികെട്ടപ്പോൾ ഇറങ്ങിപ്പോന്ന അവിടേയ്ക്ക്, തിരിച്ചു പോകാൻ അയാൾക്ക് കഴിയുമായിരുന്നില്ല. ദാരിദ്ര്യവും പട്ടിണിയും കൂട്ടിനുള്ളപ്പോഴും തന്നെ അപമാനിച്ചിടത്തേയ്ക്ക് കയറിച്ചെല്ലാൻ കവിയുടെ അഭിമാനം അനുവദിക്കുന്നില്ല. സമ്പന്നമായ വീട്ടിൽ ജനിച്ചെങ്കിലും പിച്ചക്കാരനായി കഴിയേണ്ടിവരുന്ന നിസ്സഹായത ചുള്ളിക്കാടിനെ ദുഃഖിതനാക്കുന്നു. എന്നാൽ സ്നേഹസമ്പന്നരായ സുഹൃത്തുക്കളുടെ ഔദാര്യം അയാളെ അപമാനചിന്തയിലേയ്ക്ക് നയിക്കുന്നുമില്ല. രാധന്റെ ദരിദ്രകുടുംബത്തിലേക്ക് പോവാനോ താൻ പിണങ്ങിപ്പോന്ന സ്വന്തം വീട്ടിലേക്ക് പോവാനോ കവി തയ്യാറായിരുന്നില്ല.

ദരിദ്രനായ സുഹൃത്തിന്റെ വീട്ടിൽ കഴിയുവാൻ തയ്യാറാവാതെ അയാളുടെ കൈയിൽ നിന്ന് വാങ്ങിയ അഞ്ചു രൂപാ നോട്ടുമായി ഇറങ്ങിപ്പോകുവാനുമാണ് ചുള്ളിക്കാട് താല്പര്യപ്പെട്ടത്. തനിക്ക് രൂപാ നൽകിയ സുഹൃത്ത് ഉപദേശിച്ചു. "ബാലാ, നിന്റെ ആചാര്യന്മാരുണ്ടല്ലോ, ആ കടമ്മനിട്ടേം സച്ചിദാനന്ദനും കെ.ജി. ശങ്കരപ്പിള്ളേം. അവരൊക്കെ മര്യാദയ്ക്ക് പഠിച്ച് പാസ്സായി നല്ല ഉദ്യോഗോം സമ്പാദിച്ച് സ്വന്തം കാര്യം ഭദ്രമാക്കീട്ടാ വിപ്ലവം പറയണത്. അതു കേട്ട് നിന്നെപ്പോലെ കൊറെ മരമണ്ടന്മാര് പേപ്പട്ടികളെപ്പോലെ പാഞ്ഞു നടക്കാനും." അപ്പോഴും തന്റെ കൂട്ടുകാരെ കുറ്റപ്പെടുത്താതെ തന്റെ വിധിയെ പഴിക്കാനാണ് ചുള്ളിക്കാട് തയ്യാറായത്. ഓണത്തിനു പട്ടിണി കിടന്നാലും നിസ്സഹായനും ദരിദ്രനുമായ ചങ്ങാതിയെ ബുദ്ധിമുട്ടിക്കാൻ അയാൾ ശ്രമിച്ചില്ല. അമ്പത് രൂപ ചോദിച്ചപ്പോൾ പ്രാരാബ്ധക്കാരനായ ആ സുഹൃത്ത് അഞ്ചു രൂപയാണ് വെച്ചു നീട്ടിയത്. ആ പണം വലിച്ചെറിഞ്ഞ കവിയോട് പത്തു വയസ്സു മുതൽ പണിയെടുത്തു ജീവിക്കുന്ന തനിക്ക് അഞ്ചു പൈസക്കു പോലും വിലയുണ്ടെന്ന് അയാൾ പറയുകയുണ്ടായി. ലജ്ജിച്ചു പോയ കവിയോട്

SGOU

പ്രസിദ്ധരായ മറ്റുള്ള കവികളെപ്പോലെ പഠിച്ച് പാസ്സായി നല്ല ഉദ്യോഗം സമ്പാദിച്ചിട്ട് വേണം വിപ്ലവം എന്ന് പറഞ്ഞു നടക്കാൻ എന്ന് ആ സുഹൃത്ത് ഉപദേശിക്കുകയുണ്ടായി.

തന്റെ തുണിസഞ്ചി തോളിലിട്ട് അവിടെ നിന്നിറങ്ങിയ കവി ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞും രാത്രി ബസ്സ്റ്റാൻഡിൽ കിടന്നുറങ്ങിയും ഏകനായി ദിവസങ്ങൾ കഴിച്ചുകൂട്ടി. നഗരം ഓണാഘോഷത്തിന്റെ ലഹരിയിൽ അമരുമ്പോൾ കായലോരത്തും തെരുവുകളിലും അലഞ്ഞുതിരിഞ്ഞ് പൈപ്പുവെള്ളം കുടിച്ച് കഴിച്ചുകൂട്ടി. തിരുവോണനാളിൽ കടകളെല്ലാം അടഞ്ഞു കിടക്കുന്നു. ഒരു കടത്തിണ്ണയിൽ ചുള്ളിക്കാട് തളർന്നു കിടന്നു. ഉച്ചയായപ്പോൾ പ്രാഞ്ചി പ്രാഞ്ചിനടന്നു. വസ്ത്രങ്ങളെല്ലാം മുഷിഞ്ഞു നാറിയിരിക്കുന്നു. വിശപ്പ് സഹിക്കാനാവുന്നില്ല. നടന്നു തളർന്ന് ഒരു ഗേറ്റിനടുത്തെത്തിയപ്പോൾ കുരുത്തോലത്തോരണവും തൃക്കാക്കരയപ്പനേയും മറ്റും അണിയിച്ചൊരുക്കിയിരിക്കുന്നു. ആ പഴയ വലിയ വീട്ടിനു മുന്നിൽ ഓണക്കോടിയുടുത്ത രണ്ട് ആൺകുട്ടികൾ കളിക്കുന്നതു കണ്ടു. വീടിന്റെ ഗേറ്റ് തുറന്ന് അകത്തുകയറി. അവിടെ കണ്ട വൃദ്ധയോട് "അമ്മൂമ്മേ, ഞാൻ വളരെ ദൂരേന്ന് വരുവാണ്. ഹോട്ടലുകളൊക്കെ പൂട്ടീരിക്കണു. വെശന്നിട്ടു വയ്യ," എന്നിങ്ങനെ പറഞ്ഞു. വിശന്നുവലഞ്ഞ തനിക്ക് അല്പം ചോറ് തരുവാൻ വീട്ടുകാരോട് അപേക്ഷിച്ചു. തിരുവോണമായിട്ട് ഭിക്ഷയെടുക്കുന്ന പിച്ചക്കാരനെ അത്ഭുതത്തോടെ വീട്ടിലുള്ളവർ നോക്കിനിന്നു. വീടിന്റെ വടക്കുഭാഗത്ത് ഇലയിട്ടിരുത്തി വേലക്കാരി ചോറും കറികളും, നാനാവിഭവങ്ങൾ നിറഞ്ഞ സദ്യയും കവിക്ക് വിളമ്പിക്കൊടുത്തു. ആർത്തിയോടെ അദ്ദേഹം അതു വാരിയുണ്ടു.

അവർ കവിയെ കണ്ടപ്പോൾ വിചാരിച്ചത് ഏതോ ഭിക്ഷക്കാരനാണ് എന്നാണ്. എന്നാൽ ആ വീട്ടിലെ ഒരു പെൺകുട്ടി കവിയെ തിരിച്ചറിഞ്ഞു. തലയുയർത്തി നോക്കിയപ്പോൾ പട്ടുപാവാടയും തൂവെള്ള ബ്ലൗസും ധരിച്ച ഒരു പെൺകുട്ടി കവിയെ സൂക്ഷിച്ചുനോക്കുന്നു. ഇത് കവിയായ ബാലചന്ദ്രൻ ചുള്ളിക്കാടല്ലേ. അമ്പരപ്പോടെ അകത്തേക്കോടിയ അവൾ 'അമ്മേ അതു പിച്ചക്കാരനല്ല. ബാലചന്ദ്രൻ ചുള്ളിക്കാടാ. ഞങ്ങളുടെ കോളേജിൽ കവിത ചൊല്ലാൻ വന്നിരുന്നു.' ആ പെൺകുട്ടിയുടെ ഉച്ചത്തിലുള്ള ശബ്ദം കേട്ട് ഊണു മതിയാക്കി എണീറ്റോടിയാലോ എന്ന് അദ്ദേഹം കരുതി. പകുതി ഉണ്ട ചോറ് ഉപേക്ഷിച്ച് എണീറ്റോടാനുള്ളത്ര ലജ്ജയാണ് കവിക്ക് അപ്പോൾ അനുഭവപ്പെട്ടത്. എന്നാൽ ഒരില ചോറുകളയാൻ മനസ്സു വന്നില്ല. അഭിമാനത്തേക്കാൾ വലുത് അന്നമാണെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞ കവി ഊണു തുടർന്നു. അന്നത്തിന്റെ മഹത്വം കവി അന്ന് തിരിച്ചറിഞ്ഞു.

ഒരത്ഭുതജീവിയെ കാണുമ്പോലെ അകത്തുനിന്ന് സ്ത്രീകളും കുട്ടികളും ഇറങ്ങിവന്ന് അദ്ദേഹത്തെ നോക്കി നിന്നു. ഇവൾ പറേണത് 'ശര്യാണോ' എന്ന് മുതിർന്ന സ്ത്രീ ചോദിച്ചപ്പോൾ നുണ പറഞ്ഞാലോ എന്ന് ഒരു നിമിഷം ചിന്തിച്ചെങ്കിലും വിശപ്പാണ് പരമസത്യം, ബാക്കിയെല്ലാം വെറും പൊങ്ങച്ചമാണെന്ന് ആ നിമിഷം അദ്ദേഹം തിരിച്ചറിയുകയായിരുന്നു. ആരെയും നോക്കാതെ തലകുനിച്ചിരുന്ന് ചോറു മുഴുവൻ ഉണ്ടുതീർത്ത് തുണിസഞ്ചിയുമെടുത്ത് ചിറി തുടച്ചു നിൽക്കുമ്പോൾ പായസവുമായി ആ പെൺകുട്ടി മുന്നിൽ വന്നു. "വേണ്ട. മധുരം കഴിച്ചാൽ ഒറക്കം വരും. കൊറെ ദൂരം പോവാനുള്ളതാ." എന്ന് പറഞ്ഞ് താഴ്മയോടെ അതു നിരസിച്ചു. ഹോട്ടലൊന്നും ഓണമായിട്ട് തുറക്കാത്തതുകൊണ്ടാണ് താൻ അവരെ ബുദ്ധിമുട്ടിച്ചതെന്ന് പറഞ്ഞു. എല്ലാവരും നോക്കി നിൽക്കവെ കൈ കഴുകി, തല കുനിച്ച് തൊഴുത് കവി അവരോട് യാത്ര പറഞ്ഞ് തെരുവിലേയ്ക്ക് ഇറങ്ങി നടന്നു.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ആത്മകഥയിൽ നിന്നെടുത്ത ഈ ഭാഗം നമ്മുടെ മനസ്സിൽ തറഞ്ഞു കയറുന്ന ഒന്നാണ് - സ്വതന്ത്രമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു വ്യക്തി അനുഭവിക്കേണ്ടി വരുന്ന കഷ്ടപ്പാടുകൾ ഈ ഭാഗത്ത് അനാവരണം ചെയ്യുന്നു - മാത്രമല്ല, ഒരു പിടി ചോറിനു മുന്നിൽ മനുഷ്യന്റെ ആത്മാഭിമാനം എത്ര ചെറുതാണ് എന്ന് അദ്ദേഹം കാണിച്ചു തരുന്നു. വിശപ്പിനെക്കാൾ വലുതായി ഈ ലോകത്ത് മറ്റൊരു സത്യമില്ലെന്ന യാഥാർഥ്യത്തെ ഈ പാഠഭാഗം നമുക്ക് വ്യക്തമാക്കിത്തരുന്നു.

SGOU

## വിശകലനം

'ചിദംബരസ്മരണ'യുടെ ആമുഖമായി എസ്. ജയചന്ദ്രൻ നായർ ഇപ്രകാരം സൂചിപ്പിക്കുന്നു. മണ്ണിൽ വേരുകളാഴ്ത്തി കാറ്റും മഴയും വെയിലും ഉൾത്തളത്തിൽ ഉൾക്കൊണ്ട അകക്കാമ്പുള്ള മരമാണ് ചുള്ളിക്കാട്. നമ്മുടെ ഒക്കെ ഭൂമിശാസ്ത്രത്തിന്റെ ഭാഗമാണ് ആ മരം. ഊഷരമായിക്കൊണ്ടിരിക്കുന്ന നമ്മുടെ ജീവിതത്തിലെ നോവും വേവും ഏറ്റുവാങ്ങിയ ആ മരം മണ്ണിലൊളിച്ച സരസ്വതിയെ നമുക്ക് തന്നിരിക്കുന്നു. അതാണ് 'ചിദംബരസ്മരണ'. ചില ജീവിതരംഗങ്ങൾ മങ്ങിപ്പോവാതെ മനസ്സിൽ അവശേഷിക്കുന്നു. അവയ്ക്ക് വാഗ്രൂപം നൽകണമെന്നു തോന്നി. അതിന്റെ ഫലമാണ് തന്റെ ഈ ഓർമ്മക്കുറിപ്പുകൾ എന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നു. ജീവിതം ഒരു മഹാത്ഭുതമാണെന്നും ഒരിക്കലും പ്രതീക്ഷിക്കാത്ത ഒന്ന് അത് നിങ്ങൾക്കായി എപ്പോഴും കാത്തുവയ്ക്കുന്നു എന്നും മുഖവുരയിൽ ചുള്ളിക്കാട് ചേർത്തുവയ്ക്കുന്നു.

ദാരിദ്ര്യം ഒരു മനുഷ്യനെ എത്രമാത്രം നിസ്സഹായനാക്കുമെന്ന്, മറ്റുള്ളവരുടെ മുന്നിൽ തെണ്ടിയായി ജീവിക്കേണ്ടിവന്ന നിമിഷങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ബാലചന്ദ്രൻ ചുള്ളിക്കാട് തന്റെ ആത്മകഥയിൽ കോറിയിടുകയാണ്. ഊണ് അക്കാലത്തെ ഒരു സ്വപ്നമായിരുന്നു എന്ന് 'ചിദംബരസ്മരണ'യിലെ 'രാജകുമാരിയും യാചകബാലനും' എന്ന അധ്യായത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. നടന്നു ക്ഷീണിച്ച് എഴുത്തുകാരിയായ മാധവിക്കുട്ടിയുടെ വീട്ടിൽ മുഷിഞ്ഞ വസ്ത്രങ്ങളോടെ എത്തപ്പെട്ട ദിവസം ഊണു കഴിക്കാൻ അവർ ക്ഷണിച്ചപ്പോൾ തനിക്ക് കരച്ചിൽവന്നുവെന്നും ഊണ് അന്ന് തനിക്ക് ഒരു സ്വപ്നം മാത്രമായിരുന്നുവെന്നും ഓർമ്മിക്കുന്നു. പരമദാരിദ്ര്യവും അഭിമാനബോധവും ഒരുമിച്ചു ചേരുന്ന അവസ്ഥയാണ് ഏറ്റവും ഭയങ്കരമായ നരകം എന്നു വിശ്വസിക്കുന്ന എഴുത്തുകാരനാണ് ചുള്ളിക്കാട്. വിശപ്പ് ഇല്ലാതാക്കാൻ ഭ്രാന്തിനു പോലും കഴിയുന്നില്ല. ഭയങ്കരമായ നരകം, വിശപ്പാണ് പരമസത്യം. ഭ്രാന്തു പോലും വിശപ്പു മാറിയ ശേഷമേയുള്ളൂ എന്ന് തന്റെ ആത്മകഥയിൽ ചുള്ളിക്കാട് രേഖപ്പെടുത്തുന്നുണ്ട്.

ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഗദ്യം ഉരുകിയൊലിക്കുന്ന ലാവ പോലെയാണെന്നു പറയാറുണ്ട്. കവിത പോലെ ഗദ്യവും അനായാസമായി അദ്ദേഹത്തിനു വഴങ്ങുന്നു. നിരാലംബനായ കേവലവിശപ്പാണ് പരമസത്യം. വിശപ്പ്, കാമം, സ്നേഹം, വെറുപ്പ് എന്നിവയോടുള്ള അഭിവാഞ്ഛ സമകാലകവികളിൽ നിന്ന് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നു. എന്തും മറയില്ലാതെ തുറന്നെഴുതുവാനുള്ള ആർജവം കവിതയിലെന്ന പോലെ ആത്മകഥയിലും തെളിഞ്ഞു കാണാം. ദാരിദ്ര്യത്തിന് മനുഷ്യന്റെ അഭിമാനബോധത്തെ നിഷ്പ്രയാസം ഇല്ലാതാക്കാൻ കഴിയും. ലോകത്തിൽ ഏറ്റവും പ്രധാനം ഒരു പിടിച്ചോറാണെന്ന് ജീവിതം തന്നെ പഠിപ്പിച്ചു എന്ന് 'ചിദംബര സ്മരണ'യിൽ ചുള്ളിക്കാട് എഴുതുന്നുണ്ട്. മഹാത്ഭുതമായ ജീവിതം പഠിപ്പിച്ച പാഠങ്ങളോരോന്നും വെളിപ്പെടുത്തുന്ന കൃതിയാണ് ചുള്ളിക്കാടിന്റെ 'ചിദംബരസ്മരണ'. മനുഷ്യന്റെ ഏകാന്ത വിഹ്വലതകളും ദുഃഖങ്ങളും വൈകാരികതയുടെ സ്പർശത്താൽ ആവിഷ്കരിക്കുവാൻ അദ്ദേഹത്തിനു കഴിയുന്നു. മലയാളഭാഷയുടെ ശക്തി-സൗന്ദര്യങ്ങൾ ചുള്ളിക്കാടിന്റെ 'ചിദംബരസ്മരണ'യിൽ അനുഭവിക്കുവാൻ കഴിയുന്നു.

SGOU

## Recap

- 1978-ലെ തനിക്ക് മറക്കാനാവാത്ത ഓണത്തെപ്പറ്റിയാണ് ബാലചന്ദ്രൻ ചുള്ളിക്കാട് പറയുന്നത്
- എറണാകുളം മഹാരാജാസ് കോളേജിലെ തത്വശാസ്ത്ര വിദ്യാർഥി ആയിരുന്ന കെ.എസ്. രാധാകൃഷ്ണന്റെ ഹോസ്റ്റൽ മുറിയിൽ ആയിരുന്നു താമസിച്ചിരുന്നത്
- ബാലചന്ദ്രൻ ചുള്ളിക്കാട് വീടും നാടും വിദ്യാഭ്യാസവും ഉപേക്ഷിച്ച് നക്സലുകൾക്കു വേണ്ടി കവിത ചൊല്ലി നടക്കുന്ന കാലമായിരുന്നു അത്
- ചുള്ളിക്കാടിന്റെ ജീവിതരീതികളോടും ചിന്താഗതികളോടും ഒരു യോജിപ്പുമില്ലായിരുന്നു. എങ്കിലും സ്നേഹവും വാത്സല്യവും ഉത്തരവാദിത്വവും രാധൻ കവിയോട് പുലർത്തിയിരുന്നു
- ഒരു ദിവസം ഓണാവധിക്ക് ഹോസ്റ്റൽ അടക്കുന്നതിനാൽ മുറി ഒഴിയണം എന്ന് രാധൻ കവിയോട് ആവശ്യപ്പെട്ടു
- പ്രസിദ്ധരായ മറ്റുള്ള കവികളെപ്പോലെ പഠിച്ച് പാസ്സായി നല്ല ഉദ്യോഗം സമ്പാദിച്ചിട്ട് വേണം വിപ്ലവം പറഞ്ഞ് നടക്കാൻ എന്ന് ആ സുഹൃത്ത് ഉപദേശിക്കുകയുണ്ടായി
- തന്റെ തുണിസഞ്ചി തോളിലിട്ട് അവിടെ നിന്നിറങ്ങിയ കവി ലക്ഷ്യമില്ലാതെ അലഞ്ഞു തിരിഞ്ഞും രാത്രി ബസ്സ്റ്റാൻഡിൽ കിടന്നുറങ്ങിയും ഏകനായി ദിവസങ്ങൾ കഴിച്ചു കൂട്ടി
- തിരുവോണ ദിവസം അലഞ്ഞു തിരിഞ്ഞ് ഒരു വീടിനു മുന്നിലെത്തി
- ആ പഴയ വലിയ വീട്ടിനു മുന്നിൽ ഓണക്കോടിയുടുത്ത രണ്ട് ആൺകുട്ടികൾ കളിക്കുന്നതു കണ്ടു. ഗേറ്റ് തുറന്ന് അകത്തു കയറിയ കവി വിശന്നുവലഞ്ഞ തനിക്ക് അല്പം ചോറ് തരുവാൻ വീട്ടുകാരോട് അപേക്ഷിച്ചു
- വീടിന്റെ വടക്കുഭാഗത്ത് ഇലയിട്ടിരുത്തി നാനാവിഭവങ്ങൾ നിറഞ്ഞ സദ്യ അവർ കവിക്ക് വിളമ്പിക്കൊടുത്തു
- ആ വീട്ടിലെ ഒരു പെൺകുട്ടി കവിയെ തിരിച്ചറിഞ്ഞു. പകുതി ഉണ്ട ചോറ് ഉപേക്ഷിച്ച് എണീറ്റോടാനുള്ളത്ര ലജ്ജയാണ് കവിക്ക് അപ്പോൾ അനുഭവപ്പെട്ടത്
- എങ്കിലും അഭിമാനത്തേക്കാൾ വലുത് അന്നമാണെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞ കവി ഊണു തുടർന്നു
- ഒരു പിടി ചോറിനു മുന്നിൽ മനുഷ്യന്റെ ആത്മാഭിമാനം എത്ര ചെറുതാണ് എന്ന് അദ്ദേഹം കാണിച്ചു തരുന്നു.
- എല്ലാവരും തന്നെ നോക്കി നിൽക്കവെ കൈ കഴുകി, തല കുനിച്ച് തൊഴുത് കവി അവരോട് യാത്ര പറഞ്ഞു

SGOU

## Objective Type Questions

1. 1978-ൽ കവിയുടെ ജീവിതം എങ്ങനെയുള്ളതായിരുന്നു?
2. നക്സലിസത്തോട് രാധന്റെ മനോഭാവം എന്തായിരുന്നു?
3. ബാലചന്ദ്രൻ ചുള്ളിക്കാട് ഹോസ്റ്റൽ വിടാൻ ഇടയാക്കിയ സാഹചര്യം എന്ത്?
4. രാധന്റെ വീട്ടിലെ  അവസ്ഥ എന്തായിരുന്നു?
5. രാധൻ അഞ്ചുരൂപ നൽകിയപ്പോൾ കവിയുടെ പ്രതികരണം എന്തായിരുന്നു?
6. പണം വലിച്ചെറിഞ്ഞ കവിയോട് രാധൻ പറഞ്ഞതെന്ത്?
7. രാധൻ കവിക്ക് നൽകിയ ഉപദേശമെന്ത്?
8. ഹോസ്റ്റൽ വിട്ട കവി പിന്നീടുള്ള ദിവസങ്ങൾ കഴിച്ചുകൂട്ടിയതെങ്ങനെ?
9. പകുതി ഉണ്ട ചോറ് മതിയാക്കി ഓടിപ്പോകാൻ കവിക്ക് തോന്നിയ സന്ദർഭമേത്?
10. കവി ഓണം ഇരന്നുണ്ണേണ്ടി വന്ന സാഹചര്യം എന്ത്?
11. രാധാകൃഷ്ണന് ബാലചന്ദ്രൻ ചുള്ളിക്കാടിനോടുള്ള സ്നേഹവും സഹതാപവും വ്യക്തമാവുന്ന സന്ദർഭം ഏത്?
12. പരിചയമില്ലാത്ത വീട്ടിൽ ഓണം ഉണ്ണാൻ പോയ കവിക്കുണ്ടായ അനുഭവങ്ങൾ എന്തെല്ലാം?

## Answers

1. വീടും നാടും വിദ്യാഭ്യാസവും ഉപേക്ഷിച്ച് നക്സലൈറ്റുകൾക്കു വേണ്ടി കവിത ചൊല്ലി നടക്കുന്ന കാലം
2. കോൺഗ്രസ്സ് പരിവർത്തനവാദിയായിരുന്ന രാധന് നക്സൽ അനുഭാവികളോടും  ജീവിതരീതികളോടും ചിന്താഗതികളോടും വെറുപ്പായിരുന്നു
3. ഓണാവധിക്ക് എല്ലാവരും ഹോസ്റ്റൽ ഒഴിഞ്ഞു പോകേണ്ടതുകൊണ്ട്
4. രാധന്റെ  അമ്മയും സഹോദരങ്ങളും അടങ്ങുന്ന കുടുംബം വളരെ ദരിദ്രമായിരുന്നു.
5. കവി ആ പണം (അഞ്ചുരൂപ) വലിച്ചെറിഞ്ഞു
6. പത്തു വയസ്സു മുതൽ പണിയെടുത്തു ജീവിക്കുന്ന തനിക്ക് അഞ്ചു പൈസക്കു പോലും വിലയുണ്ടെന്നു അയാൾ പറയുകയുണ്ടായി
7. പ്രസിദ്ധരായ മറ്റുള്ള കവികളെപ്പോലെ പഠിച്ച് പാസ്സായി നല്ല ഉദ്യോഗം സമ്പാദിച്ചിട്ട് വേണം വിപ്ലവം പറഞ്ഞു നടക്കാൻ എന്ന്  ഉപദേശിക്കുകയുണ്ടായി
8. നഗരത്തിൽ അലഞ്ഞു തിരിഞ്ഞും രാത്രി ബസ്സ്റ്റാൻഡിൽ കിടന്നുറങ്ങിയും ഏകനായി ദിവസങ്ങൾ കഴിച്ചു കൂട്ടി
9. കവി ഭക്ഷണം കഴിച്ചു കൊണ്ടിരുന്നപ്പോൾ ആ വീട്ടിലെ  പെൺകുട്ടി കവിയെ തിരിച്ചറിഞ്ഞപ്പോൾ
10. നഗരത്തിൽ അലഞ്ഞു തിരിഞ്ഞ് വിശപ്പ് സഹിക്കാനാവാതെ ഒരു വീട്ടിൽ ചെന്ന് ഭക്ഷണം യാചിച്ച് കഴിക്കേണ്ടി വന്നു

SGOU

11. നല്ല ഉദ്യോഗം സമ്പാദിക്കാൻ ഉപദേശിക്കുന്നു. ദരിദ്രനായ അയാൾ സുഹൃത്തിനെ (കവിയെ) സഹോദരതുല്യം സ്നേഹിച്ചിരുന്നു. കയ്യിൽ ആകെയുണ്ടായിരുന്ന അഞ്ചു രൂപ കവിക്ക് നൽകുന്നു
12. വിശന്നുവലഞ്ഞ കവി അപരിചിതരായ ഒരു വീട്ടുകാരോട് അപേക്ഷിച്ച് ഭക്ഷണം കഴിക്കുന്നു. ആ വീട്ടിലെ ഒരു പെൺകുട്ടി കവിയെ തിരിച്ചറിഞ്ഞു. എണീറ്റോടാനുള്ളത്ര ലജ്ജയാണ് കവിക്ക് അപ്പോൾ അനുഭവപ്പെട്ടത്. എങ്കിലും അഭിമാനത്തേക്കാൾ വലുത് അന്നമാണെന്ന യാഥാർഥ്യം തിരിച്ചറിഞ്ഞ കവി ഊണു തുടർന്നു

## Assignments

1. ആത്മകഥാസാഹിത്യത്തിന്റെ സവിശേഷതകൾ വിലയിരുത്തുക
2. മലയാളത്തിലെ അനുഭവസാഹിത്യരംഗത്ത് ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ചിദംബരസ്മരണയുടെ സ്ഥാനം അടയാളപ്പെടുത്തുക
3. 'ഇരന്നുണ്ട ഓണം' എന്ന ഭാഗത്തിലൂടെ വ്യക്തമാവുന്ന കവിയുടെ വ്യക്തിസവിശേഷതകൾ എന്തെല്ലാം - വിശകലനം ചെയ്യുക
4. വിശപ്പും ദാരിദ്ര്യവും പ്രമേയമാകുന്ന മലയാളത്തിലെ പ്രധാന കൃതികളേതെല്ലാമെന്ന് അപഗ്രഥിക്കുക

SGOU

## Reference


1. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ബാലചന്ദ്രൻ ചുള്ളിക്കാട്, ചിദംബരസ്മരണ, ഡി.സി. ബുക്സ്, കോട്ടയം.


## Suggested Reading


1. കെ.എം. ജോർജ്ജ് (എഡി:), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.

# യൂണിറ്റ് - 3
# ദലിതൻ (ആദ്യത്തെ രണ്ട് അധ്യായങ്ങൾ)

കെ.കെ. കൊച്ച്

## Learning Outcomes

- ദലിത് സാഹിത്യത്തെക്കുറിച്ച് അറിയുന്നു
- ദലിത് ആത്മകഥകളെക്കുറിച്ച് പരിചയപ്പെടുന്നു
- അനുഭവസാഹിത്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- കെ.കെ. കൊച്ചിന്റെ സാമൂഹ്യനിലപാടുകളെക്കുറിച്ച് അപഗ്രഥിക്കുന്നു
- കെ.കെ. കൊച്ചിന്റെ സാഹിത്യസംഭാവനങ്ങൾ വിശകലനം ചെയ്യുന്നു

## Prerequisite

ദലിത് ജീവിതത്തെ വ്യത്യസ്തമായി ആവിഷ്കരിക്കുന്ന രീതിയാണ് സമകാലിക സാഹിത്യത്തിൽ കാണുന്നത്. സവർണ്ണജീവിതം സൃഷ്ടിച്ച് മാതൃകാപുരുഷന്മാരുടെ, മുഖച്ഛായയിൽ ദലിതത്വത്തെ അത് പകരം വെക്കുന്നില്ല. ദലിത് സാഹിത്യത്തിൽ ഇന്ത്യയിലാകെ പ്രധാനപ്പെട്ട സാഹിത്യരൂപമായി ഉയർന്നുവന്നിട്ടുള്ള വിഭാഗമാണ് ആത്മകഥ. മലയാളത്തിൽ ദലിത്പക്ഷത്തു നിന്ന് നിരവധി ആത്മകഥകൾ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. പരിസ്ഥിതി പ്രവർത്തകനായ പൊക്കുടന്റെ 'കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം', നാടൻ പാട്ടുകാരിയായ മറിയാമ്മച്ചേട്ടത്തിയുടെ 'മറിയാമ്മച്ചേട്ടത്തിയുടെ കഥ', 'അടിയാറ് ടീച്ചറ്' രജനി പാലപറമ്പലിന്റെ ആ നെല്ലിമരം പുല്ലാണ്, സി.കെ.ജാനുവിന്റെ ആത്മകഥ ജാനു, അടിമമക്ക, എം.കുഞ്ഞാവന്റെ എതിര് എന്നിവ ശ്രദ്ധേയമാണ്. വിധേയപ്പെട്ടിരുന്ന ഒരു സമൂഹത്തിൽ നിന്ന് വ്യക്തിയെന്ന നിലയിലുള്ള വളർച്ചയുടെ അനന്തരഫലമാണ് ഈ ആത്മകഥ. സമൂഹത്തിലും സാഹിത്യത്തിലും ഒരു ദലിതന്റെ ജീവിതം അടയാളപ്പെടുത്തുന്നു എന്നതാണ് ഇതിന്റെ പ്രാധാന്യം.

**ദലിത് ആത്മകഥകൾ**

പൊതുവിൽ ദലിത് ആത്മകഥകൾ വേദനയിൽ നിന്ന് പ്രതിരോധത്തിലേയ്ക്ക് എന്ന ഒരു ഭാവനയ്ക്കുള്ളിലാണ് സൃഷ്ടിക്കപ്പെടുന്നതെന്ന് 'ഓംപ്രകാശ് വാൽമീകി'യുടെ 'എച്ചിലി'നെയും മറ്റും മുൻനിർത്തിയുള്ള പഠനത്തിൽ 'സാറാബേഥ്' പറയുന്നുണ്ട്. (ചരിത്രത്തിന്റെ ആത്മകഥകൾ - പ്രദീപൻ പാമ്പിരികുന്ന്) സാമുദായികസ്വത്വമാണ് ദലിത് ആത്മകഥകളിൽ മേൽക്കൈ നേടുന്നത്. ഇതര ആത്മകഥകളിൽ വ്യക്തിപരമായ അനുഭവങ്ങൾക്കാണ് പ്രാധാന്യം കൈവരുന്നത്. ജാതിഘടനയുടെ തുടർച്ച ദലിത് ആത്മകഥകളിൽ കാണാം. ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ മർദകവ്യവസ്ഥയാണ് ജാതിവ്യവസ്ഥയെന്ന് അവ ഓർമ്മിപ്പിക്കുന്നു. അതിനാൽ അവ സാഹിത്യം എന്നതിനപ്പുറം രാഷ്ട്രീയ പ്രവർത്തനവും ഉയിർത്തെഴുന്നേൽപ്പുമായി മാറുന്നു. വ്യക്തിമഹത്ത്വങ്ങളെയല്ല, ചരിത്രസന്ദിഗ്ദ്ധതകളെയാണ് അവ അടയാളപ്പെടുത്തുന്നത്. കീഴാളരുടെ ആത്മകഥകൾക്ക് ചില പൊതുസ്വഭാവങ്ങളുണ്ട്. ഇത്തരം



SGOU

ആത്മകഥകൾ വന്നതോടെ ചരിത്രത്തിലെ സ്ഥിരീകരിക്കപ്പെട്ട ഏകഭാഷകവ്യവസ്ഥയ്ക്ക് വിള്ളലേൽക്കുകയും പൊതുബോധം സംഘർഷഭരിതമായി മാറുകയും ചെയ്യുന്നത് കാണാൻ കഴിയും. ഇവയിൽ മേലാളരോടും അധികാരികളോടും ആണുങ്ങളോടുമുള്ള തർക്കങ്ങളുണ്ട്. തങ്ങൾ ആരിൽ നിന്നും ഒട്ടും കുറഞ്ഞവരല്ല എന്ന അവകാശബോധമുണ്ട്. തീവ്രവും വൈകാരികവുമായ സ്നേഹപ്രകടനങ്ങളുണ്ട്. നിലനിൽക്കുന്ന സമയബോധത്തിൽ മറ്റൊരു സമയം തുറന്നിടുകയാണ് കീഴാളരുടെ ആത്മകഥകൾ എന്ന്' കെ.കെ. ബാബുരാജ് അഭിപ്രായപ്പെടുന്നു. ആത്മകഥയുടെ ആത്മത്തെ സംബന്ധിച്ച് പൂർവധാരണകൾ ഇത്തരം പുതിയ രചനകളിൽ സംഘർഷഭരിതമായിത്തീരുന്നുണ്ട്. ഇത്തരം രചനകളിൽ എഴുത്തിന്റെ രൂപം നിർണ്ണയിക്കുന്നതും ഭാഷയുടെ കർതൃത്വം നിർണ്ണയിക്കുന്നതും ആവേദകനു പുറത്തുള്ള ഭാഷാബോധം കൂടിയാണ്.

പ്രാദേശിക ചരിത്രനിർണ്ണയത്തിലൂടെയുള്ള സ്വത്വാന്വേഷണപഠനങ്ങൾ ഇക്കാലത്ത് ഏറെ പ്രസക്തമാണ്. അത്തരമൊരു വീണ്ടെടുപ്പാണ് 'ദലിതൻ' എന്ന ആത്മകഥയിലെ പ്രസ്തുത ഭാഗങ്ങളിൽ കെ.കെ. കൊച്ച് നിർവഹിക്കുന്നത്. തന്റെ പൂർവികരിൽ നിന്നും ലഭിച്ച വാമൊഴി പാഠങ്ങളും പ്രാചീനകൃതികളും നാടൻപാട്ടുമെല്ലാം അദ്ദേഹം ഇക്കാര്യത്തിൽ ഉപയുക്തമാക്കുന്നുണ്ട്. ആദ്യഭാഗത്ത് ജന്മിത്തവ്യവസ്ഥയുടെ രൂപവത്ക്കരണത്തെ നെയ്തശ്ശേരി മനയിലെ ജന്മിത്തസമ്പ്രദായവുമായി ബന്ധപ്പെട്ട് വിശകലനം ചെയ്യുന്നു. രണ്ടാം അധ്യായത്തിൽ മധുരവേലി എന്ന പ്രദേശത്തെ ആവാസവ്യവസ്ഥ, പരിസ്ഥിതി, ജനങ്ങൾ, ജീവിതസമ്പ്രദായം, കൃഷിരീതികൾ തുടങ്ങിയവ ആസ്പദമാക്കി പ്രാദേശിക ചരിത്രനിർണ്ണയം നടത്തുകയാണ് ചെയ്യുന്നത്. ഏതൊരു കേരളീയഗ്രാമത്തിന്റെയും ഭൂതകാലം ഇത്തരത്തിലുള്ളതാണെന്ന് മധുരവേലിയുടെ പ്രാദേശിക ചരിത്രരചനയിലൂടെ ലേഖകൻ സമർഥിക്കുന്നു.

**കെ.കെ. കൊച്ച്**



കേരളത്തിലെ ദലിത്ചിന്തകനും എഴുത്തുകാരനും സാമൂഹ്യപ്രവർത്തകനുമാണ് കെ.കെ. കൊച്ച്. ആനുകാലികങ്ങളിലും ടി.വി.ചാനൽ ചർച്ചകളിലും ദലിത് നിലപാടുകൾ ഉയർത്തിപ്പിടിച്ച് ഇടപെടുന്നു. 2021-ൽ കേരള സാഹിത്യ അക്കാദമി സമഗ്രസംഭാവന പുരസ്കാരത്തിന് അർഹനായി. 1971-ൽ മാതൃഭൂമി ആഴ്ചപ്പതിപ്പ് കോളേജ് വിദ്യാർഥികൾക്കു വേണ്ടി നടത്തിയ സാഹിത്യമത്സരത്തിൽ നാടകരചനയിൽ രണ്ടാം സമ്മാനം നേടി. അടിയന്തിരാവസ്ഥയെത്തുടർന്ന് ആറുമാസക്കാലം ഒളിവിലായി. കമ്മ്യൂണിസ്റ്റ് യുവജനവേദി, ജനകീയ തൊഴിലാളി യൂണിയൻ, മനുഷ്യാവകാശ സമിതി എന്നീ സംഘടനകൾ രൂപീകരിക്കാൻ നേതൃത്വം നൽകി. 1986-ൽ 'സീഡിയൻ' എന്ന സംഘടനയുടെ കേന്ദ്ര കമ്മിറ്റിയംഗവും സീഡിയൻ വാരികയുടെ പത്രാധിപരുമായിരുന്നു. കെ.എസ്.ആർ.റ്റി.സി യിൽ നിന്നും സീനിയർ അസിസ്റ്റന്റായി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു.

**പ്രധാന കൃതികൾ**

ബുദ്ധനിലേക്കുള്ള ദൂരം, ദേശീയതയ്ക്കൊരു ചരിത്ര പാഠം, കേരള ചരിത്രവും സാമൂഹിക രൂപീകരണവും, ദലിത് പാഠം - കലാപവും സംസ്ക്കാരവും, ഇടതുപക്ഷമില്ലാത്ത കാലം, വായനയിലെ ദലിത്പാഠം, ദലിതൻ (ആത്മകഥ)

## Keywords

ദലിത് സാഹിത്യം - ആത്മകഥാസാഹിത്യം - അനുഭവക്കുറിപ്പുകൾ - ദലിതൻ - കെ.കെ. കൊച്ച് - മധുരവേലി - സാമൂഹ്യ ഇടപെടലുകൾ - സാഹിത്യകൃതികൾ

## Discussion

### അധ്യായം 1 - ആദ്യാക്ഷരങ്ങൾ

കമ്മ്യൂണിസത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരുന്ന നാളുകളിലെ സന്ദേഹങ്ങളാണ് തന്റെ സാമുദായിക സ്വത്വാന്വേഷണത്തിന്റെ ഭാഗമായത് എന്ന് ലേഖകൻ പറയുന്നു. എൺപത്തിയഞ്ചു വയസ്സുള്ള വല്യാച്ചന്റെ പത്തു വയസ്സു മുതലുള്ള കാലത്തെ ഭൂപ്രകൃതി, ജനവാസം, സാമുദായിക വ്യവസ്ഥ എന്നിവയെക്കുറിച്ചുള്ള നേർക്കാഴ്ചകളാണ് സ്വയം തിരിച്ചറിയാൻ സഹായകമായത്. മധുരവേലിയിലെ നെയ്തശ്ശേരി മനയിലെ കാര്യസ്ഥനായിരുന്നു വല്യാച്ചൻ. വളരെ വർഷങ്ങൾക്കു മുമ്പ് ഭൂമി വിജനമായും തരിശായും കിടക്കവേ, ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച കണ്ടെഴുത്തുകാർ അവർക്ക് ആതിഥ്യമരുളിയതിന് പ്രതിഫലമായി വിസ്തൃതമായ ഭൂമിയൊന്നാകെ നമ്പൂതിരിമാർക്ക് പതിച്ചു നൽകി. അവിടെ ആശ്രിതന്മാരായിരുന്ന നായന്മാർ പ്രസ്തുതഭൂമിയിൽ പാർത്തിരുന്ന പുലയ, ഈഴവകുടുംബങ്ങളെ നിലനിർത്തിക്കൊണ്ടു തന്നെ വടയാർ, ചേർത്തല തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ഈഴവരെയും പുലയരെയും കൂട്ടിക്കൊണ്ടുവന്നു താമസിപ്പിച്ചു. നിർലോഭം മദ്യം നൽകി അവരുടെ സഹായത്തോടെ ക്രൈസ്തവരടക്കമുള്ളവരെ അവിടെ നിന്നും ഒഴിപ്പിച്ചു. ഇങ്ങനെയാണ് ഭൂവുടമസ്ഥത നെയ്തശ്ശേരി മനയിൽ നിക്ഷിപ്തമായത്.

ചതുപ്പുനിലങ്ങളിലെ കാടുകൾ വെട്ടിത്തെളിച്ചതോടെ വിസ്തൃതമായ പാടങ്ങൾ രൂപപ്പെട്ടു. അഭൂതമായ വിളവ് നൽകിയ നെൽക്കൃഷിയുടെ ഉറവിടം പുലയരുടെയും ഈഴവരുടെയും അദ്ധ്വാനശേഷിയായിരുന്നു. അവരാകട്ടെ കൂലിയായി കിട്ടിയ നെല്ലുകൊണ്ട് അരവയർ പോലും നിറയ്ക്കാനാവാതെ താളും തകരയും ആമ്പൽക്കിഴങ്ങുകളും തിന്ന് വിശപ്പകറ്റി. ഗ്രാമസമ്പദ്‌വ്യവസ്ഥയിൽ നമ്പൂതിരിമാർ നെടുനായകത്വം വഹിച്ച് രൂപപ്പെട്ട ജന്മിസമ്പ്രദായത്തെക്കുറിച്ച് ഇ.എം.എസ്. ഇങ്ങനെ പറയുകയുണ്ടായി. "ജന്മിസമ്പ്രദായത്തിന്റെ വലിയൊരു മെച്ചം അത് വമ്പിച്ചൊരു സാമ്പത്തിക വിപ്ലവത്തിന് വഴിതെളിച്ചു എന്നതാണ്. കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നവരിൽ നിന്നും ഭൂമിയുടെ ഉടമസ്ഥാവകാശം പാട്ടം പിരിച്ച് ജീവിക്കുന്നവരിലേക്ക് പകരുകയെന്നതിന്റെ അർത്ഥം നവീനമായ സ്വത്തവകാശബോധത്തിന് അടിത്തറയിടുകയെന്നതാണ്." എന്നാൽ ഇത്തരം നിഗമനങ്ങളെയെല്ലാം മധുരവേലിയുടെ സമൂഹനിർമ്മിതി നിഷേധിക്കുന്നുണ്ട്. അവിടെയൊരു നമ്പൂതിരി സമൂഹമല്ല, കുടുംബമാണുണ്ടായിരുന്നത്. അവർക്കുണ്ടായിരുന്നത് ഒരു സ്വകാര്യക്ഷേത്രമായിരുന്നു.

നെയ്തശ്ശേരി മനയിലെ അംഗങ്ങൾക്കു വേണ്ടി മാത്രം തുറക്കപ്പെട്ട ക്ഷേത്രത്തിന്റെ ആവശ്യത്തിനായി ഉത്പാദനബന്ധങ്ങളെ സ്വാധീനിക്കുകയോ തൊഴിൽക്കൂട്ടങ്ങളെ കുടിയിരുത്തുകയോ ചെയ്തിരുന്നില്ല. മനയിലെ നമ്പൂതിരിമാരെ എല്ലാവരും ആദരിച്ചിരുന്നു. പകലു മുഴുവൻ വേലക്കാർ പണിയെടുത്ത് തളർന്നു കഴിഞ്ഞാലും അവർക്ക് കൊടുക്കാനുള്ള കൂലിയും മറ്റും രാത്രിയിലാകും നൽകുക. കാര്യസ്ഥനായ വല്യാച്ചനെ എല്ലാവരും ആദരിച്ചിരുന്നു. സാമ്പത്തികമായി ഉന്നതിയുണ്ടായിട്ടും സ്ഥാപനവത്കരിക്കപ്പെട്ട വിശ്വാസമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. നമ്പൂതിരിമാരോടൊപ്പം അവരുടെ സമ്പത്തിനും പൂർണ്ണസംരക്ഷണം ലഭിച്ചിരുന്നു. വല്യാച്ചനുമായി നടത്തിയ സംഭാഷണങ്ങളിൽ നിന്നും ലഭിച്ച ഭൂതകാലവസ്തുതകളെ വായനാനുഭവങ്ങളുമായി സംയോജിപ്പിക്കുകയാണ് കെ.കെ. കൊച്ച് ചെയ്തത്.

ജാതിമതഭേദമില്ലാതെ ഗ്രാമത്തിലുള്ളവർക്കെല്ലാം മനയിലെ പ്രായമായവർ വല്യമ്പ്രാനും ഇളമുറക്കാർ ചെറിയമ്പ്രാനുമായിരുന്നു. സ്ത്രീ

SGOU

കൾ വല്യമ്പ്രാട്ടിയും ചെറിയമ്പ്രാട്ടിയുമായിരുന്നു. വൈകുന്നേരങ്ങളിൽ നെയ്തശ്ശേരി മനയിലെ വല്യമ്പ്രാൻ വല്യാച്ചനുമായി ദീർഘനേരം സംഭാഷണത്തിൽ ഏർപ്പെട്ടു. ആ സമയമത്രയും പകൽ മുഴുവൻ ജോലിയെടുത്തു തളർന്ന പുരുഷന്മാരും സ്ത്രീകളും കൂലിനെല്ലിനായി കാത്തു നിൽക്കേണ്ടി വന്നു. ഇത്തരം കാത്തിരിപ്പിനെ ആധാരമാക്കി ലേഖകൻ 'കർക്കിടകം' എന്ന കഥ എഴുതിയിട്ടുണ്ട്. നൂറ്റമ്പത് ഏക്കറോളം കരഭൂമിയും പാടങ്ങളും ഉണ്ടായിരുന്ന വല്യാച്ചൻ സമ്പന്നനായിരുന്നു. സാമ്പത്തികമായ ഉന്നതിയുണ്ടായിരുന്നിട്ടും നമ്പൂതിരിമാരോടദ്ദേഹം പുലർത്തിയ വിധേയത്വത്തിനടിസ്ഥാനം സ്ഥാപനവത്കരിക്കപ്പെട്ട വിശ്വാസമായിരുന്നു.

നെയ്തശ്ശേരി മനയിലെ നമ്പൂതിരിമാർക്ക് ശ്രുതികളിലോ സ്മൃതികളിലോ പ്രാവീണ്യമുണ്ടായിരുന്നില്ല. മെച്ചപ്പെട്ട ആധുനിക വിദ്യാഭ്യാസം പോലും അവർക്കുണ്ടായിരുന്നില്ല. എങ്കിലും അവർക്ക് ഒരു ദിവ്യപരിവേഷം ലഭിച്ചിരുന്നു. ക്ഷേത്രങ്ങളുടെ കാര്യനിർവഹകരെന്ന നിലയിൽ അവർ ആദരിക്കപ്പെട്ടിരുന്നില്ല. എന്നാൽ നമ്പൂതിരിമാരുടെ ശാപത്തെ എല്ലാവരും ഭയന്നിരുന്നു. തന്മൂലം മനയിലെ തേങ്ങ, അടക്ക തുടങ്ങിയവ കവർന്നെടുക്കാൻ ആരും മുതിർന്നില്ല. വല്യാച്ചനുമായി നടത്തിയ ദീർഘസംഭാഷണത്തിൽ നിന്നും ലഭിച്ച വസ്തുതകളെ വായനാനുഭവങ്ങളുമായി സംയോജിപ്പിച്ച് 'അധഃസ്ഥിത ജനത അതിജീവിക്കേണ്ട വെല്ലുവിളികൾ' എന്ന ലേഖനം എഴുതി താൻ ദലിത് പ്രവർത്തനങ്ങളുടെ ആദ്യാക്ഷരം കുറിച്ചു എന്ന് ലേഖകൻ പറയുന്നു.

## അധ്യായം 2 – മധുരവേലി

മധുരവേലി ആദിമകാലത്ത് വിജനവും ഏകാന്തവുമായിരുന്നു. എടനാടൻപാട്ടിൽ മധുരവേലിക്ക് പടിഞ്ഞാറുള്ള ഏഴുമാന്തുരുത്തും ചേർത്തലയ്ക്കടുത്തുള്ള എഴുപുന്നയും ഒറ്റ നേർരേഖയിലാണുള്ളത്. ഈ രണ്ടു പ്രദേശങ്ങളും നിബിഡവനങ്ങളായിരുന്നു. എടനാടൻപാട്ടിൽ എഴുമാന്തുരുത്തിലെ കാടുകൾ ഏറെ ദിവസം കൊണ്ടാണ് വെട്ടിത്തെളിച്ചതെന്ന് പറയുന്നുണ്ട്. ഈ ജോലി ചെയ്തത് പുലയരായിരുന്നു. കാലമേറെ കഴിഞ്ഞതോടെ പുരുഷന്മാരുടെയും സ്ത്രീകളുടെയും വിയർപ്പുവീണ പ്രദേശങ്ങൾ പാടശേഖരങ്ങളും അവയ്ക്കിടയിലെ തുരുത്തുകൾ തെങ്ങിൻതോപ്പുകളുമായി പരിവർത്തനപ്പെട്ടു. പടിഞ്ഞാറൻ പാടശേഖരങ്ങളിൽ നിന്നും കൊയ്തെടുത്ത കറ്റകൾ വള്ളങ്ങളിലൂടെ കളങ്ങളിലെത്തിച്ചിരുന്നു. ആവർത്തിച്ചുള്ള നെൽകൃഷിയാണ് 'മധുരവേലി'യുടെ പടിഞ്ഞാറൻ ഭാഗങ്ങളിലുണ്ടായിരുന്നത്. അവിടുള്ള ജനങ്ങൾ സമീപപ്രദേശങ്ങളിൽ നിന്നോ അകലങ്ങളിൽ നിന്നോ വന്ന് പാർക്കുന്നവരായിരുന്നു. അവരിൽ ചിലർ സർക്കാരിൽ നിന്നോ ജന്മിമാരിൽ നിന്നോ വിലകൊടുത്തോ പാട്ടത്തിനെടുത്തോ ഭൂമി സ്വന്തമാക്കിയതെങ്കിൽ മറ്റു ചില കുടുംബങ്ങൾ കൈയേറ്റങ്ങളിലൂടെയാണ് ഭൂവുടമസ്ഥരായത്. കടുത്തുരുത്തിയിൽ നിന്നു ആറ് കിലോമീറ്ററോളം ദൂരെയുള്ള മധുരവേലിയിലേയ്ക്കു ഗതാഗതമാർഗങ്ങൾ ഉണ്ടായിരുന്നില്ല.

ചെളിയിൽ വേരുകളാഴ്ത്തി വെള്ളത്തിനു മുകളിൽ തലയുയർത്തി നിന്ന ചെല്ലികൾ അറുത്തെടുത്ത് നാട്ടുകാർ വളർത്തുമൃഗങ്ങൾക്ക് തീറ്റ നൽകിയിരുന്നു. വരമ്പുകളിലെയും ചിറകളിലെയും കറുകച്ചെടികൾ ആടുകളുടെ ഇഷ്ടവിഭവമായി. ചെളിപ്പാടങ്ങളിൽ പോത്തുകളെയും എരുമകളെയും മേയാനായി അഴിച്ചു വിട്ടിരുന്നു. വനാവശിഷ്ടങ്ങളായ ദ്രവിച്ച മരത്തടികൾ പാടങ്ങളുടെ ആഴങ്ങളിൽ ഇപ്പോഴും അമർന്ന് കിടക്കുന്നുണ്ട്. പാടങ്ങൾക്ക് ചുറ്റുമുള്ള ചിറകളിൽ തെങ്ങുകളാണുണ്ടായിരുന്നത്. പാടശേഖരങ്ങളുടെ മൂന്നു വശവും തോടുകളായിരുന്നു. തെളിവെള്ളത്തിൽ ആമ്പലും പന്നച്ചെടികളും മീനുകളും തവളകളും നീർക്കോലിയുമുണ്ടായിരുന്നു. തോടരികുകളിൽ പൂവരശും പുന്നയും കൈതച്ചെടികളും വളർന്ന് നിന്നിരുന്നു. വേമ്പനാട്ട് കായലിൽ സന്ധിച്ചിരുന്ന തോടുകളിലൂടെയാണ് കറ്റകൾ കളങ്ങളിലെത്തിച്ചിരുന്നത്.

മഴക്കാലത്ത് പാടങ്ങൾ വെള്ളം നിറഞ്ഞ് കടൽപരപ്പാകും. അപ്പോൾ പാടങ്ങളിലൂടെ വള്ളങ്ങളിൽ യാത്ര ചെയ്യാം. മഴക്കാലം കഴിഞ്ഞ് വെള്ളമിറങ്ങിയാൽ നെൽക്കൃഷിയുടെ ആദ്യഘട്ടമായ പുറവരമ്പുകൾ ഉറപ്പിക്കലാണ്. ഇതിന് കരിച്ചെളിയും തെങ്ങോലകളും കവു

ങ്ങിൻതടികളും ഉപയോഗിക്കുന്നു. തുടർന്ന് ചിറകളിൽ താത്കാലികമായി കെട്ടിയുണ്ടാക്കുന്ന പുരകളിൽ സ്ഥാപിച്ച എൻജിന്റെ സഹായത്തോടെ പാടത്തെ വെള്ളം തോടുകളിലേക്ക് വിടും. വെള്ളം വറ്റിയാൽ മീൻ പിടിക്കാൻ ധാരാളം പേർ അവിടെ എത്തിച്ചേരും. പരുന്തും കാക്കയും കൊക്കും കൂട്ടത്തോടെ എത്തിച്ചേരും. വെള്ളം വറ്റിയ പാടങ്ങൾ പുരുഷന്മാർ കിളയ്ക്കുമ്പോൾ സ്ത്രീകൾ പാടം ഒരുക്കുന്നു. പുലയരും ഈഴവരും ക്രിസ്ത്യാനികളും അപൂർവമായി നായന്മാരും കൃഷിപ്പണിയിലേർപ്പെട്ടിരുന്നു. സാധാരണ പാകമായ വിത്തു വിതയ്ക്കുകയോ മുളപ്പിച്ചെടുത്ത ഞാറ് നടുകയോ ആണ് ചെയ്തിരുന്നത്. പച്ചിലയും ചാണകവുമാണ് വളമായി ഉപയോഗിച്ചിരുന്നത്.

കുട്ടനാട് അവസാനിക്കുന്നിടത്തെ സമതല പ്രദേശങ്ങളിലാണ് ആദ്യമായി കുടിപ്പാർപ്പുണ്ടായത്. തെങ്ങും കവുങ്ങും പ്ലാവും പുളിമരവുമെല്ലാം വീട്ടുവളപ്പുകളിൽ ഉണ്ടായിരുന്നു. സമതലങ്ങൾ പിന്നിട്ടാൽ ചെങ്കൽപ്പാറക്കുന്നുകളായിരുന്നു. കുന്നിൻചെരുവുകളിൽ കുറ്റിക്കാടുകളും ചെറുവൃക്ഷങ്ങളും മുൾപ്പടർപ്പുകളുമാണ് ഉണ്ടായിരുന്നത്. നിരപ്പായ പ്രദേശങ്ങളിൽ വെള്ളക്കെട്ടുകളില്ലാതിരുന്നതിനാൽ തെങ്ങിനോടൊപ്പം കപ്പ, വാഴ, ഇഞ്ചി തുടങ്ങിയവ കൃഷി ചെയ്തിരുന്നു. മധുരവേലിയിലെ ജനങ്ങൾ സമീപപ്രദേശങ്ങളിൽ നിന്നോ അകലങ്ങളിൽ നിന്നോ വന്നോ പാർക്കുന്നവരായിരുന്നു. ചില കുടുംബങ്ങൾ സർക്കാരിൽ നിന്നോ ജന്മിമാരിൽ നിന്നോ വില കൊടുത്തോ പാട്ടത്തിനെടുത്തോ ഭൂമി സ്വന്തമാക്കിയപ്പോൾ ചിലർ കൈയേറ്റങ്ങളിലൂടെ ഭൂവുടമസ്ഥരായി. നെൽകൃഷിയുടെ കുത്തക നെയ്തശ്ശേരി മനയടക്കം ചില കുടുംബങ്ങൾക്കായിരുന്നെങ്കിൽ നാണ്യവിളകൃഷിയാണ് ജനാധിവാസത്തിന് പ്രേരണയായത്. നെൽക്കൃഷി ചെയ്തിരുന്ന പാടങ്ങൾ ജനവാസത്തിന് അനുയോജ്യമായിരുന്നില്ല. ഇതിന് മുഖ്യകാരണം കുടിവെള്ളത്തിന്റെ ദൗർലഭ്യമാണ്. മധുരവേലിയിലേക്ക് മെച്ചപ്പെട്ട ഗതാഗതസൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. പകലിലും ഇരുൾ മൂടിക്കിടന്ന പ്രദേശങ്ങൾ മുയൽ, കുറുക്കൻ, കീരി തുടങ്ങിയവയുടെ ആവാസകേന്ദ്രങ്ങളായിരുന്നു. ഇത്തരം വിജനപ്രദേശങ്ങളിൽ പ്രേതങ്ങളും പിശാചുക്കളും വിഹരിക്കുന്നതായി കരുതിയിരുന്നു.

ഏ.ഡി. പതിനാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഉണ്ണുനീലിസന്ദേശത്തിൽ ഏറ്റുമാനൂരിൽ നിന്നും പുറപ്പെടുന്ന സന്ദേശവാഹകൻ കടുത്തുരുത്തിയിലാണ് എത്തിച്ചേരുന്നത്. ഇതിനിടയിലെ കുറുപ്പന്തറയെക്കുറിച്ച് പരാമർശമില്ല. കാരണം കുറുപ്പന്തറ മുഖ്യവ്യാപാരകേന്ദ്രമാകുന്നത് കുറുപ്പന്തറ – കുറവിലങ്ങാട് റോഡിന്റെ നിർമ്മാണത്തോടു കൂടിയാണ്. ചരിത്രത്തിലെ അറിയപ്പെടുന്ന വ്യാപാരകേന്ദ്രം കടുത്തുരുത്തിയായിരുന്നു. മാർത്താണ്ഡവർമ്മ തിരുവിതാംകൂറിനോട് ചേർക്കുന്നതിനു മുൻപ് വടക്കുംകൂർ രാജാക്കന്മാരുടെ ആസ്ഥാനമായിരുന്നു കടുത്തുരുത്തി. 'ഉണ്ണുനീലി സന്ദേശ'ത്തിലൂടെയാണ് ആ പ്രദേശം പ്രശസ്തമാകുന്നത്. എടനാടൻപാട്ടിൽ കടുത്തുരുത്തി എന്ന പേരാണുള്ളത്. സന്ദേശരചനാകാലത്ത് കടലിനോടു ചേർന്നുള്ള കായലോര പ്രദേശമായിരുന്നു ഇത്. അവിടെ നിന്നും ലഭിച്ച കക്കകളും പത്തേമാരിയുടെ അവശിഷ്ടങ്ങളും ഇതിനു തെളിവായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ടെന്ന് കെ.കെ. കൊച്ച് രേഖപ്പെടുത്തുന്നു. കടുത്തുരുത്തിയുടെ പടിഞ്ഞാറൻ പ്രദേശങ്ങൾ കരിച്ചെളി നിറഞ്ഞ പാടശേഖരങ്ങളായിരുന്നു.

ഏതൊരു കേരളീയ ഗ്രാമത്തിന്റെയും ഭൂതകാലമായി മധുരവേലി എന്ന പ്രദേശത്തെ കാണാമെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നു. സന്ദേശവാഹകൻ വിവരിക്കുന്ന തളിയിൽ ക്ഷേത്രവും മറ്റ് സ്ഥലനാമങ്ങളും മുണ്ടയ്ക്കൽ തറവാട് ക്ഷേത്രപരിസരത്ത് എവിടെയോ ആണെന്ന് തെളിയിക്കുന്നുണ്ട്. സന്ദേശകാലത്ത് കടുത്തുരുത്തി കടലിനോട് ചേർന്നുള്ള കായലോരപ്രദേശമായിരുന്നു. കോട്ടയം എറണാകുളം റെയിൽപ്പാത നിർമ്മിക്കുമ്പോൾ ലഭിച്ച അവശിഷ്ടങ്ങളും ഇതിന് തെളിവാണ്. കടുത്തുരുത്തിയുടെ പ്രാദേശിക ഭാഷാനാമം കടന്തേരി, വടമതിര എന്നിങ്ങനെയും സംസ്കൃതത്തിൽ സ്കന്ദപുരം ആണെന്നും വ്യാഖ്യാനമുണ്ട്. കടുത്തുരുത്തിയുടെ കരിച്ചെളി നിറഞ്ഞ പടിഞ്ഞാറൻ പാടശേഖരപ്രദേശങ്ങൾ കരപ്രദേശങ്ങളുമായി ബന്ധിപ്പിച്ചിരുന്നത് വലി

SGOU

യൊരു തോടാണ്. ആ തോട്ടിലൂടെ വള്ളങ്ങളിൽ ചുക്കും കുരുമുളകും കപ്പലുകളിൽ എത്തിച്ചിരുന്നു. ചുരുക്കത്തിൽ ഏതൊരു കേരളീയ ഗ്രാമത്തിന്റെയും ഭൂതകാലമായിരുന്നു മധുരവേലിയുടേതും.

വർഗപരമായും പ്രാദേശികപരമായുമുള്ള സ്വന്തം സ്വത്വത്തിന്റെ വീണ്ടെടുപ്പാണ് കെ.കെ. കൊച്ച് ഈ ഭാഗങ്ങളിലൂടെ നടത്തുന്നത്. ജന്മിത്തസമ്പ്രദായ രൂപീകരണത്തെക്കുറിച്ച് ദലിത് വീക്ഷണത്തിലുള്ള വിശകലനമാണ് ലേഖകൻ നടത്തുന്നത്. മധുരവേലിയിലെ നെയ്തശ്ശേരിയെ കേന്ദ്രീകരിച്ച് ജന്മിത്തവ്യവസ്ഥയെ വിശകലനം ചെയ്യുന്നതോടൊപ്പം മധുരവേലി എന്ന പ്രദേശത്തെ കേന്ദ്രീകരിച്ചുള്ള ആവാസവ്യവസ്ഥ, ജീവിതരീതി, ഭൂപ്രകൃതി തുടങ്ങിയവ ആസ്പദമാക്കി പ്രാദേശിക ചരിത്രനിർമ്മിതിയും ലേഖകൻ നടത്തുന്നുണ്ട്. ഇതിനായി മുൻതലമുറയിലെ വല്യാച്ചന്റെ സ്മരണകൾ, ഉണ്ണുനീലിസന്ദേശം പോലുള്ള പഴയ സാഹിത്യകൃതി, നാടൻപാട്ട് തുടങ്ങിയവയെല്ലാം പ്രയോജനപ്പെടുത്തുന്നു. പ്രാദേശിക ചരിത്രപഠനങ്ങൾ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഏറെ പ്രയോജനകരമാണ് ഈ പാഠഭാഗം.

## വിശകലനം

കേരളത്തിലെ അറിയപ്പെടുന്ന എഴുത്തുകാരനും സാമൂഹിക-രാഷ്ട്രീയ പ്രവർത്തകനുമാണ് കെ.കെ. കൊച്ച്. നവോത്ഥാനത്തിന്റെ വൈരുദ്ധ്യങ്ങളെ സൂക്ഷ്മതയോടെ തിരിച്ചറിയുകയും ആധുനികതയുടെ കപട സാർവദേശീയതയെ വിമർശനാത്മകമായി കാണുകയും ചെയ്യുന്ന എഴുത്തുകാരനാണ് അദ്ദേഹം. അദ്ദേഹത്തിന്റെ 'ദലിതൻ' എന്ന ആത്മകഥയുടെ സവിശേഷത, സ്വന്തമായ ആഖ്യാനപരതയിൽ നിന്നുകൊണ്ട് ഒരു ദലിത് പൊതുവ്യക്തിത്വം മലയാളത്തിൽ എഴുതിയ ആദ്യ ആത്മകഥയെന്നതാണ്. കല്ലേൻ പൊക്കുടനും, സി.കെ. ജാനുവും, സെലീന പ്രക്കാനവും മറ്റും ആത്മകഥകൾ എഴുതിയിട്ടുണ്ടെങ്കിലും അവയെല്ലാം മറ്റുള്ളവർ പകർത്തിയെഴുതിയവ ആയിരുന്നു. മുഖ്യധാരയിൽ സ്വന്തമായി ഇടമുണ്ടാവുകയും അവിടെ നിന്നു കൊണ്ടു തന്നെ ദലിത് പൊതുവ്യക്തിത്വമായി മാറുകയും ചെയ്ത ആളാണ് ഗ്രന്ഥകാരൻ. അദ്ദേഹം നടത്തിയ സാമുദായിക പ്രവർത്തനത്തിന്റെ ഓർമ്മകളും മറ്റും ദൈനംദിന ചരിത്രാനുഭവമെന്ന നിലയിൽ കൂടുതൽ തെളിമയുള്ളതായി മാറുന്നു എന്ന് അവതാരിക എഴുതിയ കെ.കെ. ബാബുരാജ് വെളിപ്പെടുത്തുന്നു. കൂടാതെ, സമകാലീന ചരിത്രത്തിലെ നിരവധി സംഭവങ്ങളും സമരങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ആശയലോകങ്ങളും അതിൽ പുനരാവിഷ്കരിക്കപ്പെടാറുണ്ട്. ദലിത് സമുദായമെന്ന ഇടത്തെ മാത്രമല്ല നിരവധി ചെറു ഇടങ്ങളെ ഇതിൽ ആവിഷ്കരിക്കുന്നു.

കേരളത്തിലെ ദലിതർക്കിടയിൽ ജാതീയതയുടെ വിഭജനങ്ങൾ ശക്തമാണ്. തങ്ങളുടെ സാമൂഹിക നിലയെപ്പറ്റി ആശങ്കപ്പെടുകയും, സവർണ്ണരെ പഴി പറയുകയും അവരിൽ നിന്നും അനുതാപം രൂപപ്പെടുത്തി അംഗീകാരം നേടാൻ ശ്രമിക്കുന്നതുമാണ് പരമ്പരാഗത ദലിത് ജാതിവാദം. ഈ സാമ്പ്രദായിക ദലിത് ജാതി അവബോധത്തിൽ നിന്നും വിട്ടുമാറി നിൽക്കാൻ ഇദ്ദേഹം ശ്രമിക്കുന്നു. ചിന്തയിലും ജീവിതാവബോധത്തിലും വലിയ കുതിച്ചു ചാട്ടം നടത്താൻ കെ.കെ. കൊച്ചിനെപ്പോലെയുള്ളവർക്കു സാധിച്ചു എന്നതാണ് വാസ്തവം. ദലിതന് കെ.കെ. ബാബുരാജ് എഴുതിയ ആമുഖത്തിൽ 'ആപൽക്കരമായി കർമ്മം ചെയ്ത ഒരാൾ', എന്നാണ് തലക്കെട്ട് കൊടുത്തിരിക്കുന്നത്. 'ആപൽക്കരമായി ജീവിക്കുക' എന്നു പറഞ്ഞത് നീഷേയാണ്. തത്വചിന്തയുടെ ചരിത്രത്തിൽ ഇന്നു കാണുന്ന പല പ്രധാനപ്പെട്ട പേരുകളും മാഞ്ഞുപോയേക്കാം. നീഷേയുടെ ഈ വചനത്തെ ചെറിയ മാറ്റം വരുത്തി, 'ആപൽക്കരമായി കർമ്മം ചെയ്യുക'എന്നൊരു പ്രമേയമായി അവതരിപ്പിച്ചുകൊണ്ടുള്ള ഒരു ലേഖനം 1986-ൽ കെ.കെ. കൊച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 'ദലിതൻ', അസാധാരണമായ ഒരു ജീവിതമെഴുത്ത് തന്നെയാണ്. കേരളീയ പൊതുമണ്ഡലത്തിൽ ദലിതുകളുടെയും കീഴാളവിഭാഗങ്ങളുടെയും അവകാശങ്ങൾക്കും നിലനിൽപ്പുകൾക്കും വേണ്ടി നിരന്തരം എഴുതുകയും ശബ്ദമുയർത്തുകയും ചെയ്യുന്ന കെ.കെ. കൊച്ചിന്റെ അസാധാരണ

മായ ആത്മകഥയാണ് ദലിതൻ. പൊതുബോധത്തിന്റെ മാനവികാംശം അർഹിക്കുന്ന കുറെ പച്ചമനുഷ്യരുടെ ജീവിതരേഖ കൂടിയാണ് ഈ കൃതി.

'കഥ' വളരെ കുറവുള്ള ഒരു ആത്മകഥയാണ് കെ.കെ. കൊച്ചിന്റേത്. ഒരു ദലിത് പൊതുവ്യക്തിത്വമായി അറിയപ്പെടുന്നതിനുമുമ്പുതന്നെ അദ്ദേഹം കേരളത്തിൽ എഴുത്തുകാരൻ എന്ന നിലയിൽ വായിക്കപ്പെടുകയും സാമൂഹിക-രാഷ്ട്രീയ പ്രവർത്തകനായി അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. എങ്കിലും, ഈ പുസ്തകത്തിന്റെ പ്രത്യേകത എന്നു പറയാവുന്നത് സ്വന്തമായ ആഖ്യാനപരതയിൽ നിന്നുകൊണ്ട് ഒരു ദലിത് പൊതുവ്യക്തിത്വം മലയാളത്തിൽ എഴുതിയ ആദ്യത്തെ ആത്മകഥയാണെന്നതാണ്. കെ.കെ. കൊച്ചിന്റെ ആത്മകഥയുടെ പ്രസക്തി നിർണ്ണയിക്കപ്പെടുക ദലിത് ജീവിതത്തിലേക്കുള്ള മുഖ്യധാരയുടെ കൗതുകനോട്ടം എന്ന നിലയിലോ, ഏതെങ്കിലും ഒറ്റ അജണ്ട കേന്ദ്രീകരിച്ചുള്ള മാധ്യമവൽക്കരണത്തിന്റെ ഭാഗമായോ അല്ലെന്നു പറയാവുന്നതാണ്. മുമ്പേ സൂചിപ്പിച്ചതുപോലെ, മുഖ്യധാരയിൽ സ്വന്തമായി ഇടമുണ്ടാവുകയും അവിടെ നിന്നുകൊണ്ടുതന്നെ ദലിത് പൊതുവ്യക്തിത്വമായി മാറുകയും ചെയ്ത ഒരാളാണ് ഇവിടെ ആത്മകഥ എഴുതിയിട്ടുള്ളത്. തന്മൂലം, അദ്ദേഹം ബോധപൂർവം തിരഞ്ഞെടുത്ത് നടത്തിയ സാമുദായിക പ്രവർത്തനത്തിന്റെ പ്രതിപാദനങ്ങളും ഓർമ്മകളും ദൈനംദിന ചരിത്രാനുഭവമെന്ന നിലയിൽ കൂടുതൽ തെളിമയുള്ളതായി മാറുന്നു. മാത്രമല്ല സമകാലീന ചരിത്രത്തിലെ മാഞ്ഞും മറഞ്ഞും പോയ ശകലിതങ്ങളെന്നു വിളിക്കാവുന്ന നിരവധി സംഭവങ്ങളും സമരങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ആശയലോകങ്ങളും ഇതിലൂടെ പുനരാവിഷ്കരിക്കപ്പെടുന്നുമുണ്ട്.

## Recap

- കമ്മ്യൂണിസത്തിലുള്ള വിശ്വാസം നഷ്ടപ്പെട്ടുകൊണ്ടിരുന്ന നാളുകളിലെ സന്ദേഹങ്ങളാണ് തന്റെ സാമുദായിക സ്വത്വാന്വേഷണത്തിന്റെ ഭാഗമായത് എന്ന് ലേഖകൻ പറയുന്നു
- വളരെ വർഷങ്ങൾക്കു മുമ്പ് ഭൂമി വിജനമായും തരിശായും കിടക്കവേ, ബ്രിട്ടീഷ് സർക്കാർ നിയോഗിച്ച കണ്ടെഴുത്തുകാർ അവർക്ക് ആതിഥ്യമരുളിയതിന് പ്രതിഫലമായി വിസ്തൃതമായ ഭൂമിയൊന്നാകെ നമ്പൂതിരിമാർക്ക് പതിച്ചു നൽകി
- ചേർത്തലയിൽ നിന്ന് ഈഴവരെയും പുലയരെയും കൂട്ടിക്കൊണ്ടുവന്നു അവരുടെ സഹായത്തോടെ ക്രൈസ്തവരടക്കമുള്ളവരെ അവിടെ നിന്നും ഒഴിപ്പിച്ചു. ഇങ്ങനെയാണ് ഭൂവുടമസ്ഥത നെയ്തശ്ശേരി മനയിൽ നിക്ഷിപ്തമായത്
- അഭൂതമായ വിളവ് നൽകിയ നെൽക്കൃഷിയുടെ ഉറവിടം പുലയരുടെയും ഈഴവരുടെയും അധ്വാനശേഷിയായിരുന്നു
- കൃഷിക്കാർ കൂലിയായി കിട്ടിയ നെല്ലുകൊണ്ട് അരവയർ പോലും നിറയ്ക്കാനാവാതെ താളും തകരയും ആമ്പൽക്കിഴങ്ങുകളും തിന്ന് വിശപ്പകറ്റി
- ജാതിമതഭേദമില്ലാതെ ഗ്രാമത്തിലുള്ളവർക്കെല്ലാം മനയിലെ പ്രായമായവർ വല്യമ്പ്രാനും ഇളമുറക്കാർ ചെറിയമ്പ്രാനുമായിരുന്നു. സ്ത്രീകൾ വല്യമ്പ്രാട്ടിയും ചെറിയമ്പ്രാട്ടിയുമായിരുന്നു
- 150 ഏക്കറോളം കരഭൂമിയും പാടങ്ങളും ഉണ്ടായിരുന്ന വല്യാച്ചൻ സമ്പന്നനായിരുന്നു. സാമ്പത്തികമായ ഉന്നതിയുണ്ടായിരുന്നിട്ടും നമ്പൂതിരിമാരോടദ്ദേഹം പുലർത്തിയ വി

SGOU

ധേയത്വത്തിനടിസ്ഥാനം സ്ഥാപനവത്കരിക്കപ്പെട്ട വിശ്വാസമായിരുന്നു

- ▶ വല്യാച്ചനുമായി നടത്തിയ ദീർഘസംഭാഷണത്തിൽ നിന്നും ലഭിച്ച വസ്തുതകളെ വായനാനുഭവങ്ങളുമായി സംയോജിപ്പിച്ച് അധഃസ്ഥിത ജനത അതിജീവിക്കേണ്ട വെല്ലുവിളികൾ എന്ന ലേഖനം എഴുതി താൻ ദലിത് പ്രവർത്തനങ്ങളുടെ ആദ്യാക്ഷരം കുറിച്ചു എന്ന് ലേഖകൻ പറയുന്നു
- ▶ മധുരവേലി ആദിമകാലത്ത് വിജനവും ഏകാന്തവുമായിരുന്നു. എടനാടൻ പാട്ടിൽ മധുരവേലിക്ക് പടിഞ്ഞാറുള്ള ഏഴുമാന്തുരുത്തും ചേർത്തലയ്ക്കടുത്തുള്ള എഴുപുന്നയും ഒറ്റ നേർരേഖയിലായുള്ളത്. ഈ രണ്ടു പ്രദേശങ്ങളും നിബിഡവനങ്ങളായിരുന്നു
- ▶ പാടങ്ങൾക്ക് ചുറ്റുമുള്ള ചിറകളിൽ തെങ്ങുകളാണുണ്ടായിരുന്നത്. പാടശേഖരങ്ങളുടെ മൂന്നു വശവും തോടുകളായിരുന്നു
- ▶ തെളിവെള്ളത്തിൽ ആമ്പലും പന്നച്ചെടികളും മീനുകളും തവളകളും നീർക്കോലിയുമുണ്ടായിരുന്നു. തോടരികുകളിൽ പൂവരശും പുന്നയും കൈതച്ചെടികളും വളർന്ന് നിന്നിരുന്നു
- ▶ മഴക്കാലത്ത് പാടങ്ങൾ വെള്ളം നിറഞ്ഞ് കടൽപരപ്പാകും. അപ്പോൾ പാടങ്ങളിലൂടെ വള്ളങ്ങളിൽ യാത്ര ചെയ്യാം
- ▶ മഴക്കാലം കഴിഞ്ഞ് വെള്ളമിറങ്ങിയാൽ നെൽക്കൃഷിയുടെ ആദ്യഘട്ടമായ പുറവരമ്പുകൾ ഉറപ്പിക്കലാണ്. ഇതിന് കരിച്ചെളിയും തെങ്ങോലകളും കവുങ്ങിൻ തടികളും ഉപയോഗിക്കുന്നു
- ▶ കുട്ടനാട് അവസാനിക്കുന്നിടത്തെ സമതല പ്രദേശങ്ങളിലാണ് ആദ്യമായി കുടിപ്പാർപ്പുണ്ടായത്. തെങ്ങും കവുങ്ങും പ്ലാവും പുളിമരവുമെല്ലാം വീട്ടുവളപ്പുകളിൽ ഉണ്ടായിരുന്നു
- ▶ മധുരവേലിയിലെ ജനങ്ങൾ സമീപപ്രദേശങ്ങളിൽ നിന്നോ അകലങ്ങളിൽ നിന്നോ വന്ന് പാർക്കുന്നവരായിരുന്നു
- ▶ ചില കുടുംബങ്ങൾ സർക്കാരിൽ നിന്നോ ജന്മിമാരിൽ നിന്നോ വില കൊടുത്തോ പാട്ടത്തിനെടുത്തോ ഭൂമി സ്വന്തമാക്കിയപ്പോൾ ചിലർ കൈയേറ്റങ്ങളിലൂടെ ഭൂവുടമസ്ഥരായി
- ▶ നെൽക്കൃഷി ചെയ്തിരുന്ന പാടങ്ങൾ ജനവാസത്തിന് അനുയോജ്യമായിരുന്നില്ല ഇതിന് മുഖ്യകാരണം കുടിവെള്ളത്തിന്റെ ദൗർലഭ്യമാണ്
- ▶ പകലിലും ഇരുൾ മൂടിക്കിടന്ന പ്രദേശങ്ങൾ മുയൽ, കുറുക്കൻ, കീരി തുടങ്ങിയവയുടെ ആവാസ കേന്ദ്രങ്ങളായിരുന്നു. ഇത്തരം വിജനപ്രദേശങ്ങളിൽ പ്രേതങ്ങളും പിശാചുക്കളും വിഹരിക്കുന്നതായി കരുതിയിരുന്നു
- ▶ എ.ഡി. പതിനാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ഉണ്ണുനീലിസന്ദേശത്തിൽ ഏറ്റുമാനൂരിൽ നിന്നും പുറപ്പെടുന്ന സന്ദേശവാഹകൻ കടുത്തുരുത്തിയിലാണ് എത്തിച്ചേരുന്നത്
- ▶ ചരിത്രത്തിലെ അറിയപ്പെടുന്ന വ്യാപാരകേന്ദ്രം കടുത്തുരുത്തിയായിരുന്നു. മാർത്താണ്ഡവർമ്മ വെട്ടിപ്പിടിച്ച് തിരുവിതാംകൂറിനോട് ചേർക്കും മുമ്പ് വടക്കുംകൂർ രാജാക്കന്മാരുടെ ആസ്ഥാനമായിരുന്നു ഈ പ്രദേശം
- ▶ ഉണ്ണുനീലിസന്ദേശകാലത്ത് കടുത്തുരുത്തി കടലിനോട് ചേർന്നുള്ള കായലോര പ്രദേ

SGOU

ശമായിരുന്നു. കോട്ടയം എറണാകുളം റെയിൽപ്പാത നിർമ്മിക്കുമ്പോൾ ലഭിച്ച കടൽക്കക്കകളും ചിപ്പികളും പത്തേമാരിയുടെ അവശിഷ്ടങ്ങളും ഇതിന് തെളിവാണ്

- കടുത്തുരുത്തിയുടെ പ്രാദേശിക ഭാഷാനാമം കടന്തേരി, വടമതിര എന്നിങ്ങനെയും സംസ്കൃതത്തിൽ സ്കന്ദപുരം ആണെന്നും വ്യാഖ്യാനമുണ്ട്
- ചുരുക്കത്തിൽ ഏതൊരു കേരളീയ ഗ്രാമത്തിന്റെയും ഭൂതകാലമായിരുന്നു മധുരവേലിയുടേതും

## Objective Type Questions

1. ലേഖകന്റെ പ്രാദേശിക സ്വത്വാന്വേഷണത്തിന് പ്രേരകമായ സംഗതി എന്ത്?
2. ഭൂവുടമസ്ഥത നെയ്തശ്ശേരി മനയിൽ നിക്ഷിപ്തമായതെങ്ങനെ?
3. ജന്മി സമ്പ്രദായത്തെക്കുറിച്ച് ഇ.എം.എസ്സിന്റെ കാഴ്ചപ്പാടെന്ത്?
4. 'കർക്കിടകം' എന്ന കഥയ്ക്ക് ആധാരമായ വസ്തുത എന്ത്?
5. ദലിതൻ എന്ന ആത്മകഥയ്ക്ക് അവതാരിക എഴുതിയതാര്?
6. മധുരവേലിയിൽ ആദ്യമായി കുടിപാർപ്പുണ്ടായ സ്ഥലങ്ങൾ ഏതെല്ലാം?
7. മധുരവേലിയിലെ പ്രാചീന ജനതയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
8. കടുത്തുരുത്തിയെപ്പറ്റി പരാമർശിക്കുന്ന പ്രാചീനകൃതി ഏത്?
9. കടുത്തുരുത്തിയുടെ പ്രാദേശിക നാമങ്ങൾ എന്തെല്ലാമായിരുന്നു?
10. ഏത് ലേഖനം എഴുതിയാണ് താൻ ദലിത് പ്രവർത്തനങ്ങളുടെ ആദ്യാക്ഷരം കുറിച്ചു എന്ന് ലേഖകൻ പറയുന്നത്?

SGOU

## Answers

1. കമ്മ്യൂണിസത്തിലുള്ള വിശ്വാസം നഷ്ടപ്പെടൽ
2. ചേർത്തലയിൽ നിന്ന് വന്ന ഈഴവരുടെയും പുലയരുടെയും സഹായത്തോടെ ക്രൈസ്തവരടക്കമുള്ളവരെ ഒഴിപ്പിച്ചപ്പോൾ
3. 'ജന്മിസമ്പ്രദായത്തിന്റെ വലിയൊരു മെച്ചം അത് വമ്പിച്ചൊരു സാമ്പത്തിക വിപ്ലവത്തിന് വഴിതെളിച്ചു എന്നതാണ്. കാട് വെട്ടിത്തെളിച്ച് കൃഷി ചെയ്യുന്നവരിൽ നിന്നും ഭൂമിയുടെ ഉടമസ്ഥാവകാശം പാട്ടം പിരിച്ച് ജീവിക്കുന്നവരിലേക്ക് പകരുകയെന്നതിന്റെ അർഥം നവീനമായ സ്വത്തവകാശബോധത്തിന് അടിത്തറയിടുകയെന്നതാണ്.'
4. പകൽ മുഴുവൻ ജോലിയെടുത്തു തളർന്ന പുരുഷന്മാരും സ്ത്രീകളും കൂലിനെല്ലിനായി കാത്തു നിൽക്കേണ്ടി വരുന്നതിനെ
5. കെ.കെ. ബാബുരാജ്



SREENARAYANAGURU OPEN UNIVERSITY

6. കുട്ടനാട് അവസാനിക്കുന്നിടത്തെ സമതലപ്രദേശങ്ങളിൽ
7. മധുരവേലിയിലെ ജനങ്ങൾ സമീപപ്രദേശങ്ങളിൽ നിന്നോ അകലങ്ങളിൽ നിന്നോ വന്ന് പാർക്കുന്നവരായിരുന്നു. ചില കുടുംബങ്ങൾ സർക്കാരിൽ നിന്നോ ജന്മിമാരിൽ നിന്നോ വില കൊടുത്തോ പാട്ടത്തിനെടുത്തോ ഭൂമി സ്വന്തമാക്കിയപ്പോൾ ചിലർ കൈയേറ്റങ്ങളിലൂടെ ഭൂവുടമസ്ഥരായി.
8. ഉണ്ണുനീലിസന്ദേശം
9. പ്രാദേശിക ഭാഷാനാമം കടന്തേരി, വടമതിര എന്നും സംസ്കൃതത്തിൽ സ്കന്ദപുരം എന്നും
10. 'അധഃസ്ഥിത ജനത അതിജീവിക്കേണ്ട വെല്ലുവിളികൾ' എന്ന ലേഖനം

## Assignments

1. കെ.കെ. കൊച്ചിന്റെ 'ദലിതൻ' എന്ന കൃതിക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
2. മധുരവേലിയിലെ പ്രാചീനകൃഷി സമ്പ്രദായം, ഭൂപ്രകൃതി എന്നിവയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
3. ദലിത് ആത്മകഥാസാഹിത്യരംഗത്ത് കെ.കെ. കൊച്ചിന്റെ 'ദലിതൻ' എന്ന കൃതിയുടെ പ്രാധാന്യം അടയാളപ്പെടുത്തുക.

## Reference


1. കെ.കെ. കൊച്ച്, ദലിതൻ, ഡി.സി. ബുക്സ്, കോട്ടയം.
2. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Suggested Reading


1. കെ.എം. ജോർജ് (എഡി:), ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.
3. കെ.കെ. ബാബുരാജ്, ദലിതൻ (അവതാരിക), ഡി.സി. ബുക്സ്, കോട്ടയം.


SGOU

# BLOCK - 02

# ആത്മകഥ

# യൂണിറ്റ് - 1
# വള്ളത്തോളുമായി ഒരു കൂടിക്കാഴ്ച

എം.ജി.എസ്സ്. നാരായണൻ

## Learning Outcomes

- അനുഭവങ്ങളുടെ ചരിത്രപരതയെക്കുറിച്ച് അറിവ് നേടുന്നു
- എം.ജി.എസ്സ്. നാരായണന്റെ രചനാശൈലി മനസ്സിലാക്കുന്നു
- വള്ളത്തോളിന്റെ സാംസ്കാരികപദവി കണ്ടെത്തുന്നു
- വള്ളത്തോളിന്റെ സാഹിത്യജീവിതത്തെക്കുറിച്ചും സാമൂഹികജീവിതത്തെക്കുറിച്ചും ധാരണ ലഭിക്കുന്നു

## Prerequisite

**ഓർമ്മ അനുഭവസാഹിത്യം**

വ്യക്തികളുടെ ജീവിതാനുഭവങ്ങളും ഓർമ്മകളുമായി വൈകാരിക ഭാവങ്ങളും ചേർത്ത് അവതരിപ്പിക്കുന്ന സാഹിത്യരൂപമാണ് ഇത്. ജീവിതത്തിൽ കണ്ടുമുട്ടിയ ആളുകൾ, സംഭവങ്ങൾ, സ്ഥലങ്ങൾ എന്നിവയുടെ സ്വാധീനം എഴുത്തുകാരൻ ആത്മബന്ധത്തോടെ അവതരിപ്പിക്കുമ്പോൾ അത് വായനക്കാരനിൽ അനുഭൂതി സൃഷ്ടിക്കുന്നു. യാഥാർത്ഥ്യജീവിതവുമായി അടുത്ത ബന്ധമുള്ളതിനാൽ ഈ സാഹിത്യരൂപത്തിന് സത്യസന്ധതയും നൈതികതയും കൂടുതലായിരിക്കും. വ്യക്തിപരമായ അനുഭവങ്ങൾ സമൂഹത്തിന്റെ പൊതുവായ അനുഭവങ്ങളായി മാറുന്നതും അനുഭാവസാഹിത്യത്തിന്റെ പ്രത്യേകതയാണ്. ആത്മകഥ, സ്മരണ, യാത്രാവിവരണം തുടങ്ങിയ രൂപങ്ങളിൽ ഇത് പ്രകടമാകുന്നു. ജീവിതത്തിന്റെ നൊമ്പരങ്ങളും സന്തോഷങ്ങളും കാലഘട്ടത്തിന്റെ സാമൂഹികസാഹചര്യങ്ങളും ഈ സാഹിത്യത്തിലൂടെ രേഖപ്പെടുത്തപ്പെടുന്നു. വായനക്കാർക്ക് കഴിഞ്ഞകാലത്തെ അനുഭവിക്കാനും മനുഷ്യബന്ധങ്ങളുടെ മൂല്യം മനസ്സിലാക്കാനും ഈ രചനകൾ സഹായിക്കുന്നു.

**എം.ജി.എസ്സ്. നാരായണൻ**



പ്രമുഖ ചരിത്രപണ്ഡിതനും അധ്യാപകനും എഴുത്തുകാരനുമാണ്. മുറ്റയിൽ ഗോവിന്ദമേനോൻ ശങ്കരനാരായണൻ എന്ന് മുഴുവൻ പേര്. സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസെന്ററിന്റെ ഡയറക്ടറായി പ്രവർത്തിച്ചു. ദേശീയമായും അന്തർദേശീയമായും അറിയപ്പെടുന്ന ചുരുക്കം ചില തെന്നിന്ത്യൻ ചരിത്രകാരന്മാരിലൊരാളാണദ്ദേഹം. പ്രത്യേകിച്ചും ദക്ഷിണേന്ത്യൻ ചരിത്രത്തിൽ കേരളത്തിലെ അപൂർവം പണ്ഡിതന്മാരിലൊരാൾ. അദ്ദേഹം പുരാതന ഇന്ത്യൻ ലിപികളായ ബ്രാഹ്മി, ഗ്രന്ഥലിപി തുടങ്ങിയവ പഠിക്കുകയും തമിഴ്, ക്ലാസി

ക്കൽ സംസ്കൃതം എന്നിവയിൽ വൈദഗ്ധ്യം നേടുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ചേര പെരുമാളുകളെ പരാമർശിക്കുന്ന നിരവധി മധ്യകാല വട്ടെഴുത്തുലിഖിതങ്ങൾ കണ്ടെത്തി പ്രസിദ്ധീകരിച്ചു. കൊടുങ്ങല്ലൂരിൽ നടന്ന പുരാവസ്തു ഗവേഷണത്തിൽ നിരീക്ഷകനായി പങ്കെടുത്തു. നിരവധി വിദേശ സർവകലാശാലകളിൽ വിസിറ്റിങ്ങ് പ്രൊഫസർ ആയിരുന്നിട്ടുണ്ട്. പലതവണ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ്സിന്റെ നിർവാഹക സമിതി അംഗമായിരുന്നിട്ടുണ്ട്.

**കൃതികൾ**

ഇന്ത്യൻ ചരിത്രപരിചയം, സാഹിത്യ അപരാധങ്ങൾ, കേരള ചരിത്രത്തിന്റെ അടിസ്ഥാന ശിലകൾ, കോഴിക്കോടിന്റെ കഥ, സെക്കുലർ ജാതിയും സെക്കുലർ മതവും, ജനാധിപത്യവും കമ്മ്യൂണിസവും, പെരുമാൾസ് ഓഫ് കേരള, ജാലകങ്ങൾ - ഒരു ചരിത്രാന്വേഷിയുടെ വഴികൾ കാഴ്ചകൾ (ആത്മകഥ )

**വള്ളത്തോൾ നാരായണമേനോൻ**



1878 ഒക്ടോബർ 16-ന് മലപ്പുറം ജില്ലയിലെ തിരൂരിനു സമീപം ചേന്നര ഗ്രാമത്തിൽ കോഴിപ്പറമ്പിൽ കുട്ടിപ്പാറു അമ്മ എന്ന പാർവതി അമ്മയുടെയും കടുങ്ങോട്ട് മല്ലിശേരി ദാമോദരൻ ഇളയതിന്റെയും മകനായി വള്ളത്തോൾ നാരായണ മേനോൻ ജനിച്ചു. അമ്മാവനായിരുന്ന രാമനുണ്ണി മേനോന് കീഴിൽ നടന്ന സംസ്കൃതപഠനത്തിനുശേഷം കൈക്കുളങ്ങര രാമവാര്യരിൽനിന്നു തർക്കശാസ്ത്രം പഠിച്ചു. വാല്മീകി രാമായണവിവർത്തനം 1907-ൽ പൂർത്തിയാക്കി. 1908-ൽ ഒരു രോഗബാധയെതുടർന്ന് അദ്ദേഹം ബധിരനായി. ഇതേത്തുടർന്നാണ് 'ബധിരവിലാപം' എന്ന കവിത രചിച്ചത്. 1915-ൽ ചിത്രയോഗം പ്രസിദ്ധീകരിച്ചു. അതേവർഷം കേരളോദയത്തിന്റെ പത്രാധിപനായി. കേരള കലാമണ്ഡലത്തിന്റെ സ്ഥാപകനാണ് അദ്ദേഹം. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ആകൃഷ്ടനായ അദ്ദേഹം ദേശസ്നേഹം തുളുമ്പുന്ന നിരവധി കവിതകൾ രചിച്ചിട്ടുണ്ട്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ചെന്നൈ (1927), കൽക്കത്ത (1928) സമ്മേളനങ്ങളിൽ വള്ളത്തോൾ പങ്കെടുത്തിട്ടുണ്ട്. വാല്മീകിരാമായണം, അഭിജ്ഞാനശാകുന്തളം, ഋഗ്വേദം, മാതംഗലീല, പദ്മപുരാണം, മാർക്കണ്ഡേയപുരാണം, വാമനപുരാണം, മത്സ്യപുരാണം, ഊരുഭംഗം, മധ്യമവ്യായോഗം, അഭിഷേക നാടകം, സ്വപ്നവാസവദത്തം തുടങ്ങിയ സംസ്കൃതകൃതികൾ അദ്ദേഹം മലയാളത്തിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്. ഗാന്ധിജിയുടെ മരണത്തിൽ ദുഃഖിച്ച് അദ്ദേഹം എഴുതിയ വിലാപകാവ്യമാണ് 'ബാപ്പുജി'. ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിച്ച വള്ളത്തോൾ ഗാന്ധിജിയെക്കുറിച്ച് എഴുതിയ മറ്റൊരു കൃതിയാണ് 'എന്റെ ഗുരുനാഥൻ'

SGOU

## Keywords

അനുഭവാഖ്യാനം - വള്ളത്തോൾ കവിത - വള്ളത്തോൾ കാഴ്ചയും അനുഭവവും വായനയും - സാമൂഹിക ജീവിതവും സാംസ്കാരികപദവിയും

## Discussion

മലയാളത്തിൽ പ്രാചീന കവിത്രയം കഴിഞ്ഞാൽ താൻ പിന്നീട് പരിചയപ്പെട്ടത് ആശാൻ, വള്ളത്തോൾ എന്നിവരുടെ കവിതകളാണെന്ന് ലേഖകൻ പറയുന്നു. സാഹിത്യമഞ്ജരിയിലെ കവിതകൾ തന്നെ വശീകരിക്കുകയുണ്ടായി. പഴയതും പുതിയതുമായ ഒരുപാട് വിഷയങ്ങളെ

ആസ്പദമാക്കി എഴുതിയ പ്രസ്തുത ഗ്രന്ഥത്തിലെ ലഘു കവിതകൾ മലയാളിക്ക് ഒരു നവ്യാനുഭവമായി. മഗ്ദലനമറിയത്തിലൂടെ മതമൈത്രിയും ബന്ധനസ്ഥനായ അനിരുദ്ധനിലൂടെ അനുരാഗത്തിന്റെ ശക്തിയും ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയ നാടകീയ കാവ്യങ്ങളിലൂടെ ഗാർഹിക ബന്ധങ്ങളുടെ മൃദുല വശങ്ങളും വള്ളത്തോൾ കാവ്യാത്മകമായി ചിത്രീകരിച്ചു.

### മഗ്ദലനമറിയം

വള്ളത്തോളിന്റെ ഏറ്റവും മനോഹരമായ രചനകളിലൊന്നായി കണക്കാക്കപ്പെടുന്നുകൃതിയാണ് ഇത്. ബൈബിളിലെ കഥാപാത്രമായ മഗ്ദലനമറിയത്തിന്റെ കഥയായി സങ്കല്പിക്കപ്പെട്ടാണ് ഇതിന്റെ രചന നിർവഹിച്ചിരിക്കുന്നത്. മാനസാന്തരം വന്ന മഗ്ദലനമറിയത്തെ കവിതയിൽ കാണാം.

### ബന്ധനസ്ഥനായ അനിരുദ്ധൻ

വള്ളത്തോൾ നാരായണമേനോൻ രചിച്ച പ്രശസ്തമായ ഒരു ഖണ്ഡകാവ്യമാണ് 'ബന്ധനസ്ഥനായ അനിരുദ്ധൻ' (1914). ഭാഗവതത്തിലെ ബാണാസുര പുത്രിയായ ഉഷയുമായി പ്രണയത്തിലായ അനിരുദ്ധനെ, ബാണൻ ബന്ധനസ്ഥനാക്കുന്ന കഥയാണ് ഇതിവൃത്തം. റൊമാന്റിക് പ്രസ്ഥാനത്തിലെ പ്രധാന കൃതിയാണിത്.

### ശിഷ്യനും മകനും

മഹാകവി വള്ളത്തോൾ നാരായണമേനോൻ രചിച്ച പ്രശസ്തമായ ഖണ്ഡകാവ്യമാണ് 'ശിഷ്യനും മകനും'. പുരാണ പശ്ചാത്തലത്തിൽ ഗുരുഭക്തിയുടെയും പിതൃവാത്സല്യത്തിന്റെയും സംഘർഷം മനോഹരമായി ആവിഷ്കരിച്ചിരിക്കുന്ന ഒരു കൃതിയാണിത്.

### അച്ഛനും മകളും

വള്ളത്തോൾ നാരായണമേനോൻ രചിച്ച പ്രശസ്തമായ മറ്റൊരു ഖണ്ഡകാവ്യമാണ് 'അച്ഛനും മകളും' (1926). ഭർതൃപരിത്യക്തയായ ശകുന്തളയും പുത്രൻ ഭരതനും കശ്യപാശ്രമത്തിൽ താമസിക്കുമ്പോൾ, ശകുന്തളയുടെ പിതാവായ വിശ്വാമിത്രൻ അതിഥിയായി വരുന്നതും, ദുഷ്യന്തൻ ശകുന്തളയെ ഉപേക്ഷിച്ചതറിഞ്ഞ് കോപിഷ്ഠനാകുന്നതും തുടർന്ന് ശകുന്തള പിതാവിനെ സാന്ത്വനിപ്പിക്കുന്നതുമാണ് കാവ്യത്തിന്റെ ഇതിവൃത്തം.

1951-ൽ കാലഘട്ടത്തിൽ കേരളവർമ്മ കോളേജിൽ പഠിക്കുമ്പോൾ പ്രിൻസിപ്പൽ ശങ്കരൻ നമ്പ്യാർ മലയാളസമാജം സെക്രട്ടറിയായ ലേഖകനെയും എ.പി.പി. നമ്പൂതിരിയെയും എൻ. എൻ. കക്കാടിനെയും ചെറുതുരുത്തിയിൽ വള്ളത്തോളിന്റെ വീട്ടിലേക്ക് അദ്ദേഹത്തിന്റെ പിറന്നാൾ സദ്യയിൽ പങ്കെടുക്കാൻ തന്റെ പ്രതിനിധികളായി പറഞ്ഞയയ്ക്കുകയുണ്ടായി. അതൊരു വലിയ ഭാഗ്യമാവുകയും കാവ്യാസ്വാദകരും നിരൂപകരുമായ ഒട്ടേറെ സഹൃദയന്മാരുമായി പരിചയപ്പെടാൻ കഴിയുകയും ചെയ്തു.

അല്പ വിശ്രമം കഴിഞ്ഞ് മഹാകവി ഒരു നീണ്ട വടിയും ഊന്നി വരാന്തയിലേക്ക് വന്നു. മുറ്റത്ത് കൂടിനിൽക്കുന്ന അയിത്തക്കാരായ പാവങ്ങളുടെ സംഘത്തെ അല്പനേരം നോക്കി നിന്നു. അവർക്ക് ഓരോരുത്തർക്കും മണ്ണിൽ കുഴി കുഴിച്ച് ഇലയിട്ട് വെച്ചിരിക്കുകയാണ്. വിളമ്പിക്കഴിഞ്ഞ ശേഷം വിളമ്പുന്നവർ പിൻവാങ്ങിയാൽ താണ ജാതിക്കാർക്ക് ഇലകൾ വാരിപ്പിടിച്ചെടുത്തു പോകാം. ഈ പ്രാകൃതമായ നാടകം കണ്ട മഹാകവിക്ക് എന്തു തോന്നിക്കാണും എന്ന് ലേഖകൻ ചിന്തിക്കുന്നു. വള്ളത്തോൾ എന്തിനിങ്ങനെ തന്റെ വീട്ടിൽ അയിത്തം അനുവദിക്കുന്നു എന്ന ചോദ്യമാണ് ലേഖകന്റെ മനസ്സിൽ ഉയർന്നത്. കുറെക്കൂടി ജീവിച്ചു കഴിഞ്ഞപ്പോഴാണ് സ്വന്തം വീട്ടിൽ ചില കാര്യങ്ങളിൽ ആചാര നിയന്ത്രണം അസാധ്യമാണെന്ന് ലേഖകന് ബോധ്യപ്പെട്ടത്.

പ്രൊഫ.കെ. ഗോപാലകൃഷ്ണന്റെ ഒരു ലേഖനത്തിൽ വള്ളത്തോൾതറവാട്ടിലെ ഒരു യുവതി താണ ജാതിയിൽപ്പെട്ട ഒരാളുടെ ഒപ്പം പോയതിന് കാരണവന്മാർ അവളെ പടിയടച്ച് പിണ്ഡം വെച്ചതും വർഷങ്ങൾക്കുശേഷം ഭർത്താവ് മരിച്ച് തിരികെയെത്തിയ അവൾക്ക് ഭാഗം കൊടുപ്പിച്ച് സ്വന്തം സ്വത്തിന്റെ ഒരു ഭാഗം കൂടി വള്ളത്തോൾ എഴുതിക്കൊടുത്തതായി പ്രതിപാദിക്കുന്നുണ്ട്. കവിതയിൽ മാത്രമല്ല കർമ്മത്തിലും അദ്ദേഹം തന്റെ ജാതിവിരുദ്ധ ദർശനം പ്രാവർത്തികമാക്കിയിരുന്നു.

ഒരിക്കൽ കോഴിക്കോട്ടെ ടൗൺ ഹാളിൽ വെച്ച് വള്ളത്തോളിന്റെ ആവേശകരമായ പ്രസംഗം കേൾക്കാടിനയായതും ലേഖകൻ ഓർക്കുന്നു. കഥകളി പരിഷ്കാരത്തെപ്പറ്റി

SGOU

സംസാരിച്ച ഒരാളെ വിമർശിക്കുമ്പോൾ കവി ഭാഷക്ക് ഒരു നിയന്ത്രണവും കല്പിച്ചില്ല. ചെവി കേൾക്കാത്തവർ സാധാരണ മറ്റുള്ളവർക്കും ശ്രവണശക്തിയില്ല എന്ന ധാരണയിൽ അട്ടഹസിച്ചു സംസാരിക്കുന്നതു പോലെ കവിയുടെ സ്വരവും ഉച്ചത്തിൽ മുഴങ്ങി. ശരീരഭാഷ കൊണ്ടും ശബ്ദം കൊണ്ടും തന്റെ ആശയങ്ങൾ കേൾവിക്കാരുടെ മനസ്സിൽ തറച്ചു കയറും വിധമാണ് അദ്ദേഹം സംസാരിച്ചത്. ആശയ പ്രകാശനത്തിനുള്ള ഈ അത്യാവേശം തന്നെയായിരിക്കണം അദ്ദേഹത്തെക്കൊണ്ട് നിരന്തരം കവിതകൾ എഴുതിച്ചത്. മലയാളത്തിൽ സമകാലിക ദൈനംദിന പ്രശ്നങ്ങൾ ഇത്ര ശക്തമായി ആവിഷ്കരിച്ച കവിയും വള്ളത്തോൾ ആയിരിക്കണം. ആത്മവിശ്വാസവും സ്വപ്രത്യയസ്ഥൈര്യവും നിറഞ്ഞ പ്രഖ്യാപനങ്ങൾ അദ്ദേഹത്തിനു മാത്രമേ അത്ര അനായാസമായി, സ്വാഭാവികമായി നടത്താൻ കഴിയൂ.

പിന്നീടൊരിക്കൽ ലേഖകന് അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് വിധേയത്വം അരോചകമായി തോന്നി. ഈ പശ്ചാത്തലത്തിലാണ് തിരുവനന്തപുരത്തെ കാവ്യോത്സവ സമിതി ഒരുക്കുന്ന പ്രസിദ്ധീകരണത്തിലേക്ക് വള്ളത്തോളിന്റെ ജീവിതവീക്ഷണത്തെക്കുറിച്ച് ഒരു ഉപന്യാസം എഴുതാൻ എം. ഗോവിന്ദനും സി.ജെ. തോമസും ലേഖകനോട് ആവശ്യപ്പെടുന്നത്. വള്ളത്തോളിന്റെ കേവലം ലൗകികവും ഉപരിപ്ലവവുമായ ജീവിത വീക്ഷണത്തെക്കുറിച്ചാണ് ലേഖകൻ എഴുതിയത്. ആഴത്തിലേക്ക് പോവാതെ, ദു:ഖങ്ങളറിയാതെ, പൊള്ളയായ ചില ആദർശ പ്രഖ്യാപനങ്ങളിൽ അഭിരമിക്കുന്ന മനസ്സും രാഷ്ട്രീയ കൗശലവും ആണ് വള്ളത്തോളിന്റെ മൂലധനമെന്നും ആശാനെപ്പോലുള്ള കവികളുടെ അടുത്തിരിക്കാനുള്ള യോഗ്യത അദ്ദേഹത്തിനില്ലെന്നും ലേഖകൻ എഴുതിപ്പിടിപ്പിച്ചു. പക്ഷേ മഗ്ദലനമറിയത്തിനെ മുഖ്യ കൃതിയായെടുത്ത ആ ലേഖനത്തിൽ 'മാനവിക സംഘർഷങ്ങൾ ആവിഷ്കരിക്കുന്ന അച്ഛനും മകളും, ശിഷ്യനും മകനും പോലുള്ള കൃതികളെ അവഗണിക്കുകയാണ് താൻ ചെയ്തതെന്ന് എം.ജി.എസ്സ്. സമ്മതിക്കുന്നു.

തന്റെ ലേഖനത്തെ ആക്ഷേപിച്ചു കൊണ്ട് ജി.ശങ്കരക്കുറുപ്പ് അനർഗളമായ വാഗ്ധോരണിയോടെ പ്രസംഗിക്കുകയുണ്ടായി. ഈ ആരോപണം താൻ അർഹിക്കുന്നുവെന്ന് ലേഖകൻ പറയുന്നു. ജി. യുടെ കവിതയേക്കാൾ മനോഹരമാണ് പ്രസംഗം. ജി. യിലുള്ള വിമർശഭാവം കവിതയുടെ സ്വാഭാവികതയെ കൃത്രിമമാക്കുകയാണെന്നും പ്രസംഗത്തിൽ അതിനുള്ള സമയം ഇല്ലാത്തതിനാൽ നൈസർഗിഗത്വം നിലനിൽക്കുന്നുവെന്നും ലേഖകൻ പറയുന്നു

കമ്മ്യൂണിസ്റ്റു വിരോധം കൊണ്ട് താൻ കാണിച്ച ഗുരുത്വദോഷത്തെക്കുറിച്ച് താൻ ബോധവാനാകുകയും വള്ളത്തോളിന്റെ കൃതികൾ ശ്രദ്ധിച്ചു വായിക്കുകയും ഋഗ്വേദ തർജമയിൽ അദ്ദേഹം കാണിച്ച ധീരതയും ആർജവവും ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയ നാടകീയ കാവ്യങ്ങളിലൂടെ അദ്ദേഹം പ്രകാശിപ്പിച്ച ഭാരതീയ മൂല്യബോധവും താൻ തിരിച്ചറിയുകയും Vallathol and Nationalism എന്ന ഇംഗ്ലീഷ് ഉപന്യാസത്തിലൂടെ പ്രായശ്ചിത്തം ചെയ്തുവെന്നും ലേഖകൻ പറയുന്നു.

## അവലോകനം

ചരിത്രപണ്ഡിതനായ എം.ജി.എസ്സ്. നാരായണൻ ഒരു സാഹിത്യകുതുകി കൂടിയാണ് എന്ന് തെളിയിക്കുന്നതാണ് ഈ ലേഖനം. വള്ളത്തോളിന്റെ ജന്മദിനത്തോടനുബന്ധിച്ച ആഘോഷ പരിപാടിയിൽ യാദൃച്ഛികമായി പങ്കെടുക്കേണ്ടിവന്ന ലേഖകൻ അവിടെ ജാതീയമായ ചില അനാചാരങ്ങൾ കണുകയുണ്ടായി. ലേഖകൻ കവിയും സ്വതന്ത്രചിന്തകനുമായ വള്ളത്തോളിന്റെ ഗൃഹത്തിൽ ഇത്തരം വൈരുധ്യങ്ങൾ കണ്ട് ചിന്താകുലനാവുകയും ഒടുവിൽ കവിതയിൽ മാത്രമല്ല കർമ്മത്തിലും മഹാകവി ജാതിവിരുദ്ധൻ തന്നെയായിരുന്നു എന്ന് കണ്ടെത്തുകയും ചെയ്യുന്നു. പിൽക്കാലത്ത് കമ്മ്യൂണിസ്റ്റ് വിരോധം കാരണം അന്ധമായി വള്ളത്താൾ കവിതകളെ നിഷേധിച്ച കാര്യവും പിന്നീട് അതിന് പാശ്ചാത്താപം ചെയ്തതും ലേഖകൻ പ്രതിപാദിക്കുന്നു. ചരിത്ര പണ്ഡിതനായ ലേഖകന്റെ സാഹിത്യ താല്പര്യത്തോടൊപ്പം സത്യസന്ധതയും ഈ ഭാഗം വെളിപ്പെടുത്തുന്നുണ്ട്. ആ നിലയിൽ വ്യക്തിപരമായ അനുഭവാഖ്യാനത്തിനാണ് ലേഖനത്തിൽ പ്രാധാന്യം നൽകിയിരിക്കുന്നത്.

SGOU

## Recap

- പ്രശസ്ത ചരിത്രകാരനായ എം.ജി.എസ്. നാരായണൻ മഹാകവി വള്ളത്തോളിനെക്കുറിച്ചെഴുതിയ ലേഖനമാണിത്.
- വള്ളത്തോളിന്റെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തതിന്റെ അനുഭവങ്ങൾ ലേഖകൻ ആവിഷ്കരിക്കുന്നുണ്ട്.
- വള്ളത്തോൾ കവിതകളുടെ സവിശേഷതകളും വ്യതിരിക്തതകളും വ്യക്തമാക്കുന്നു
- മുൻപൊരിക്കൽ വള്ളത്തോൾ കവിതകളെ തള്ളിപ്പറഞ്ഞു കൊണ്ടെഴുതിയതിന്റെ പശ്ചാത്താപവും ലേഖകൻ വ്യക്തമാക്കുന്നു
- വള്ളത്തോൾ കവിതയെ വസ്തുനിഷ്ഠമായി വിലയിരുത്തുന്നു
- തന്റെ തെറ്റുകുറ്റങ്ങൾ വിളിച്ചു പറയാൻ യാതൊരു മടിയും കാണിക്കാത്ത ലേഖകന്റെ അസാധാരണ വ്യക്തിത്വവും ഈ ലേഖനം വെളിപ്പെടുത്തുന്നു
- മലയാളത്തിൽ പ്രാചീനകവിത്രയം കഴിഞ്ഞാൽ താൻ പിന്നീട് പരിചയപ്പെട്ടത് ആശാൻ, വള്ളത്തോൾ എന്നിവരുടെ കവിതകളാണെന്ന് ലേഖകൻ പറയുന്നു
- സാഹിത്യമഞ്ജരിയിലെ കവിതകൾ തന്നെ വശീകരിക്കുകയുണ്ടായി
- പഴയതും പുതിയതുമായ ഒരുപാട് വിഷയങ്ങളെ ആസ്പദമാക്കി എഴുതിയ ലഘു കവിതകൾ മലയാളിക്ക് ഒരു നവ്യാനുഭവമായി
- 1951-ൽ ആവണം കേരളവർമ്മ കോളേജിൽ പഠിക്കുമ്പോൾ പ്രിൻസിപ്പൽ ശങ്കരൻ നമ്പ്യാർ മലയാളസമാജം സെക്രട്ടറിയായ ലേഖകനെയും എ.പി.പി. നമ്പൂതിരിയെയും എൻ.എൻ. കക്കാടിനെയും ചെറുതുരുത്തിയിൽ വള്ളത്തോളിന്റെ വീട്ടിലേക്ക് അദ്ദേഹത്തിന്റെ പിറന്നാൾ സദ്യയിൽ പങ്കെടുക്കാൻ തന്റെ പ്രതിനിധികളായി പറഞ്ഞയച്ചു
- അല്പ വിശ്രമം കഴിഞ്ഞ് മഹാകവി ഒരു നീണ്ട വടിയും ഊന്നി വരാന്തയിലേക്ക് വന്നു. മുറ്റത്ത് കൂടി നിൽക്കുന്ന അയിത്തക്കാരായ പാവങ്ങളുടെ സംഘത്തെ അൽപ നേരം നോക്കി നിന്നു
- അവർക്ക് ഓരോരുത്തർക്കും മണ്ണിൽ കുഴി കുഴിച്ച് ഇലയിട്ട് വെച്ചിരിക്കുകയാണ്.
- വിളമ്പി ക്കഴിഞ്ഞ ശേഷം വിളമ്പുന്നവർ പിൻവാങ്ങിയാൽ താണജാതിക്കാർക്ക് ഇലകൾ വാരിപ്പിടിച്ചെടുത്തു പോകാം
- ഈ പ്രാകൃതമായ നാടകം കണ്ട മഹാകവിക്ക് എന്തു തോന്നിക്കാണും എന്ന് ലേഖകൻ ചിന്തിക്കുന്നു
- വള്ളത്തോൾ എന്തിനിങ്ങനെ തന്റെ വീട്ടിൽ അയിത്തം അനുവദിക്കുന്നു എന്ന ചോദ്യമാണ് ലേഖകന്റെ മനസ്സിൽ ഉയർന്നത്
- കുറെക്കൂടി ജീവിച്ചു കഴിഞ്ഞപ്പോഴാണ് സ്വന്തം വീട്ടിൽ ചില കാര്യങ്ങളിൽ ആചാര നിയന്ത്രണം അസാധ്യമാണെന്ന് ലേഖകന് ബോധ്യപ്പെട്ടത്.
- പ്രൊഫ.കെ. ഗോപാലകൃഷ്ണന്റെ ഒരു ലേഖനത്തിൽ വള്ളത്തോൾ തറവാട്ടിലെ ഒരു യുവതി താണ ജാതിയിൽപെട്ട ഒരാളുടെ ഒപ്പം പോയതിന് കാരണവന്മാർ അവളെ പടിയടച്ച് പിണ്ഡം വെച്ചതും വർഷങ്ങൾക്കു ശേഷം ഭർത്താവ് മരിച്ച് തിരികെയെത്തിയ അവൾക്ക് ഭാഗം കൊടുപ്പിച്ച് സ്വന്തം സ്വത്തിന്റെ ഒരു ഭാഗം കൂടി വള്ളത്തോൾ എഴുതിക്കൊടുത്ത് പ്രതിപാദിക്കുന്നുണ്ട്
- ഒരിക്കൽ കോഴിക്കോട്ടെ ടൗൺ ഹാളിൽ വെച്ച് വള്ളത്തോളിന്റെ ആവേശകരമായ പ്രസംഗം കേൾക്കാടിനയായതും ലേഖകൻ ഓർക്കുന്നു
- ശരീരഭാഷ കൊണ്ടും ശബ്ദം കൊണ്ടും തന്റെ ആശയങ്ങൾ കേൾവിക്കാരുടെ മനസ്സിൽ

SGOU

തറച്ചു കയറും വിധമാണ് അദ്ദേഹം സംസാരിച്ചത്

- ആത്മവിശ്വാസവും സ്വപ്രത്യയസ്ഥൈര്യവും നിറഞ്ഞ പ്രഖ്യാപനങ്ങൾ അദ്ദേഹത്തിനു മാത്രമേ അത്ര അനായാസമായി, സ്വാഭാവികമായി നടത്താൻ കഴിയൂ
- പിന്നീടൊരിക്കൽ ലേഖകന് അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ് വിധേയത്വം അരോചകമായി തോന്നി.
- ഈ പശ്ചാത്തലത്തിലാണ് തിരുവനന്തപുരത്തെ കാവ്യോത്സവ സമിതി ഒരുക്കുന്ന പ്രസിദ്ധീകരണത്തിലേക്ക് വള്ളത്തോളിന്റെ ജീവിതവീക്ഷണത്തെക്കുറിച്ച് ഒരു ഉപന്യാസം എഴുതാൻ എം. ഗോവിന്ദനും സി. ജെ. തോമസും ലേഖകനോട് ആവശ്യപ്പെടുന്നത്
- വള്ളത്തോളിന്റെ കേവലം ലൗകികവും ഉപരിപ്ലവവുമായ ജീവിത വീക്ഷണത്തെക്കുറിച്ചാണ് ലേഖകൻ എഴുതിയത്
- ആഴത്തിലേക്ക് പോവാതെ, ദു:ഖങ്ങളറിയാതെ, പൊള്ളയായ ചില ആദർശ പ്രഖ്യാപനങ്ങളിൽ അഭിരമിക്കുന്ന മനസ്സും രാഷ്ട്രീയ കൗശലവും ആണ് വള്ളത്തോളിന്റെ മൂലധനമെന്നും ആശാനെപ്പോലുള്ള കവികളുടെ അടുത്തിരിക്കാനുള്ള യോഗ്യത അദ്ദേഹത്തിനില്ലെന്നും ലേഖകൻ എഴുതിപ്പിടിപ്പിച്ചു
- പക്ഷേ മഗ്ദലനമറിയത്തിനെ മുഖ്യ കൃതിയായെടുത്ത ആ ലേഖനത്തിൽ 'മാനവിക സംഘർഷങ്ങൾ ആവിഷ്കരിക്കുന്ന അച്ഛനും മകളും, ശിഷ്യനും മകനും പോലുള്ള കൃതികളെ അവഗണിക്കുകയാണ് താൻ ചെയ്തതെന്ന് എം.ജി.എസ്സ്. സമ്മതിക്കുന്നു.
- തന്റെ ലേഖനത്തെ ആക്ഷേപിച്ചു കൊണ്ട് ജി.ശങ്കരക്കുറുപ്പ് അനർഗളമായ വാഗ്ധോരണിയോടെ പ്രസംഗിക്കുകയുണ്ടായി
- ജി.യിലുള്ള വിമർശഭാവം അതി പ്രവർത്തനത്തിലൂടെ കവിതയുടെ സ്വാഭാവികതയെ കൃത്രിമമാക്കുകയാണെന്നും പ്രസംഗത്തിൽ അതിനുള്ള സമയം ഇല്ലാത്തതിനാൽ നൈസർഗിഗത്വം നിലനിൽക്കുന്നുവെന്നും ലേഖകൻ പറയുന്നു
- കമ്മ്യൂണിസ്റ്റു വിരോധം കൊണ്ട് താൻ കാണിച്ച ഗുരുത്വദോഷത്തെക്കുറിച്ച് താൻ ബോധവാനാകുകയും വള്ളത്തോളിന്റെ കൃതികൾ ശ്രദ്ധിച്ചു വായിക്കുകയും ഋഗ്വേദ തർജമയിൽ അദ്ദേഹം കാണിച്ച ധീരതയും ആർജവവും ഗ്രഹിക്കുകയും ചെയുതു
- ശിഷ്യനും മകനും, അച്ഛനും മകളും തുടങ്ങിയ നാടകീയ കാവ്യങ്ങളിലൂടെ അദ്ദേഹം പ്രകാശിപ്പിച്ച ഭാരതീയ മൂല്യബോധവും താൻ തിരിച്ചറിയുകയും Vallathol and Nationalism എന്ന ഇംഗ്ലീഷ് ഉപന്യാസത്തിലൂടെ പ്രായശ്ചിത്തം ചെയ്തുവെന്നും ലേഖകൻ പറയുന്നു

## Objective Type Questions

1. ലേഖകന്റെ വള്ളത്തോളുമായുള്ള ആദ്യ കൂടിക്കാഴ്ച എന്നായിരുന്നു?
2. വള്ളത്തോളിന്റെ ജന്മദിനത്തിൽ പങ്കെടുക്കാൻ പോയ ലേഖകന് അവിടുത്തെ അയിത്ത സമ്പ്രദായം കണ്ടപ്പോൾ മനസ്സിലുണ്ടായ ചോദ്യമെന്ത്?
3. കവിതയിൽ മാത്രമല്ല കർമ്മത്തിലും ജാതിവിരുദ്ധാദർശം പ്രാവർത്തികമാക്കിയിട്ടുണ്ട് വള്ളത്തോൾ എന്ന് ലേഖകൻ പറയാനിടയായ സാഹചര്യം എന്താണ്?
4. എം.ജി.എസ്സ്. നാരായണന്റെ വള്ളത്തോൾ വിമർശനത്തെ ആക്ഷേപിച്ച് പ്രസംഗിച്ചതാര്?



SGOU

5. ജി.യുടെ പ്രസംഗത്തെക്കുറിച്ച് ലേഖകൻ പറയുന്ന കാര്യങ്ങൾ എന്തെല്ലാം?
6. ലേഖകൻ വള്ളത്തോളിനെ വീണ്ടും പഠിക്കാൻ ഇടയായതെങ്ങനെ?
7. വള്ളത്തോളിനോട് പ്രായശ്ചിത്തം ചെയ്തു കൊണ്ട് എം.ജി.എസ്സ്. എഴുതിയ ഉപന്യാസം ഏത്?
8. സാഹിത്യമഞ്ജരി രചിച്ചത് ആര്?
9. 'മഗ്ദലനമറിയം' എന്ന കൃതിയുടെ പ്രമേയം എന്തിന്റെ പ്രതീകമാണെന്നാണ് എം.ജി. എസ്സ് നിരീക്ഷിക്കുന്നത്?
10. 'ബന്ധനസ്ഥനായ അനിരുദ്ധൻ' എന്തിന്റെ പ്രതീകമാണെന്നാണ് എം.ജി .എസ്സ് നിരീക്ഷിക്കുന്നത്?
11. വള്ളത്തോളിന്റെ വീട്ടിൽ ലേഖകൻ കണ്ട സാമൂഹിക അനാചാരം എന്ത്?
12. ഇന്ത്യൻ ചരിത്രപരിചയം - ആരുടെ കൃതിയാണ്?

## Answers

1. 1951-ൽ ചെറുതുരുത്തിയിലെ അദ്ദേഹത്തിന്റെ വീട്ടിൽ പിറന്നാൾ സദ്യയിൽ പങ്കെടുക്കുമ്പോഴാണ്
2. വള്ളത്തോൾ എന്തിനിങ്ങനെ തന്റെ വീട്ടിൽ അയിത്തം അനുവദിക്കുന്നു?
3. തറവാട്ടിലെ യുവതിയെ തിരികെ സ്വീകരിക്കുകയും സ്വത്തിന്റെ പങ്ക് നൽകുകയും ചെയ്ത സംഭവമാണ്
4. ജി. ശങ്കരക്കുറുപ്പ്
5. കവിതയേക്കാൾ മനോഹരം, സ്വാഭാവികത നിറഞ്ഞത്, വിമർശഭാവം അതിൽ വ്യക്തമായത്
6. സ്വന്തം വിമർശനത്തിലെ പിഴവ് തിരിച്ചറിഞ്ഞ് പാശ്ചാത്താപം തോന്നിയത്
7. Vallathol and Nationalism
8. വള്ളത്തോൾ
9. മതമൈത്രി
10. അനുരാഗം
11. അയിത്തം
12. എം.ജി.എസ്. നാരായണൻ

SGOU

## Assignments

1. വള്ളത്തോൾ നിരൂപണത്തിൽ തനിക്ക് തെറ്റുപറ്റി എന്ന് ലേഖകൻ സമ്മതിക്കാനിടയായ കാര്യങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കുക.
2. വള്ളത്തോളിന്റെ കവിതകളും വ്യക്തിത്വവും ലേഖകൻ അവതരിപ്പിക്കുന്ന വിധം വിശകലനം ചെയ്യുക.
3. വള്ളത്തോളിന്റെ ജാതിവിരുദ്ധദർശനം കവിതയിലും കർമ്മത്തിലും ഈ ലേഖനത്തെ ആസ്പദമാക്കി വിശദീകരിക്കുക.

4. ലേഖകൻ വള്ളത്തോളിനെക്കുറിച്ച് പ്രകടിപ്പിക്കുന്ന വ്യത്യസ്ത ഘട്ടങ്ങളിലെ നിലപാടുകൾ (ആരാധന, വിമർശനം, പാശ്ചാത്താപം) വിലയിരുത്തുക.
5. വള്ളത്തോളിന്റെ പ്രസംഗശൈലിയും ആശയപ്രകടനരീതിയും ലേഖകൻ വിവരണം ചെയ്യുന്ന വിധം പരിശോധിക്കുക.
6. ലേഖകൻ വള്ളത്തോളിനെ വിമർശിക്കാനിടയായ സന്ദർഭം വിവരിക്കുക.

## Reference


1. കുറ്റിപ്പുറത്ത്, കിട്ടുണ്ണിനായർ, മഹാകവി വള്ളത്തോൾ, എൻ. ബി. എസ്സ്, കോട്ടയം.
2. ചെമ്മനം, ചാക്കോ, വള്ളത്തോൾ - കവിയും വ്യക്തിയും, ചെമ്മനം പബ്ളിക്കേഷൻസ്, തിരുവനന്തപുരം.
3. എം.ജി.എസ്സ്. നാരായണൻ, ജാലകങ്ങൾ - ഒരു ചരിത്രാന്വേഷിയുടെ വഴികൾ കാഴ്ചകൾ, കറന്റ് ബുക്സ്, തൃശ്ശൂർ.


## Suggested Reading


1. കരുണാകരൻ നായർ പി., വള്ളത്തോൾ കവിതയിൽ ക്ലാസ്സിസിസത്തിന്റെ സ്വാധീനം, വള്ളത്തോൾ പൗർണമി, കേരളകലാമണ്ഡലം, ചെറുതുരുത്തി


SGOU

# യൂണിറ്റ് - 2
# ഒറ്റപ്പെട്ടു പോയ കുട്ടി

**ഭാഗ്യലക്ഷ്മി**

## Learning Outcomes

- ആത്മകഥാസാഹിത്യത്തെക്കുറിച്ച് അറിവ് നേടുന്നു
- സ്വരഭേദങ്ങൾ എന്ന ആത്മകഥയെ പരിചയപ്പെടുന്നു
- ഭാഗ്യലക്ഷ്മി എന്ന കലാകാരിയുടെ ജീവിതാനുഭവങ്ങളെ മനസ്സിലാക്കുന്നു
- ബാല്യവും ഏകാന്തയും ഓർമ്മകളെ സ്വാധീനിക്കുന്നത് എപ്രകാരമാണെന്ന് വിശകലനം ചെയ്യുന്നു

## Prerequisite

**ആത്മകഥയും ജീവിതവും**

ഒരു വ്യക്തി സ്വയമേവ (auto) തന്റെ തന്നെ ജീവചരിത്രം (Bios) ചിത്രീകരിക്കുന്നതിനെയാണ് (graphia) ഓട്ടോബയോഗ്രഫി (autobiography) എന്നു വിവക്ഷിക്കുന്നത്. 'ഓട്ടോബയോഗ്രഫി എന്ന പദം സമീപഭാവിയിൽ രൂപം കൊണ്ടതാണ്. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പ്രാചീനഗ്രീക്കുഭാഷയിലെ പദങ്ങൾ ഉപയോഗിച്ച് ശാസ്ത്രത്തിലെ സാങ്കേതികപദങ്ങൾ സൃഷ്ടിക്കുന്ന മാതൃകയുടെ ചുവട് പിടിച്ചാണ് 'ഓട്ടോബയോഗ്രഫി' എന്ന സംജ്ഞ രൂപപ്പെടുത്തിയത് എന്ന് ജോർജ് മിഷ്' 'ആത്മകഥകളുടെ ചരിത്രത്തിൽ' രേഖപ്പെടുത്തുന്നു. ഓക്സ്ഫോഡ് ഡിക്ഷ്ണറിയിൽ ഈ പദത്തിന്റെ അറിയപ്പെടുന്ന ആദ്യപ്രയോഗമായി കണക്കാക്കിയിരിക്കുന്നത്, റോബർട്ട് സൗത്തിയുടെ കാർട്ടലി റിവ്യൂവിന്റെ (1809) ആദ്യ പതിപ്പിലാണ്. തന്റെ ലേഖനത്തിൽ പോർട്ടുഗീസ് സാഹിത്യത്തെപ്പറ്റി പറഞ്ഞുപോകുന്നതിനിടയിൽ ഒരു പോർട്ടുഗീസ് ചിത്രകാരന്റെ ജീവിതം ചിത്രീകരിച്ചിരിക്കുന്ന വിസ്മൃതിയിലാണ്ടുപോയ ഒരു പുസ്തകത്തെ പരാമർശിക്കുന്ന ഭാഗത്താണ് 'A very amazing and unique specimen of autobiography' എന്ന പദം പ്രയോഗിച്ചിരിക്കുന്നത്. ഒറ്റ പദമായി വിവക്ഷിച്ചുകൊണ്ടാണ് ഉപയോഗിച്ചതെങ്കിലും ഓട്ടോ (auto) എന്നതും ബയോഗ്രഫി (biography) എന്നതും വേർതിരിയത്തക്കവിധം ശൃംഖല (hyphen) ഉപയോഗിച്ചിരിക്കുന്നു. "ഒരു തരം ജീവിതം തന്നെയാണ് ആത്മകഥ" എന്ന് ആത്മകഥയെ ഗ്രഹാം ഗ്രീൻ നിർവചിച്ചിരിക്കുന്നു. ജീവിച്ചു തീർത്ത ജീവിതം വീണ്ടും ജീവിക്കുകയാണ് ആത്മകഥകളിൽ ചെയ്യുന്നത്.

ഒരു വ്യക്തി തന്റെ തന്നെ ജീവിതത്തിലേയ്ക്ക് നടത്തുന്ന അന്വേഷണങ്ങളാണ് ആത്മകഥ എന്നു പറയാം. ജീവിതത്തിന്റെ വിവിധഘട്ടങ്ങളിൽ പല വ്യക്തികളോടും താൻ എങ്ങനെ ഇടപെട്ടു, വ്യത്യസ്ത സംഭവങ്ങളെ എങ്ങനെ സ്വീകരിച്ചു, അതിനോട് എപ്രകാരം പ്രതികരിച്ചു, വിവിധ സാഹചര്യങ്ങളോട് ഏതു രീതിയിൽ താദാത്മ്യം പ്രാപിച്ചു, ജീവിതത്തിലെ നിർണ്ണായക നിമിഷങ്ങൾ ഏതു രീതിയാലാണ് അതിജീവിച്ചത്, എന്നെല്ലാമുള്ള അന്വേഷണങ്ങൾ ഉൾക്കൊള്ളുന്നവയാണ് ഓരോ ആത്മകഥകളും. അതുകൊണ്ട് ആത്മകഥകൾ ഒരു വ്യക്തിയുടെ ജീവിതത്തിലേക്കുള്ള തിരിഞ്ഞുനോട്ടമാകുമ്പോൾ തന്നെ അന്വേഷണാത്മകവുമാകുന്നു.

SGOU

ഒരു വ്യക്തി തന്റെ ജീവിതം കരുപ്പിടിപ്പിച്ചത് എപ്രകാരമാണെന്ന് സ്വയം നടത്തുന്ന അന്വേഷണമാണ് ആത്മകഥ. വർത്തമാനകാലത്തെ വ്യക്തിയെ രൂപപ്പെടുത്തിയ ജീവിതപശ്ചാത്തലങ്ങളേയും വ്യക്തികളേയും ചിന്തകളേയും കുറിച്ച് അയാൾതന്നെ നടത്തുന്ന അന്വേഷണമായും ആത്മകഥയെ നിർവചിക്കാം. ഒരു വ്യക്തി രൂപപ്പെടുന്നത് അയാളുടെ ജീവിതപശ്ചാത്തലങ്ങൾ, കുടുംബം, സമൂഹം, ചിന്തകൾ, പ്രസ്ഥാനങ്ങൾ ഇവയുടെ എല്ലാം സ്വാധീനഫലമായാണ്. അതിനാൽ വ്യക്തിയെ വർത്തമാനകാല അവസ്ഥയിലേക്ക് പരുവപ്പെടുത്തിയ ഭൂതകാലസാഹചര്യങ്ങളെ കുറിച്ച് നടത്തുന്ന അന്വേഷണത്തിൽ ഇത്തരം ഘടകങ്ങളുടെ പ്രസക്തി അനിവാര്യമാണ്.

ആത്മകഥയുടെ ആത്മാവ് വസ്തുതയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. വസ്തുതകളുടെ ക്രമാനുഗതമായ ചിത്രീകരണത്തിലൂടെ ഒരു വ്യക്തിയുടെ ജീവിതം ചിത്രീകരിക്കാനാണ് ആത്മകഥ ലക്ഷ്യമാക്കുന്നത്. എന്നാൽ ആത്മകഥയിലെ വസ്തുതകളുടെ ചിത്രീകരണം ചരിത്രകാരൻ വസ്തുതകളെ ചിത്രീകരിക്കുന്നതിൽ നിന്ന് ഏറെ വ്യത്യസ്തമാണ്. ചരിത്രകാരൻ സംഭവങ്ങളുടെ അനന്തരഫലങ്ങളെപ്പറ്റി ബോധവാനായിരിക്കുമ്പോൾ ആത്മകഥാകാരൻ സംഭവങ്ങളെ അതേപടി സ്വീകരിക്കുവാനും ചിത്രീകരിക്കുവാനുമാണ് ശ്രമിക്കുന്നത്. സംഭവം ആത്മകഥയുമായി ബന്ധപ്പെട്ട വ്യക്തിയെ എപ്രകാരം ബാധിച്ചിരിക്കുന്നു എന്നല്ലാതെ ആ സംഭവം സമൂഹത്തിലുണ്ടാക്കിയ പ്രത്യാഘാതങ്ങളെപ്പറ്റിയോ മാറ്റങ്ങളെപ്പറ്റിയോ ചിത്രീകരിക്കേണ്ടതിന്റെ ആവശ്യം ആത്മകഥ എഴുതുന്നവർക്കില്ല. ആത്മകഥാകാരൻ തന്റെ ജീവിതത്തിലെ അനുഭവങ്ങളോടും സംഭവങ്ങളോടും സത്യസന്ധനായിരിക്കണം എന്നത് ആത്മകഥാരചന ആവശ്യപ്പെടുന്നുണ്ടെങ്കിലും അയാൾ സംഭവങ്ങളുടെ ക്രമാനുഗതവും കാലാനുക്രമവുമായ ചിത്രീകരണം സാധ്യമാക്കണമെന്ന് നിർബന്ധമില്ല.

ആത്മകഥ ജീവിതകഥയായതുകൊണ്ട് തന്നെ എഴുതുന്നയാളിന്റെ മനഃസംഘർഷങ്ങൾ അതിലൂടെ പ്രതിഫലിക്കുന്നുണ്ട്. എഴുത്തുന്ന വ്യക്തിയുടെ മനഃസംഘർങ്ങളുടെ ഫലമാണ് ആത്മകഥ. ജയിലിലെ വിരസമായ വിശ്രമാവസ്ഥയെ മറികടക്കാൻ വേണ്ടി ജവഹർലാൽ നെഹ്റു ആത്മകഥാരചനയിലേർപ്പെട്ടത് ഇതിനുദാഹരണമാണ്. നാളെയെന്ത് എന്ന ചോദ്യത്തിൽ പരീക്ഷീണനായിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ഇന്ത്യയെക്കുറിച്ചുള്ള സ്വപ്നങ്ങളും പ്രതീക്ഷകളുമാണ് അദ്ദേഹത്തിന്റെ ആത്മകഥയിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. എല്ലാ ആത്മകഥകളും കേന്ദ്രീകരിച്ചിരിക്കുന്നത് വ്യക്തിയുടെ ജീവിതം ആയതിനാൽ ആത്മകഥ എന്ന സാഹിത്യരൂപത്തിന് നാല് വ്യത്യസ്ത ഘടകങ്ങൾ വെളിപ്പെടുന്നു. വസ്തുനിഷ്ഠത, അപഗ്രഥനാത്മകത, സ്വത്വാന്വേഷണപരത, ആത്മവിശ്വാസം എന്നിവയാണ് ഈ നാല് ഘടകങ്ങൾ. ആത്മകഥയിൽ ചിത്രീകരിക്കപ്പെടുന്ന വ്യക്തിയുടെ ജീവിതത്തിന്റെ രേഖപ്പെടുത്തലുകളാണ് ആത്മകഥയെ രൂപപ്പെടുത്തുകയും അതിന്റെ സ്വഭാവം നിർണ്ണയിക്കുകയും ചെയ്യുന്നത്.

**സ്ത്രീ സ്വത്വരൂപീകരണവും ആത്മകഥയും**

കുടുംബാന്തരീക്ഷം, സമുദായം, ആചാരനുഷ്ഠാനങ്ങൾ, സമരങ്ങൾ, സംഘർഷങ്ങൾ, ഇടപെടുന്ന സ്ഥലം, കേൾക്കുന്ന കാണുന്ന കാഴ്ചകളും മാതൃകകളും, ഭക്ഷണ ശീലങ്ങൾ, വസ്ത്രധാരണരീതി എന്നിങ്ങനെ നിരവധി ഘടകങ്ങൾ സ്വത്വനിർമ്മിതിയിൽ ഇടപെടുന്നുണ്ട്. ഈ സ്വത്വനിർമ്മിതിയുടെ തുടർച്ചയിലാണ് വ്യക്തിയും വ്യക്തിയുടെ സ്വത്വപ്രകാശനം എന്ന നിലയിൽ ആത്മകഥയും എന്ന് പറയാം. മലയാളത്തിൽ പുരുഷ ആത്മകഥയുണ്ടായി ഒരു വ്യാഴവട്ടക്കാലത്തിനുശേഷം മാത്രമാണ് സ്ത്രീ ആത്മകഥകൾ കടന്നുവന്നത്. സ്ത്രീയുടെ പ്രതികരണങ്ങൾ, അവൾ ജീവിക്കുന്നത് പുരുഷകേന്ദ്രിതമായ സമൂഹത്തിലായതുകൊണ്ടുതന്നെ പലപ്പോഴും പുരുഷനിർമ്മിതമായ മുൻവിധികൾക്കനുസരിച്ചാണ് രൂപപ്പെടുന്നത്. ഈ മുൻവി

ധികളാണ് സ്ത്രീ ആത്മകഥകളിൽ നിന്നും പെരുമാറ്റങ്ങളിൽ നിന്നും ചിലത് പ്രതീക്ഷിക്കാൻ സമൂഹത്തെ പ്രേരിപ്പിക്കുന്നത്. ഓരോ സ്ത്രീയും ബോധപൂർവമോ അബോധപൂർവമോ ആയി സ്വയം നിലനിർത്തിപ്പോരുന്നതും ഇത്തരം ചില മുൻധാരണകളാണ്.


മറ്റു സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് കർതൃത്വം എന്ന ഘടകത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സങ്കേതമാണ് ആത്മകഥ. വ്യത്യസ്തമായ സാംസ്കാരികാനുഭവങ്ങളാണ് കർതൃത്വത്തെ നിർണ്ണയിക്കുന്നതെന്നതുകൊണ്ടുതന്നെ ആത്മകഥയെ സ്ത്രീ പുരുഷൻ എന്നീ വേർതിരിവുകളോടെ തന്നെ സമീപിക്കേണ്ടതുണ്ട്. രണ്ടു വിഭാഗത്തിന്റെയും സമൂഹത്തിലെ സ്ഥാനമാനങ്ങൾ വ്യത്യസ്തമായതുകൊണ്ടുതന്നെ ഇവരുടെ ആത്മകഥകളിൽ നിന്നും അനുഭവപരവും ആവിഷ്കാരപരവുമായ വ്യത്യാസങ്ങൾ കണ്ടെടുക്കാനാവും. ഇക്കാരണത്താലാണ് ഫെമിനിസ്റ്റുകൾ പുരുഷനിർമ്മിതമായ ആത്മകഥകളെ സൂചിപ്പിക്കുന്ന ഓട്ടോബയോഗ്രഫി' (Autobiography) എന്ന പദത്തെ മാറ്റിക്കൊണ്ട് 'ഓട്ടോഗൈനോഗ്രഫി' (Autogynography) എന്ന പദത്തെ പകരംവെച്ചത്.

മലയാളത്തിൽ ആദ്യകാലത്ത് എഴുതപ്പെട്ട സ്ത്രീ ആത്മകഥകളിൽ വലിയൊരു ശതമാനവും ഭർത്താക്കന്മാരെക്കുറിച്ചെഴുതപ്പെട്ട സ്മരണകളാണ്. ഭർത്താവാണ് തങ്ങളുടെ ലോകത്തിലെ ദൈവമെന്ന് സ്ത്രീകളെ പഠിപ്പിച്ച പുരുഷാധിപത്യ പ്രത്യയശാസ്ത്രത്തിന്റെ പ്രതിനിധാനമാണ് ഇത്തരം ആത്മകഥകൾ ഉത്പാദിപ്പിക്കുന്നത്. വ്യാഴവട്ട സ്മരണകൾ (1916) മുതൽ പത്മരാജൻ എന്റെ ഗന്ധർവ്വൻ (1993) വരെ നീളുന്ന ഒരു നീണ്ട നിര തന്നെ ഈ വിഭാഗത്തിലുണ്ട്. ആദ്യകാലത്ത് മലയാളത്തിലെഴുതപ്പെട്ട സ്ത്രീ ആത്മകഥകളെല്ലാം തന്നെ ഓരോ സാമൂഹിക രംഗത്തെക്കുറിച്ചുള്ള സ്മരണകളാണ്. രാഷ്ട്രീയം - സാമുദായികം - സാംസ്കാരികം എന്നീ മേഖലകളിൽ ഉൾപ്പെട്ട ഈ കൃതികൾ അങ്ങനെ നോക്കുമ്പോൾ ചരിത്രത്തിന്റെ നാൾവഴി പുസ്തകങ്ങൾ തന്നെയാണ്. ചരിത്ര പുസ്തകങ്ങളേക്കാളുപരിയായി ചരിത്രസംഭവങ്ങളെ അനുഭവങ്ങളിലൂടെ വിലയിരുത്താൻ ആത്മകഥയ്ക്ക് സാധിക്കുന്നു. അക്കമ്മ ചെറിയാന്റെയും ദേവയാനിയുടെയും അജിതയുടെയുമെല്ലാം ആത്മകഥകൾ ഇത്തരത്തിൽ നോക്കുമ്പോൾ വലിയ ചരിത്രസംഭവങ്ങളെയാണ് വിലയിരുത്തുന്നത് എന്നു കാണാം. രാഷ്ട്രീയ മേഖലയിൽ പ്രവർത്തിച്ച സ്ത്രീകളുടെ ആത്മകഥകളാണ് ഭാരതി ഉദയഭാനു, ആനിതയ്യിൽ, അക്കമ്മ ചെറിയാൻ, ലീലാദാമോദര മേനോൻ, കെ. ദേവയാനി, അജിത എന്നിവരുടേത്.

മലയാളത്തിലെ സ്ത്രീ ആത്മകഥകളുടെ ചരിത്രം പരിശോധിച്ചാൽ ആത്മകഥയെ ജനപ്രിയവും ജനകീയവുമാക്കാൻ സഹായിച്ചത് മാധവിക്കുട്ടിയാണെന്നു കാണാം. സ്ത്രീ തന്റെ സ്വത്വരൂപീകരണം സാധ്യമാക്കിയത് നിരവധി സംഘർഷങ്ങൾക്കും ബലതന്ത്രങ്ങൾക്കും ഇടയിലാണ്. വ്യത്യസ്തമായ ജീവിതാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വൈവിധ്യമാർന്ന സ്വത്വബോധമാണ് സ്ത്രീ നേടിയെടുക്കുന്നത്. ആധുനികാനന്തര കാലത്ത് എഴുതപ്പെട്ട ആത്മകഥകളിൽ സ്ത്രീയുടെ അനുഭവ പരിസരങ്ങൾക്കും ചേർത്തു നിൽപ്പിനും വലിയ ഇടം കണ്ടെത്തുകയുണ്ടായി എന്ന് കാണാം. മലയാളത്തിലെഴുതപ്പെട്ട സ്ത്രീ ആത്മകഥകൾ ഒരേ സ്വരത്തിൽ പരാതിപ്പെടുന്നത് പുരുഷാധിപത്യ സമൂഹത്തെക്കുറിച്ചാണ്. പുരുഷാധിപത്യ പ്രത്യയശാസ്ത്രങ്ങൾ നിറഞ്ഞ സമൂഹവും അതിന്റെ സദാചാര - ധാർമ്മിക മൂല്യങ്ങളും തങ്ങളുടെ ജീവിതത്തെ എങ്ങനെ ബാധിച്ചു എന്നാണ് ഓരോ എഴുത്തുകാരിയും ആത്മകഥയിലൂടെ പങ്കുവയ്ക്കുന്നത്. കേരളത്തിലെ വിവിധ സമുദായങ്ങളിലെ സ്ത്രീയനുഭവങ്ങൾ എങ്ങനെയാണെന്നും അവ എങ്ങനെ സ്ത്രീ ജീവിതത്തിൽ പ്രതിനിധാനം ചെയ്യുന്നുവെന്നും സ്ത്രീ ആത്മകഥകളിൽ നിന്ന് വായിച്ചെടുക്കാം. സമൂഹത്തിലെ ആചാരങ്ങളും വിശ്വാസങ്ങളും സ്ത്രീകളുടെ ജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിക്കുന്നുവെന്നും അവളുടെ ജീവിതത്തെ നിർണ്ണയിക്കുന്നതിൽ ഇടപെട്ടുവെന്നും പ്രതിപാദിക്കുന്നുവെന്നതാണ് സ്ത്രീ ആത്മകഥകളുടെ മുഖ്യ സവിശേഷത.

SGOU

**ഭാഗ്യലക്ഷ്മി (1962)**



മലയാള സിനിമയിലെ പ്രശസ്തയായ ഡബ്ബിങ്ങ് ആർട്ടിസ്റ്റ്. നാലു പതിറ്റാണ്ടിലധികമായി മലയാള സിനിമയിലെ സജീവ സാന്നിധ്യമാണ്. വിവിധ ചലച്ചിത്രങ്ങളിലായി 170- ലധികം നായികമാർക്ക് ശബ്ദം നൽകി. പത്താം വയസ്സിൽ ബാലതാരങ്ങൾക്ക് ശബ്ദം നൽകിക്കൊണ്ടാണ് സിനിമയിൽ എത്തിയത്. 1977-ലെ അപരാധി എന്ന ചിത്രത്തിലൂടെയാണ് ഡബ്ബിംഗ് രംഗത്ത് സജീവമായത്. കേരള ചലച്ചിത്ര അക്കാദമി ഏർപ്പെടുത്തിയ മികച്ച ഡബ്ബിങ് ആർട്ടിസ്റ്റിനുള്ള ആദ്യ അവാർഡ് ഉൾപ്പടെ മൂന്ന് തവണ അവാർഡ് നേടി. മാക്ടയുടെ ഡബ്ബിങ്ങ് യൂണിയന്റെ ജനറൽ സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയിൽ ജനറൽ കൗൺസിൽ മെമ്പർ തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഫെഫ്ക ഡബ്ബിങ് യൂണിയന്റെ വൈസ് പ്രസിഡന്റും ഫെഫ്ക യൂണിയന്റെ ജോയിന്റ് സെക്രട്ടറിയുമായി പ്രവർത്തിച്ചിട്ടുണ്ട്. ആത്മകഥയായ 'സ്വരഭേദങ്ങൾ' എന്ന കൃതിയ്ക്ക് 2013-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

**'സ്വരഭേദങ്ങൾ'**

ഡബ്ബിങ് ആർട്ടിസ്റ്റായ ഭാഗ്യലക്ഷിമയുടെ 'സ്വരഭേദങ്ങൾ' എന്ന ആത്മകഥയിൽ നിന്നും എടുത്തിട്ടുള്ളതാണ് പ്രസ്തുത ഭാഗം. കോഴിക്കോട് ബാലമന്ദിരത്തിലും മദ്രാസിലും വെച്ചുള്ള ബാല്യകാലാനുഭവങ്ങളാണ് ഒറ്റപ്പെട്ടുപോയ കുട്ടി എന്ന ഭാഗത്ത് എഴുത്തുകാരി പങ്കു വയ്ക്കുന്നത്. ഏകാന്തത നിറഞ്ഞ ദുരിതാനുഭവങ്ങളാണ് ഇവിടെ നിറഞ്ഞു നിൽക്കുന്നത്. ഒറ്റപ്പെട്ടുപോയ കുട്ടി എന്ന ആദ്യഭാഗം മുതൽ അവസാന താളുകൾ വരെ വായിക്കുമ്പോൾ ജീവിതത്തിന്റെ പ്രഹരങ്ങളനേകം ഏറ്റുവാങ്ങി മുന്നോട്ടു പോയ ഭാഗ്യലക്ഷമിയുടെ ജീവിത ചിത്രം തെളിഞ്ഞു വരുന്നു.

## Keywords

ബാല്യം - ഏകാന്തത - അനുഭവവും ഓർമ്മയും - ബാലഭവനിലെ ദിനങ്ങൾ - കുടുംബം - ലിംഗപദവി

## Discussion

ആത്മകഥ ഒരാളുടെ സ്വത്വവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഓർമ്മകളാണ് ആത്മകഥാപരമായ രചനയെ സഹായിക്കുന്ന പ്രധാന ഘടകം എന്നു പറയാം. ഭൂതകാലത്തെ വീണ്ടെടുക്കൽ എന്നതുകൊണ്ട് തന്നെ ആത്മകഥാരചന സൃഷ്ടിപരമായ ഓർമ്മയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആത്മകഥ എഴുതുന്നതിന് ആത്മകഥാരചയിതാവിന് ശക്തമായ ഓർമ്മയുടെ പിൻബലം ആവശ്യമാണ്. ഈ ശക്തമായ ഓർമ്മകൊണ്ട് മാത്രമേ വിദൂരമായ ഭൂതകാലത്തെ വീണ്ടെടുക്കാനും പുനഃസൃഷ്ടിക്കാനും കഴിയൂ. ആത്മകഥ എഴുതുന്ന വ്യക്തിയുടെ ഭൂതകാലത്തിലെ ഒരു പ്രത്യേക കാലഘട്ടവും സമയവുമൊക്കെ ഈ സ്മരണകളുടെ പിൻബലത്തോടെ ആവിഷ്കരിക്കപ്പെടുന്നു. ശക്തമായ ഓർമ്മകൾക്കുടമയായ ഒരു ആത്മകഥാരചയിതാവിന് തന്റെ കുട്ടിക്കാലവുമായി ബന്ധപ്പെട്ട ഓർമ്മകൾ പോലും അതിന്റെ വിശദാംശങ്ങളോടെ ആത്മകഥയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നു. ആ നിലയിൽ ശ്രദ്ധേയമായ ഒരു അധ്യയമാണ് ഭാഗ്യലക്ഷ്മിയുടെ ആത്മകഥയിലെ ഒറ്റപ്പെട്ടു പോയ കുട്ടി എന്ന ഭാഗം.

കോഴിക്കോട് വെള്ളിമാടക്കുന്ന് ബാലമന്ദിരത്തിലേക്ക് നിരവധി വർഷങ്ങൾക്കു ശേഷം

SGOU

തിരിച്ചു വരുന്നതിൽ നിന്നാണ് ലേഖികയുടെ ഒറ്റപ്പെട്ട ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകളുടെ തുടക്കം. ഒരിക്കൽ അവർ അവിടുത്തെ അന്തേവാസിയായിരുന്നു. ആദ്യമായി അവിടേക്ക് അമ്മ കൊണ്ടുചെന്നാക്കിയപ്പോൾ അന്ന് അലറി വിളിച്ചു കരഞ്ഞു. അവിടെ വെച്ചാണ് ആദ്യമായി ലേഖിക തന്റെ ചേച്ചിയായ ഇന്ദിരയെയും ഏട്ടനായ ഉണ്ണിയേട്ടനെയും കാണുന്നത്. ഭാഗ്യലക്ഷ്മിയ്ക്ക് ഓർമ്മ വയ്ക്കും മുമ്പ് അച്ഛൻ മരിച്ചിരുന്നു. ജോലിക്ക് പോവാനും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനുമുള്ള സൗകര്യത്തിനാണ് അമ്മ അവരെ അവിടെയാക്കിയത്.

അവിടെ അവർക്ക് സുമതി എന്നൊരു കൂട്ടുകാരിയെ കിട്ടുകയും അവൾ അവിടുത്തെ ജീവിതരീതികൾ പരിചയപ്പെടുത്തുകയും ചെയ്തു. സ്കൂളിലും ബാലമന്ദിരത്തിലുമുള്ള ഏകാന്തതയും കർശനമായ ചിട്ടകളും ഭാഗ്യലക്ഷ്മിയെ ഒരു നിഷേധിയാക്കി മാറ്റി. പഠിപ്പിക്കുന്ന അധ്യാപകരെയും സഹപാഠികളെയും അവൾ വെറുത്തു. അകാരണമായി തന്നെ ഉപദ്രവിക്കുന്നവർക്കെതിരെ അവൾ കർശനമായി പ്രതികരിക്കാൻ തുടങ്ങി.

ബാലമന്ദിരത്തിലെ ജീവിതത്തിനിടയിൽ അവർ അനുഭവിച്ച സ്നേഹസ്പർശങ്ങളെ ഓർത്തെടുക്കുകയാണ് ഭാഗ്യലക്ഷ്മി. അങ്ങനെയിരിക്കെ ചെറുപ്പത്തിൽ ഒരു കടുത്ത പനി ഭാഗ്യലക്ഷ്മിയെ പിടികൂടി. കുട്ടിയായിരുന്ന ഭാഗ്യലക്ഷ്മി ആകെ തളർന്നു പോയി. ആ ദിവസങ്ങളിൽ (മൂന്നു നാലു ദിവസം) അമ്മ അവിടേയ്ക്ക് വന്ന് കൂട്ടിരുന്ന അനുഭവം ഭാഗ്യലക്ഷ്മി ഓർത്തെടുക്കുന്നു. അമ്മയുടെ കരുതലും കരുണയും ഹൃദയത്തിൽ സൂക്ഷിക്കാനുള്ള ഒരു ഓർമ്മയായി മാറി. ബാലമന്ദിരത്തിൽ താൻ അനുഭവിച്ചിരുന്ന ഏകാന്തതയിൽ നിന്ന്, ഒറ്റപ്പെടലിൽ നിന്ന് ജീവിതത്തോടുള്ള ചേർത്തു പിടിയ്ക്കലായി ആ ഓർമ്മ നിലനിൽക്കുന്നു.

മറ്റൊരു അനുഭവം കൂടി ഭാഗ്യലക്ഷ്മി പങ്കുവയ്ക്കുന്നുണ്ട്. ഒരിക്കൽ തിളച്ച ചായ ദേഹത്തേയ്ക്ക് തട്ടിമറിഞ്ഞ് എഴുത്തുകാരിക്ക് ഗുരുതരമായ പൊള്ളലേറ്റു. വേദനയും നീറ്റലും കൊണ്ട് ഉള്ള് പിടഞ്ഞു. പൊള്ളിയ ഭാഗത്ത് പഴുത്ത വ്രണങ്ങൾ പൊന്തി നിന്നു. ഏട്ടൻ സ്നേഹത്തോടെ വൃത്തിയാക്കി തന്നതും തന്നെ ആശ്വസിപ്പിച്ചതും ഭാഗ്യലക്ഷ്മി ഓർക്കുന്നുണ്ട്.

ബാലമന്ദിരത്തിൽ വെച്ചുണ്ടായ മറ്റൊരു പ്രധാന സംഭവം ഒരു സ്വാതന്ത്ര്യദിനത്തിൽ എ.വി. കുട്ടിമാളു അമ്മയും അവരുടെ സുന്ദരിയായ മകൾ ലക്ഷ്മിയും കൂടെ ഭാഗ്യലക്ഷ്മിയുടെ അമ്മയും കൂടി അവിടം സന്ദർശിച്ചതാണ്.

ബാലമന്ദിരത്തിലെ സൂപ്രണ്ട് അമ്മമ്മ നൽകിയ ചില പ്രത്യേക പരിഗണനകളും സ്നേഹവുമാണ് മറക്കാനാവാത്ത ചില അനുഭവങ്ങൾ. ഇടയ്ക്ക് വേനലവധിക്ക് ചേട്ടന്റെയും ചേച്ചിയുടെയും ഒപ്പം അമ്മാമൻമാരുടെ വീട്ടിൽ പോയി താമസിച്ചതും ചേതോഹരമായ ഓർമ്മകളാണ്.

ബാലമന്ദിരത്തിൽ പാട്ടുമത്സരത്തിലും നൃത്തത്തിലുമെല്ലാം പങ്കെടുത്ത് അവർ സമ്മാനങ്ങൾ വാങ്ങുകയുണ്ടായി. മാത്രമല്ല സൂപ്രണ്ട് അമ്മൂമ്മയുടെ ഉപദേശത്താൽ ധിക്കാരവും വികൃതിയും ഉപേക്ഷിക്കാനും ലേഖിക തയ്യാറായി. ബാലമന്ദിരത്തിൽ വെച്ചുള്ള മറ്റൊരോർമ്മ തന്നെ ശകാരിച്ച അധ്യാപികയെ അസഭ്യം പറഞ്ഞതിന് തല്ലു കിട്ടുമെന്ന് പേടിച്ച് അലമാരയുടെ പുറകിൽ ഒളിച്ചിരുന്നതും ഒടുവിൽ പോലീസിലറിയിക്കും എന്നായപ്പോൾ പുറത്തു വന്നതുമാണ്. അന്നും ലേഖികയ്ക്ക് രക്ഷയായത് സൂപ്രണ്ട് അമ്മൂമ്മയാണ്.

അങ്ങനെയിരിക്കെ നാലാം ക്ലാസു കഴിഞ്ഞ വെക്കേഷനിൽ കമലവല്യമ്മ വന്ന് എട്ടാം ക്ലാസ് കഴിഞ്ഞ ഏട്ടനെയും കൂട്ടി മദ്രാസിലേക്ക് പോയി. അതോടെ ബാലമന്ദിരത്തിലെ ജീവിതം അവസാനിച്ചു. വല്യമ്മയുടെ തൊഴിൽ നടി ശാരദക്ക് മലയാളം പഠിപ്പിച്ചു കൊടുക്കലായിരുന്നു. അവിടെ താമസിച്ചിരുന്ന ചെറിയമ്മയുടെ മകൾ ട്യൂഷനെടുക്കും. അങ്ങനെയൊക്കെ കഷ്ടിമുഷ്ടി ജീവിച്ചു. അങ്ങനെയിരിക്കെ അമ്മയും അവരുടെ കൂടെ താമസമാക്കി.

അതിനിടെ അമ്മക്ക് ക്യാൻസർ ബാധിച്ചു. മദ്രാസ് ജനറൽ ആശുപത്രിയിലായിരുന്നു ചികിത്സ. ഗർഭപാത്രം എടുത്തു കളഞ്ഞെങ്കിലും ക്യാൻസർ വല്ലാതെ പടർന്നിരുന്നു. ചെറിയ വീ

SGOU

ട്ടിൽ താമസിക്കാൻ ബുദ്ധിമുട്ടായതിനാൽ അതിനിടെ അവർ കോടമ്പാക്കത്തേക്ക് താമസം മാറ്റി. ദാരിദ്ര്യം കൊണ്ട് പല ദിവസവും പട്ടിണിയായിരുന്നു. തൊട്ടടുത്ത വീട്ടിലെ ഷണ്മുഖണ്ണൻ പലപ്പോഴും സഹായിച്ചു. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ഭാഗ്യത്തെ സിനിമയിൽ അഭിനയിപ്പിക്കാം എന്ന് കമലവല്യമ്മ തീരുമാനിച്ചെങ്കിലും അമ്മ എതിർത്തു. അമ്മയുടെ അസുഖവും ദാരിദ്ര്യവും കാരണം പഠിപ്പും മുടങ്ങി.

ഏതായാലും ഈ കാരണത്താൽ വല്യമ്മയുമായി പിണങ്ങി അമ്മ മക്കളെയും കൂട്ടി അവിടെ നിന്നും യാത്രയായി. വളരെ കഷ്ടപ്പെട്ട് അവർ എത്തിച്ചേർന്നത് ബാലമന്ദിരത്തിൽ വരാറുണ്ടായിരുന്ന ലക്ഷ്മിയമ്മയുടെ വീട്ടിലാണ്. അധികനാൾ അവിടെ നിൽക്കാതെ അവർ മറ്റൊരു വാടക വീട്ടിലേക്ക് മാറി. ലക്ഷ്മിയമ്മയുടെ സാമ്പത്തിക സഹായവും അവർക്കുണ്ടായിരുന്നു. ശിവൻ കോവിൽ തെരുവിലെ ഒരു വീടാണ് വാടകക്കെടുത്തത്. അവിടെ അടുത്ത് താമസിച്ചിരുന്ന മലയാളിയായ എലൈറ്റ് ഹോട്ടലിന്റെ ഉടമസ്ഥന്റെ സഹായത്തോടെ അമ്മ മക്കളെ വീണ്ടും സ്കൂളിൽ ചേർത്തു. അമ്മക്ക് അടുത്തുള്ള ഒരു പ്ലാസ്റ്റിക് കമ്പനിയിൽ അദ്ദേഹം ഒരു ജോലിയും തയ്യാറാക്കിക്കൊടുത്തു.

ലേഖികയുടെ ജീവിതത്തിലെ നല്ല നാളുകളായിരുന്നു അവ. നല്ല നാളുകൾ പെട്ടെന്ന് നീങ്ങി. അമ്മ വീണ്ടും അസുഖബാധിതയായി ആശുപത്രിയിലായി. വല്യമ്മയെ വിവരമറിയിക്കാൻ അമ്മ സമ്മതിച്ചില്ല. ആശുപത്രിയും വീടുമായി ഭാഗ്യലക്ഷ്മിയുടെ ജീവിതം കഷ്ടപ്പാടുകളുടേതായി. അങ്ങനെയിരിക്കെ യാദൃശ്ചികമായി വല്യമ്മയെ കണ്ടുമുട്ടിയ ഭാഗ്യലക്ഷ്മി വിവരങ്ങളെല്ലാം അവരെ അറിയിച്ചു. അന്ന് സാമ്പത്തികമായും വളരെ കഷ്ടപ്പാടിലായിരുന്നു. ഏതായാലും വല്യമ്മയുടെ സാമ്പത്തിക സഹായം വളരെ രക്ഷയായി. ഒരു ദിവസം നിവൃത്തികേടുകൊണ്ട് ലേഖികയെ കൂട്ടിക്കൊണ്ടുപോവാൻ അമ്മ ഏർപ്പാടാക്കിയ ദമ്പതികൾ ആസ്പത്രിയിൽ വന്നു. അവിടെ നിന്നും കുതറിയോടിയ ലേഖിക പിന്നെ രണ്ടു മൂന്നു ദിവസത്തേക്ക് ആസ്പത്രിയിൽ പോയില്ല. ഒടുവിൽ ചേട്ടനാണ് ഇനി അമ്മ ആരുടെ ഒപ്പവും നിന്നെ പറഞ്ഞയക്കില്ല എന്ന് ധൈര്യം കൊടുത്തത്.

അങ്ങനെ വീണ്ടും ആസ്പത്രിയിലെത്തിയ ലേഖിക കാണുന്നത് ഡോക്ടർമാരും നേഴ്സുമാരും അമ്മക്കു ചുറ്റും കൂടി നിന്ന് ട്യൂബൊക്കെ വലിച്ചൂരുന്ന കാഴ്ചയാണ്. അമ്മ മരിച്ചു എന്ന കാര്യം അവർ അവളെ ധരിപ്പിച്ചു. ചേട്ടൻ സ്കൂളിലും വല്യമ്മ പിണക്കത്തിലുമായതിനാൽ ഒപ്പം മറ്റാരുമില്ലെന്നറിഞ്ഞ അവർ മറ്റൊരാളെയും കൂട്ടി ആംബുലൻസിൽ വീട്ടിലേക്ക് പറഞ്ഞയച്ചു. ഒരു ഡോക്ടർ കൈയിൽ നൂറു രൂപയും നൽകി.

> "ഇക്കാലഘട്ടത്തിൽ ദുസ്സഹമായേക്കാവുന്ന ജീവിതഭൂമികയിൽ വളർന്നു വരേണ്ട പെൺകുട്ടികൾക്കും, വീട്ടമ്മമാർക്കും കരുത്ത് പകരുന്ന ഒരു പാഠപുസ്തകമാണിത്. താങ്ങാൻ പശ്ചാത്തലശക്തികളൊന്നുമില്ലാത്ത ഒരു സ്ത്രീക്ക് തന്റേടത്തോടെ ജീവിക്കാനുള്ള ആത്മവിശ്വാസം പകരുന്ന കൃതി'' എന്ന് ആമുഖത്തിൽ സത്യൻ അന്തിക്കാട് അഭിപ്രായപ്പെട്ടിരിക്കുന്നു.

വീട്ടിലെത്തിയപ്പോൾ അടുത്തുള്ളവരെല്ലാം ഓടിക്കൂടിയ ബഹളത്തിനിടയിൽ ഡോക്ടർ നൽകിയ നൂറു രൂപയും ചുരുട്ടിപ്പിടിച്ച് ലേഖിക വിവരം പറയാൻ വല്യമ്മയുടെ വീട്ടിലേക്കോടി.

### അവലോകനം

ഒരുവ്യക്തിയുടെ ബാല്യകാലം മുതലുള്ള പ്രത്യേകിച്ച് ഓർമ്മ ആരംഭിക്കുന്നത് മുതലുള്ള ജീവിതാനുഭവങ്ങൾ അയാൾ സ്വന്തമായി ആവിഷ്കരിക്കുന്ന ഇടമാണ് ആത്മകഥ എന്ന് പറയാം. ഇത്തരം ജീവിതാനുഭവങ്ങൾ ആത്മകഥയ്ക്ക് വിഷയമാകുന്ന വ്യക്തിയുടെ ആന്തരികവും ബാഹ്യവുമായ ജീവിതത്തെ കേന്ദ്രീകരിച്ചുള്ളവയായിരിക്കും. സ്വന്തം വ്യക്തിത്വത്തെ കുറിച്ചുള്ള ഉറച്ച ബോധ്യമാണ് ആത്മകഥാരചനയിലേയ്ക്ക് വ്യക്തിയെ നയിക്കുന്നത്. ആത്മകഥാരചന എന്നത് ഒരേ സമയം കണ്ടെത്തലും സൃഷ്ടിയും ഉൾച്ചേർന്നിരിക്കുന്ന ഒരു സാഹിത്യ രൂപമാണ്. ഒരുവ്യക്തിയെ സൃഷ്ടിക്കുന്നത് അയാളുടെ ജീവിതപരിസ

രങ്ങളാണ് എന്ന തിരിച്ചറിവിനോടൊപ്പം തന്നെ പ്രധാനമാണ് ഒരാളുടെ ജീവിതപരിസരം നിർണ്ണയിക്കുന്നത് അയാളുടെ തിരഞ്ഞെടുപ്പു തന്നെയാണെന്നുള്ള വസ്തുതയും.

ആ നിലയിൽ താൻ കടന്നുവന്ന ജീവിത വഴികൾ പകർത്തുകയാണ് സ്വരഭേദങ്ങൾ എന്ന ആത്മകഥയിലൂടെ ഭാഗ്യലക്ഷ്മി. ഡബ്ബിംഗ് ആർട്ടിസ്റ്റ് എന്ന നിലയിൽ അവരെ രൂപപ്പെടുത്തിയെടുത്ത അവരുടെ ജീവിതത്തിലെ കയറ്റിറക്കങ്ങളുടെ സ്വരഭേദങ്ങളാണ് ആത്മകഥയിൽ ആവിഷ്കരിച്ചിരിക്കുന്നത്. ആത്മകഥയ്ക്ക് നൽകിയിരിക്കുന്ന പേരും ആ നിലയിൽ സൂക്ഷ്മത പുലർത്തുന്നതാണ്. ദാരിദ്ര്യവും ഒറ്റപ്പെടലും നിറഞ്ഞ ചുറ്റുപാടുകളിൽ നിന്നുമാണ് പ്രശസ്തമായ നിലയിലേക്ക് അവർ ഉയർന്നു പോയത്. വിവരണത്തിലെ സത്യസന്ധത ഭാഷാശൈലിയിൽ പ്രതിബിംബിക്കുന്നുണ്ട്. അനേകം പേർക്ക് ജീവിതം തിരിച്ചു പിടിക്കാൻ പ്രത്യാശ നൽകുന്നതാണ് ദുരന്താനുഭവങ്ങൾ നിറഞ്ഞ ഈ ആത്മകഥ.

വ്യക്തിത്വ രൂപീകരണത്തിൽ ബാല്യകാല അനുഭവങ്ങൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. ഒരു വ്യക്തിയിൽ അന്തർലീനമായിരിക്കുന്ന ആകുലതകളെ, നിസ്സഹായതയെ, ഭയത്തെ പരുവപ്പെടുത്തുന്നതിൽ ബാല്യകാലം പങ്കു വഹിക്കുന്നുണ്ട്. ആത്മകഥാരചനയിൽ ഓർമ്മകൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. രചയിതാവിന്റെ ജീവിതത്തെ പുനഃസൃഷ്ടിക്കുക എന്ന ധർമ്മത്തോടൊപ്പം തന്നെ അത്തരം ജീവിതം നയിക്കാൻ ആ വ്യക്തിയെ പ്രാപ്തനാക്കിയ നിരവധിയായ ഘടകങ്ങൾ ഏതാണെന്ന് കണ്ടെത്താനും ആത്മകഥയിൽ ശ്രമിക്കുന്നുണ്ട്. ആത്മകഥയുടെ സവിശേഷമായ ചിത്രീകരണരീതികൊണ്ടു തന്നെ അത് സമാനമായ മറ്റ് സാഹിത്യരൂപങ്ങളിൽ നിന്ന് വേറിട്ടുനിൽക്കുന്നു. ആത്മകഥയിൽ എഴുത്തുകാരൻ / എഴുത്തുകാരി തന്നെ സ്വന്തം ജീവിതം എഴുതുന്നതു കൊണ്ടു തന്നെ തന്റെ സ്വത്വചിത്രീകരണത്തോടും മറ്റ് വ്യക്തികളെയും സംഭവങ്ങളെയും ചിത്രീകരിക്കുന്നതിലും ഒരു സമതുലനം നിലനിർത്താൻ എപ്പോഴും ബദ്ധശ്രദ്ധനായിരിക്കേണ്ടതുണ്ട്. ഭാഗ്യലക്ഷ്മിയുടെ ആത്മകഥയായ സ്വരഭേദങ്ങളിലെ ഒന്നാമത്തെ അധ്യായമാണ് പാഠഭാഗമായി നൽകിയിരിക്കുന്നത്. ബാല്യകാലത്ത് ഭാഗ്യലക്ഷ്മി അനുഭവിച്ച ഒറ്റപ്പെടലിന്റെ ആകെ തുകയാണ് ഈ അധ്യായം. ബാലഭവനിലെ ജീവിതത്തിനിടയിൽ ഉടനീളം അവർ ചേർത്തുപിടിച്ച കരങ്ങളെക്കുറിച്ചാണ് ഓർത്തെടുക്കുന്നത്. പനി പിടിച്ചപ്പോൾ കുറച്ചു ദിവസം അമ്മ ഒപ്പം ഇരുന്നതും പൊള്ളൽ ഏറ്റപ്പോൾ സഹോദരൻ ശുശ്രൂഷിച്ചതും കുഞ്ഞു മനസ്സിനെ സ്വാധീനിച്ചിരുന്നതായി കാണാം. കുഞ്ഞ് മനസ്സിന് ഏറ്റ മുറിവുകളെ തണുപ്പിക്കാൻ പാകത്തിനുള്ള സ്നേഹ സ്പർശങ്ങളായി ഓരോ കരുതലുകളെയും അവർ കണ്ടെടുക്കുന്നു.

## Recap

- ആത്മകഥാ സാഹിത്യം
- സ്ത്രീ ആത്മകഥകൾ
- ലിംഗ പദവിയും രാഷ്ട്രീയവും
- ആത്മകഥയും ഓർമ്മയും
- ആദ്യകാല ആത്മകഥകൾ
- ജീവിതവും അനുഭവവും
- കോഴിക്കോട് വെള്ളിമാട്കുന്ന് ബാലമന്ദിരത്തിലേക്ക് നിരവധി വർഷങ്ങൾക്കു ശേഷം തിരിച്ചു വരുന്ന സന്ദർഭം
- ലേഖികയുടെ ഒറ്റപ്പെട്ട ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകളുടെ തുടക്കം
- അവിടെ വെച്ചാണ് ആദ്യമായി ലേഖിക തന്റെ ചേച്ചിയായ ഇന്ദിരയെയും ഏട്ടനായ ഉണ്ണിയേട്ടനെയും കാണുന്നത്

SGOU

- ജോലിക്ക് പോവാനും കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനുമുള്ള സൗകര്യത്തിനാണ് അമ്മ അവരെ അവിടെയാക്കിയത്
- അവിടെ അവർക്ക് സുമതി എന്നൊരു കൂട്ടുകാരിയെ ലഭിച്ചു
- സുമതി അവിടുത്തെ ജീവിതരീതികൾ പരിചയപ്പെടുത്തി
- സ്കൂളിലും ബാലമന്ദിരത്തിലുമുള്ള ഏകാന്തതയും കർശനമായ ചിട്ടകളും ഭാഗ്യലക്ഷ്മിയെ ഒരു നിഷേധിയാക്കി മാറ്റി.
- അങ്ങനെയിരിക്കെ ഒരു കടുത്ത പനി ലേഖികയെ പിടികൂടുന്നു
- മൂന്നു നാലു ദിവസം അമ്മ കൂട്ടിരിക്കുകയും ചെയ്തു.
- മറ്റൊരിക്കൽ തിളച്ച ചായ തട്ടിമറിഞ്ഞ് ലേഖികയ്ക്ക് ഗുരുതരമായ പൊള്ളലേറ്റു.
- പൊള്ളിയത് പഴുത്ത പ്രണങ്ങൾ ഏട്ടൻ സ്നേഹത്തോടെ വൃത്തിയാക്കി തന്നതും തന്നെ ആശ്വസിപ്പിച്ചതും ലേഖിക ഓർക്കുന്നുണ്ട്
- ബാലമന്ദിരത്തിൽ വെച്ചുണ്ടായ മറ്റൊരു പ്രധാന സംഭവം ഒരു സ്വാതന്ത്ര്യദിനത്തിൽ എ.വി. കുട്ടിമാളു അമ്മയും അവരുടെ സുന്ദരിയായ മകൾ ലക്ഷ്മിയും കൂടെ ലേഖികയുടെ അമ്മയും കൂടി അവിടം സന്ദർശിച്ചതാണ്.
- ബാലമന്ദിരത്തിലെ സൂപ്രണ്ട് അമ്മമ്മ
- അമ്മമ്മ നൽകിയ ചില പ്രത്യേക പരിഗണനകളും സ്നേഹവുമാണ് മറക്കാനാവാത്ത ചില അനുഭവങ്ങൾ
- അങ്ങനെയിരിക്കെ നാലാം ക്ലാസു കഴിഞ്ഞ വെക്കേഷനിൽ കമല വല്യമ്മ വന്ന് എട്ടാം ക്ലാസ് കഴിഞ്ഞ ഏട്ടനെയും കൂട്ടി മദ്രാസിലേക്ക് പോയി. അതോടെ ബാലമന്ദിരത്തിലെ ജീവിതം അവസാനിച്ചു
- അതിനിടെ അമ്മക്ക് ക്യാൻസർ ബാധിച്ചു. മദ്രാസ് ജനറൽ ആശുപത്രിയിലായിരുന്നു ചികിത്സ.
- ഗർഭപാത്രം എടുത്തു കളഞ്ഞെങ്കിലും ക്യാൻസർ വല്ലാതെ പടർന്നിരുന്നു
- സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ഭാഗ്യത്തെ സിനിമയിൽ അഭിനയിപ്പിക്കാം എന്ന് കമല വല്യമ്മ തീരുമാനിച്ചെങ്കിലും അമ്മ എതിർത്തു.
- അമ്മയുടെ അസുഖവും ദാരിദ്ര്യവും കാരണം പഠിപ്പും മുടങ്ങി.
- ഏതായാലും ഈ കാരണത്താൽ വല്യമ്മയുമായി പിണങ്ങി അമ്മ മക്കളെയും കൂട്ടി അവിടെ നിന്നും യാത്രയായി
- അടുത്ത് താമസിച്ചിരുന്ന മലയാളിയായ എലൈറ്റ് ഹോട്ടലിന്റെ ഉടമസ്ഥന്റെ സഹായത്തോടെ അമ്മ മക്കളെ വീണ്ടും സ്കൂളിൽ ചേർത്തു.
- അമ്മക്ക് അടുത്തുള്ള ഒരു പ്ലാസ്റ്റിക് കമ്പനിയിൽ അദ്ദേഹം ഒരു ജോലിയും തയ്യാറാക്കിക്കൊടുത്തു
- അമ്മ വീണ്ടും അസുഖബാധിതയായി ആശുപത്രിയിലായി.
- വല്യമ്മയെ വിവരമറിയിക്കാൻ അമ്മ സമ്മതിച്ചില്ല. ആശുപത്രിയും വീടുമായി ലേഖികയുടെ ജീവിതം കഷ്ടപ്പാടുകളുടേതായി.
- ലേഖികയെ കൂട്ടിക്കൊണ്ടുപോവാൻ അമ്മ ഏർപ്പാടാക്കിയ ദമ്പതികൾ ആസ്പത്രിയിൽ വന്നു.
- അവിടെ നിന്നും കുതറിയോടിയ ലേഖിക പിന്നെ രണ്ടു മൂന്നു ദിവസത്തേക്ക് ആസ്പത്രിയിൽ പോയില്ല.
- ഒടുവിൽ ചേട്ടനാണ് ഇനി അമ്മ ആരുടെ ഒപ്പവും നിന്നെ പറഞ്ഞയക്കില്ല എന്ന് ധൈര്യം കൊടുത്തത്.



SGOU

- അങ്ങനെ വീണ്ടും ആസ്പത്രിയിലെത്തിയ ലേഖിക കാണുന്നത് ഡോക്ടർമാരും നേഴ്സുമാരും അമ്മക്കു ചുറ്റും കൂടി നിന്ന് ട്യൂബൊക്കെ വലിച്ചൂരുന്ന കാഴ്ചയാണ്.
- അമ്മ മരിച്ചു എന്ന കാര്യം അവർ അവളെ ധരിപ്പിച്ചു
- ഒരു ഡോക്ടർ കൈയിൽ നൂറു രൂപയും നൽകി
- വീട്ടിലെത്തിയപ്പോൾ അടുത്തുള്ളവരെല്ലാം ഓടിക്കൂടിയ ബഹളത്തിനിടയിൽ ഡോക്ടർ നൽകിയ നൂറു രൂപയും ചുരുട്ടിപ്പിടിച്ച് ഭാഗ്യലക്ഷ്മി വിവരം പറയാൻ വല്യമ്മയുടെ വീട്ടിലേക്കോടി

## Objective Type Questions

1. ഭാഗ്യലക്ഷ്മി ബാലികാസദനത്തിൽ എത്തിച്ചേർന്നതെങ്ങനെ?
2. ബാലികാസദനത്തിലെ ഭാഗ്യലക്ഷ്മിയുടെ കൂട്ടുകാരി ആര്?
3. ഭാഗ്യലക്ഷ്മിയുടെ സഹോദരങ്ങൾ ആരെല്ലാമായിരുന്നു?
4. അച്ഛനെപ്പറ്റിയുള്ള ഭാഗ്യലക്ഷ്മിയുടെ ഓർമ്മകൾ എന്തെല്ലാം?
5. ബാലികാസദനത്തിൽ വെച്ച് ഭാഗ്യലക്ഷ്മിയ്ക്ക് പൊള്ളലേൽക്കാൻ ഇടയായതെങ്ങനെ?
6. സ്വാതന്ത്ര്യദിനത്തിൽ ബാലികാസദനത്തിലെ സന്ദർശകർ ആരെല്ലാമായിരുന്നു?
7. ഭാഗ്യലക്ഷ്മി അലമാരയ്ക്ക് പിന്നിൽ ഒളിച്ചിരിക്കാൻ ഇടയായ സാഹചര്യം എന്ത്?
8. ഭാഗ്യലക്ഷ്മി വികൃതിയെല്ലാം കുറയ്ക്കാൻ തീരുമാനിച്ചതെന്തുകൊണ്ട്?
9. ഭാഗ്യലക്ഷ്മി ബാലികാസദനം വിടാൻ ഇടയായതെങ്ങനെ?
10. മദ്രാസിൽ ഭാഗ്യലക്ഷ്മിയെയും കുടുംബത്തെയും സാമ്പത്തികമായി സഹായിച്ചതാരെല്ലാം?
11. ആശുപത്രിയിൽ നിന്നും ഭാഗ്യലക്ഷ്മി ഇറങ്ങിയോടാൻ കാരണമെന്ത്?
12. ബാലമന്ദിരം സ്ഥിതിചെയ്യുന്നത് എവിടെയാണ്?
13. ഭാഗ്യലക്ഷ്മിയുടെ അമ്മ എന്തിനാണ് കുട്ടികളെ ബാലമന്ദിരത്തിൽ ചേർത്തത്?
14. ഭാഗ്യലക്ഷ്മിയ്ക്ക് ബാലമന്ദിരത്തിൽ ലഭിച്ച ആദ്യ സുഹൃത്ത് ആര്?
15. ഭാഗ്യലക്ഷ്മിയുടെ ചേച്ചിയുടെ പേര് എന്ത്?
16. ഭാഗ്യലക്ഷ്മിയുടെ ഏട്ടന്റെ പേര് എന്ത്?
17. ഭാഗ്യലക്ഷ്മിയുടെ സ്വഭാവത്തിൽ ഉണ്ടായ മാറ്റം എന്ത്?
18. പൊള്ളലേറ്റ ഭാഗ്യലക്ഷ്മിയെ ആശ്വസിപ്പിച്ചതാര്?
19. ബാലമന്ദിരത്തിലെ സൂപ്രണ്ടിനെ ഭാഗ്യലക്ഷ്മി എന്തെന്ന് വിളിച്ചു?
20. ഭാഗ്യലക്ഷ്മി പങ്കെടുത്ത മത്സരങ്ങൾ എന്തെല്ലാം?

## Answers

1. അമ്മ ജോലിക്ക് പോകാനും കുട്ടികളെ പഠിപ്പിക്കാനും സൗകര്യമൊരുക്കാൻ ഭാഗ്യലക്ഷ്മിയെ ബാലികാസദനത്തിൽ കൊണ്ടാക്കി.
2. സുമതി.
3. ചേച്ചി ഇന്ദിരയും ഏട്ടൻ ഉണ്ണിയേട്ടനും.
4. ഭാഗ്യലക്ഷ്മിയ്ക്ക് ഓർമ്മവയ്ക്കും മുമ്പ് തന്നെ അച്ഛൻ മരിച്ചു, അതിനാൽ വ്യക്തമായ ഓർമ്മകളൊന്നുമില്ല.
5. തിളച്ച ചായ തട്ടിമറിഞ്ഞതിനാൽ ഗുരുതരമായ പൊള്ളലേറ്റു.

SGOU

6. എ.വി. കുട്ടിമാളു അമ്മ, അവരുടെ മകൾ ലക്ഷ്മി, കൂടാതെ ഭാഗ്യലക്ഷ്മിയുടെ അമ്മ.
7. ഒരു അധ്യാപികയെ അസഭ്യം പറഞ്ഞതിനാൽ ശിക്ഷ കിട്ടുമെന്ന് ഭയന്ന് അലമാരയ്ക്ക് പിന്നിൽ ഒളിച്ചു.
8. സൂപ്രണ്ട് അമ്മൂമ്മയുടെ ഉപദേശത്തെ തുടർന്ന്.
9. നാലാം ക്ലാസ് കഴിഞ്ഞപ്പോൾ വല്യമ്മ വന്ന് ഏട്ടനെയും കൂട്ടി മദ്രാസിലേക്ക് പോയതോടെ ബാലികാസദനത്തിലെ ജീവിതം അവസാനിച്ചു.
10. ഷണ്മുഖണ്ണൻ, ലക്ഷ്മിയമ്മ, എലൈറ്റ് ഹോട്ടലിന്റെ ഉടമസ്ഥൻ, കൂടാതെ വല്യമ്മ.
11. അമ്മ തന്നെ മറ്റൊരാളുടെ കൂടെ അയക്കാൻ ശ്രമിച്ചതിനാൽ ഭയന്ന് ആശുപത്രിയിൽ നിന്നും ഇറങ്ങിയോടി.
12. കോഴിക്കോട് വെള്ളിമാട്കുന്നിൽ.
13. ജോലി ചെയ്യാനും കുട്ടികളെ പഠിപ്പിക്കാനുമുള്ള സൗകര്യത്തിനായി.
14. സുമതി.
15. ഇന്ദിര.
16. ഉണ്ണിയേട്ടൻ.
17. ഒരു നിഷേധിയായി മാറി.
18. ഉണ്ണിയേട്ടൻ
19. അമ്മമ്മ.
20. പാട്ടും നൃത്തവും.

## Assignments

1. ബാലമന്ദിരത്തിലെ അനുഭവങ്ങൾ ഭാഗ്യലക്ഷ്മിയുടെ വ്യക്തിത്വരൂപീകരണത്തിൽ ഉണ്ടാക്കിയ സ്വാധീനം വിശകലനം ചെയ്യുക.
2. ദാരിദ്ര്യം, രോഗം, സാമൂഹിക അസുരക്ഷിതാവസ്ഥ എന്നിവ ഭാഗ്യലക്ഷ്മിയുടെ ജീവിതത്തിൽ എങ്ങനെ പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു എന്ന് വിമർശനാത്മകമായി പരിശോധിക്കുക.
3. മാതൃത്വവും ത്യാഗവും എന്ന ആശയം ഭാഗ്യലക്ഷ്മിയുടെ അമ്മയുടെ കഥാപാത്രത്തിലൂടെ എങ്ങനെ പ്രതിഫലിക്കുന്നു?
4. ബാല്യത്തിലെ മാനസിക സംഘർഷങ്ങൾ ഭാഗ്യലക്ഷ്മിയുടെ പെരുമാറ്റത്തിലും സാമൂഹിക ബന്ധങ്ങളിലും എങ്ങനെ പ്രതിഫലിക്കുന്നു എന്ന് വിശദീകരിക്കുക.
5. സ്വരഭേദങ്ങൾ എന്നആത്മകഥയിലെ സത്യസന്ധതയും ഭാഷാശൈലിയും വായനക്കാരനിൽ സൃഷ്ടിക്കുന്ന സ്വാധീനം വിലയിരുത്തുക
6. ഭാഗ്യലക്ഷ്മിയുടെ 'സ്വരഭേദങ്ങൾ' എന്ന ആത്മകഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

SGOU

## Reference


1. ഭാഗ്യലക്ഷ്മി, സ്വരഭേദങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം.
2. വിജയാലയം ജയകുമാർ, ആത്മകഥാസാഹിത്യം മലയാളത്തിൽ, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
3. കെ.എം. ജോർജ് (എഡി.) ആധുനിക മലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
4. സൗമ്യദാസൻ, ആത്മകഥ, ആഖ്യാനത്തിലെ പെണ്ണകങ്ങൾ, മൈത്രി ബുക്സ്, തിരുവനന്തപുരം.


## Suggested Reading


1. James, (Ed.) Autobiography: Essays Theoretical and Critical, Princeton University Press, 1980.
2. ഇ.വി. രാമകൃഷ്ണൻ (എഡി), സ്ത്രീ സ്വത്വം സമൂഹം: മാധവിക്കുട്ടി പഠനങ്ങൾ, പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.
3. പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, സമ്പൂർണ്ണ മലയാളസാഹിത്യചരിത്രം, കറന്റ് ബുക്സ്, കോട്ടയം.
4. വി.സി. ഹാരിസ്, ആത്മകഥ ജീവിതം സമൂഹം നിരൂപണം, റെയിൻബോ ബുക്സ്, കോഴിക്കോട്.


SGOU

BLOCK - 03

# ജീവചരിത്രം

SGOU

# യൂണിറ്റ് - 1
# ഒരു വലിയ മുഹൂർത്തത്തിന്റെ പശ്ചാത്തലം (നാരായണഗുരുസ്വാമി)

**എം.കെ. സാനു**

## Learning Outcomes

- ജീവചരിത്രസാഹിത്യത്തെക്കുറിച്ച് അറിവു നേടുന്നു
- എം.കെ. സാനുവിന്റെ ജീവചരിത്രരചനാശൈലി പരിചയപ്പെടുന്നു
- നാരായണഗുരുവിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നു
- അരുവിപ്പുറം പ്രതിഷ്ഠയുടെ പ്രാധാന്യം തിരിച്ചറിയുന്നു

## Prerequisite

ജീവചരിത്രം എന്നാൽ ഒരു വ്യക്തിയുടെ ജീവിതത്തിന്റെ വിശദമായ വിവരണമാണ്. വിദ്യാഭ്യാസം, ജോലി, ബന്ധങ്ങൾ, മരണം തുടങ്ങിയ അടിസ്ഥാന വസ്തുതകൾ മാത്രമല്ല നിരവധി സംഭവങ്ങളും സൂക്ഷ്മവിവരണങ്ങളും ഇതിൽ ഉൾപ്പെടുന്നു. ഒരു ജീവചരിത്രം ഒരു വ്യക്തിയുടെ ജീവിതത്തിന്റെ വിവിധവശങ്ങൾ ഉയർത്തിക്കാട്ടുന്നു. വ്യക്തിയുടെ അനുഭവങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടെ, വ്യക്തിത്വത്തിന്റെ വിശകലനം ഇതിൽ ഉൾപ്പെട്ടേക്കാം. ജീവചരിത്ര കൃതികൾ സാധാരണയായി നോൺ-ഫിക്ഷൻ ആണ്, എന്നാൽ ഒരു വ്യക്തിയുടെ ജീവിതത്തെ ചിത്രീകരിക്കാൻ ഫിക്ഷൻ ഉപയോഗിക്കാം. സാഹിത്യം മുതൽ സിനിമ വരെയുള്ള വൈവിധ്യമാർന്ന മാധ്യമങ്ങളിലെ സൃഷ്ടികൾ ജീവചരിത്രം എന്നറിയപ്പെടുന്ന വിഭാഗമായി മാറുന്നു. ഒരു അംഗീകൃത ജീവചരിത്രം ഒരു വിഷയത്തിന്റെ അല്ലെങ്കിൽ ആ വിഷയത്തിന്റെ അവകാശികളുടെ അനുമതി, സഹകരണം, ചിലപ്പോൾ പങ്കാളിത്തം എന്നിവയോടെയാണ് എഴുതുന്നത്. ചരിത്രത്തിലെ ആദ്യകാല സാഹിത്യവിഭാഗമാണ് ജീവചരിത്രം.

ജീവചരിത്രസാഹിത്യത്തിന്റെ രൂപം, സാധാരണയായി സാങ്കല്പികമല്ലാത്തതായി കണക്കാക്കപ്പെടുന്നു, ഇതിന്റെ വിഷയം ഒരു വ്യക്തിയുടെ ജീവിതമാണ്. സാഹിത്യ ആവിഷ്കാരത്തിന്റെ ഏറ്റവും പഴക്കമുള്ള രൂപങ്ങളിലൊന്നായ ഇത്, ഒരു മനുഷ്യന്റെ ജീവിതത്തെ വാക്കുകളിൽ പുനർനിർമ്മിക്കാൻ ശ്രമിക്കുന്നു. രചയിതാവിന്റെ ചരിത്രപരമോ വ്യക്തിപരമോ ആയ വീക്ഷണകോണിൽ നിന്ന് മനസ്സിലാക്കിയതുപോലെ ഓർമ്മകളിൽ സൂക്ഷിച്ചിരിക്കുന്നതുൾപ്പെടെ ലഭ്യമായ എല്ലാ തെളിവുകളും ഉപയോഗിച്ച് എഴുതുന്നതും വാക്കാലുള്ളതും ചരിത്രപരമായ ഘടകങ്ങൾ ഉൾച്ചേരുന്നതുമായ രചനാസങ്കേതമാണ് ജീവചരിത്രസാഹിത്യം.

ലോകത്തെ ആദ്യ ജീവചരിത്രകാരൻ പ്രാചീന ഗ്രീസിൽ ജീവിച്ചിരുന്ന പ്ലൂട്ടാർക്ക് ആണെന്ന് കരുതപ്പെടുന്നു. 16-ാം നൂറ്റാണ്ടോടെയാണ് ഒരു സാഹിത്യശാഖയെന്നനിലയിൽ ജീവചരിത്രം യൂറോപ്യൻ നാടുകളിൽ അംഗീകരിക്കപ്പെടുന്നത്. 18-ാം നൂറ്റാണ്ടിലെ ജീവചരിത്രശാഖ സജീവവും സംപുഷ്ടവുമാണെന്ന് കാണാം. മലയാളത്തിൽ ഇംഗ്ലീഷിന്റെ ചുവടുപിടിച്ചാണ് ജീവചരിത്രശാഖ വളരുന്നത്. 1895-ൽ വിശാഖം തിരുനാളും കേരളവർമ്മയും മറ്റും ചേർന്ന് വിവർത്തനം ചെയ്ത മഹത്ചരിത സംഗ്രഹമാണ് (A Treasury of Great Men) ആദ്യത്തെ ജീവച

SGOU

രിത്രകൃതി. മലയാളത്തിൽ ഏറ്റവുമധികം ജീവചരിത്രങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രീനാരായണഗുരുവിനെക്കുറിച്ചാണ്. കേരള നവോത്ഥാനത്തിന്റെ അമരത്ത് നിലകൊള്ളുന്ന ഗുരുവിനെപ്പറ്റി വ്യത്യസ്തമായ ജീവചരിത്രങ്ങൾ ഇപ്പോഴും പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്നു പരിഭാഷകളായും സ്വതന്ത്രരചനകളായും. രാഷ്ട്രീയനേതാക്കൾ, ആത്മീയനേതാക്കൾ, സാഹിത്യകാരന്മാർ എന്നിവരൊക്കെ ഒട്ടനവധി ജീവചരിത്രങ്ങൾ ഇപ്പോഴും എഴുതിക്കൊിരിക്കുന്നു. എം.കെ. സാനുവിന്റെ 'നാരായണഗുരുസ്വാമി', 'ചങ്ങമ്പുഴ കൃഷ്ണപിള്ള നക്ഷത്രങ്ങളുടെ സ്നേഹഭാജനം' തുടങ്ങിയ ജീവചരിത്രങ്ങൾ അക്കാദമികരംഗത്ത് ഏറെ ശ്രദ്ധിക്കപ്പെട്ടവയാണ്.



നാരായണഗുരുവിന്റ ജീവിതത്തെക്കുറിച്ചറിയാൻ എല്ലാവർക്കും ആകാംക്ഷയുണ്ട്. ഈ ആകാംക്ഷയെ പൂരിപ്പിക്കുന്ന സാഹിത്യരൂപമാണ് ആത്മകഥയും ജീവചരിത്രവും. ആത്മകഥ വ്യക്തി സ്വയം എഴുതുന്നതും, ജീവചരിത്രം വ്യക്തിയുടെ ചരിത്രം മറ്റൊരാൾ എഴുതുന്നതുമായ സാഹിത്യരൂപങ്ങളാണ്. നാരായണഗുരു ആത്മകഥ എഴുതിയിട്ടില്ലാത്തതിനാൽ അദ്ദേഹത്തെക്കുറിച്ച് കൂടുതൽ അറിയാനായി നമ്മെ സഹായിക്കുന്നത് ജീവചരിത്രകൃതികളാണ്. അദ്ദേഹത്തിന്റെ ജീവചരിത്രങ്ങൾ നിരവധി പേർ എഴുതിയിട്ടുമുണ്ട്. കുമാരനാശാൻ (നാരായണഗുരു), പി.കെ. ബാലകൃഷ്ണൻ (നാരായണഗുരു), നിത്യചൈതന്യയതി (നാരായണഗുരു), എസ്. രമേശൻനായർ (ഗുരുപൗർണ്ണമി), പെരുമ്പടവം ശ്രീധരൻ (നാരായണം), ഡോ.ടി. ഭാസ്കരൻ (ശ്രീനാരായണഗുരു), കെ. ദാമോദരൻ (ശ്രീ നാരായണഗുരുസ്വാമി ജീവചരിത്രം), എം.കെ. സാനു (നാരായണഗുരുസ്വാമി) എന്നിവ പ്രധാനപ്പെട്ട രചനകളാണ്. എം.കെ. സാനു ജീവചരിത്രങ്ങൾ രചിക്കുന്നതിൽ വളരെയധികം തല്പരനാണ്. ചങ്ങമ്പുഴ, എം.സി. ജോസഫ്, ബഷീർ, പി.കെ. ബാലകൃഷ്ണൻ എന്നിവരുടെ ജീവചരിത്രങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അധ്യാപകനും വാഗ്മിയുമായ അദ്ദേഹം ജീവചരിത്രം, ഉപന്യാസം, ബാലസാഹിത്യം എന്നിങ്ങനെയുള്ള സാഹിത്യമേഖലകളിൽ നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്.

**പ്രധാന കൃതികൾ**

പ്രഭാതദർശനം, സഹോദരൻ കെ. അയ്യപ്പൻ, മലയാള സാഹിത്യനായകന്മാർ – കുമാരനാശാൻ, ഇവർ ലോകത്തെ സ്നേഹിച്ചവർ, എം. ഗോവിന്ദൻ, അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക്, കുന്തീദേവി, സാഹിത്യദർശനം, കർമ്മഗതി, എഴുത്തിന്റെ നാനാർഥങ്ങൾ, ആശാൻ പഠനത്തിന് ഒരു മുഖവുര, മൃത്യുഞ്ജയം കാവ്യജീവിതം, ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം (ജീവചരിത്രം) യുക്തിവാദി എം.സി. ജോസഫ് (ജീവചരിത്രം) ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ (ജീവചരിത്രം) അസ്തമിക്കാത്ത വെളിച്ചം (ആൽബർട്ട് ഷ്വൈറ്റ്സറുടെ ജീവചരിത്രം) ഉറങ്ങാത്ത മനീഷി (പി.കെ. ബാലകൃഷ്ണന്റെ ജീവചരിത്രം) എന്നിവ പ്രധാന കൃതികളാണ്. വയലാർ അവാർഡ് (1992), കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (2011), കേരള സാഹിത്യ അക്കാദമിയുടെ സമഗ്രസംഭാവനക്കുള്ള പുരസ്കാരം (2002), പത്മപ്രഭാ പുരസ്കാരം (2011), എൻ.കെ. ശേഖർ പുരസ്കാരം (2011), കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം (2011), കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുരസ്കാരം (2010), എഴുത്തച്ഛൻ പുരസ്കാരം (2013) എന്നീ പുരസ്കാരങ്ങൾക്ക് അർഹനായിട്ടുണ്ട്.

SGOU

## Keywords

എം.കെ. സാനുവിന്റെ സാഹിത്യകൃതികൾ - ജീവചരിത്രങ്ങൾ - ശ്രീനാരായണഗുരു - നവോത്ഥാനനായകൻ - അരുവിപ്പുറം ശിവലിംഗ പ്രതിഷ്ഠ - ഗുരുദേവന്റെ ആപ്തവാക്യങ്ങൾ - ഗുരുവിന്റെ സാഹിത്യസംഭാവനകൾ - എസ്.എൻ.ഡി.പി.

## Discussion

എം.കെ. സാനു രചിച്ച 'നാരായണഗുരുസ്വാമി' എന്ന ജീവചരിത്രത്തിലെ ഒരധ്യായമാണ് പഠനവിഷയം. 1976-ൽ സാഹിത്യ പ്രവർത്തക സഹകരണ സംഘം പുറത്തിറക്കിയ ഈ ഗ്രന്ഥത്തിൽ നാലു ഭാഗങ്ങളിലായി 47 അധ്യായങ്ങളാണുള്ളത്. ഒന്നും രണ്ടും മൂന്നും ഭാഗങ്ങളിൽ പതിനഞ്ചു അധ്യായങ്ങൾ വീതവും നാലാമത്തെ ഭാഗത്ത് രണ്ടു അധ്യായവുമാണുള്ളത്. ഒന്നാം ഭാഗത്തിലെ പതിനാലാമത്തെ അധ്യായമായ 'ഒരു വലിയ മുഹൂർത്തത്തിന്റെ പശ്ചാത്തല'മാണ് പാഠ്യവിഷയമായിട്ടുള്ളത്. ഈ അധ്യായത്തെ രണ്ടു ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഒന്നാം ഭാഗത്ത് അരുവിപ്പുറത്ത് നാരായണഗുരു നടത്തിയ പ്രതിഷ്ഠയെ അനുഭവതീവ്രമായി വിവരിക്കുന്നു രണ്ടാം ഭാഗത്ത് അതിന്റെ ചരിത്രപ്രാധാന്യത്തെ വിശകലനം ചെയ്യുന്നു.

ഭക്തന്മാർ വന്നു സന്ദർശിക്കുന്നതിനു വേണ്ടി ഒരു ആരാധനാകേന്ദ്രം ഉണ്ടായേ തീരൂ എന്ന് നാരായണഗുരുസ്വാമിക്കു തോന്നി. അക്കാര്യം തന്നെ കാണാൻ വരുന്ന ചെറുപ്പക്കാരോടു സൂചിപ്പിക്കുകയും ചെയ്തു. അവർ ശിവരാത്രി ദിവസം ദേവാലയ പ്രതിഷ്ഠ നടത്തണമെന്ന് തീരുമാനിക്കുന്നു. അന്നത്തെ സാധാരണക്കാരായ ആളുകളെ ആകർഷിക്കാൻ ക്ഷേത്രത്തിലൂടെയേ കഴിയൂ എന്ന് നാരായണഗുരു കരുതിയിരുന്നു. സ്വാമിയുടെ സങ്കല്പത്തിലെ ദേവാലയങ്ങൾ വിശുദ്ധിയുടെയും സാമൂഹികവളർച്ചയുടെയും കേന്ദ്രങ്ങളായിരുന്നു. ക്ഷേത്രം എന്നാൽ ഒരു കെട്ടിടം എന്നല്ല ഉദ്ദേശിച്ചത്. നദിയുടെ കിഴക്കേ തീരത്തുള്ള ഒരു പാറയെ പീഠമായി സങ്കല്പിച്ച് - അതിന്മേൽ ശിവലിംഗപ്രതിഷ്ഠ നടത്താനാണ് സ്വാമി നിശ്ചയിച്ചത്. ആ സ്ഥലം മുഴുവൻ വൃത്തിയാക്കി കുരുത്തോലയും മാവിലയും കെട്ടി മരോട്ടിക്കായ മുറിച്ച് അതിൽ എണ്ണ നിറച്ചു വിളക്കുകൾ തയ്യാറാക്കി, നാഗസ്വരവിദ്വാന്മാർ ഗാനാലാപനവും തുടങ്ങി. ധാരാളം ആളുകൾ അങ്ങോട്ടേക്കെത്തി. എല്ലാവരും നാരായണഗുരുവിനെ തിരക്കി. അദ്ദേഹം ഏകാകിയായി ധ്യാനിച്ചു കൊണ്ടിരിക്കുകയായിരുന്നു. പാതിരാത്രിയായപ്പോൾ ധ്യാനത്തിൽ നിന്നുണർന്ന ഗുരു ആറ്റിൻകരയിലേക്കു നടന്നു. നദിയിലിറങ്ങി വെള്ളത്തിൽ മുങ്ങിയ നാരായണഗുരു ശിവലിംഗവുമായി ഉയർന്നുവന്നു. കരയിലേക്ക് കയറിയ സ്വാമി ഏകദേശം മൂന്നു മണിക്കൂറോളം ആ ശിലയുമായി ധ്യാനത്തിൽ ലയിച്ചു. വെളുപ്പാൻ കാലത്ത് ഏകദേശം മൂന്നുമണിയോടെ സ്വാമി ധ്യാനത്തിൽ നിന്നുണർന്ന് സജ്ജമാക്കിയ പീഠത്തിൽ ശിവനെ പ്രതിഷ്ഠിച്ചു. കേരളചരിത്രത്തിൽ ഒരു പുതിയയുഗത്തിന്റെ പിറവി കുറിച്ച മുഹൂർത്തമായിരുന്നു അത്.

സ്വാമി നടത്തിയ അരുവിപ്പുറത്തെ ശിവലിംഗ പ്രതിഷ്ഠ ഒരു പുതിയ യുഗത്തിന്റെ പിറവിയായതെങ്ങനെ എന്നു മനസ്സിലാക്കണമെങ്കിൽ കേരളത്തിന്റെ ചരിത്രപരമായ സാഹചര്യങ്ങൾ മനസ്സിലാക്കണം. ജനത വർഗങ്ങളായാണ് അക്കാലത്ത് കഴിഞ്ഞു പോന്നിരുന്നത്. വർഗമെന്നാൽ ജാതിയെന്നർഥം. പലതട്ടുകളായി ജാതിശ്രേണിയിൽ പെട്ടു കിടന്ന സമുദായങ്ങൾ തമ്മിൽ തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലനിന്നിരുന്നു. എന്നിരിക്കിലും നിരർഥകമായ ആ ആചാരത്തോട് ആട്ടിയകറ്റപ്പെട്ടവനും അകറ്റുന്നവനും ഒരുപോലെ ആദരവായിരുന്നു. എഴുത്തച്ഛന്റെ ബ്രാഹ്മണസ്തുതിയും 1889-ൽ ഇറങ്ങിയ ഇന്ദുലേഖയിലെ 'എനിക്ക് മലയാളത്തിൽ നമ്പൂതിരിമാരെക്കാൾ അധികം ബഹുമാനമുള്ളവർ ആരുമില്ല' എന്ന വാക്കുകളും ഇതിനുദാഹരണമായി എം.കെ. സാനു നിരത്തുന്നു.

ഇപ്രകാരം ബ്രാഹ്മണമേധാവിത്വത്തിലധിഷ്ഠിതമായ ഒരു സമുദായക്രമത്തിലാണ് നാരായണഗുരു അരുവിപ്പുറത്ത് ശിവനെ പ്രതിഷ്ഠിക്കുന്നത്. ബ്രാഹ്മണർക്ക് മാത്രം പ്രതിഷ്ഠാകർമ്മങ്ങൾക്ക് അവകാശമുള്ള അക്കാലത്ത് ഗുരുദേവൻ ചെയ്

SGOU

തത് ഒരു വിപ്ലവം തന്നെയാണ്. ഈ പ്രവൃത്തിയെ ആരാധനയോടെ സാധാരണക്കാർ നോക്കിക്കണ്ടപ്പോൾ ഹൈന്ദവപൗരോഹിത്യം ഗുരുവിനെ ചോദ്യം ചെയ്യാനെത്തി. മറുപടിയായി നാരായണഗുരു നൽകിയ ഉത്തരം ഞാൻ ഈഴവശിവനെയാണ് പ്രതിഷ്ഠിച്ചത് എന്നാണ്. അത്യന്തം പ്രക്ഷോഭകരമായ മനോഭാവത്തിന് വ്യാഖ്യാനം ആവശ്യമില്ലല്ലോ. നാരായണഗുരു ഒന്നിനേയും പരസ്യമായി നിഷേധിച്ചിട്ടില്ല. പക്ഷെ ദൈവകല്പിതമെന്ന നിലയ്ക്ക് നൂറ്റാണ്ടുകളായി നിലനിന്നു പോന്ന പല അനാചാരങ്ങളേയും നിഷേധിക്കുന്ന പ്രവൃത്തികളാണ് അദ്ദേഹം ചെയ്തത്.

നാരായണഗുരു പുലർത്തിയിരുന്നത് നവീനമായ ബോധമാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് ആചാരലംഘനങ്ങൾ ചെയ്യാൻ കഴിഞ്ഞതും. ഇതെക്കുറിച്ച് സ്വാമിയുടെ ശിഷ്യനായ കുമാരനാശാൻ ഇങ്ങനെ പറയുന്നു.

> "ഇന്നലെച്ചെയ്തോരബദ്ധം - മൂഢർ -
> ക്കിന്നത്തെ യാചാരമാവാം
> നാളത്തെശ്ശാസ്ത്രമതാവാം".

ഈ നവീനബോധമാണ് അടിമത്തത്തിൽ കിടന്നിരുന്ന കേരളീയ ജനതയിൽ സ്വാതന്ത്ര്യത്തിന്റെ ആദ്യകിരണങ്ങൾ പ്രസരിപ്പിച്ചത്. മറ്റൊരു വിധത്തിലും ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറത്തെ ശിവപ്രതിഷ്ഠ ആചാരലംഘനമായിരുന്നു. ആരാധനാസമ്പ്രദായം പോലും കൃത്യമായില്ലാതെ ദൈവങ്ങളിൽ തന്നെ അധ:കൃതരാക്കി മാറ്റിനിർത്തിയിരുന്ന മാടനും മറുതയും ചാമുണ്ഡിയും അറുകൊലയും ഒറ്റമുലച്ചിയും ഭഗവതിയുമായിരുന്നു അവരുടെ ആരാധനാമൂർത്തികൾ. ഇവരെ കള്ളും ചാരായവും ബലിയും കൊണ്ടാണ് ആരാധിച്ചിരുന്നത്. ഈ സമ്പ്രദായത്തിൽ പുലരുന്ന ജനതയിലേക്കാണ് ഏകാഗ്രമായ ധ്യാനത്തോടും സാത്വികമായ അന്തരീക്ഷത്തോടും കൂടി സ്വാമി ശിവലിംഗപ്രതിഷ്ഠ അരുവിപ്പുറത്ത് നടത്തുന്നത്. ആ പ്രതിഷ്ഠയുടെ ഭാഗമായി ഒരു ശ്ലോകവും ഗുരു ചേർത്തു വച്ചു.

> "ജാതിഭേദം മതദ്വേഷം
> ഏതുമില്ലാതെ സർവരും
> സോദരത്വേന വാഴുന്ന
> മാതൃകാസ്ഥാനമാണിത്".

ഇന്നും സമകാലിക പ്രസക്തമായ ഈ ശ്ലോകം പ്രവാചകതുല്യമായ മനസ്സിന്റെ ബാക്കിപത്രമാണ്. ഇതു കൂടാതെ 'സംഘടന കൊണ്ട് ശക്തരാവുക', 'വിദ്യകൊണ്ട് സ്വതന്ത്രരാവുക' (പ്രബുദ്ധരാകുക) എന്നിങ്ങനെ രണ്ടു ആപ്തവാക്യങ്ങളും ഗുരു അനുയായികൾക്കായി നൽകി. ഗുരു നൽകിയ ഈ ഉപദേശങ്ങൾ സമൂഹത്തിൽ ഉണ്ടാക്കിയ കോളിളക്കങ്ങളാണ് എം.കെ. സാനു ബാക്കി അധ്യായത്തിലൂടെ പറയുന്നത്.

ജീവചരിത്രരചന വളരെ ലളിതവും ഒപ്പം തന്നെ ചിന്തനീയവുമാകുന്ന കാഴ്ചയാണ് എം.കെ. സാനുവിന്റെ നാരായണഗുരുസ്വാമി വായിക്കുമ്പോൾ അനുഭവവേദ്യമാകുന്നത്. ഒരു വലിയ മുഹൂർത്തത്തിന്റെ പശ്ചാത്തലം എന്ന അധ്യായം രണ്ടു ഭാഗമായി തിരിച്ച് ഒന്നിൽ അനുഭവവേദ്യമായ ഭാഷയും മറ്റൊന്നിൽ വിശകലനാത്മകമായ ഭാഷയും നൽകിക്കൊണ്ടാണ് എം.കെ. സാനു വായനക്കാരോട് സംവദിക്കുന്നത്. ഇതിലൂടെ അനുവാചക മനസ്സിൽ നാരായണഗുരുവിന്റെ ഒരു ചിത്രം പതിപ്പിക്കുക മാത്രമല്ല, അക്കാലത്തെ സാമൂഹികാവസ്ഥയെക്കുറിച്ചുള്ള വ്യക്തമായ ധാരണ കൂടി ഈ ജീവചരിത്രം നൽകുന്നുണ്ട്.

## വിശകലനം

സർഗാത്മക സാഹിത്യകൃതികളെപ്പോലെ വായനക്കാരെ ആകർഷിക്കുന്ന സാഹിത്യരൂപമാണ് ജീവചരിത്രം. വ്യത്യസ്തതയാർന്നതും അറിയപ്പെടേണ്ടതുമായ ജീവിതങ്ങളാണ് ജീവചരിത്രരചനയ്ക്കാധാരം. എല്ലാവർക്കും ജീവിതമുണ്ട്. എല്ലാവരുടെ ജീവിതത്തിനും ചരിത്രവുമുണ്ട്. എന്നാൽ ജീവചരിത്രപരതയുള്ള ജീവിതങ്ങളാണ് ജീവചരിത്രരചന ആവശ്യമാക്കിത്തീർക്കുന്നത്. "കഥാപുരുഷന്റെ മാനസിക വളർച്ചയും വ്യക്തിത്വത്തിന്റെ പ്രത്യേകതയും വായനക്കാരന്റെ ഹൃദയത്തിൽ ശക്തിയായി പതിയത്തക്ക വണ്ണം ആയാളുടെ ബാഹ്യപ്രവർത്തനങ്ങളും ആന്തരികപ്രവണതകളും കാലാനുഭവമായ രീതിയിൽ ആവിഷ്കരിച്ചിരിക്കുന്ന ഒരു ജീവിതപുനഃസൃഷ്ടിയാണ് ജീവചരിത്രമെന്ന്" ഡോ.കെ.എം. ജോർജ് ജീവചരിത്രത്തിന് നിർവചനം നൽകിയിട്ടുണ്ട്. കലാസൃഷ്ടിയെന്നനിലയിൽ തയ്യാ

SGOU

റാക്കിയ ഒരു വ്യക്തിയുടെ സത്യസന്ധമായ ജീവിതരേഖ എന്നാണ് ഹരോൾഡ് നിക്സൺ ജീവചരിത്രത്തെ വിശേഷിപ്പിക്കുന്നത്. ചരിത്രവും വ്യക്തിയും സാഹിത്യവും ശരിയായ അനുപാതത്തിൽ ഉൾച്ചേരുമ്പോഴാണ് ജീവചരിത്രം മികച്ചതാകുന്നത് എന്നുപറയാം. ഗവേഷണാത്മകതയുള്ള ജീവചരിത്രരചനയിൽ നിന്നുമാറി ഒരാളുടെ ജീവിതം കേട്ടെഴുതുന്ന ജേർണ്ണലിസ്റ്റിക് ജീവചരിത്രരചനവരെ വ്യത്യസ്തമായ കൈവഴികൾ ജീവചരിത്രസാഹിത്യത്തിന് അവകാശപ്പെടാം.

'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്' എന്ന ആപ്തവാക്യം കേൾക്കാത്തവരായി ആരും തന്നെ കാണില്ല. അത്രമാത്രം പ്രസിദ്ധിയാർജിച്ച ആ വരികൾ ശ്രീനാരായണഗുരുവിന്റേതാണ്. സാമൂഹ്യ പരിഷ്കരണരംഗത്തും സാഹിത്യരംഗത്തും വളരെയധികം സംഭാവനകൾ നൽകിയ ശ്രീനാരായണഗുരുവിന്റെ ജീവിതം മലയാളികൾക്ക് സുപരിചിതമാണ്. അദ്ദേഹത്തിന്റെ അരുവിപ്പുറത്തെ ശിവലിംഗപ്രതിഷ്ഠയും കണ്ണാടിപ്രതിഷ്ഠയും വളരെയധികം പ്രസിദ്ധിയാർജിച്ച പ്രവൃത്തികളാണ്. കേരളത്തിൽ ജാതീയമായ ഉച്ചനീചത്വങ്ങൾ അനുഭവിച്ച ജനങ്ങളുടെ ക്ഷേമത്തിനും പുരോഗതിക്കുമായി ശ്രീനാരായണഗുരു ചെയ്ത കാര്യങ്ങൾ പ്രശംസനീയമായവയാണ്. സാധാരണജനങ്ങളുടെ ഇടയിൽ നിലനിന്ന അനാചാരങ്ങളെ നീക്കം ചെയ്യാനും സമുദായത്തെ അടിമുടി പരിഷ്കരിക്കാനും നടത്തിയ ശ്രമങ്ങളാണ് അദ്ദേഹത്തെ നവോത്ഥാനനായകനാക്കിത്തീർത്തത്. ശ്രീനാരായണ ധർമ്മപരിപാലന യോഗത്തിന്റെ രൂപം കൊള്ളൽ കേരളത്തിലെ പാർശ്വവത്കൃത ജനതയുടെ നവോത്ഥാനശ്രമങ്ങൾക്ക് ആക്കം കൂട്ടി.

## Recap

- ഒരു വ്യക്തിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി എഴുതുന്നത്
- ജീവചരിത്രങ്ങൾ നോൺ ഫിക്ഷൻ സാഹിത്യം
- അറിയപ്പെടേണ്ട ജീവിതങ്ങളുടെ ചരിത്രരചന
- പ്ലൂട്ടാർക്ക് ആദ്യ ജീവചരിത്രകാരൻ
- മഹത്ചരിത സംഗ്രഹം ആദ്യ മലയാള ജീവചരിത്ര ഗ്രന്ഥം
- എം.കെ. സാനുവിന്റ നാരായണഗുരുസ്വാമി
- നാലുഭാഗങ്ങളിലായി 47 അധ്യായങ്ങൾ
- പതിനാലാമത്തെ അധ്യായം: ഒരു വലിയ മുഹൂർത്തത്തിന്റെ പശ്ചാത്തലം
- ദേവാലയങ്ങൾ വിശുദ്ധിയുടെയും സാമൂഹ്യ വളർച്ചയുടെയും കേന്ദ്രങ്ങൾ
- ശിവലിംഗ പ്രതിഷ്ഠ ഒരു പുതിയ യുഗത്തിന്റെ പിറവി
- തൊട്ടുകൂടായ്മയും തീണ്ടി കൂടായ്മയും നിലനിന്നിരുന്നു
- ബ്രാഹ്മണമേധാവിത്വത്തിൽ അധിഷ്ഠിതമായ സമുദായ ക്രമം
- ഹൈന്ദവ പൗരോഹിത്യത്തെ ചോദ്യം ചെയ്തു
- ഈഴവ ശിവനെ പ്രതിഷ്ഠിച്ചതായി പറഞ്ഞു
- ശിവപ്രതിഷ്ഠ ആചാരലംഘനം
- നിലനിന്ന അനാചാരങ്ങളെ നിഷേധിക്കുന്നു
- നാരായണ ഗുരുവിന്റേത് നവീനമായ ബോധം
- സംഘടനകൊണ്ട് ശക്തരാവുക വിദ്യകൊണ്ട് സ്വതന്ത്രരാവുക

## Objective Type Questions

1. നാരായണഗുരുസ്വാമി എന്ന ജീവചരിത്രഗ്രന്ഥം എഴുതിയതാര്?
2. ഗുരുവിനെപ്പറ്റി കുമാരനാശാൻ എഴുതിയ ജീവചരിത്രക്കുറിപ്പിന്റെ പേരെന്ത്?
3. ശ്രീനാരായണഗുരുദേവൻ ശിവപ്രതിഷ്ഠ നടത്തിയത് എവിടെയാണ്?
4. നാരായണഗുരു സമുദായക്ഷേമത്തിനായി തുടങ്ങിവച്ച യോഗത്തിന്റെ പേരെന്ത്?
5. 'എനിക്ക് മലയാളത്തിൽ നമ്പൂതിരിമാരെക്കാൾ അധികം ബഹുമാനമുള്ളവർ ആരുമില്ല' എന്ന് അഭിപ്രായപ്പെട്ടതാര്? എവിടെ?
6. 'ഇന്നലെ ചെയ്തോരബദ്ധം – മൂഢർ –
   ക്കിന്നത്തെയാചാരമാവാം
   നാളത്തെശ്ശാസ്ത്രമതാവാം' ആരുടെ വരികൾ?
7. 'ജാതിഭേദം മതദ്വേഷം
   ഏതുമില്ലാതെ സർവരും
   സോദരത്വേന വാഴുന്ന
   മാതൃകാസ്ഥാനമാണിത്'. ഈ ശ്ലോകം ഏതുപശ്ചാത്തലത്തിലാണ് രചിച്ചത്?
8. 'സംഘടന കൊണ്ട് ശക്തരാവുക',
   'വിദ്യകൊണ്ട് സ്വതന്ത്രരാവുക' (പ്രബുദ്ധരാകുക) ഈ ആപ്തവാക്യങ്ങൾ ആരുടേതാണ്?
9. സാധാരണക്കാരുടെ ആരാധനാസ്വാതന്ത്ര്യത്തിനുവേണ്ടി, നവയുഗപ്പിറവിക്കായി നാരായണഗുരു പ്രതിഷ്ഠിച്ചത് ആരെയാണ്?
10. യാഥാസ്ഥിതിക ബ്രാഹ്മണ്യത്തിന്റെ ചോദ്യങ്ങൾക്ക് നാരായണഗുരു നൽകിയ മറുപടിയെന്ത്?

SGOU

## Answers

1. എം.കെ. സാനു
2. ശ്രീനാരായണഗുരു
3. അരുവിപ്പുറത്ത്
4. ശ്രീനാരായണ ധർമ്മപരിപാലന യോഗം (എസ്.എൻ.ഡി.പി)
5. ചന്തുമേനോൻ, ഇന്ദുലേഖ എന്ന നോവലിൽ
6. കുമാരനാശാൻ
7. അരുവിപ്പുറം ശിവപ്രതിഷ്ഠ
8. ശ്രീനാരായണഗുരു
9. ശിവനെ
10. ഈഴവശിവനെയാണ് താൻ പ്രതിഷ്ഠിച്ചതെന്ന്

## Assignments

1. ജീവചരിത്രരചനയിൽ എം.കെ. സാനുവിന്റെ 'നാരായണഗുരുസ്വാമി' എന്ന ജീവചരിത്ര ഗ്രന്ഥത്തിന്റെ സ്ഥാനം അടയാളപ്പെടുത്തുക.
2. ശ്രീനാരായണഗുരുവിന്റെ അരുവിപ്പുറം പ്രതിഷ്ഠയുടെ പ്രാധാന്യം ചർച്ച ചെയ്യുക.
3. മലയാളത്തിലെ ജീവചരിത്രശാഖയെപ്പറ്റി വിലയിരുത്തുക.
4. ശ്രീനാരായണഗുരുവിനെക്കുറിച്ച് വന്നിട്ടുള്ള ജീവചരിത്രങ്ങളെ കണ്ടെത്തി വിശകലനം ചെയ്യുക.

## Reference


1. എം.കെ. സാനു, നാരായണഗുരുസ്വാമി, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. എൻ. കുമാരനാശാൻ, ശ്രീനാരായണഗുരു, പേപ്പർബാക്ക് : കിന്റിൽ എഡിഷൻ.
3. ഡോ.കെ.എം. ജോർജ്, ജീവചരിത്ര സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
4. ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ, ജീവചരിത്രസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Suggested Reading


1. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്ക്സ്, കോട്ടയം.
2. ഡോ.ടി.എം. ചുമ്മാർ, ഭാഷാ ഗദ്യസാഹിത്യ ചരിത്രം, എൻ.ബി.എസ്. കോട്ടയം.


SGOU

# യൂണിറ്റ് - 2
# ആ മനുഷ്യൻ നീ തന്നെ
# (ഇവൻ എന്റെ പ്രിയ സി.ജെ.)

**റോസി തോമസ്**

## Learning Outcomes

- ജീവചരിത്രരചനയുടെ പ്രാധാന്യം മനസ്സിലാക്കുന്നു
- ഓർമ്മക്കുറിപ്പുകളുടെ രചനാരീതി കണ്ടെത്തുന്നു
- ജീവചരിത്രാഖ്യാനമെന്ന നിലയിൽ 'ഇവൻ എന്റെ പ്രിയ സി.ജെ' എന്ന കൃതിയുടെ സവിശേഷതകൾ മനസ്സിലാക്കുന്നു
- റോസി തോമസിന്റെ സാഹിത്യലോകത്തെ പരിചയപ്പെടുന്നു

## Prerequisite

ചരിത്രം എന്നത് മനുഷ്യസംസ്കാരത്തിന്റെ ഉദയകാലം മുതലേ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. ലോകത്തിന്റെയും രാഷ്ട്രങ്ങളുടെയും ദേശങ്ങളുടെയും സമൂഹങ്ങളുടെയും ചരിത്രം പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നവയാണ് വ്യക്തികളുടെ ചരിത്രവും. സമൂഹപരിണാമത്തെക്കുറിച്ചുള്ള കൃത്യമായ ചിത്രങ്ങൾ ഉള്ളടങ്ങുന്നവയാണ് വ്യക്തിയുടെ ജീവിതം. വ്യക്തികളുടെ ചരിത്രം ആവിഷ്കരിക്കുന്ന സാഹിത്യരൂപങ്ങളാണ് അനുഭവസാഹിത്യരചനകൾ. ജീവചരിത്രവും ആത്മകഥയും ഓർമ്മക്കുറിപ്പുകളും ഡയറിക്കുറിപ്പുകളും സ്മരണകളും തൂലികാചിത്രങ്ങളും എല്ലാം ഇതിലുൾപ്പെടുന്നു. അതായത് ചരിത്രവും ആത്മകഥയും ജീവചരിത്രവും എല്ലാം ഇഴ ചേർന്നു കിടക്കുന്ന ഒരു ലോകമാണ് അനുഭവസാഹിത്യത്തിന്റേത്.

അനുഭവസാഹിത്യരൂപങ്ങൾ മലയാളത്തിൽ ഇന്ന് ഏറെ വായിക്കപ്പെടുന്ന ഒരു സാഹിത്യരൂപമാണ്. അതിൽത്തന്നെ സ്ത്രീയുടെ ജീവിതാഖ്യാനങ്ങൾക്കും പുരുഷജീവിതാഖ്യാനങ്ങൾക്കും വ്യത്യസ്തതകളുണ്ട്. പൊതുവ്യവഹാരമണ്ഡലത്തിലെ അനുഭവാഖ്യാനങ്ങൾ ചരിത്രരചനക്ക് ഉപാദാന സാമഗ്രികളുമാണ്. പൊതുവ്യവഹാരമണ്ഡലത്തിലെ ഇടപെടൽ പോലെ തന്നെ സ്ത്രീയുടെയും പുരുഷന്റെയും അനുഭവാഖ്യാനങ്ങൾക്കും ബാഹ്യവും ആന്തരികവും ആയ തലങ്ങൾ കണ്ടെത്താനാകും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ കാറൽ മാക്സിന്റെ ജീവചരിത്രം സ്വദേശാഭിമാനി എഴുതുകയുണ്ടായി. സ്വദേശാഭിമാനിയെപ്പറ്റി പത്നിയായ ബി. കല്യാണിഅമ്മ എഴുതിയ 'വ്യാഴവട്ടസ്മരണകൾ' എന്ന കൃതിയും സി.ജെ. തോമസിനെപ്പറ്റി ഭാര്യ എഴുതിയ 'ഇവൻ എന്റെ പ്രിയ സി.ജെ.' എന്ന കൃതിയും മലയാളചരിത്രത്തിലെ സവിശേഷതയാർന്ന രണ്ടു പുസ്തകങ്ങളാണ്. കെ.പി. കേശവമേനോന്റെ 'യേശുദേവൻ' ക്രിസ്തുജീവിതത്തെ സമഗ്രമായി അവതരിപ്പിക്കുന്ന ജീവചരിത്രമാണ്.

ആത്മകഥയും ജീവചരിത്രവും വളരെ സമാനതകളുള്ള സാഹിത്യരൂപങ്ങളാണ്. ആത്മകഥ വ്യക്തിയെക്കുറിച്ച് അയാൾ സ്വയം നടത്തുന്ന ചരിത്രരചനയാണെങ്കിൽ ജീവചരിത്രം വ്യക്തിയുടെ ജീവിതത്തെക്കുറിച്ച് മറ്റൊരാൾ നടത്തുന്ന ചരിത്രരചനയാണ്. ഇതു രണ്ടും ഇടകലർന്നുള്ള കൃതികളും നമുക്കു കാണാനാകും. അതായത് ആത്മകഥാപരമായ ജീവചരിത്രരചനയായി വേണം ചില ജീവചരിത്രരചനകളെ കണക്കാക്കേണ്ടത്. അത്തരത്തിലുള്ള ഒരു



SGOU

ജീവചരിത്രരചനയാണ് റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സി.ജെ.' എന്ന പുസ്തകം. ഓർമ്മ എന്ന വിഭാഗത്തിലാണ് ഈ കൃതി ഉൾപ്പെടുന്നത്. റോസി തോമസ് തന്റെ ഭർത്താവായ സി.ജെ തോമസിനെക്കുറിച്ച് എഴുതിയ ഓർമ്മക്കുറിപ്പുകളാണിതെങ്കിലും അവരിരുവരുടെയും ദാമ്പത്യജീവിതം കൂടി പരാമർശിക്കപ്പെടുന്നതുകൊണ്ട് ആത്മകഥാപരമായ എഴുത്തുകൂടിയാകുന്നു. മലയാള സ്ത്രീ ആത്മകഥകളിൽ വലിയൊരു പങ്കും ഇങ്ങനെ ഭർത്താവിന്റെ ജീവിതത്തിലൂടെ തന്നെത്തന്നെ അടയാളപ്പെടുത്താനുള്ള ശ്രമങ്ങളാണെന്ന് കാണാൻ കഴിയും.



പ്രശസ്ത നിരൂപകനായ എം.പി. പോളിന്റെ മകളും സി.ജെ. തോമസിന്റെ ഭാര്യയുമായിരുന്നു റോസി തോമസ്. സ്കൂൾ അധ്യാപികയായിരുന്നു. വരാപ്പുഴയിലാണ് ജനനം. ഇവൻ എന്റെ പ്രിയ സി.ജെ, ഉറങ്ങുന്ന സിംഹം എന്നീ ഓർമ്മക്കുറിപ്പുകളും ആനി എന്ന നോവലും ജാലകക്കാഴ്ച, മലവെള്ളം എന്നീ ഉപന്യാസ സമാഹാരങ്ങളും അമേരിക്കയിൽ ഒരു മലയാളിപെണ്ണ് എന്ന യാത്രാവിവരണവും ബൊക്കാച്ചിയോ കഥകൾ, ആനിമൽ ഫാം, സോ മെനി ഹംഗേഴ്സ് എന്നീ വിവർത്തനങ്ങളുമാണ് റോസി തോമസിന്റെ സാഹിത്യസംഭാവനകൾ. ഇതിൽ 'ഇവൻ എന്റെ പ്രിയ സി.ജെ' ഭർത്താവായ സി.ജെ. തോമസിനെക്കുറിച്ചുള്ള ഓർമ്മകളാണ്. 'ഉറങ്ങുന്ന സിംഹം' പിതാവായ എം.പി പോളിനെക്കുറിച്ചുള്ള ഓർമ്മകളാണ്.

## Keywords

അനുഭവാവിഷ്കാരങ്ങൾ - ചരിത്രം - ആത്മകഥ - ജീവചരിത്രം - സ്ത്രീപുരുഷ അനുഭവാഖ്യാനരചനകൾ - ദാമ്പത്യജീവിതം - സി.ജെ. തോമസ് - റോസി തോമസിന്റെ സാഹിത്യലോകം

## Discussion

റോസി തോമസ് രചിച്ച 'ഇവൻ എന്റെ പ്രിയ സി. ജെ.' എന്ന ആത്മകഥാപരമായ ജീവചരിത്ര കൃതിയിലെ ഒരു ലേഖനമാണ് പാഠഭാഗമായി നൽകിയിരിക്കുന്നത്. സി.ജെ. തോമസിന്റെ ഒപ്പം താമസിച്ച ഒൻപതു വർഷക്കാലത്തെ സ്മരണകളാണ് ഇവൻ എന്റെ പ്രിയ സി.ജെ.യുടെ ഉള്ളടക്കം. പ്രണയകാലം മുതൽ സി.ജെ.യുടെ മരണം വരെയുള്ള ഓർമ്മകളാണ് ഈ ഗ്രന്ഥത്തിലുള്ളത്. ഈ കൃതിയിലെ അധ്യായത്തിന്റെ ശീർഷകങ്ങൾ മിക്കതും സി.ജെ.യുടെ തന്നെ കൃതിയുടെ പേരുകളോ അതിലെ വാചകങ്ങളോ ആണ്. 15 ലേഖനങ്ങളായാണ് ഈ കൃതി രചിക്കപ്പെട്ടിരിക്കുന്നത്. ഇതിലെ ഏഴാമത്തെ അധ്യായമായ 'ആ മനുഷ്യൻ നീ തന്നെ' ആണ് പാഠ്യഭാഗം.

വിവാഹശേഷം സി.ജെ. തോമസും റോസി തോമസും കോട്ടയത്തു നിന്നും തിരുവനന്തപുരത്തേക്ക് താമസം മാറിയതിന്റെയും തിരുവനന്തപുരത്തെ വിവിധ വാടക വീടുകളിൽ താമസിച്ചിരുന്നതുമായ കാലത്തെ ഓർമ്മകളാണ് ആ മനുഷ്യൻ നീ തന്നെ എന്ന അധ്യായത്തിന്റെ ഉള്ളടക്കം. സി.ജെയുടെ സഹോദരിമാരും (മേരി ജോൺ കൂത്താട്ടുകുളം) റോസി തോമസിന്റെ വീട്ടുകാരും താമസിക്കുന്ന നഗരമാണ് തിരുവനന്തപുരം എന്നതിനാൽ അങ്ങോട്ടേക്ക് വീടുമാറി എത്തുകയാണ് സി.ജെ.യും കുടുംബവും. കുന്നുകുഴിയിലെ മനോഹരമായ വാടകവീട്ടിൽ സന്തോഷത്തോടെ കഴിയുന്ന കാലം. അവിടത്തെ പിച്ചകത്തിന്റെയും മുല്ലയുടെയും സൗരഭ്യം നുകർന്ന് കിടക്കുമ്പോൾ സി.ജെ. ഇന്ത്യയിൽ അത്യാവശ്യമായി വേണ്ട സന്താന നിയന്ത്രണത്തെപ്പറ്റിയും നെഹ്റുവിനെ അത് ഓർമ്മപ്പെടുത്തേണ്ട ആവശ്യകതയെപ്പറ്റിയും സംസാരിക്കുമ്പോൾ റോസി തോമസ് സി.ജെ. യുടെ പ്രതിച്ഛായയുള്ള കുഞ്ഞിനെ സ്വപ്നം

SGOU

കാണുകയായിരുന്നു. തുടർന്ന് യൂണിവേഴ്സിറ്റി കോളേജിലെ ഇംഗ്ലീഷ് അധ്യാപകനായ സ്നേഹിതൻ ജി. കുമാരപിള്ളയെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെക്കുന്നു. വിജ്ഞാനപ്രദമായ സംഭാഷണങ്ങളും നേരംപോക്കുകളും നിറഞ്ഞ ആ സൗഹൃദകാലം അവരുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിച്ചു.

ഒരു സിനിമാക്കമ്പനി തുടങ്ങാനായി വിലപിടിപ്പുള്ള പുസ്തകങ്ങൾ വാങ്ങി സി.ജെ. സിനിമയുടെ സാങ്കേതികവശങ്ങൾ പഠിക്കാൻ തുടങ്ങുന്നു. സി.ജെ.യുടെ കലാപരമായ കഴിവുകൾ എടുത്തു പ്രയോഗിക്കാനുള്ള ഒരവസരമായിരുന്നു അത്. പണത്തിനു വേണ്ടി കലയെ ബലി കഴിക്കുന്നവരെപ്പറ്റി സി.ജെ. വളരെ മോശമായി സംസാരിക്കാറുണ്ടായിരുന്നു. കലാകേരളം എന്നു പേരിട്ട സിനിമാക്കമ്പനിയുടെ പേരിൽ വലിയ സാമ്പത്തികനഷ്ടം അവർക്ക് ഉണ്ടാകുന്നു. സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്തയാൾ ചതിച്ചു. സിനിമാരംഗത്തെ ഉയർത്തികൊണ്ടുവരാൻ ഒരു മാതൃകാ സിനിമാക്കമ്പനി ആരംഭിക്കുവാനുള്ള യത്നത്തിൽ അവർക്ക് വലിയ തിരിച്ചടി ഏറ്റു. സി.ജെ.യുടെ കുടുംബജീവിതത്തിനും ഭാവിക്കും സാരമായ ഉലച്ചിൽ തട്ടിയ ഒരു സംഭവമായിരുന്നു അത്. തിരുവനന്തപുരത്തു നിന്നും അവർക്ക് അങ്ങനെ നിരാശയോടെ സ്ഥലം വിടേണ്ടി വരുന്നു.

ഇക്കാലത്താണ് ആദ്യത്തെ മകൻ ജനിക്കുന്നത്. അവന്റെ ജനനശേഷം എഴുതിയ ഉപന്യാസ സമാഹാരത്തിന്റെ പേരാണ് 'ഇവൻ എന്റെ പ്രിയപുത്രൻ.' പുത്രന്റെ ജനനശേഷം നാലു മാസങ്ങൾക്കു ശേഷം എം.പി. പോൾ മരിക്കുന്നു. അതോടെ അനാഥമായ എം.പി. പോൾസ് ട്യൂട്ടോറിയൽ കോളേജിന്റെ ഭരണവും അധ്യാപനവും സി.ജെ. തോമസ് വിജയകരമായി ഏറ്റെടുത്തു നടത്തി. അങ്ങനെ റോസി തോമസിന്റെ വീട്ടുകാരുമായി ഉണ്ടായിരുന്ന വിടവുകൾ എന്നന്നേക്കുമായി കൂടിചേരുകയും ചെയ്തു. പിന്നീടു തിരുവനന്തപുരം പട്ടത്തുള്ള വാടകവീട്ടിൽ വീണ്ടും താമസത്തിനെത്തിയ ദമ്പതികൾ മകന്റെ കളിചിരികളാൽ സന്തോഷത്തോടെ കഴിയുന്നു. കുട്ടിയെ കൂടുതലും ശ്രദ്ധിച്ചിരുന്നത് സി.ജെ. തന്നെയായിരുന്നു. അക്കാലത്ത് അയൽപക്കത്ത് താമസിച്ചിരുന്ന പി. ഭാസ്കരൻ, അടൂർ ഭാസി, ശാന്ത പി. നായർ എന്നിവരെക്കുറിച്ചുള്ള ഓർമ്മകൾ പങ്കുവെക്കുന്നു. കൊച്ചുമകനെ കൈയിലെടുത്ത് ശാന്ത പി. നായർ പാടിയ പാട്ടുകളെക്കുറിച്ചും ഓർക്കുന്നു. മലയാള നാടകത്തിൽ ഒരു പരീക്ഷണമെന്ന നിലയ്ക്കുള്ള 1128 ക്രൈം-27 എന്ന നാടകരചനയുടെ കാലത്തെക്കുറിച്ചും അയ്യപ്പപണിക്കരും സി.ജെയും തമ്മിലുള്ള സ്നേഹബന്ധത്തെക്കുറിച്ചും വിവരിക്കുന്നു. ആധുനികകവിതയുടെയും നാടകത്തിന്റെയും അന്ത:സത്തയും സാങ്കേതികവശങ്ങളും പഠിക്കാൻ വെമ്പിയിരുന്ന അയ്യപ്പപണിക്കർക്ക് സി.ജെയുമായുള്ള സൗഹൃദം വളരെ ദൃഢമായിരുന്നു. ഇരുപതാം നൂറ്റാണ്ടിലെ ആംഗലകവിതകളിൽ അന്തർലീനമായിക്കിടക്കുന്ന ചൈതന്യം മനസ്സിലാക്കുവാൻ അവർ ഒരുമിച്ചു പഠനങ്ങളും ചർച്ചകളും നടത്തിയിരുന്നു.

ആ സമയത്ത് തിരുവനന്തപുരത്തുണ്ടായിരുന്ന ഒരു ട്യൂട്ടോറിയൽ കോളേജ് ഏറ്റെടുത്തു നടത്തി സി. ജെ. തോമസ് പരാജയപ്പെട്ടു. ട്യൂട്ടോറിയൽ കോളേജ് നടത്തുവാൻ ചില സർക്കസുകളൊക്കെ ആവശ്യമായിരുന്നു. അതിൽ പ്രധാനപ്പെട്ടതായിരുന്നു പരസ്യം. എം.പി. പോൾസ് ട്യൂട്ടോറിയൽ കോളേജിലെ ചില അധ്യാപകരും ഇതിനൊപ്പം ഉണ്ടായിരുന്നു. വലിയ പരസ്യമൊന്നും കൊടുക്കാൻ സി.ജെ. കൂട്ടാക്കിയില്ല. പരസ്യം നൽകാത്തതിനാലാണ് പരാജയം സംഭവിച്ചതെന്ന് കൂട്ടുകാർ പിന്നീട് ഓർമ്മിപ്പിക്കുന്നു. സിനിമാക്കമ്പനി അതിശീഘ്രം പുരോഗമിക്കുന്നുണ്ടെന്നുള്ള മൂഢസ്വർഗത്തിൽ കഴിയുകയാരുന്നു അവർ. പക്ഷേ അക്കാലത്തു തന്നെ കലാകേരളം എന്ന സിനിമാക്കമ്പനിയും പൊട്ടി. സാമ്പത്തികക്ലേശങ്ങളിൽ ദമ്പതിമാർ പെട്ടു. രണ്ടു കുട്ടികളുമായി തിരുവനന്തപുരത്ത് മൂന്നാമതൊരു വീട്ടിൽ താമസമായി. ബാങ്കിലുണ്ടായിരുന്ന പണം തീർന്നു. പരാജയങ്ങളുടെ ആ കാലഘട്ടത്തിലാണ് 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം സി.ജെ. രചിച്ചത്. സാമ്പത്തിക നില ഞെരുക്കത്തിലായപ്പോൾ സി.ജെയുടെ കുടുംബം വരാപ്പുഴയ്ക്കു തിരികെ മടങ്ങുന്നു.

ആദ്യരാത്രിയുടെ ലഹരിയിലും ബർണ്ണാഡ്ഷായുടെ നാടകങ്ങളെക്കുറിച്ച് സംസാരിച്ച

SGOU

സി.ജെ. ഒരു അരക്കിറുക്കനാണെന്ന് റോസി തോമസിനു തോന്നുന്നു. ശക്തമായ പ്രമേയങ്ങൾ അദ്ദേഹത്തിന്റെ ആത്മാവിൽ അള്ളിപ്പിടിച്ചു കിടന്നിരുന്നു. അവ കടലാസിലേക്ക് പകർത്തും, വലിച്ചു കീറും ആ പ്രക്രിയ അദ്ദേഹത്തിന്റെ മരണം വരെ തുടർന്നു കൊണ്ടിരുന്നു. 'ആ മനുഷ്യൻ നീ തന്നെ' എന്ന നാടകം ആദ്യം റേഡിയോ നാടകരൂപത്തിലാണ് എഴുതിയത്. അത് വലിയ വിജയമായിരുന്നു. പിന്നീടാണ് സ്റ്റേജു നാടകമാക്കിയത്. ഭർത്താവിന് സ്ഥിരമായ ഒരു ജോലിയും കൂട്ടത്തിൽ ഉഗ്രൻ നാടകങ്ങൾ രചിക്കുകയും ചെയ്യണമെന്ന് ആഗ്രഹിച്ച റോസി തോമസ് പക്ഷെ ഭർത്താവിന്റെ ഇഷ്ടങ്ങൾക്കൊപ്പം നിൽക്കുകയാണ് ചെയ്തത്. അവസാനമില്ലാത്ത ഉഗ്രൻ പദ്ധതികൾ കൊണ്ട് നിറഞ്ഞ സി.ജെ.യുടെ പദ്ധതികളാവട്ടെ ഒരു മനുഷ്യന് അഞ്ഞൂറ് വർഷങ്ങൾ കൊണ്ടു പോലും ചെയ്തു തീർക്കാൻ പറ്റുന്നവയായിരുന്നില്ല. വളരെ ഉയർന്ന നിലവാരത്തിലുള്ള നാടകങ്ങൾ എഴുതണം. കേരളത്തിനൊരു സ്ഥിരം നാടകവേദിയുണ്ടാകണം. നമ്മുടെ രാഷ്ട്രീയ സാമൂഹ്യരംഗങ്ങൾ ശുദ്ധീകരിക്കണം. ഈ വിശ്വാസപ്രമാണങ്ങളെല്ലാം മറ്റുള്ളവരെ കൊണ്ട് അംഗീകരിപ്പിച്ച് ഒരു സ്നേഹശൃംഖല സൃഷ്ടിക്കണം - ഇങ്ങനെ പോകുന്നു അവസാനമില്ലാത്ത സി.ജെ.യുടെ സ്വപ്നങ്ങൾ.

സി.ജെ.യെ റോസി തോമസ് വിശേഷിപ്പിക്കുന്നത് 'എന്റെ പുന്നാര ഭർത്താവേ നിങ്ങൾ ഒരു ആടാണ്' എന്നാണ്. ആഗ്രഹങ്ങൾക്കൊപ്പം ചാഞ്ചാടുന്ന ആടിനേക്കാൾ ഒരിടത്തു നിന്നു കൃത്യമായി ജോലി ചെയ്യുന്ന പശുവായിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചിരുന്നെങ്കിലും അവരതൊരിക്കലും പറയുകയുണ്ടായില്ല. സി.ജെ. തന്റെ ആഗ്രഹങ്ങൾക്കൊപ്പം പലയിടങ്ങളിലായി തന്റെ ഇഷ്ടങ്ങൾക്കനുസൃതമായി ജീവിതം മുന്നോട്ടു നീക്കി. തന്റെ ആഗ്രഹങ്ങളെവിടെ, സി.ജെയുടെ വ്യക്തിത്വമെവിടെ!

സി.ജെ.യെക്കുറിച്ച് ഭാര്യ റോസി തോമസ് എഴുതിയ ഓർമ്മക്കുറിപ്പിലെ ഒരധ്യായമാണിത്. തിരുവനന്തപുരം നഗരം കേന്ദ്രമാക്കി താൻ അവിടെ കഴിഞ്ഞിരുന്ന കാലത്തെക്കുറിച്ച് ഓർത്തെടുക്കുകയാണ് റോസി തോമസ് ചെയ്തത്. ഭാഷകൊണ്ടും ആഖ്യാനസവിശേഷത കൊണ്ടും വളരെ വായനാസുഖം നൽകുന്ന കൃതിയാണിത്. ഒറ്റയിരുപ്പിന് വായിച്ചു തീർത്ത പുസ്തകം എന്നാണ് എം.ടി. വാസുദേവൻ നായർ ഈ കൃതിയെ വിശേഷിപ്പിച്ചിട്ടുള്ളത്. സി.ജെ. എന്ന എഴുത്തുകാരനെ, സാംസ്കാരിക പ്രവർത്തകനെ നമുക്കറിയാം എങ്കിലും അദ്ദേഹത്തെ കുറിച്ചുള്ള ഈ ഓർമ്മക്കുറിപ്പുകൾ കൂടുതൽ ഗാഢമായ അറിവിലേക്ക് നമ്മെ നയിക്കുന്നു. സി.ജെ.യുടെ ബാഹ്യലോകത്തെ സി.ജെ.യുടെ കൃതികളിലൂടെ അറിയുമ്പോൾ ആന്തരികലോകത്തെ 'ഇവൻ എന്റെ പ്രിയ സി.ജെ.'യിലൂടെ നാം അറിയാൻ തുടങ്ങുന്നു.

## വിശകലനം

ഈ പുസ്തകം ഒരുപഹാരമാണ്. ഭാര്യ മൺമറഞ്ഞുപോയ ഭർത്താവിന് അർപ്പിക്കുന്ന പ്രേമോപഹാരം. പലപ്പോഴും പലർക്കും വിചിത്രമായി തോന്നിപ്പിക്കുന്ന പല സവിശേഷതകളും നിഴലിച്ചിരുന്ന ഒരു വ്യക്തിത്വമായിരുന്നു സി.ജെ. യുടേത്. കലാപകാരിയായി ജീവിച്ചുമരിച്ച സി.ജെ. എന്ന മനുഷ്യനിലെ കറുപ്പും വെളുപ്പും അനുഭവിച്ചറിഞ്ഞ ഭാര്യ റോസി ഒന്നിച്ചു ജീവിച്ച നാളുകളിലെ രാഗദ്വേഷങ്ങളെക്കുറിച്ചും സ്നേഹവിശ്വാസങ്ങളെക്കുറിച്ചും കുറ്റബോധം തെല്ലുമില്ലാതെ തുറന്നെഴുതുന്നു. രക്തത്തിലലിഞ്ഞുചേർന്ന കലാവാസന, ആ കിറുക്കുകൾ, കഴിവുകൾ, ദുർബലതകൾ എല്ലാം സി.ജെ. എന്ന പച്ചമനുഷ്യൻ എന്താണെന്നു കാട്ടിത്തരുന്നു. ഒറ്റയിരുപ്പിനു വായിച്ചുതീർത്ത പുസ്തകം എന്ന് എം.ടി. വിശേഷിപ്പിച്ചിട്ടുള്ള ഈ കൃതി മലയാളത്തിന്റെ അപൂർവഭാഗ്യമാണ്.

എഴുതിയ വരികളും പറഞ്ഞ വാക്കുകളും കടന്നുപോയ വഴികളും കൂട്ടിച്ചേർത്താൽ സി.ജെ. തോമസിന്റെ ജീവിതം ഒരു നാടകമാണ്. സന്തോഷവും സങ്കടവും പ്രേമവും സഹനവും വിപ്ലവവും സമരവും പ്രതീക്ഷയുമെല്ലാം കഥാപാത്രങ്ങളായ ഒരു നാടകം. മലയാളിയുടെ സാംസ്കാരിക മണ്ഡലത്തിൽ ധീരവും സ്വതന്ത്രവുമായ ശബ്ദം മുഴക്കിയ വിപ്ലവകാരിയുടെ ജീവിതം ഭാര്യയുടെ ഓർമ്മകളിലൂടെ ഇവിടെ വരച്ചു കാട്ടുന്നു. പലർക്കും പലതായിരുന്നു സി.ജെ. വിദ്യാർഥികൾക്കു പ്രിയപ്പെട്ട അധ്യാപകൻ. പഠന

SGOU

കാലത്തു കമ്മ്യൂണിസത്തെ പുണർന്ന വിപ്ലവകാരി. റോസിയുടെ ഹൃദയം കവർന്ന കാമുകൻ, പ്രിയ ഭർത്താവ്. സാഹിത്യതല്പരരെ വിസ്മയിപ്പിച്ച വിമർശകൻ. സമൂഹത്തെ പൊള്ളിച്ച നാടകകൃത്ത്. വായനക്കാരെ കോരിത്തരിപ്പിച്ച വിവർത്തകൻ. സി.ജെ.യുടെ കൈപതിഞ്ഞിടത്തെല്ലാം പ്രതിഭയുടെ സ്പർശം ആവോളമുണ്ടായിരുന്നു. 'ബോൺ ജീനിയസ്' എന്നു വിശേഷിപ്പിക്കപ്പെട്ട പ്രതിഭാശാലിയായിരുന്നു സി.ജെ. തോമസ്.

## Recap

- വ്യക്തിജീവിതത്തെ ആവിഷ്കരിക്കുന്ന സാഹിത്യരൂപങ്ങളാണ് അനുഭവസാഹിത്യ രചനകൾ
- പൊതുവ്യവഹാര മണ്ഡലത്തിലെ അനുഭവാഖ്യാനങ്ങൾ ചരിത്രരചനയ്ക്കുള്ള ഉപാദാന സാമഗ്രികൾ
- ബി. കല്യാണിഅമ്മയുടെ വ്യാഴവട്ടസ്മരണകൾ
- കെ.പി. കേശവമേനോന്റെ യേശുദേവൻ
- ആത്മകഥാപരമായ ജീവചരിത്ര രചന
- 'ഇവൻ എന്റെ പ്രിയ സി.ജെ.' സി. ജെ.തോമസിനെ കുറിച്ചുള്ള ഓർമ്മകൾ
- ഒൻപത് വർഷക്കാലത്തെ സ്മരണകൾ
- ഏഴാം അധ്യായം ആ മനുഷ്യൻ നീ തന്നെ
- വാടക വീടുകളിൽ താമസിച്ചിരുന്ന കാലത്തെ ഓർമ്മകൾ
- ജി. കുമാരപിള്ളയെ കുറിച്ചുള്ള ഓർമ്മകൾ
- സിനിമാ കമ്പനി തുടങ്ങാനുള്ള ശ്രമങ്ങൾ
- കലാകേരളം എന്ന പേരിൽ സിനിമ കമ്പനി
- 1128-ൽ ക്രൈം - 27 പരീക്ഷണ നാടകം
- അയ്യപ്പപ്പണിക്കരുമായുള്ള സൗഹൃദം
- കലാകേരളം സിനിമാ കമ്പനിയുടെ പരാജയം
- 'ആ മനുഷ്യൻ നീ തന്നെ' ആദ്യം റേഡിയോ നാടക രൂപത്തിൽ എഴുതി
- ഭാഷ കൊണ്ടും ആഖ്യാന സവിശേഷത കൊണ്ടും വായനാ സുഖം നൽകുന്ന കൃതി
- സി.ജെ.യുടെ ആന്തരിക ലോകത്തെക്കുറിച്ച് അറിയാൻ സഹായിക്കുന്നു
- രാഗദ്വേഷങ്ങളെക്കുറിച്ചും സ്നേഹവിശ്വാസങ്ങളെക്കുറിച്ചും തുറന്നെഴുതുന്നു
- സി.ജെ. തോമസിന്റെ ജീവിതം നാടകത്തിന് സമാനം
- ബോൺ ജീനിയസ് എന്ന് വിശേഷിപ്പിക്കപ്പെട്ട പ്രതിഭാശാലി

## Objective Type Questions

1. 'ഇവൻ എന്റെ പ്രിയ സി.ജെ.' എന്ന കൃതി എഴുതിയതാര്?
2. പ്രണയകാലം മുതൽ മരണം വരെയുള്ള സി.ജെ.യുടെ ജീവിതത്തെ വെളിവാക്കുന്ന കൃതിയേത്?
3. എത്ര ലേഖനങ്ങളാണ് 'ഇവൻ എന്റെ പ്രിയ സി.ജെ.'യിൽ ഉള്ളത്?
4. എം.പി. പോളിന്റെ മരണശേഷം ട്യൂട്ടോറിയൽ കോളേജ് ഏറ്റെടുത്ത് നടത്തിയതാര്?
5. മകന്റെ ജനനശേഷം രചിച്ച ഉപന്യാസ സമാഹാരത്തിന് സി.ജെ. നൽകിയ പേരെന്ത്?
6. സി.ജെ. സ്വപ്നം കണ്ട സിനിമ കമ്പനിയുടെ പേര് എന്ത്?
7. 1128-ൽ ക്രൈം 27 ആരെഴുതിയ നാടകമാണ്?
8. 'ആ മനുഷ്യൻ നീ തന്നെ' ആദ്യം ഏതുതരം നാടകമായിരുന്നു?
9. 'എന്റെ പുന്നാര ഭർത്താവേ നിങ്ങളൊരു ആടാണ്' എന്നു പറഞ്ഞതാര്?
10. ഒറ്റയിരിപ്പിന് വായിച്ച് തീർത്ത പുസ്തകം എന്ന് എം.ടി. വാസുദേവൻ നായർ അഭിപ്രായപ്പെട്ട പുസ്തകം ഏത്?



SGOU

## Answers

1. റോസി തോമസ്
2. ഇവൻ എന്റെ പ്രിയ സി.ജെ.
3. 15
4. സി.ജെ. തോമസ്
5. ഇവൻ എന്റെ പ്രിയപുത്രൻ
6. കലാകേരളം
7. സി.ജെ. തോമസ്
8. റേഡിയോ നാടകം
9. റോസി തോമസ്
10. ഇവൻ എന്റെ പ്രിയ സി.ജെ.

## Assignments

1. റോസി തോമസിന്റെ 'ഇവൻ എന്റെ പ്രിയ സി.ജെ.' എന്ന ഗ്രന്ഥത്തെക്കുറിച്ച് ഉപന്യസിക്കുക.
2. 'ആ മനുഷ്യൻ നീ തന്നെ' എന്ന അധ്യായത്തിൽ പ്രകടമാവുന്ന സി.ജെ.യുടെ വ്യക്തിത്വത്തെ വിശകലനം ചെയ്യുക.
3. മലയാള സാഹിത്യത്തിൽ ഓർമ്മക്കുറിപ്പുകളുടെ പ്രാധാന്യത്തെപ്പറ്റി വിലയിരുത്തുക.

## Reference


1. റോസി തോമസ്, ഇവൻ എന്റെ പ്രിയ സി.ജെ., ഡി.സി ബുക്സ്, കോട്ടയം.
2. എം. തോമസ് മാത്യു, റോസി തോമസ് - ഓർമ്മകൾ, പഠനങ്ങൾ : മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
3. നടുവട്ടം ഗോപാലകൃഷ്ണൻ, ജീവചരിത്രസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


## Suggested Reading


1. ഡോ.കെ.എം. ജോർജ്, ജീവചരിത്ര സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. ജോമിച്ചൻ ജോസ്, ഇവൻ റോസിയുടെ പ്രിയ സി.ജെ. മനോരമ ഓൺലൈൻ.കോം. (Monday 12 November 2018)


SGOU

# യൂണിറ്റ് - 3
# മയിലമ്മ ഒരു ജീവിതം (അധ്യായം അഞ്ച്)

**ജ്യോതിബായി പരിയാടത്ത്**

## Learning Outcomes

- കേട്ടെഴുത്ത് ആത്മകഥാഖ്യാനസാഹിത്യത്തെ പരിചയപ്പെടുന്നു
- പരിസ്ഥിതി സംരക്ഷണ സമരങ്ങളെക്കുറിച്ചറിയുന്നു
- മയിലമ്മ എന്ന സമരനേതാവിനെക്കുറിച്ച് അറിവു നേടുന്നു
- മയിലമ്മയുടെ ഭാഷ, ജീവിതം എന്നിവ പരിചയപ്പെടുന്നു

## Prerequisite

ഒരാളുടെ ജീവിതകാലവും ജീവിതസംഭവങ്ങളും അടങ്ങുന്ന കാര്യങ്ങൾ പുസ്തകരൂപത്തിലോ ഉപന്യാസരൂപത്തിലോ എഴുതി പ്രസിദ്ധീകരിക്കുന്നതിനെയാണ് ജീവചരിത്രം എന്നു പറയുന്നത്. ഇത് ചെറിയ തോതിലുള്ള വിശദീകരണമല്ല, മറിച്ച് വ്യക്തിത്വത്തെ വരച്ചുകാട്ടുന്ന ജീവിതാനുഭവങ്ങൾ ഉൾപ്പെടുത്തി എഴുതുന്നതാണ്. എന്നാൽ കെട്ടുകഥകളോ, കല്പിത കഥാപാത്രങ്ങളോ ഇതിൽ ഉണ്ടായിരിക്കുകയില്ല. ഒരാൾ സ്വന്തം ജീവചരിത്രം എഴുതിയാൽ അതിനെ ആത്മകഥ എന്നു പറയുന്നു. ആത്മകഥയിൽ ഒരാൾ സ്വന്തം ജീവിതകഥ പറയുന്നു. എന്നാൽ ജീവചരിത്രത്തിൽ ഒരാൾ മറ്റൊരാളുടെ ജീവിതവൃത്താന്തമാണു വിവരിക്കുന്നത്. ജീവചരിത്രം ചരിത്രത്തോടു ഗാഢമായ ബന്ധം പുലർത്തുന്നു. ആദ്യകാലങ്ങളിൽ ചരിത്രം തന്നെ സമുന്നതരായ വ്യക്തികളുടെ ജീവിതകഥയോടു ഘടിപ്പിച്ചാണു എഴുതിവന്നിട്ടുള്ളത്.

ഭൂമിയിൽ ജീവിതം ആരംഭിച്ച കാലം മുതലേ നിരവധി സമരങ്ങൾ അതിജീവനത്തിനായി മനുഷ്യർക്ക് നടത്തേണ്ടി വന്നിട്ടുണ്ട്. ജീവിതം മുന്നോട്ടു കൊണ്ടു പോകാൻ പ്രകൃതിശക്തികളോട് സമരത്തിലേർപ്പെട്ടവരായിരുന്നു ആദിമ മനുഷ്യർ. പിന്നീട് ഓരോ കാലത്തും നിലനിന്ന ആധിപത്യശക്തികൾക്കെതിരെ, സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കെതിരെ, ജാതിവ്യവസ്ഥയ്ക്കെതിരെ, സ്വാതന്ത്ര്യലബ്ധിക്കു വേണ്ടി എന്നിങ്ങനെയെല്ലാം നിരവധി സമരങ്ങൾ മനുഷ്യർക്ക് നടത്തേണ്ടി വന്നിട്ടുണ്ട്. ഓരോ കാലത്തുമുണ്ടായ ഈ സമരങ്ങൾക്കെല്ലാം നേതൃത്വം നൽകാനായി ഓരോ മനുഷ്യരുമുണ്ടായിട്ടുണ്ട്. നവോത്ഥാനകാലത്തെ സമരനായകരായിരുന്നു ശ്രീനാരായണഗുരു, അയ്യൻകാളി, വി.ടി. ഭട്ടതിരിപ്പാട് തുടങ്ങിയവർ. ബ്രിട്ടീഷുകാർക്കെതിരായ സ്വാതന്ത്ര്യസമരത്തിന്റെ നേതാവായിരുന്നു ഗാന്ധിജി. ഇത്തരത്തിൽ ഓരോ സമരത്തിനും ഓരോ നേതൃത്വങ്ങളെ നമുക്ക് കണ്ടെത്താനാകും. അതിജീവനത്തിനു വേണ്ടി, കുടിവെള്ളത്തിനു വേണ്ടി കുത്തക കമ്പനിയുമായി സന്ധിയില്ലാസമരം നയിച്ച ഒരു സ്ത്രീയുടെ കഥയാണ് 'മയിലമ്മ ഒരു ജീവിതം' എന്ന പുസ്തകത്തിലുള്ളത്. സമകാലിക ജീവിതത്തിൽ സമരങ്ങൾ നിത്യസംഭവങ്ങൾ തന്നെയാണ്.

വർഷങ്ങൾ നീണ്ട പ്ലാച്ചിമട സമരം വിജയത്തിലേക്ക് എത്തിയതിലൊരു കാരണം മയിലമ്മ എന്ന ആദിവാസി സ്ത്രീയുടെ ദൃഢനിശ്ചയമാണ്. തകർക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക മേഖലയോടൊപ്പം അതിഭീകരമായ ജലചൂഷണ പ്രശ്നങ്ങളും ഒരുപോലെ അനുഭവിക്കേണ്ടി വന്നവരായിരുന്നു പാലക്കാട്ടെ പ്ലാച്ചിമട നിവാസികൾ. ഇരുപതോളം വരുന്ന കോളനികളിലാ

SGOU

യി പരന്നു കിടക്കുന്ന ആദിവാസികളുടെയും മറ്റു അധ:കൃത ജനവിഭാഗങ്ങളുടെയും പ്രതിനിധിയായിരുന്നു മയിലമ്മ. അവർക്ക് നേരിടേണ്ടി വന്ന ഭീഷണി കൊക്കോകോള കമ്പനിയിൽ നിന്നുമായിരുന്നു. കമ്പനി വിതച്ച പാരിസ്ഥിതിക ദുരന്തങ്ങൾ മൂലം ജീവനും സ്വത്തും ഭീഷണിയിലായവരായിരുന്നു സമരവുമായി മയിലമ്മയുടെ പുറകിൽ അണിനിരന്നത്. കമ്പനി മൂലമുണ്ടായ സാമൂഹിക പാരിസ്ഥിതിക നഷ്ടം 216.16 കോടി രൂപയുടേതായിരുന്നു എന്നാണ് സർക്കാർ നിർദേശിച്ച സമിതി തിട്ടപ്പെടുത്തിയത്. 2011 ഫെബ്രുവരി 24 ന് നഷ്ടപരിഹാര ട്രൈബൂണൽ രൂപീകരിക്കാനുള്ള നിയമം നിയമസഭ പാസാക്കി. അങ്ങനെ നീണ്ട നാളത്തെ സമരങ്ങൾക്കു ശേഷം കമ്പനിയെ അവരുടെ മണ്ണിൽ നിന്നും തുടച്ചുനീക്കിയത് കാണാൻ മയിലമ്മ അവശേഷിച്ചിരുന്നില്ല. 2007 ജനുവരി 6 ന് ആ പാരിസ്ഥിതിക ദുരന്തം സമ്മാനിച്ച അസുഖം മൂലം അവർ മരണപ്പെട്ടിരുന്നു. മയിലമ്മക്ക് ഔട്ട് ലുക്ക് മാഗസിന്റെ 2005 ലെ സ്പീക്ക് ഔട്ട് അവാർഡ് ലഭിച്ചിട്ടുണ്ട്. മയിലമ്മയുടെ ആത്മകഥ 'മയിലമ്മ പോരാട്ടമേ വാഴ്കൈ' എന്ന പേരിൽ തമിഴിലും Mayilamma Life of a Tribal eco warrior എന്ന പേരിൽ ഇംഗ്ലിഷിലും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

രണ്ടായിരത്തോടുകൂടിയാണ് കൊക്കോകോള കമ്പനി പ്ലാച്ചിമടയിൽ പ്രവർത്തനം ആരംഭിച്ചത്. പ്രദേശവാസികൾ കുടിവെള്ള പ്രശ്നം തിരിച്ചറിഞ്ഞ് സമരം തുടങ്ങുന്നത് 2002 ഏപ്രിൽ 22 നാണ്. സാധാരണക്കാരായ ജനങ്ങളിൽ തുടങ്ങിയ സമരം ദേശീയ നേതാക്കളിലേക്കുവരെ എത്തിച്ചേർന്നു. മയിലമ്മ, കന്നിയമ്മാൾ, മേധാപട്കർ, വന്ദനശിവ, രാജേന്ദ്രസിങ്, പി.വി. രാജഗോപാൽ, മാധവ് ഗാഡ്ഗിൽ, സി.ആർ. നീലകണ്ഠൻ എന്നിവർ അവരിൽ ചിലരാണ്. 2004 -ൽ കമ്പനി താല്കാലികമായി പ്രവർത്തനം നിർത്തി. കമ്പനി പ്രവർത്തനം അവസാനിപ്പിച്ചെങ്കിലും കമ്പനിയുണ്ടാക്കിയ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരമായി 216 കോടിരൂപ പ്രദേശവാസികൾക്ക് നൽകണമെന്ന് ചീഫ് സെക്രട്ടറി കെ.ജയകുമാർ അധ്യക്ഷനായ സമിതി റിപ്പോർട്ട് നൽകിയിരുന്നു. സംസ്ഥാന സർക്കാർ മൂന്നു തവണ നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ പാസാക്കി കേന്ദ്രത്തിനു സമർപ്പിക്കുകയും ചെയ്തു.

മയിലമ്മ നയിച്ച നീണ്ടകാലത്തെ സമരജീവിതത്തെ അടയാളപ്പെടുത്തുന്ന കൃതിയാണ് 'മയിലമ്മ ഒരു ജീവിതം.' സ്കൂൾ വിദ്യാഭ്യാസം പോലും വേണ്ടത്ര ലഭിച്ചിട്ടില്ലാത്ത മയിലമ്മയുടെ ആത്മകഥ എഴുതാൻ ജ്യോതിബായി പരിയാടത്ത് കേട്ടെഴുതുക എന്ന രചനാരീതിയാണ് ഉപയോഗിച്ചത്. ഗസ്റ്റ് റൈറ്റിങ് എന്ന സാഹിത്യരചനാസങ്കേതമാണ് ഇത്. മയിലമ്മ പറഞ്ഞ ജീവിത കഥ അവരുടെ തന്നെ ഭാഷയിൽ കേട്ടെഴുതി അതിനെ ചിട്ടപ്പെടുത്തി പ്രസിദ്ധീകരിച്ചതാണ് 'മയിലമ്മ ഒരു ജീവിതം' എന്ന പുസ്തകം. മലയാളത്തിൽ ഈ രീതിയിൽ ആദ്യം പ്രസിദ്ധീകരിക്കപ്പെട്ട ആത്മകഥ ആദിവാസി നേതാവായ സി.കെ. ജാനുവിന്റേതാണ്. ഭാസ്കരൻ ആണ് ജാനുവിന്റെ ആത്മകഥ കേട്ടെഴുതിയിട്ടുള്ളത്. ഇന്ന് വളരെ വിപുലമായ രീതിയിൽ ആത്മകഥാസാഹിത്യലോകത്ത് കേട്ടെഴുത്ത് കൃതികൾ വരുന്നുണ്ട്. നിലമ്പൂർ ആയിഷ, കെ.പി.എ.സി ലളിത, മാമുക്കോയ തുടങ്ങിയവരുടെ ആത്മകഥകൾ പ്രസിദ്ധീകരിക്കപ്പെട്ടതിപ്രകാരമാണ്.



പാലക്കാട് സ്വദേശിയായ ജ്യോതിബായ് പരിയാടത്ത് 'മയിലമ്മ ഒരു ജീവിതം' കൂടാതെ മൈക്കൽ ആഞ്ജലോ അന്റോണിയോനിയുടെ ലാനൊട്ടേ തിരക്കഥാ വിവർത്തനം, പേശാമടന്ത കാവ്യസമാഹാരം, മയകോവ്സ്കി കവിതകൾ ( വിവർത്തനം) എന്നീ കൃതികളും രചിച്ചിട്ടുണ്ട്. മയിലമ്മ ഒരു ജീവിതം എന്ന കൃതി മാതൃഭൂമി ബുക്സാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

SGOU

## Keywords

പാരിസ്ഥിതിക പ്രശ്നങ്ങൾ - കൊക്കോകോളകമ്പനി - പ്ലാച്ചിമട സമരം - മയിലമ്മ - കടന്നുവരവ് - മയിലമ്മയുടെ ജീവിതം - ആത്മകഥാസാഹിത്യം - ജ്യോതിബായ് പരിയാടത്ത് - കേട്ടെഴുത്ത് സാഹിത്യം

## Discussion

മയിലമ്മ ഒരു ജീവിതം എന്ന കൃതിയിൽ മയിലമ്മയുടെ ജീവിതകഥയാണുള്ളത്. കേട്ടെഴുത്തു സാഹിത്യമായി രചിക്കപ്പെട്ട മയിലമ്മയുടെ ആത്മകഥാഖ്യാനം. പതിനാറ് അധ്യായങ്ങളിലായിട്ടാണ് ഈ കൃതി രചിക്കപ്പെട്ടിരിക്കുന്നത്. അനുബന്ധമായി എം.പി. വീരേന്ദ്രകുമാർ, ഇനാമു റഹ്മാൻ, ജ്യോതിബായി പരിയാടത്ത് എന്നിവരുടെ എഴുത്തുകളും നൽകിയിട്ടുണ്ട്. ഈ കൃതിയിലെ അഞ്ചാമത്തെ അധ്യായമാണ് പാഠ്യവിഷയം. മയിലമ്മയുടെ സ്വന്തം ഭാഷയിൽ ഉള്ള ആഖ്യാനമാണ് ഈ കൃതിയിൽ ഉള്ളത്. തന്റെ ജീവിതത്തിലൂടെ പ്ലാച്ചിമട നിവാസികളുടെ ചരിത്രവും സമരത്തിന്റെ വിശദാംശങ്ങളും പകർന്നു വെക്കാനാണ് മയിലമ്മ ശ്രമിക്കുന്നത്.

മയിലമ്മ പറയുന്ന രീതിയാണ് അവതരണം (ആഖ്യാനം). പെരുമാട്ടി പഞ്ചായത്തിലും ചുറ്റിലുമായി ഇരുപതോളം ആദിവാസി കോളനികൾ ഉണ്ട്. മാധവൻ നായര് കോളനി, പ്ലാച്ചിമട, തൊട്ടിച്ചി പതി, രാജീവ് നഗരം, കൊച്ചിക്കാട്, ഒട്ടൻചള്ള, നാവാംതോട് എന്നിങ്ങനെയാണ് കോളനികളുടെ പേരുകൾ. ഞങ്ങളുടെ കോളനിക്ക് വിജയനഗർ എന്നു പേരു വച്ചത് കതിര്വേല് മുതലാളിന്റെ മകൻ വിജയേട്ടനാണ്. കമ്പനി വന്ന കാലത്ത് പ്രശ്നം ഒന്നും തോന്നിയില്ല. അതിലും പിന്നെയാണ് അംഗനവാടിയിലെ കുട്ടികൾക്ക് നൽകിയ ഭക്ഷണം കഴിച്ച് കുഞ്ഞുങ്ങൾ ഛർദിച്ചത്. പിന്നെപ്പിന്നെ വെള്ളത്തിന് കശപ്പ് കൂടി. അപ്പോഴാണ് കമ്പനിയിലെ വേസ്റ്റ് വെള്ളം ഞങ്ങളുടെ കിണറ്റിലേക്കെത്തുന്നതായി മനസ്സിലാക്കിയത്.

കമ്പനിയുടെ ചുറ്റിലുമാണ് വിജയ് നഗർ, പ്ലാച്ചിമട, മാധവൻ നായര് കോളനി, വേലൂര്, തൊട്ടിച്ചിപതി, രാജീവ് നഗരം എന്നീ കോളനികൾ സ്ഥിതിചെയ്യുന്നത്. പതിയെ വെള്ളത്തിന്റെ പ്രശ്നം എല്ലാവരിലേക്കും എത്തി. വെള്ളം വല്ലാതെ മോശമാവാൻ തുടങ്ങി. കുളിച്ചാല് മുടിയൊക്കെ ഒട്ടും. പാത്രം മോറാനെടുത്താല് കയ്യൊക്കെ ചൊറിച്ചിലും നീറ്റലും. ശാപ്പാട് ഉള്ളിലേക്കെത്തിയാൽ വെളിക്കിരിക്കാൻ തോന്നും. അത് കഴിഞ്ഞാല് വല്ലാത്ത ക്ഷീണവും മയക്കവും. കണ്ണിന്റെ പോളയിലൊക്കെ നീരും വരും. ആദ്യം ഇതെന്താണെന്നും മനസ്സിലാക്കാതെ നെല്ലിമേടും നന്നിയോടും ചിറ്റൂരും പാലക്കാടും ഉള്ള ആസ്പത്രിയിലൊക്കെ പോയി. ഡോക്ടർമാർക്ക് അറിയുന്നില്ല സംഗതി. മരുന്നു തരും കുടിക്കും. അത് തന്നെ സൂക്കേടിനൊരു കുറവും ഇല്ല. പതുക്കെ എല്ലാവരും പ്രശ്നം വെള്ളത്തിന്റെയാണ് എന്ന് തിരിച്ചറിയാൻ തുടങ്ങി. പക്ഷെ എന്തു ചെയ്യണമെന്ന് ആർക്കും അറിയില്ലായിരുന്നു. മെമ്പറ് വരദേട്ടനോട് പറഞ്ഞപ്പോൾ ജലനിധിയുടെ വെള്ളം കൊണ്ടുവരാം എന്ന് പറഞ്ഞു. വീട്ടുമുറ്റത്ത് കിണറ്റിലെ വെള്ളം ഇല്ലാതാക്കി കാശു കൊടുത്ത് വെള്ളം വാങ്ങാൻ ആരും തയ്യാറായില്ല. പഞ്ചായത്തിൽ നിന്നും കമ്പനിക്ക് കൊടുത്ത ലൈസൻസ് നിർത്തലാക്കാൻ പഞ്ചായത്ത് പ്രസിഡന്റിനെ കണ്ടു. പ്രസിഡന്റ് ഒരു കൊല്ലത്തിനകം കോളനീല് പൈപ്പ് വെള്ളം എത്തിക്കാൻ ഉറപ്പ് പറഞ്ഞതും നമ്പി ഞങ്ങൾ തിരികെ പോന്നു. ഇതിനിടയിൽ കമ്പനിക്കാരും വന്ന് വെള്ളം കൊണ്ടെത്തരാം എന്നു പറഞ്ഞു. ഞങ്ങൾ വേണ്ടാ എന്ന് പറഞ്ഞു. ഞങ്ങളുടെ വെള്ളം തട്ടിപ്പറിച്ചിട്ട് വെള്ളം തരാൻ വന്ന ദാനികള്. ഞങ്ങൾക്ക് അവരോട് വൈരാഗ്യമാണ് തോന്നിയത്.

കുടിക്കാൻ വെള്ളത്തിനായി രണ്ടു രണ്ടര കിലോമീറ്റർ അകലെ കൊച്ചിക്കാട്ടില് വരെ പോയി വെള്ളം കൊണ്ടുവരും. വെള്ളത്തിന് പോകുന്ന ദിവസം പണിക്ക് പോകാൻ ഒക്കില്ല. പണിക്ക് പോയാല് വെള്ളമില്ല. ചെറിയ ബുദ്ധിമുട്ടല്ല ഞങ്ങൾ അനുഭവിച്ചത്. ഇതിനിടയിൽ കമ്പനിയിൽ നിന്നും വരുന്ന വേസ്റ്റ് വളമാണെ

ന്നു പറഞ്ഞ് കൃഷിക്കാർക്ക് വിതരണം ചെയ്തു. അതുപയോഗിച്ചതോടെ കൃഷിഭൂമി തരിശായി മാറി. കിണറുകൾ എല്ലാം വറ്റിവരണ്ടു. ഇക്കാലത്താണ് വിളയോടി ഗോപാലേട്ടൻ പ്ലാച്ചിമടയില് വരണത്. അതോടെ കാര്യങ്ങൾക്ക് ഒരു ചിട്ട വന്നു. കോളനിക്കാരെല്ലാവരും കമ്പനിക്കെതിരെ നിൽക്കാൻ തീരുമാനിച്ചു. രാഷ്ട്രീയക്കാരുടെ അടുത്തും സർക്കാരിന്റെ അടുത്തും സങ്കടം പറയാൻ സമരസമിതിയുണ്ടാക്കി. അങ്ങനെ രണ്ടു കൊല്ലം കഴിഞ്ഞു പോയി.”

പ്ലാച്ചിമട സമരം കുത്തക കമ്പനികൾക്കെതിരെ ആദിവാസി ജനത നേടിയ വിജയമായിരുന്നു. വളരെക്കാലം നീണ്ടു നിന്ന സമരകാലത്ത് നിരവധി വെല്ലുവിളികൾ നേരിടേണ്ടി വന്ന ജനതയായിരുന്നു പ്ലാച്ചിമട നിവാസികൾ. അതിനെയെല്ലാം അതിജീവിച്ച് അവർ നേടിയത് ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട വിജയമാണ്. സർക്കാർ സമിതി നിശ്ചയിച്ച നഷ്ടപരിഹാരത്തുക കൊക്കോകോളകമ്പനി ഇതുവരെ നൽകിയിട്ടില്ലെങ്കിലും കമ്പനിയെ അവരുടെ മണ്ണിൽ നിന്നും എന്നെന്നേക്കുമായി അവർക്ക് പൂട്ടിക്കാൻ കഴിഞ്ഞു എന്നത് വലിയ നേട്ടമാണ്. മയിലമ്മ ഒരു പ്രതീകമാണ്. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള മനുഷ്യർ നിലനിൽപ്പിനായി നടത്തുന്ന പോരാട്ടത്തിന്റെ പ്രതീകം. കുടിവെള്ളമൂറ്റി ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്ന ആഗോള കുത്തകക്കമ്പനികൾക്കെതിരെ ആദിവാസികളും ഗ്രാമീണരും നടത്തിവരുന്ന ഐതിഹാസികമായ സമരത്തിന്റെ നേതൃത്വം ഏറ്റെടുത്ത നിരക്ഷരയായ മയിലമ്മയുടെ ഹൃദയസ്പർശിയായ ജീവിതകഥയാണിത്; അവരുടെതന്നെ വാമൊഴിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പാലക്കാട് പെരുമാട്ടി പഞ്ചായത്തിലെ പ്ലാച്ചിമടയിൽ ജലസംരക്ഷണത്തിന് വേണ്ടി കൊക്കോകോള കമ്പനിക്കെതിരെ സമരം നയിച്ച ആദിവാസി സ്ത്രീയായിരുന്നു മയിലമ്മ. സ്കൂൾ വിദ്യാഭ്യാസം പോലുമില്ലാത്ത മയിലമ്മ കൊക്കോകോള വിരുദ്ധസമിതിയുടെ സ്ഥാപകയാണ്. കൊക്കോകോളയുടെ ഫാക്ടറിയിൽ നിന്നുള്ള മാലിന്യം മൂലം കഷ്ടത നേരിട്ട് അനുഭവിക്കേണ്ടിവന്നയാളാണ് മയിലമ്മ. മയിലമ്മയുടേ കിണറ്റിലെ വെള്ളം കുടിക്കാൻ യോഗ്യമല്ലാതാവുകയും സമാനമായ അനുഭവം പരിസരവാസികൾക്കെല്ലാം ഉണ്ടാവുകയും ചെയ്തതോടെ അവർ സമരമാർഗമവലംബിക്കുകയായിരുന്നു. 1937 ഓഗസ്റ്റ് 10ന് മുതലമട പഞ്ചായത്തിൽ ആട്ടയാംപതിയിലെ രാമൻ-കുറുമാണ്ട ദമ്പതികളുടെ മകളായി ജനിച്ച മയിലമ്മ വിജയനഗർ കോളനിയിലെ സാധാരണ വീട്ടമ്മ മാത്രമായിരുന്നു. ഇരുളർ ഗോത്രത്തിൽപ്പെട്ട ആദിവാസി കുടുംബമാണ് മയിലമ്മയുടേത്. കോളവിരുദ്ധ സമരത്തിലൂടെ ലോകശ്രദ്ധയാകർഷിച്ച മയിലമ്മ വിവാഹശേഷമാണ് പ്ലാച്ചിമട ഉൾക്കൊള്ളുന്ന പെരുമാട്ടി പഞ്ചായത്തിലെത്തിയത്. 2002 ഏപ്രിൽ 22 നു കമ്പനിക്കു മുന്നിൽ കുടിൽ കെട്ടിയായിരുന്നു പ്രതിഷേധ സമരം. അന്നു മുതൽ കൊക്കോകോള കമ്പനിക്കെതിരെ സമരത്തിന്റെ മുന്നണിയിൽ നിന്നു പ്രവർത്തിച്ചു.

കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും നീണ്ട സമരമാണ് പ്ലാച്ചിമട സമരം. കൊക്കോകോള കമ്പനി രണ്ടായിരത്തോടു കൂടിയാണ് പ്ലാച്ചിമടയിൽ ഫാക്ടറി സ്ഥാപിച്ചത്. താമസിയാതെ ഭൂഗർഭജലം വറ്റിത്തുടങ്ങുകയും പരിസരവാസികളുടെ കുടിവെള്ളം മലിനമാകുകയും ചെയ്തു. ഈ ഭാഗത്ത് പ്രധാനമായും വസിച്ചിരുന്നത് ആദിവാസികളായിരുന്നു. അവർ 2002 ഏപ്രിൽ 22 നു മയിലമ്മയുടെ നേതൃത്വത്തിൽ പ്രതീകാത്മകമായി സമരം ആരംഭിക്കുകയും ഫാക്ടറിയുടെ വാതിൽ ഉപരോധിക്കുകയും ചെയ്തു. പഞ്ചായത്ത് ഫാക്ടറിയുടെ ലൈസൻസ് റദ്ദ് ചെയ്ത് സമരക്കാർക്ക് പിന്തുണ പ്രഖ്യാപിച്ചതോടെ കമ്പനി നിയമപരമായി സ്റ്റേ വാങ്ങിച്ചു. അവർ നിയമപോരാട്ടം കൂടുതൽ ശക്തമാക്കുകയും സുപ്രീം കോടതിവരെ എത്തിക്കുകയും ചെയ്തു. കമ്പനി സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെയും പഞ്ചായത്തിന്റെയും ഇടപെടൽ മൂലം അടച്ചു പൂട്ടേണ്ടി വന്നു.

## വിശകലനം

പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനിക്കെതിരെ സ്വന്തം സമുദായം നടത്തിയ പോരാട്ടത്തിൽ നേതാവായി ഉയർന്നുവന്ന ആദിവാസി സ്ത്രീയുടെ ആത്മകഥയാണ് ‘ദി ലൈഫ് ഓഫ് എ ട്രൈബൽ ഇക്കോ വാരിയർ.’ മയിലമ്മയുടെ

SGOU

ഈ കഥ 2005-ൽ കവി ജ്യോതിബായി പരിയാടത്ത് പകർത്തിയെഴുതി. 2006-ൽ മയിലമ്മ: ഒരു ജീവിതം എന്ന തലക്കെട്ടോടെയാണ് ഈ പുസ്തകം ആദ്യം മലയാളത്തിൽ വന്നത്. 2018-ൽ പുറത്തിറങ്ങിയ ഇംഗ്ലീഷ് പതിപ്പ് വിവർത്തനം ചെയ്തത് മദ്രാസ് ഐഐടിയിലെ പ്രൊഫ. സ്വർണ്ണലത രംഗരാജനും ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ ഡോ. ശ്രീജിത്ത് വർമ്മയുമാണ്. വിവർത്തനം മയിലമ്മയുടെ കഥയെ ആഗോള വായനക്കാർക്ക് പ്രാപ്യമാക്കുന്നു.

പ്ലാച്ചിമടയിലെ കൊക്കോകോള വിരുദ്ധ കാമ്പെയ്ൻ നിരവധി അടിസ്ഥാന ജനവിഭാഗങ്ങളുടെ പാതകളിലൊന്നായി കാണപ്പെടാം. പാരിസ്ഥിതിക തകർച്ചയും ജീവനോപാധികളുടെ നഷ്ടവും 1997-98 - ൽ കൊക്കോകോള കമ്പനി തമിഴ്നാട് കേരള അതിർത്തിയിലെ താരതമ്യേന വരണ്ട ഗ്രാമമായ പ്ലാച്ചിമടയിൽ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ അനുമതി നേടി.

കമ്പനി അധികാരികൾ, കമ്പനിയുടെ സാന്നിധ്യം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് താമസക്കാർക്ക് വാഗ്ദാനം നൽകി. അത് ശരിയായി പാലിച്ചില്ല. ഫാക്ടറി പ്രതിദിനം 1.5-2 ദശലക്ഷം ലിറ്റർ വെള്ളമാണ് ഭൂമിയിൽ നിന്ന് വേർതിരിച്ചെടുത്തത്. അതിന്റെ അവശിഷ്ടങ്ങൾ മണ്ണിലേക്ക് ഒഴുകി, അത് മണ്ണിന്റെ ഫലഭൂയിഷ്ഠതയെ നശിപ്പിച്ചു. ഫാക്ടറി പ്രവർത്തനമാരംഭിച്ച് ആറുമാസം കഴിഞ്ഞപ്പോൾ കിണറുകളിലെ വെള്ളം ദുഷിക്കുകയും ചെയ്തു. വെള്ളം ചർമ്മത്തിൽ ചൊറിച്ചിൽ ഉണ്ടാക്കി, പാചകം ഭക്ഷ്യയോഗ്യമല്ല, ആളുകളെ ക്ഷീണിതരും രോഗികളും ആക്കി. മാത്രമല്ല, ഒരുകാലത്ത് നെൽകൃഷി ചെയ്തിരുന്ന പാടങ്ങൾ പിന്നീട് കൃഷിക്ക് യോഗ്യമല്ലാതെ ഉപേക്ഷിക്കപ്പെട്ടതിനാൽ കാർഷിക ഉപജീവന മാർഗം ഇല്ലാതായി. മലിനീകരണത്തിന്റെയും വേർതിരിച്ചെടുക്കലിന്റെയും അളവ് അമിതമായിരുന്നു. കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കണമെന്നും തങ്ങൾ അനുഭവിച്ച ദുരിതങ്ങൾക്ക് പണം നൽകണമെന്നും ആവശ്യപ്പെട്ട് ആദിവാസികൾ കമ്പനിക്കെതിരെ പ്രതിഷേധിക്കാൻ തീരുമാനിച്ചു.

മയിലമ്മ തന്റെ ആഖ്യാനത്തിൽ രണ്ട് കഥകൾ തടസ്സമില്ലാതെ നെയ്തെടുക്കുന്നു. അവളുടെ ജീവിതത്തിന്റെ കഥ, അവളുടെ സമുദായത്തിന്റെ പോരാട്ടത്തിന്റെ കഥ. മയിലമ്മ തന്റെ ഭൂതകാലത്തെ വർത്തമാനകാലവുമായി സമന്വയിപ്പിക്കുമ്പോൾ, ആഖ്യാനം കാലത്തിനും സ്ഥലത്തിനും അപ്പുറത്തേക്ക് മാറുന്നു. സമൂഹം, സംസ്കാരത്തോടൊപ്പമുള്ള ജീവിതം. ആധുനികവല്കരണത്തിന്റെ ചുവടുപിടിച്ച് നഷ്ടപ്പെട്ട ജീവിതരീതികളെക്കുറിച്ചും അറിവുകളെക്കുറിച്ചുമുള്ള മയിലമ്മയുടെ വിവരണം ഒരു ഗൃഹാതുരത്വം ഉണർത്തുന്നു. ഭാഷയും ആചാരങ്ങളും അപകടത്തിലായ ഇരുളർ ഗോത്രത്തിൽ പെട്ടവളാണ് മയിലമ്മ. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന തദ്ദേശീയ വിജ്ഞാന സമ്പ്രദായങ്ങളെ, പ്രത്യേകിച്ച് ഔഷധസസ്യങ്ങളെക്കുറിച്ചുള്ള അറിവ് ഈ അനുഭവക്കുറിപ്പിൽ നിന്നും ലഭിക്കും. ആദിവാസികളുടെ പോരാട്ടങ്ങൾ, പ്രത്യേകിച്ച് ഭൂമിക്ക് ചുറ്റുമുള്ള അവകാശവാദങ്ങൾ, വിവരിക്കുമ്പോൾ, ആഖ്യാനത്തിൽ ജാതി വേർതിരിവുകൾ ആഴത്തിൽ ഉൾച്ചേർന്നിരിക്കുന്നു. മയിലമ്മയുടെ വ്യക്തിപരമായ പോരാട്ടങ്ങൾ, ഒരു യുവവിധവയായി പുനർവിവാഹം വേണ്ടെന്ന് തീരുമാനിച്ചതിനാൽ, തനിക്ക് കഴിയാത്ത വിദ്യാഭ്യാസം തന്റെ മക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഊന്നിപ്പറയുന്നു. കഥയിലെ ഒരു പ്രധാന സ്ഥലമാണ് അങ്കണവാടി.

പ്ലാച്ചിമടയിലെ കൊക്കകോളയ്ക്കെതിരായ പോരാട്ടം കേരളത്തിലെ നിരവധി പാരിസ്ഥിതിക, ആദിവാസി പ്രസ്ഥാനങ്ങളിൽ ഒന്നാണ്. കൊക്കകോളയ്ക്കെതിരെയുള്ള ജനകീയ മുന്നേറ്റം മാത്രമല്ല അത്. മേധാപട്കറുമായും വന്ദനശിവയുമായും മയിലമ്മ സംവദിച്ചു. പ്ലാച്ചിമടയിൽ വന്ദനശിവ ഒരു ലോക ജലസമ്മേളനം നടത്തുകയും ഒരു പ്രഖ്യാപനം തയ്യാറാക്കുകയും ചെയ്തു. ഫാക്ടറി പ്രവർത്തനം 2004-ൽ അവസാനിച്ചു. ആദിവാസികൾക്ക് നഷ്ടപരിഹാരം നൽകേണ്ടിവരുന്നു. 2006-ൽ മയിലമ്മ അന്തരിച്ചു. ഗോത്രവർഗ പരിസ്ഥിതി പോരാളിയുടെ ജീവിതം ആഗോളവല്കരണത്തിന്റെയും ഉപഭോഗത്തിന്റെയും ഇരുണ്ടവശവും മുതലാളിത്തത്തിന്റെയും വികസനത്തിന്റെയും യുക്തിയിലെ പിഴവുകളും വെളിപ്പെടുത്തുന്നു. പ്രകൃതിയെ അമിതമായി ചൂഷണം ചെയ്യുന്നതിന്റെ ഫലമായുണ്ടാകുന്ന ആപത്തുകളുടെ സാക്ഷ്യമാണിത്, പ്രകൃതിയുടെ അതിരുകളെക്കുറിച്ചുള്ള ഓർമ്മ


SGOU

പ്പെടുത്തൽ, അത് അനിശ്ചിതമായി നൽകാനും പുനഃസ്ഥാപിക്കാനും കഴിയില്ല. ആദിവാസി പ്രസ്ഥാനങ്ങളുടെയും പരിസ്ഥിതി പ്രസ്ഥാനങ്ങളുടെയും ശക്തിയുടെ സാക്ഷ്യം കൂടിയാണിത്.

## Recap

- ആത്മകഥാഖ്യാനത്തിന്റെ പ്രത്യേകതകൾ
- പരിസ്ഥിതി ദുരന്തങ്ങളുടെ പ്രത്യാഘാതങ്ങൾ
- പ്രകൃതിസംരക്ഷണത്തിന്റെ ആവശ്യകതകൾ
- പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെ ആപത്തുകൾ
- പ്രകൃതിയുടെ അതിരുകളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തൽ
- ഭാഷയും ആചാരങ്ങളും അപകടത്തിലായ ഇരുളർ ഗോത്രത്തിന്റെ കഥ
- സ്വന്തം ജീവിതത്തിലൂടെ പ്ലാച്ചിമട നിവാസികളുടെ ചരിത്രവും സമരത്തിന്റെ വിശദാംശങ്ങളും മയിലമ്മ പകർന്നു വെയ്ക്കുന്നു
- 1997-98-ൽ കൊക്കോകോള കമ്പനി പ്ലാച്ചിമടയിൽ ബോട്ടിലിംഗ് പ്ലാന്റ് സ്ഥാപിക്കാൻ അനുമതി നേടി
- കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും നീണ്ട സമരമാണ് പ്ലാച്ചിമട സമരം
- കൊക്കോകോള കമ്പനി പ്ലാച്ചിമടയിൽ ഫാക്ടറി സ്ഥാപിച്ചതോടെ ഭൂഗർഭജലം വറ്റിത്തുടങ്ങുകയും പരിസരവാസികളുടെ കുടിവെള്ളം മലിനമാകുകയും ചെയ്തു
- നെൽപ്പാടങ്ങൾ കൃഷിക്ക് യോഗ്യമല്ലാതെ ഉപേക്ഷിക്കപ്പെട്ടതിനാൽ കാർഷിക ഉപജീവനമാർഗം ഇല്ലാതായി
- പ്ലാച്ചിമടസമരം കുത്തക കമ്പനികൾക്കെതിരെ ആദിവാസി ജനത നേടിയ വിജയമായിരുന്നു
- മയിലമ്മയുടെ സ്വന്തം ഭാഷയിൽ ഉള്ള ആഖ്യാനമാണ് ഈ കൃതി
- കമ്പനിക്കെതിരെ സ്വന്തം സമുദായം നടത്തിയ പോരാട്ടം വിവരിക്കുന്ന ആദിവാസി സ്ത്രീയുടെ ആത്മകഥയാണ് ഈ കൃതി
- മയിലമ്മ ഒരു പ്രതീകമാണ്. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള മനുഷ്യർ നിലനിൽപ്പിനായി നടത്തുന്ന പോരാട്ടത്തിന്റെ പ്രതീകം

SGOU

## Objective Type Questions

1. 'മയിലമ്മ ഒരു ജീവിതം' എന്ന പുസ്തകം കേട്ടെഴുതിയതാര്?
2. മയിലമ്മക്ക് ഔട്ട് ലുക്ക് മാഗസിന്റെ 'സ്പീക്ക് ഔട്ട്' അവാർഡ് ലഭിച്ച വർഷം ഏത്?
3. തമിഴിലേക്ക് വിവർത്തനം ചെയ്ത മയിലമ്മയുടെ ജീവിതകഥയുടെ പേരെന്ത്?
4. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത മയിലമ്മയുടെ ജീവിതകഥയുടെ പേരെന്ത്?
5. പ്ലാച്ചിമട സമരം തുടങ്ങിയത് എന്നാണ്?
6. എത്ര രൂപയാണ് നഷ്ടപരിഹാരമായി പ്ലാച്ചിമട നിവാസികൾക്ക് നൽകണമെന്ന് സമിതി കണക്കാക്കിയത്?

7. എത്രത്തോളം കോളനികളിലെ ആളുകളാണ് പ്ലാച്ചിമടസമരത്തിൽ പങ്കെടുത്തിരുന്നത്?
8. കോളനിക്കാരുടെ കൃഷിഭൂമി തരിശാവാൻ കാരണമായതെന്ത്?
9. വെള്ളത്തിനായി പ്ലാച്ചിമട നിവാസികൾ ആശ്രയിച്ചിരുന്ന സ്ഥലമേത്?
10. എത്ര അധ്യായങ്ങളാണ് മയിലമ്മ ഒരു ജീവിതം എന്ന കൃതിക്കുള്ളത്?
11. മയിലമ്മ തന്റെ ആഖ്യാനത്തിൽ രണ്ട് കഥകൾ പറയുന്നു. ആരുടേതൊക്കെ?

## Answers

1. ജ്യോതിബായി പരിയാടത്ത്
2. 2005 - ൽ
3. മയിലമ്മ പോരാട്ടമേ വാഴ്കൈ
4. Mayilamma Life of a Tribal eco warrior
5. 2002 ഏപ്രിൽ 22
6. 216. 16 കോടി രൂപയുടെ
7. ഇരുപതോളം കോളനികളിലെ ആളുകൾ
8. കമ്പനിയിലെ വേസ്റ്റ് പാടത്തിട്ടതുകൊണ്ട്.
9. കൊച്ചിക്കാട്
10. 16
11. മയിലമ്മയുടെയും അവരുടെ സമുദായത്തിന്റെയും

## Assignments

1. പ്രകൃതി, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ പ്രധാനപ്പെട്ട സമരങ്ങളെപ്പറ്റി വിലയിരുത്തുക.
2. മയിലമ്മ നയിച്ച പ്ലാച്ചിമട സമരത്തെക്കുറിച്ച് വിവരിക്കുക.
3. മയിലമ്മയുടെ ആത്മകഥയായ 'മയിലമ്മ ഒരു ജീവിതം' എന്ന കൃതിയെക്കുറിച്ച് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
4. 'മയിലമ്മ ഒരു ജീവിതം' - എന്ന കൃതിയിലെ ഗോത്രജീവിതവും ഭാഷയും അടയാളപ്പെടുത്തുക.

## Reference


1. ജ്യോതിബായി പരിയാടത്ത്, മയിലമ്മ ഒരു ജീവിതം, മാതൃഭൂമി ബുക്സ് കോഴിക്കോട്.
2. ആശ്രയ മരിയ, പുസ്തക നിരൂപണം: മയിലമ്മ - ഒരു ആദിവാസി - ഇക്കോ വാരിയറുടെ ജീവിതം, ഫെമിനിസം ഇൻ ഇൻഡ്യ. കോം. ഫെബ്രുവരി 14, 2019.
3. പി. സുനിൽകുമാർ, ജനയുഗം ഓൺലൈൻ, ഓഗസ്റ്റ് 7, 2022.


SGOU

## Suggested Reading


1. നടുവട്ടം ഗോപാലകൃഷ്ണൻ, ജീവചരിത്രസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. കെ.എം. ജോർജ്, ജീവചരിത്ര സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.


SGOU

BLOCK - 04

# യാത്രാവിവരണം

SGOU

# യൂണിറ്റ് - 1
# നിലാവ് കോരിക്കുടിച്ച കള്ളിമുൾച്ചെടികൾ (മരുഭൂമിയുടെ ആത്മകഥ)

വി. മുസഫർ അഹമ്മദ്

## Learning Outcomes

- യാത്രാവിവരണങ്ങളുടെ സ്വഭാവം മനസ്സിലാക്കുന്നു
- സൗദി അറേബ്യയിലെ ഉൾനാടൻപ്രദേശങ്ങളുടെ പ്രത്യേകതകൾ വിലയിരുത്തുന്നു
- മരുഭൂമിയിലെ അസ്തമയക്കാഴ്ചകൾ വിശകലനം ചെയ്യുന്നു
- കാവ്യാത്മകമായ സഞ്ചാരസാഹിത്യകൃതികളെ അറിയുന്നു

## Prerequisite


സഞ്ചാരസാഹിത്യം ആകർഷകമായ ഒരു സാഹിത്യരൂപമാണ്. എഴുത്തുകാരൻ സഞ്ചരിക്കുന്ന മേഖലകളെയും വൈയക്തികമായി ഉണ്ടാകുന്ന അനുഭവങ്ങളെയും അതിൽ പ്രതിപാദിക്കുന്നു. വിജ്ഞാനവും വിനോദവും ഉൾച്ചേർന്ന സാഹിത്യരൂപമാണത്. മികച്ച സഞ്ചാര സാഹിത്യകൃതികളിൽ ആത്മനിഷ്ഠതയും വസ്തുനിഷ്ഠതയും ഒരുപോലെ അടങ്ങിയിരിക്കുന്നു. ആത്മനിഷ്ഠതയിലൂടെ ഉളവാകുന്നത് എഴുത്തുകാരന്റെ സ്വാനുഭവപ്രതിപാദനമായിരിക്കും. മലയാളസാഹിത്യത്തിൽ സഞ്ചാരസാഹിത്യമേഖല ഏറെ സമ്പന്നമാണ്. പേര് സൂചിപ്പിക്കുന്നതു പോലെ, യാത്രാനുഭവങ്ങൾ ആഖ്യാനം ചെയ്യുന്ന, സഞ്ചാരവിശേഷങ്ങൾ പ്രതിപാദിക്കുന്ന പ്രബല സാഹിത്യമേഖലയാണിത്. സഞ്ചാരം മനുഷ്യന് ഏറെ പ്രിയപ്പെട്ടതായിരുന്നു. അവന്റെ ആത്മീയവളർച്ചയിലും സംസ്കാരവികാസത്തിലും സഞ്ചാരത്തിന് ഏറെ പങ്കുണ്ട്. ആദിമ മനുഷ്യനിൽ നിന്നു തുടങ്ങുന്നു മനുഷ്യന്റെ സഞ്ചാരപ്രിയം. ദേശദേശാന്തരങ്ങളിലൂടെയുള്ള പ്രയാണവും പലായനവും പുതിയ സങ്കേതങ്ങൾ പ്രാപിക്കലുമാകുന്നു അന്ന് ലക്ഷ്യം. ഇത്തരം ദേശാന്തരഗമനങ്ങളാണ് ഇതിഹാസങ്ങളിലും ആഖ്യാനം ചെയ്തിട്ടുള്ളത്. ചരിത്രപരത നിറഞ്ഞ കാലഘട്ടത്തിൽ എത്തുമ്പോഴാകട്ടെ, സഞ്ചാരികളുടെ കുറിപ്പുകളും കൃതികളും ദേശചരിത്രത്തെയും സംസ്കാരത്തെയും അധികരിച്ചുള്ള പഠനസാമഗ്രികളായി.

മഹത്തായ ഒരു സാംസ്കാരിക ഇടപെടലാണ് ഓരോ സഞ്ചാരസാഹിത്യകാരനും സാധ്യമാക്കുന്നത്. അനേകം വൈജ്ഞാനിക മണ്ഡലങ്ങളുമായുള്ള സൗഹൃദവും അയാൾക്ക് അനിവാര്യമാണ്. ബി.സി. എട്ടാം ശതകത്തിൽ എഴുതിയ 'ഗിൽഗമേഷ്' ആദ്യ സഞ്ചാരസാഹിത്യകൃതിയായി പരിഗണിക്കപ്പെടുന്നു. പാറേമ്മാക്കൽ തോമാക്കത്തനാർ (1736-99) എഴുതിയ വർത്തമാനപ്പുസ്തകം ആണ് മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യകൃതി. മലയാളത്തിൽ സഞ്ചാരസാഹിത്യത്തിന്റെ കുലപതിയായി അറിയപ്പെടുന്നത് എസ്.കെ. പൊറ്റെക്കാട്ടാണ്. ഇന്ന് ഹിമാലയക്കാഴ്ചകളും വിദൂരസ്ഥവും സാഹസികവുമായ ഇടങ്ങളിലേക്കുള്ള സഞ്ചാരവും വായനക്കാരുടെ എണ്ണവും താല്പര്യവും ഗണ്യമായി വർധിപ്പിച്ചിട്ടുണ്ട്. ഇന്ന് സമൂഹമാധ്യമങ്ങളു

SGOU

ടെയും വിവരവിനിമയ സാങ്കേതികവിദ്യയുടെയും ദൃശ്യമാധ്യമങ്ങളുടെയും അസൂയാവഹമായ വളർച്ച സഞ്ചാരസാഹിത്യത്തെ അതിസമ്പന്നമാക്കിയിരിക്കുന്നു

വി. മുസഫർ അഹമ്മദിന്റെ 'മരുഭൂമിയുടെ ആത്മകഥ' എന്ന സഞ്ചാര സാഹിത്യകൃതിയിൽ നിന്നെടുത്തതാണ് പാഠഭാഗം. സൗദിഅറേബ്യയിലെ ഉൾനാടൻ പ്രദേശങ്ങളിലേക്ക് നടത്തിയ യാത്രകളുടെ വിവരണമാണിത്. ഈ ഭാഗത്ത് മരുഭൂമിയിലെ നിലാവു നിറഞ്ഞ രാത്രിദൃശ്യങ്ങളും അസ്തമയക്കാഴ്ചകളും അസുലഭമായ വിവരണാത്മക കൗശലത്തോടെ ലേഖകൻ അനുഭവപ്പെടുത്തിത്തരുന്നു. അത്യന്തം കാവ്യാത്മകവും അതേ സമയം ആ നാടിന്റെ ഗതകാല ചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും ഉൾക്കാഴ്ച നൽകുന്നതുമാണ് ലേഖകന്റെ വിവരണങ്ങൾ.



വി. മുസഫർ അഹമ്മദ് (1968) മാധ്യമപ്രവർത്തകനും എഴുത്തുകാരനും ആണ്. നിരവധി പ്രശസ്തരുമായുള്ള അഭിമുഖങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിമൂന്നു വർഷത്തെ സൗദിഅറേബ്യൻ ജീവിതാനുഭവങ്ങളും യാത്രാനുഭവങ്ങളും ആണ് മരുഭൂമിയുടെ ആത്മകഥ എന്ന സഞ്ചാരസാഹിത്യകൃതിക്ക് അടിസ്ഥാനമായിട്ടുള്ളത്. ഈ കൃതിക്ക് 2010 ലെ മികച്ച സഞ്ചാരസാഹിത്യ കൃതിക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ഇതിന്റെ തുടർച്ചയാണ് 'മരുമരങ്ങൾ' എന്ന കൃതി. ആറു വർഷം മാധ്യമം ദിനപ്പത്രത്തിൽ ജോലി ചെയ്തു. ജിദ്ദയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന മലയാളം ന്യൂസ് ദിനപത്രത്തിന്റെ പത്രാധിപരായിരുന്നു.

**പ്രധാനകൃതികൾ**

മരുഭൂമിയുടെ ആത്മകഥ, മരുമരങ്ങൾ, വേലിക്കും വിളവിനും (കവിതകൾ), മുറിവുകളുടെ പെണ്ണിന്, പാലസ്തീൻ-ഇറാഖ് പെൺ കവിതകൾ (വിവർത്തനം), ഏകതാരയിലെ പാട്ടു പാലങ്ങൾ, മയിലുകൾ സവാരിക്കിറങ്ങിയ ചരിവിലൂടെ, കുടിയേറ്റക്കാരന്റെ വീട്, മരിച്ചവരുടെ നോട്ടുപുസ്തകം, കർമാട് റെയിൽപ്പാളം ഓർക്കാത്തവരെ

## Keywords

സഞ്ചാര സാഹിത്യം - മരുഭൂമിയുടെ ആത്മകഥ - സൗദ്യ അറേബ്യൻ ജീവിതം - മരുഭൂമിയിലെ രാത്രിക്കാഴ്ചകൾ - മരുഭൂമിയിലെ അസ്തമയം - ഊർജ ഖനി - ഫോസിലുകൾ - കാവ്യാത്മകമായ അവതരണം

## Discussion

മരുഭൂമിയിലെ നിലാവ് നിറഞ്ഞ ഒരു രാത്രിയുടെ ഓർമ്മയാണ് പാഠഭാഗം. വടക്കൻ സൗദി അറേബ്യയിലെ മരുഭൂമിയിൽ തമ്പടിച്ച് കഴിഞ്ഞ ഒരു രാത്രിയാണ് സന്ദർഭം. മരുഭൂമിയിലെ മണലിൽ വെള്ളിയും സ്വർണ്ണവും പ്രകാശിക്കുന്നതു പോലെ മണൽത്തരികൾ നിലാവിൽ പ്രകാശം ചൊരിയുന്നു. ആ തിളക്കം മരുഭൂമിയിലെ നിത്യനൂതന തിളക്കത്തെ ഓർമ്മിപ്പിക്കുന്നു. ചന്ദ്രപ്രഭ മരുഭൂമിയിലാകെ ഒഴുകി നടക്കുമ്പോൾ മരുഭൂമി കടലായി ഇളകുന്നതു പോലെ തോന്നും. മരുക്കടൽ എന്ന പ്രയോഗം ഈ വിഭ്രാത്മകതയിൽ നിന്നുണ്ടായതാണ്. നിലാവ് വീണു കിടക്കുന്ന കള്ളിമുൾച്ചെടികൾ ഇലകളും മുള്ളുകളുമുൾപ്പടെ എഴുന്നു നിൽക്കുന്നു. ഇക്കാര്യത്തെപ്പറ്റി പ്രായമുള്ള ഒരാളോട് ചോദിച്ചപ്പോൾ ചെടികളും മനുഷ്യരെപ്പോലെ ദൈവസൃഷ്ടികളാണെ



SGOU

ന്നും അവയ്ക്കും വികാരമുണ്ടെന്നായിരുന്നു മറുപടി. പുലർച്ചെ ചെടികളിലെ ഇലകളിലും മുള്ളുകളിലുമുള്ള ജലം കണ്ടാൽ രാത്രി മുഴുവൻ അവ നിലാവ് കോരിക്കുടിക്കുകയും പുലർസൂര്യനൊപ്പം അത് വിയർപ്പായി മാറുകയുമായിരുന്നു എന്നു തോന്നും.

മരുഭൂമിയിലെ അസ്തമയവും മറ്റൊരനുഭവമാണ്. റിയാദിൽ നിന്നും ദമാമിലേക്ക് തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ അസ്തമയസമയത്ത് ഒരു കൗമാരക്കാരി ആട്ടിൻപറ്റങ്ങളെ തെളിച്ച് ഒരു എണ്ണച്ഛായാചിത്രം പോലെ കാണപ്പെട്ട രംഗം മറക്കാനാവില്ല. അവൾ ആരാണ് എന്നന്വേഷിക്കുന്നതിൽ പ്രസക്തിയില്ല. അത്തരം മുഖങ്ങൾ പ്രകൃതിയിലെവിടെയോ വിലയിച്ചു പോയിരിക്കാം. മരുഭൂമിയിൽ സൂര്യൻ അസ്തമിക്കുക ഒട്ടും പ്രതീക്ഷിക്കാതെ പെട്ടെന്നാണ്. അപ്രകാരം പെട്ടെന്ന് മരുക്കാട്ടിൽ കുടുങ്ങി തപ്പിത്തടഞ്ഞ് അകലെ നിർത്തിയ വാഹനത്തിലോ വെളിച്ചമുള്ള ഹൈവേയിലോ എത്തിയ അനുഭവമുണ്ട്. എന്നാൽ സൂര്യൻ അസ്തമിക്കുന്നതിനു മുമ്പുള്ള കാഴ്ച വളരെ രസകരമാണ്. അസ്തമയരശ്മികൾ മണൽപ്പരപ്പിൽ അനേകം പതാകകൾ തീർക്കും. ഒട്ടകക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും അവയെ തെളിച്ചു കൊണ്ടു പോവുന്നവരും നിഴലുകളായി മാറും. ആ കാഴ്ച മനുഷ്യൻ കടന്നു വന്ന പല വഴികളെയും ഓർമ്മിപ്പിക്കും.

മണമായും കാൽപ്പാടുകളായും ഇലകളായും കിളിക്കരച്ചിലുകളായും ഒട്ടകക്കുളമ്പടികളായുമെല്ലാമുള്ള അടയാളങ്ങളും സൂചനകളും മരുഭൂമിയിലെ സഞ്ചാരത്തിൽ പ്രധാനമാണ്. ഇത്തരം അടയാളങ്ങൾ നോക്കി എത്രയോ മനുഷ്യർ പാതകളിലൂടെ സഞ്ചരിക്കുന്നു. പാതിവഴിയിൽ വീണുടഞ്ഞു പോയ ചിലർ ഫോസിലുകളും പരലുകളുമായി മരുഭൂമിയുടെ അനന്തമായ ഊർജഖനി പോഷിപ്പിച്ചു കഴിയുന്നു. മരുഭൂമിയിൽ ഒരു കാൽപ്പാടു പോലും ഫോസിലുകളെ ഓർമ്മിപ്പിക്കും വിധം ഏറെ നാൾ മായാതെ കിടന്നേക്കാം. ചിലപ്പോൾ മണലിൽ പതിയും മുമ്പ് കാൽപ്പാടുകൾ മാഞ്ഞു പോയെന്നും വരാം. നിരന്തരമായ കാലാവസ്ഥാമാറ്റങ്ങളിൽ മരുപ്പച്ചകൾ പോലും അപ്രത്യക്ഷമായ സംഭവങ്ങൾ ഉണ്ടത്രേ. കിണറുകളും പുഴകളും മരുഭൂമിയുടെ വക്കിലൂടെ ഒഴുകിയിരുന്ന കടൽ പോലും ഇങ്ങനെ അപ്രത്യക്ഷമായിട്ടുണ്ടെന്ന് പറയപ്പെടുന്നു. റിയാദിൽ നിന്നും അകലെയല്ലാത്ത റഗ്ബ എന്ന മരുഭൂമി ഗ്രാമത്തിൽ നിന്ന് 30 വർഷങ്ങൾക്കുള്ളിൽ രണ്ട് കൂറ്റൻ നദികൾ അപ്രത്യക്ഷമായി. ഖശ്മുൽ ഹിസാൻ(കുതിര മൂക്ക് പുഴ), ഖുവൈറ അൽ സെയ്ദ (പാതി തണുപ്പുള്ള വെള്ളമുള്ള വെളുത്ത പുഴ) എന്നിവയാണവ. ഈ പുഴകളെ വർണ്ണിച്ച് എഴുതിക്കൊണ്ടിരുന്ന 17 കവികളും മൂന്ന് കവയിത്രികളും ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. ഇന്ന് പുഴകളെക്കുറിച്ചെഴുതുന്ന ഒരു കവി പോലും റഗ്ബയിലില്ല.

## വിശകലനം

സഞ്ചാരസാഹിത്യത്തെക്കുറിച്ച് എരുമേലി പരമേശ്വരൻ പിള്ള 'മലയാള സാഹിത്യം കാലഘട്ടങ്ങളിൽ' എന്ന കൃതിയിൽ ഇപ്രകാരം പരാമർശിക്കുന്നു: 'വിജ്ഞാന കുതുകിയുടെ അന്വേഷണ പരതയും ചരിത്രകാരന്റെയും സാമൂഹിക ശാസ്ത്രജ്ഞന്റെയും സൂക്ഷ്മനിരീക്ഷണ സാമർഥ്യവും ദാർശനികന്റെ സമചിത്തതയും കവിയുടെ ഭാവനാവിലാസവും കലാകാരന്റെ ശില്പ ചാതുര്യവും ഒരു സഞ്ചാരസാഹിത്യകാരനിൽ ഒത്തിണങ്ങിയിരിക്കണം. അപ്പോഴേ ഉത്തമ സഞ്ചാരസാഹിത്യകൃതികൾ രചിക്കാനാകൂ'. ഇന്ന് സാമൂഹികമാധ്യമങ്ങളുടെയും വിവരവിനിമയ സാങ്കേതികവിദ്യയുടെയും ദൃശ്യമാധ്യമങ്ങളുടെയും അസൂയാവഹമായ വളർച്ച സഞ്ചാര സാഹിത്യത്തെ അതിസമ്പന്നമാക്കിയിരിക്കുന്നു. ബ്ലോഗുകളും വ്ളോഗുകളും ഫേസ്ബുക്കും മറ്റ് മീഡിയകളും സഞ്ചാരസാഹിത്യത്തിന്റെ ഗൗരവത്തെ ലളിതവും അനായാസസാധ്യവുമാക്കി. സഞ്ചാര സാഹിത്യകാരനാകണമെങ്കിൽ നിർബന്ധമായും യാത്രാവിശേഷങ്ങളെ സംബന്ധിച്ച് പഠനമനനങ്ങൾ നിർവഹിക്കേണ്ടതുണ്ട്. യാത്രയെ വെറും വിനോദമായിട്ടല്ല, ഗൗരവകരമായ പഠനമായിത്തന്നെ കാണേണ്ടതുണ്ട്.

സാധാരണ യാത്രാവിവരണകൃതികളിൽ നിന്നും വ്യത്യസ്തമായി അത്യന്തം കാവ്യാത്മകമാണ് മുസഫർ അഹമ്മദിന്റെ പ്രതിപാദനം. സൗദിയിലെ ഉൾനാടുകളിലൂടെയുള്ള ഈ വിവരണം നാടിന്റെ യഥാർഥ ചിത്രം നമ്മിലെത്തിക്കു

SGOU

ന്നു. മാത്രമല്ല ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ, സംസ്ക്കാരം, ചരിത്രം ഇവയെല്ലാം ലേഖകൻ അനുവാചകർക്ക് പകർന്നു നൽകുന്നുണ്ട്. ഇങ്ങനെ ആ നാടുകളും അവിടുത്തെ അപൂർവ കാഴ്ചകളും കണ്ട പ്രതീതിയോടൊപ്പം ആ നാടിനെപ്പറ്റിയുള്ള സമഗ്ര വിജ്ഞാനവും നമ്മുടെ മുമ്പിലെത്തിക്കുന്നുണ്ട് ലേഖകൻ. ഒരു സഞ്ചാര സാഹിത്യകൃതി നിർവഹിക്കേണ്ട ഈ ധർമ്മങ്ങളെല്ലാം പിന്തുടരുന്നതാണ് മുസഫർ അഹമ്മദിന്റെ കൃതി എന്നതിന് ഈ പാഠഭാഗം മതിയായ തെളിവു നൽകുന്നു. ഒരു ചിത്രകാരന്റെ സൂക്ഷ്മതയോടെയാണ് ഇതിലെ ഓരോ ഭാഗവും അദ്ദേഹം കൈകാര്യം ചെയ്തിരിക്കുന്നത്.

## Recap

- സഞ്ചരിക്കുന്ന പ്രദേശങ്ങളെക്കുറിച്ചുള്ള വൈയക്തിക അനുഭവങ്ങൾ
- ആത്മനിഷ്ഠവും വസ്തുനിഷ്ഠവും
- സംസ്കാരവികാസത്തിനും ആത്മീയവളർച്ചയ്ക്കും
- ഗിൽഗമേഷ് ആദ്യസഞ്ചാരകൃതി
- വർത്തമാനപുസ്തകം മലയാളത്തിലെ ആദ്യസഞ്ചാരസാഹിത്യകൃതി
- സൗദി അറേബ്യയിലെ ഉൾനാടൻ പ്രദേശങ്ങളിലൂടെയുള്ള യാത്ര
- ചന്ദ്രപ്രഭ മരുഭൂമിയിലാകെ ഒഴുകി നടക്കുമ്പോൾ മരുഭൂമി കടലായി ഇളകുന്നതു പോലെ തോന്നും
- മരുക്കടൽ എന്ന പ്രയോഗം ഈ വിഭ്രാത്മകതയിൽ നിന്നുണ്ടായതാണ്
- പുലർച്ചെ ചെടികളിലെ ഇലകളിലും മുള്ളുകളിലുമുള്ള ജലം കണ്ടാൽ രാത്രി മുഴുവൻ അവ നിലാവ് കോരിക്കുടിക്കുകയും പുലർസൂര്യനൊപ്പം അത് വിയർപ്പായി മാറുകയുമായിരുന്നു എന്നു തോന്നും
- റിയാദിൽ നിന്നും ദമാമിലേക്ക് തീവണ്ടിയിൽ യാത്ര ചെയ്യുമ്പോൾ അസ്തമയസമയത്ത് ഒരു കൗമാരക്കാരി ആട്ടിൻപറ്റങ്ങളെ തെളിച്ച് ഒരു എണ്ണച്ഛായാച്ചിത്രം പോലെ
- മരുഭൂമിയിൽ സൂര്യൻ അസ്തമിക്കുക ഒട്ടും പ്രതീക്ഷിക്കാതെ പെട്ടെന്നാണ്. അസ്തമയ രശ്മികൾ മണൽപ്പരപ്പിൽ അനേകം പതാകകൾ തീർക്കും
- ഒട്ടകക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും അവയെ തെളിച്ചു കൊണ്ടു പോവുന്നവരും നിഴലുകളായി മാറും. ആ കാഴ്ച മനുഷ്യൻ കടന്നു വന്ന പല വഴികളെയും ഓർമ്മിപ്പിക്കും
- മണമായും കാൽപ്പാടുകളായും ഇലകളായും കിളിക്കരച്ചിലുകളായും ഒട്ടകക്കുളമ്പടികളായുമെല്ലാമുള്ള അടയാളങ്ങളും സൂചനകളും മരുഭൂസഞ്ചാരത്തിൽ പ്രധാനമാണ്
- മരുഭൂമിയിൽ ഒരു കാൽപ്പാടു പോലും ഫോസിലുകളെ ഓർമ്മിപ്പിക്കും വിധം ഏറെനാൾ മായാതെ കിടന്നേക്കാം.
- റിയാദിൽ നിന്നും അകലെയല്ലാത്ത റഗ്ബ എന്ന മരുഭൂമി ഗ്രാമത്തിൽ നിന്ന് 30 വർഷങ്ങൾക്കുള്ളിൽ രണ്ട് കൂറ്റൻ നദികൾ അപ്രത്യക്ഷമായി
- ഖശ്മുൽ ഹിസാൻ(കുതിരമൂക്ക് പുഴ), ഖുവൈറ അൽ സെയ്ദ (പാതി തണുപ്പുള്ള വെള്ളമുള്ള വെളുത്ത പുഴ) എന്നിവയാണ് നഷ്ടപ്പെട്ട നദികൾ


SGOU

## Objective Type Questions

1. മരുമരങ്ങൾ ആരുടെ കൃതി?
2. മലയാളസാഹിത്യം കാലഘട്ടങ്ങളിൽ എഴുതിയതാര്?
3. മലയാളത്തിലെ ആദ്യ സഞ്ചാരസാഹിത്യ കൃതി ഏത്?
4. മലയാളത്തിൽ സഞ്ചാരസാഹിത്യത്തിന്റെ കുലപതിയായി അറിയപ്പെടുന്നത് ആരെ?
5. മരുഭൂമിയിലെ രാത്രിദൃശ്യം ലേഖകൻ വർണ്ണിക്കുന്നതെങ്ങനെ?
6. മരുക്കടൽ എന്ന പ്രയോഗത്തിനടിസ്ഥാനമെന്ത്?
7. കള്ളിമുൾച്ചെടികളിലെ ജലാംശത്തെപ്പറ്റി ലേഖകന്റെ ഭാവനയെന്ത്?
8. മരുഭൂമിയിലെ അസ്തമയദൃശ്യത്തിന്റെ സവിശേഷത എന്ത്?
9. മരുഭൂമിയിലെ കാൽപ്പാടുകൾ മായാതെ എന്തു പോലെയാണ് കാണപ്പെടുന്നത്?
10. മരുഭൂമിയിൽ അടയാളങ്ങളുടെ പ്രാധാന്യമെന്ത്?
11. മനുഷ്യൻ കടന്നുവന്ന പല വഴികളും ലേഖകനെ ഓർമ്മിപ്പിച്ച ദൃശ്യം എന്തായിരുന്നു?
12. റിയാദിൽ റഗ്ബ എന്ന മരുഭൂമിയിൽ നിന്ന് 30 വർഷങ്ങൾക്കുള്ളിൽ അപ്രത്യക്ഷമായ നദികൾ ഏതെല്ലാം?

## Answers

1. വി. മുസഫർ അഹമ്മദ്
2. എരുമേലി പരമേശ്വരൻപിള്ള
3. വർത്തമാനപ്പുസ്തകം - പാറേമ്മാക്കൽ തോമാക്കത്തനാർ
4. എസ്.കെ. പൊറ്റെക്കാട്ട്
5. രാത്രിയിലെ നിലാവ് മരുഭൂമിയിലാകെ ഒഴുകി നടക്കുമ്പോൾ മരുഭൂമി കടലായി ഇളകുന്നതു പോലെ തോന്നുന്നു
6. രാത്രിയിലെ നിലാവ് മരുഭൂമിയെ കടൽ പോലെ തോന്നിപ്പിക്കും. മരുക്കടൽ എന്ന പ്രയോഗം ഈ വിഭ്രാത്മകതയിൽ നിന്നുണ്ടായതാണ്
7. രാത്രി മുഴുവൻ അവ നിലാവ് കോരിക്കുടിക്കുകയും പുലർസൂര്യനൊപ്പം അത് വിയർപ്പായി മാറുകയുമായിരുന്നു എന്നു തോന്നും.
8. അസ്തമയരശ്മികൾ മണൽപരപ്പിൽ അനേകം പതാകകൾ തീർക്കും. ഒട്ടകക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും അവയെ തെളിച്ചു കൊണ്ടു പോവുന്നവരും നിഴലുകളായി മാറും.
9. ഫോസിലുകൾ പോലെ
10. ചിലപ്പോൾ മണലിൽ പതിയും മുമ്പ് കാൽപ്പാടുകൾ മാഞ്ഞു പോയെന്നും വരാം. ചിലപ്പോൾ ഫോസിലുകൾ പോലെ മായാതെയും കാണം.
11. മരുഭൂമിയിലെ അസ്തമയസമയത്തെ ഒട്ടകക്കൂട്ടങ്ങളും ആട്ടിൻ പറ്റങ്ങളും നിഴലുകളായി മാറും. ആ കാഴ്ച മനുഷ്യൻ കടന്നു വന്ന പല വഴികളെയും ഓർമ്മിപ്പിക്കും
12. ഖശ്മുൽ ഹിസാൻ (കുതിരമൂക്ക് പുഴ), ഖുവൈറ അൽ സെയ്ദ (പാതി തണുപ്പുള്ള വെള്ളമുള്ള വെളുത്ത പുഴ)

SGOU

## Assignments

1. മരുഭൂമിയിലെ കാലാവസ്ഥയുടെ സവിശേഷതകൾ വ്യക്തമാക്കുക
2. ലേഖകൻ കണ്ട അസ്തമയ ദൃശ്യം വിവരിക്കുക
3. കള്ളിമുൾച്ചെടികൾ നിലാവിൽ കുളിച്ചു നിൽക്കുന്നതു കണ്ടപ്പോൾ ലേഖകനുണ്ടായ വികാരവിചാരങ്ങൾ എന്തെല്ലാമായിരുന്നു
4. മലയാളത്തിലെ സഞ്ചാര സാഹിത്യപ്രസ്ഥാനത്തെക്കുറിച്ച് വിവരിക്കുക

## Reference


1. വി. മുസഫർ അഹമ്മദ്, മരുഭൂമിയുടെ ആത്മകഥ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. എരുമേലി പരമേശ്വരൻ പിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.


## Suggested Reading


1. കെ.എം. ജോർജ് (എഡി.) , ആധുനിക മലയാള സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. പ്രൊഫ. വി. രമേഷ് ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. ഡോ.ടി.എം. ചുമ്മാർ, ഭാഷാ ഗദ്യസാഹിത്യചരിത്രം, എൻ.ബി.എസ്, കോട്ടയം.


SGOU

# യൂണിറ്റ് - 2
# വഴിയമ്പലത്തിലും പുൽക്കുടിലിലും (ഹിമവാന്റെ മുകൾത്തട്ടിൽ)

**രാജൻ കാക്കനാടൻ**

## Learning Outcomes

- യാത്രാവിവരണം എന്ന സാഹിത്യശാഖയുടെ ചരിത്രം മനസ്സിലാക്കുന്നു
- സാംസ്കാരികവൈവിധ്യങ്ങളുടെ സാഹിത്യരൂപമായി യാത്രാവിവരണങ്ങളെ പഠനവിധേയ മാക്കുന്നു
- ഹിമാലയൻ പര്യടന യാത്രാവിവരണ കൃതികളെ പരിചയപ്പെടുന്നു
- ഹിമവാന്റെ മുകൾത്തട്ടിൽ എന്ന കൃതിയെ അപഗ്രഥിക്കുന്നു

## Prerequisite

ആർഷഭാരതത്തിന്റെ പുരാണേതിഹാസങ്ങളിലെല്ലാം തലയെടുപ്പോടെ നിലകൊള്ളുന്ന ഹിമവാൻ, പല സാഹിത്യസൃഷ്ടികളിലും പ്രധാന കഥാപാത്രമാണ്. ഹിമവൽ ശൃംഗങ്ങളിൽ നിരവധി മഹർഷിമാരും രാജാക്കന്മാരും വന്നു വസിക്കുകയും തപസനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ത്രിമൂർത്തികളിൽ ഏറ്റവും ശക്തനായ ശ്രീപരമേശ്വരൻ നിലകൊള്ളുന്നതും ഈ ഹിമാലയത്തിലായിരുന്നു എന്നാണ് ഐതിഹ്യം. ഹിമവാന്റെ പുത്രിയായ പാർവതിയും ഹിമാലയത്തിലാണ് തന്റെ പ്രാണേശ്വരനായ മഹേശ്വരനു വേണ്ടി തപസ്സനുഷ്ഠിച്ചതെന്നു കരുതുന്നു. മഹാകവി കാളിദാസന്റെ മേഘസന്ദേശത്തിലും വിക്രമോർവശീയത്തിലും കുമാരസംഭവത്തിലും ഹിമവാൻ അത്യുജ്ജ്വല കഥാപാത്രമായി കാണപ്പെടുന്നു. നൂറ്റാണ്ടുകൾക്കു മുൻപ് മുതൽ മനുഷ്യർ മഞ്ഞു മൂടിയ ഈ മഹാപർവതത്തെ തേടി യാത്ര ചെയ്യാറുണ്ട്. ചിലർ ഇത് പുണ്യതീർഥാടനമായി കരുതുന്നു. ചിലർ സാഹസികമായ ഒരു യാത്രാനുഭവമായി കരുതുന്നു. ഏതായാലും ഈ അനുഭവം വളരെ ശ്രേഷ്ഠം തന്നെയാണ്. അവിടെ പോയ നിരവധി പേർ ആ യാത്രാനുഭവക്കുറിപ്പ് തയ്യാറാക്കിയിട്ടുണ്ട്. അത്തരത്തിലുള്ള ഒരു അനുഭവക്കുറിപ്പാണ് രാജൻ കാക്കനാടന്റെ ഹിമവാന്റെ മുകൾത്തട്ടിൽ എന്ന ഗ്രന്ഥം. ഇത് ഒരു സാഹസികയാത്രയുടെ പരിണിതഫലമായുണ്ടായതാണ്.

സാഹസികവും അവിശ്വസനീയവുമായ ഒരു ഹിമാലയ പര്യടനത്തിന്റെ സ്നിഗ്ധമായ അനുഭവമാണ് ഹിമവാന്റെ മുകൾത്തട്ടിൽ എന്ന ഈ ഗ്രന്ഥം പകർന്നു തരുന്നത്. ഏകനായി, തന്റെ നിഴലിനെ മാത്രം സഹയാത്രികനാക്കിക്കൊണ്ട് പർവതശൃംഗങ്ങളുടെ ഭയാനകവും ഗാംഭീര്യവും അപകടപൂർണ്ണവുമായ പാതകളിലൂടെ നൂറിൽപ്പരം മൈൽ ദൂരം നിർഭയനായി സഞ്ചരിച്ച ധീരനും സാഹസികനുമായ യാത്രികന്റെ ത്രസിപ്പിക്കുന്ന ഈ സ്മരണകൾ വായിക്കാനുള്ളതല്ല, അനുഭവിക്കാനുള്ളതാണ്. അത് നമ്മെ അനുഭവിപ്പിക്കുക തന്നെ ചെയ്തു. അനന്യവും അന്യൂനവുമായ അനുഭവം.

SGOU

മലയാളത്തിൽ യാത്രാവിവരണങ്ങൾ ആരംഭിക്കുന്നത് പാറേമ്മാക്കൽ തോമാക്കത്തനാരുടെ 'വർത്തമാനപ്പുസ്തകം' എന്ന പതിനെട്ടാം നൂറ്റാണ്ടിലെ കൃതിയോടു കൂടിയാണ്. യാത്രാവിവരണങ്ങളിൽ തന്നെ തീർഥാടന യാത്രാവിവരണം, സാഹസിക യാത്രാവിവരണം എന്നീ ശാഖകൾ രൂപപ്പെട്ടു വന്നിരുന്നു. മലയാള യാത്രാവിവരണങ്ങളുടെ കുലപതി എസ്.കെ. പൊറ്റെക്കാട്ടാണ്. ഹൃദയം കവരുന്ന അദ്ദേഹത്തിന്റെ പ്രതിപാദനരീതി യാത്രാവിവരണങ്ങളുടെ സുവർണ്ണഘട്ടമാണ്. ഇന്നത്തെപ്പോലെ സഞ്ചാരസൗകര്യങ്ങൾ ഇല്ലാതിരുന്ന കാലത്ത് കെ. മാധവൻ നായർ ഒറ്റയ്ക്ക് ഹിമാലയത്തിലെ പുണ്യക്ഷേത്രങ്ങളിൽ ഒന്നരമാസക്കാലം സാഹസികമായ പര്യടനം നടത്തിയ വിവരണമാണ് 'ഒരു ഹിമാലയ യാത്ര'. (1927) :പ്രസിദ്ധ സന്യാസിവര്യനായ തപോവനസ്വാമികളുടെ രണ്ട് യാത്രാവിവരണങ്ങളാണ് 'കൈലാസയാത്ര' യും (1927) 'ഹിമഗിരിവിഹാര'വും (1930), സ്വാമി ദയാനന്ദതീർഥയുടെ 'ഹിമഗിരിയിലൂടെ' (1964), സ്വാമി ബോധാനന്ദയുടെ ഹിമവത് സാനുക്കളിൽ (1961), വെട്ടൂർ രാമൻ നായരുടെ 'പുരി മുതൽ നാസിക് വരെ', ബാബു ചെങ്ങന്നൂരിന്റെ 'ഹിമാലയത്തിന്റെ അടിവാരത്തിൽ', കെ. ബാലകൃഷ്ണന്റെ 'സഹ്യാദ്രിസാനുക്കളിൽ' തുടങ്ങിയവ ശ്രദ്ധേയമായ രചനകളാണ്.

1975-നു ശേഷമുള്ള കൃതികൾ വി.കെ. മാധവൻ കുട്ടിയുടെ 'അപകടം എന്റെ സഹയാത്രികൻ' രാജൻ കാക്കനാടന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ', 'അമർനാഥ് ഗുഹയിലേക്ക്' (1984) ടി.എൻ. ഗോപിനാഥൻ നായരുടെ പുണ്യസങ്കേതങ്ങൾ, കാക്കനാടന്റെ 'കുടജാദ്രിയുടെ സംഗീതം' കെ.വി. സുരേന്ദ്രനാഥിന്റെ 'ലോകത്തിന്റെ മുകൾത്തട്ടിലൂടെ' നിത്യസഞ്ചാരിയായ നിത്യ ചൈതന്യ യതിയുടെ 'യാത്ര' (1987) തുടങ്ങിയവയൊക്കെ മലയാളത്തിലുണ്ടായിട്ടുള്ള വിലപ്പെട്ട യാത്രാവിവരണ ഗ്രന്ഥങ്ങളാണ്. കേരളത്തിലും ഭാരതത്തിലുമായി ഒതുങ്ങി നിൽക്കുന്ന ശ്രദ്ധേയമായ രണ്ട് യാത്രാവിവരണങ്ങളാണ് ആഷാമേനോന്റെ 'ഹെർബേറിയം', 'അടരുന്ന കക്കകൾ' എന്നിവ. കെ.ബാലകൃഷ്ണന്റെ ശ്രദ്ധേയമായ കൃതിയാണ് 'ഗുണ്ടർട്ടിന്റെ നാട്ടിൽ. എം.പി. വീരേന്ദ്രകുമാറിന്റെ 2010-ലെ കേന്ദ്രസാഹിത്യ അക്കാദമി അവാർഡു നേടിയ യാത്രാവിവരണമാണ് 'ഹൈമവതഭൂവിൽ'. ആദ്യമായാണ് ഒരു യാത്രാവിവരണത്തിന് ഈ അവാർഡു ലഭിക്കുന്നത്. രണ്ടായിരത്തിനുശേഷം ഉണ്ടായ ചില യാത്രാവിവരണങ്ങൾ കൂടി പരിചയപ്പെടാം. ഇ.കെ. നായനാരുടെ 'വിദേശയാത്രകൾ', സച്ചിദാനന്ദന്റെ 'പലലോകം പലകാലം' സുജാതാദേവിയുടെ 'കാടുകളുടെ താളം തേടി', ഹൃഷികേശന്റെ 'നീലക്കുറിഞ്ഞിയെത്തേടി' എന്നിവ പ്രധാന യാത്രാവിവരണങ്ങളാണ്.



ചിത്രകാരനായ രാജൻ കാക്കനാടൻ ഫൈൻ ആർട്സിൽ ഡിപ്ലോമ എടുത്ത ശേഷം 1962 മുതൽ തമിഴ്നാട്, ഡൽഹി, രാജസ്ഥാൻ, ബംഗാൾ, ബോംബെ എന്നിവിടങ്ങളിൽ ചിത്രകലയും പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു. ഇന്ത്യയൊട്ടാകെ അനേകം തവണ ചുറ്റിസഞ്ചരിച്ചിട്ടുണ്ട്. നാടകം, സിനിമ തുടങ്ങിയ രംഗങ്ങളിൽ സജീവമായി പ്രവർത്തിച്ച അദ്ദേഹം ജി. അരവിന്ദന്റെ 'എസ്തപ്പാൻ' എന്ന ചിത്രത്തിൽ നായകനായിരുന്നു. 1975-ൽ ഹിമാലയത്തിലേക്കു അദ്ദേഹം നടത്തിയ കാൽനടയാത്രയാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന ഈ ഗ്രന്ഥരചനയ്ക്ക് ആധാരം. മറ്റു പ്രധാന കൃതികൾ :- അമർനാഥ് ഗുഹയിലേക്ക്, നേരമില്ലാത്ത നേരത്ത് (നോവൽ).


## Keywords

സഞ്ചാര സാഹിത്യകൃതികൾ - സാഹിത്യകാരന്മാർ - തീർഥാടന യാത്രകൾ - സാഹസിക യാത്രകൾ - രാജൻ കാക്കനാടന്റെ കൃതികൾ - 'ഹിമവാന്റെ മുകൾത്തട്ടിൽ'- ഗൗരീകുണ്ഡം - സോനപ്രയാഗ്





SGOU

## Discussion

രാജൻ കാക്കനാടന്റെ സാഹസിക ഹിമാലയൻ പര്യടനത്തിന്റെ സൂക്ഷ്മ വിവരണമാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന യാത്രാവിവരണഗ്രന്ഥം. ഒരാളുടെയും സഹായമില്ലാതെ ഒറ്റയ്ക്ക് നിർഭയനായി പല അപകടമേഖലകളും തരണം ചെയ്തു നടത്തിയ സാഹസിക യാത്രയുടെ യഥാതഥമായ അനുഭവാവിഷ്കാരമാണ് ഈ ഗ്രന്ഥം. ഈ കൃതിയിലെ തന്നെ ഒമ്പതാമത്തെ ലേഖനമായ 'വഴിയമ്പലത്തിലും പുൽക്കുടിലിലും' എന്ന ഭാഗമാണിവിടെ പഠിക്കാനുള്ളത്. രാജൻ കാക്കനാടൻ ഹരിദ്വാറിൽ നിന്ന് യാത്രയാരംഭിച്ച് ഹൃഷികേശ്, ഭാഗീരഥിയും അളകനന്ദയും ഒന്നിച്ചു ചേരുന്ന ദേവപ്രയാഗ്, ഗഡുവാളി, രുദ്രപ്രയാഗ്, ഗുപ്തകാശി, സോനപ്രയാഗ്, കേദാർനാഥ്, ഗൗരീകുണ്ഡം എന്നിവയെല്ലാം പിന്നിട്ട് ഗൗരീകുണ്ഡിൽ നിന്നും മലയിറങ്ങി വരുന്നതു മുതലുള്ള വിവരണമാണ് പാഠഭാഗം.

ഗൗരീകുണ്ഡം തപോനിഷ്ഠയായ പാർവതിയുടെ കുളിക്കടവായിരുന്നു എന്നാണ് ഐതിഹ്യം. ലേഖകൻ ആ മലയിറങ്ങി മറ്റൊരു മലയുടെ മധ്യഭാഗത്തെത്തിയപ്പോൾ അകലെ സോനപ്രയാഗ് മഞ്ഞിൽ വിളക്കുകൾ തെളിഞ്ഞ് സുവർണ്ണപ്രഭ പരത്തിയിരിക്കുന്നതായി കാണുന്നു. കുത്തിയൊലിക്കുന്ന സോനാർഗംഗ തരണം ചെയ്ത് അദ്ദേഹം സന്ധ്യയോടെ സോനപ്രയാഗിലെത്തുന്നു. അന്നു രാത്രി ചെലവഴിക്കാൻ പറ്റിയ ഇടമന്വേഷിക്കുന്നു. മഞ്ഞുമഴ ശക്തിയായി പെയ്യുന്നു. തീർഥാടകരെ കൊണ്ടു നിറഞ്ഞ ഒരു സത്രത്തിൽ കയറി കൂടി. യാത്രികർ തീ കൂട്ടി അതിനു ചുറ്റും കമ്പിളി കൊണ്ട് മൂടിപ്പുതച്ചിരുന്നു. ഇതിനിടയിൽ ദീനരോദനങ്ങളും ഈശ്വര സ്തുതികളും കേട്ടു. ഒരു ശൈവ സന്യാസി തന്റെ ചിലം നിറച്ചു കത്തിക്കുന്നു. "ബോലേ...... ബം... ബം...." എന്ന് ഭക്തിനിർഭരമായി ഇടറിയ ശബ്ദത്തിൽ വിളിച്ചു പറഞ്ഞു. കൂടിയിരുന്നവർ ഏറ്റുപറയുകയും 'ജയ് കേദാർനാഥ്' എന്നു ആരവമുണ്ടാക്കുകയും ചെയ്തു. കഞ്ചാവു നിറച്ച ചിലം അവിടെ കൂടിയിരുന്നവരെല്ലാം വാങ്ങി പുക വലിച്ചു. വിവിധ ദേശക്കാരായ വ്യത്യസ്ത സ്വഭാവങ്ങളും വിഭിന്ന ചിന്താഗതികളുമുള്ള അപരിചിതരായ കുറേ ആളുകൾ ഒറ്റമനസ്സോടെ അതാസ്വദിച്ചു. ലേഖകനും അതിൽ പങ്കുചേർന്നു. അന്തരീക്ഷത്തിലെ തണുപ്പ് പാടേ മാറിയതായി തോന്നി. അന്തരീക്ഷത്തിനു പുതിയ ജീവൻ വച്ചതായി തോന്നി. മനസ്സിന് ഉന്മേഷം വന്നതായി അദ്ദേഹത്തിനു തോന്നുന്നു. സത്രത്തിൽ ചുറ്റുമുള്ള മനുഷ്യരെ കാറ്റും പിശറുമുള്ള സമുദ്രത്തിൽ ആടിയുലഞ്ഞു കൊണ്ടിരുന്ന നൗകയിൽ അഭയസങ്കേതം കണ്ടെത്തിയവരെപ്പോലെ കാണപ്പെട്ടു. ചിലർ ജീവിതവിജയം നേടിയെന്നു ധരിക്കുന്നവർ, ചിലർ പരാജിതർ, മറ്റു ചിലർ സർവസംഗ പരിത്യാഗികൾ. കഞ്ചാവിന്റെ ലഹരി പിടിച്ചു തുടങ്ങിയപ്പോൾ ചിലർ ഹിന്ദിയിലും ബംഗാളിയിലുമുള്ള സ്തോത്രങ്ങൾ ചൊല്ലാൻ തുടങ്ങി.

ശബരിമല തൊട്ട് അമർനാഥ് വരെയുള്ള എല്ലാ തീർഥാടനകേന്ദ്രത്തിലെയും സഞ്ചാരികൾക്ക് ഒരേ മനസ്സായിരിക്കും. അങ്ങോട്ടുമിങ്ങോട്ടും പറയുന്ന കാര്യങ്ങൾ പെട്ടെന്നു മനസ്സിലാകും. തീർഥാടനകേന്ദ്രപരിസരത്തു വെച്ച് അങ്ങോട്ടു പോകുന്നവർ മടങ്ങുന്നവരെക്കാൾ ആകാംക്ഷയേറിയവരായിരിക്കും. ലക്ഷ്യത്തോട് അടുക്കുന്തോറും അവർക്ക് അവിടെയെത്തിച്ചേരാനുള്ള അകാംക്ഷ വർധിച്ചു വരുന്നതായി കാണാം. "കാശി വിശ്വനാഥ് ഗംഗ, കാശി അമർനാഥ് ഗംഗേ...."എന്നിങ്ങനെയുള്ള ഭക്തിഗീതത്തിന്റെ ആവർത്തനങ്ങൾ ഇടയ്ക്കിടയ്ക്ക് ഉയർന്നു കേൾക്കാം. ലേഖകൻ അങ്ങനെ സോനപ്രയാഗിലെ വഴിയമ്പലത്തിൽ ഒരു രാത്രി ചിലവഴിച്ചു. കൂടെയുണ്ടായിരുന്ന സ്വാമിയുമായി സംഭാഷണത്തിലേർപ്പെട്ടു.

സ്വാമി എവിടെ നിന്നുള്ള ആളാണെന്നു പോലും ചോദിച്ചില്ല. കാരണം മഹാന്മാരുടെയും മഹാനദികളുടെയും ഉത്ഭവം ചോദിച്ചറിയുകയല്ല വേണ്ടത് എന്ന് ലേഖകൻ ചിന്തിക്കുന്നു. ഗ്രാമീണമായ ഹിന്ദിയിൽ സ്വാമി തന്റെ ഉത്തരാഖണ്ഡ് യാത്രകളെക്കുറിച്ച് പറയുന്നു. പിന്നീട് ലേഖകൻ സോനപ്രയാഗിൽ നിന്നും ഗുപ്തകാശിയിലേക്കു പോകുന്നു. വഴിയിൽ ഒരു ഗഡുവാളിയുടെ പുൽക്കുടിലിൽ കയറി റൊട്ടിയും ഡാലും ഉണ്ടാക്കി കഴിച്ചു. അവിടെ വിശ്രമിച്ചു കൊണ്ട് ഹിമാലയത്തിന്റെ താഴ്‌വരകളും മന്ദാകിനി നദിയുടെ മന്ത്രധ്വനികളും തൂവെള്ള

നിറത്തിൽ വെട്ടിത്തിളങ്ങുന്ന കൊടുമുടികളും എല്ലാം ചേർന്ന സുന്ദരദൃശ്യങ്ങൾ ആസ്വദിക്കുന്നു. അദ്ദേഹത്തിന്റെ ഉള്ളിൽ നിരവധി ചോദ്യങ്ങൾ ഉയർന്നു വന്നു. എന്തു കാരണത്താലാണ് മനുഷ്യൻ ഇത്തരം സാഹസികമായ തീർഥാടനയാത്രകൾ നടത്തുന്നത്. വെറും അന്ധവിശ്വാസം മാത്രമാണോ? ക്ഷേത്ര കമ്മിറ്റിക്കാരും പള്ളിക്കമ്മിറ്റികളും അവരുടെ ലാഭക്കൊതി കാരണം ചില വഴിപാടുകൾ തീർഥാടന കേന്ദ്രങ്ങളിൽ നടത്തിക്കാറുമുണ്ട്.

ചില പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ ലേഖകൻ അവതരിപ്പിക്കുന്നു. തീർഥയാത്ര പാപങ്ങളെ കഴുകിക്കളഞ്ഞ് മനസ്സിനെയും ശരീരത്തെയും ശുദ്ധീകരിക്കാനാണ് എന്നത്രേ. മറ്റു ചിലർ അഭിപ്രായപ്പെടുന്നത് അനേക മൈലുകൾ ദൂരെയുള്ള തീർഥാടന കേന്ദ്രത്തിലേക്കു പോകാൻ കാരണം അവന്റെ ഉള്ളിലുള്ള സാഹസിക പ്രവണത കൊണ്ടാണെന്നാണ്. ഇതിൽ ഭൗതികവും ആത്മീയവുമായ രണ്ടു വാദങ്ങളാണുള്ളത്. ഇഷ്ടമുള്ളത് ആർക്കും സ്വീകരിക്കാം. എന്തായാലും സംഘർഷങ്ങൾ നിറഞ്ഞ ദൈനംദിന ജീവിതത്തിൽ നിന്നകന്ന് ഇടയ്ക്ക് മറ്റേതെങ്കിലും മേഖലയിലേക്കുള്ള ദീർഘയാത്ര മനുഷ്യമനസ്സിനും ശരീരത്തിനും ഉണർവും ഉന്മേഷവും പ്രദാനം ചെയ്യുമെന്ന കാര്യത്തിൽ എല്ലാ കൂട്ടർക്കും യോജിപ്പുണ്ട്. ആ പുൽക്കുടിലിലിരുന്ന് ലേഖകൻ ഇതൊക്കെ ചിന്തിച്ചിരുന്ന് മയങ്ങിപ്പോകുന്നു. ഉണർന്ന് ഗഢുവാളിയിൽ നിന്നും ഒരു ചായ ഉണ്ടാക്കിച്ച് കഴിച്ചു. സമയം മൂന്നു മണിയായി എന്നു പറഞ്ഞപ്പോൾ ലേഖകൻ സന്ധ്യയായി എന്നു കരുതുന്നു. ഹിമാലയത്തിൽ ഈ അനുഭവം അദ്ദേഹത്തിന് പലപ്പോഴും ഉണ്ടായിട്ടുണ്ട്. കാരണം. അവിടെ ആകാശത്തിനു നീലനിറം, അകലെയുള്ള പർവത നിരകൾക്ക് ധവളിമ, താഴ്‌വരകൾക്ക് പച്ച നിമിഷങ്ങൾക്കുള്ളിൽ സൂര്യൻ കറുത്ത മേഘങ്ങൾക്കുള്ളിൽ അപ്രത്യക്ഷമാകും. അന്തരീക്ഷം മൂടൽ മഞ്ഞു കൊണ്ട് നിറയും ചുറ്റും ഇരുട്ടു നിറയും, തണുത്തുറയും. ഗഢുവാളിയുടെ ചായയും കഴിച്ച് ലേഖകൻ അവിടെ നിന്നു മടങ്ങി. ചുറ്റിനും മൂടൽമഞ്ഞിന്റെ പുക. നടപ്പാത കഷ്ടിച്ച് കാണാം. ക്യാൻവാസ് കോട്ടു കൊണ്ട് തലമൂടി അദ്ദേഹം കാലുകൾ വലിച്ചു വെച്ച് ഗുപ്തകാശിയിലേക്കു, തന്റെ ലക്ഷ്യസ്ഥാനത്തേക്കു വീണ്ടും യാത്ര തുടങ്ങി.

## വിശകലനം

വിജ്ഞാനപ്രദവും കൗതുകകരവുമായ പ്രതിപാദനമാകയാൽ യാത്രാവിവരണങ്ങൾക്ക് ധാരാളം വായനക്കാരുണ്ട്. യാത്രാവിവരണങ്ങൾ ഭൂരിഭാഗവും വസ്തുനിഷ്ഠമായ അറിവുകളുടെയും ആത്മനിഷ്ഠമായ അനുഭവങ്ങളുടെയും കലവറയായിരിക്കും. സാഹസികതയും ആത്മാന്വേഷണവും സംയോജിച്ച വിവരണങ്ങൾക്കാണ് കുടുതൽ വായനക്കാർ. കണ്ട വസ്തുതകളെയും അനുഭവിച്ച സന്തോഷവും ആനന്ദാനുഭൂതികളും ദുരിതാദികളും വലിയ അതിശയോക്തിയോ സ്ഥൂലതയോ ഇല്ലാതെ സമർഥരായ എഴുത്തുകാർ ആഖ്യാനം ചെയ്യുന്നു. വായനക്കാരിൽ, യാത്രാവിവരണക്കാരന്റെ കൂടെ സഞ്ചരിച്ച പ്രതീതിയുളവാക്കാൻ സാധിക്കണം. അറിവും അനുഭൂതിയും പകരുകയാണ് യാത്രാവിവരണങ്ങളുടെ ലക്ഷ്യം.

രാജൻ കാക്കനാടൻ എഴുതിയ യാത്രാവിവരണമാണ് ഹിമവാന്റെ മുകൾത്തട്ടിൽ. ഹിമവാന്റെ മുകൾത്തട്ടിലേക്കു രാജൻ കാക്കനാടൻ യാത്ര തുടങ്ങുന്നു. മുന്നൊരുക്കങ്ങളില്ല; മുന്നറിവുകളും. സുഹൃത്തുക്കളില്ല; സഹായികളും. ക്ഷീണിപ്പിക്കുന്ന ഭാണ്ഡങ്ങളില്ല; ആവശ്യത്തിനു കാശുപോലും. ഒന്നോരണ്ടോ ജോഡി വസ്ത്രങ്ങളുമായി അകലെയെവിടെയോ മാടിവിളിക്കുന്ന ഹിമശൃംഗങ്ങളിലേക്ക് നീളുന്ന സഞ്ചാരം.... രാജൻ കാക്കനാടൻ ഹിമാലയമുടികളിലേക്ക് ഏകനായി നടത്തിയ യാത്ര. ഹിമാലയം സഞ്ചാരികളെ മോഹിപ്പിച്ച, വിസ്മയിപ്പിച്ച രത്നഖനിയാണ്. ഭാരതീയരൊക്കെ അതിന്റെ അതുല്യപ്രഭാവത്തിൽ അത്ഭുതപരതന്ത്രരായിട്ടുണ്ട്. കാളിദാസനെപ്പോലുള്ള മഹാകവികളെ ആനന്ദിപ്പിക്കുകയും അതിശയിപ്പിക്കുകയും ചെയ്ത ആ മഹാഭൂവിന്റെ ഉൾത്തുടിപ്പറിയാനും ആർഷഭാരതത്തിന്റെ ഹൃദയരഹസ്യമറിയാനുമുള്ള മോഹം എല്ലാ ഭാരതീയരിലും എന്നും ഉണ്ടായിട്ടുണ്ട്. അതിനാൽ ഹിമവാന്റെ മുകൾത്തട്ടിലേക്കുള്ള യാത്ര ആവേശഭരിതവും സാഹസികവുമാണ്. ഹിമാലയാഖ്യാനങ്ങളോട്

ആധുനിക കാലം വലിയ പ്രീതി കാട്ടിത്തുടങ്ങിയിരിക്കുന്നു. എന്നാൽ മിക്ക ഹിമാലയാഖ്യാനങ്ങളും സാമ്പ്രദായിക ശൈലിയിൽ എഴുതിയവയാണ്. സ്ഥലങ്ങൾ സന്ദർശിക്കുക, പുരാണം പറയുക, ഐതിഹ്യം പർവതീകരിക്കുക, ജീവിതരീതികൾ നോക്കിക്കാണുക ഈ മട്ടിലാണ് രചന. എന്നാൽ ഏകനായി, വേണ്ട കരുതലുകളില്ലാതെയാണ് രാജൻ കാക്കനാടൻ ഹിമാലയ യാത്ര നടത്തിയത്. കേദാർനാഥ്, തുംഗനാഥ്, ബദരീനാഥ് തുടങ്ങിയ ഹിമവൽ ഭക്തികേന്ദ്രങ്ങളിലേക്ക് ഏകനായി, കാൽനടയായി നടത്തിയ യാത്ര. ഹിമാലയ രചനകളുടെ സാമ്പ്രദായികതയെ ഉല്ലംഘിക്കുന്ന കൃതിയാണ് ഹിമവാന്റെ മുകൾത്തട്ടിൽ. അതിനാൽ സാഹസികമായ വൈയക്തികാനുഭവങ്ങൾക്കാണ് ഇതിൽ പ്രാധാന്യം. 1975-ൽ ഹിമാലയത്തിലേക്ക് നടത്തിയ യാത്രയാണ് ഈ കൃതിയുടെ ഉറവിടം.

## Recap

- യാത്രാവിവരണത്തിൽ ഹിമാലയൻ യാത്രകൾ ധാരാളമായി കടന്നുവരുന്നു
- സാഹസികവും അവിശ്വസനീയവുമായ യാത്ര
- പാറേമാക്കൻ തോമാക്കത്തനാരുടെ വർത്തമാനപ്പുസ്തകം
- നിർഭയനായി പല അപകടമേഖലകളും തരണം ചെയ്ത് നടത്തിയ സാഹസികയാത്ര
- ഹരിദ്വാർ മുതൽ ഗൗരീകുണ്ഡ് വരെയുള്ള യാത്ര
- അറിവും അനുഭൂതിയും പകരുകയാണ് യാത്രാവിവരണങ്ങളുടെ ലക്ഷ്യം
- ഗൗരീകുണ്ഡം തപോനിഷ്ഠയായ പാർവതിയുടെ കുളിക്കടവായിരുന്നു എന്ന ഐതിഹ്യം.
- ശബരിമല തൊട്ട് അമർനാഥ് വരെ എല്ലാ തീർഥാടന കേന്ദ്രത്തിലെയും സഞ്ചാരികൾക്ക് ഒരേ മനസ്സായിരിക്കും
- സോനപ്രയാഗ് മഞ്ഞിൽ വിളക്കുകൾ തെളിഞ്ഞ് സുവർണ്ണപ്രഭ പരത്തിയിരിക്കുന്നു
- കുത്തിയൊലിക്കുന്ന സോനാർഗംഗ
- തീർഥയാത്ര പാപങ്ങളെ കഴുകിക്കളഞ്ഞ് മനസ്സിനെയും ശരീരത്തേയും ശുദ്ധീകരിക്കുന്നു
- തീർഥാടനകേന്ദ്രത്തിലേക്കു പോകാൻ കാരണം മനുഷ്യന്റെ ഉള്ളിലുള്ള സാഹസിക പ്രവണതയാണ്
- യാത്രകൾ മനുഷ്യന് ഉണ്ടാക്കുന്ന ഉണർവും ഉന്മേഷവും ഈ കൃതിയിൽ ചർച്ച ചെയ്യുന്നു.

SGOU

## Objective Type Questions

1. 'കുടജാദ്രിയുടെ സംഗീതം' എന്ന കൃതി എഴുതിയതാര്?
2. രാജൻ കാക്കനാടൻ മുഖ്യകഥാപാത്രമായി അഭിനയിച്ച സിനിമ ഏത്?
3. ഹിമവാനെ അത്യുജ്ജ്വല കഥാപാത്രമായി അവതരിപ്പിക്കുന്ന സംസ്കൃതകൃതികൾ?
4. വെട്ടൂർ രാമൻനായരുടെ യാത്രാവിവരണഗ്രന്ഥം ഏത്?
5. നിത്യ ചൈതന്യയതിയുടെ യാത്രാവിവരണത്തിന്റെ പേരെന്ത്?
6. കേന്ദ്രസാഹിത്യ അക്കാദമി അവാർഡു നേടിയ ഏക യാത്രാവിവരണ ഗ്രന്ഥമേത്? എഴുതിയതാര്?

7. എസ്തപ്പാൻ - എന്ന സിനിമയുടെ സംവിധായകൻ ആര്?
8. ഹെർബേറിയം, അടരുന്ന കക്കകൾ എന്നിവ ആരുടെ യാത്രാവിവരണ ഗ്രന്ഥങ്ങളാണ്?
9. രാജൻ കാക്കനാടന്റെ പ്രധാന കൃതികൾ ഏതെല്ലാം.
10. ഗൗരീകുണ്ഡിന്റെ പ്രത്യേകത എന്തായിരുന്നു?
11. സത്രത്തിലെ തീർഥാടകർ ആവർത്തിച്ച ഭക്തിഗീതമേത്?
12. സോനപ്രയാഗിൽ നിന്നും ലേഖകൻ എവിടേക്കാണു പോയത്?

## Answers

1. ജോർജ് കാക്കനാടൻ
2. എസ്തപ്പാൻ
3. മേഘസന്ദേശം, വിക്രമോർവശീയം, കുമാരസംഭവം
4. പുരി മുതൽ നാസിക് വരെ
5. യാത്ര
6. ഹൈമവതഭൂവിൽ, എം.പി. വീരേന്ദ്രകുമാർ
7. ജി. അരവിന്ദൻ
8. ആഷാമേനോൻ
9. ഹിമവാന്റെ മുകൾത്തട്ടിൽ, അമർനാഥ് ഗുഹയിലേക്ക്, നേരമില്ലാത്ത നേരത്ത് (നോവൽ)
10. തപോനിഷ്ഠയായ പാർവതിയുടെ കുളിക്കടവായിരുന്നു ഗൗരീകുണ്ഡം എന്നാണ് ഐതിഹ്യം.
11. 'കാശി വിശ്വനാഥ് ഗംഗ, കാശി അമർനാഥ് ഗംഗേ .... 'എന്നിങ്ങനെയുള്ള ഭക്തിഗീതം
12. ഗുപ്തകാശി

SGOU

## Assignments

1. സഞ്ചാര സാഹിത്യത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക
2. മലയാള യാത്രാവിവരണ സാഹിത്യരംഗത്ത് രാജൻ കാക്കനാടന്റെ യാത്രാവിവരണ ഗ്രന്ഥങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യുക.
3. മലയാളത്തിലെ ഹിമാലയൻ യാത്രാവിവരണങ്ങളെ വിവരിക്കുക
4. അനുഭവവ്യാഖ്യാനം എന്ന നിലയിൽ രാജൻ കാക്കനാടിന്റെ 'ഹിമവാന്റെ മുകൾത്തട്ടിൽ' എന്ന കൃതിയെ പരിശോധിക്കുക.

## Reference


1. രാജൻ കാക്കനാടൻ, ഹിമവാന്റെ മുകൾത്തട്ടിൽ, പൂർണ്ണാ പബ്ലിക്കേഷൻ, കോഴിക്കോട്.
2. ഡോ.കെ.എം. ജോർജ്, ആധുനിക സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി.ബുക്സ്, കോട്ടയം.


## Suggested Reading


1. പ്രൊഫ.വി. രമേഷ് ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. എം.ജി.എസ്. നാരായണൻ, ജാലകങ്ങൾ : ഒരു ചരിത്രാന്വേഷിയുടെ വഴികൾ, കാഴ്ചകൾ, കറന്റ് ബുക്സ്, തൃശ്ശൂർ.
3. ഡോ.ടി.എം. ചുമ്മാർ, ഭാഷാ ഗദ്യസാഹിത്യ ചരിത്രം, എൻ.ബി.എസ്, കോട്ടയം.


SGOU

# BLOCK - 05

# അനുഭവസാഹിത്യം

SGOU

# യൂണിറ്റ് - 1
# ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ (നദി തിന്നുന്ന ദ്വീപ്)

**കെ.എ. ബീന**

## Learning Outcomes

- യാത്രാവിവരണ സാഹിത്യം എന്ന വിവരണാത്മകസാഹിത്യശാഖയെ പരിചയപ്പെടുന്നു
- സഞ്ചാരസാഹിത്യകൃതികളുടെ ചരിത്രം മനസ്സിലാക്കുന്നു
- കെ.എ. ബീനയുടെ 'നദി തിന്നുന്ന ദ്വീപ്' എന്നതിലെ യാത്രാക്കുറിപ്പുകൾ പരിചയപ്പെടുന്നു
- സൈലന്റ് വാലി എന്ന നിത്യഹരിതവനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു

## Prerequisite

കേരളത്തിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന നിരവധി സമരങ്ങളും ദൃശ്യങ്ങളും നാം കണ്ടിട്ടുണ്ട്. എൻഡോസൾഫാൻ ദുരന്തത്തിലകപ്പെട്ട ജനതയെയും പരിസ്ഥിതിയെയും നാം വേദനയോടെ നോക്കി കണ്ടു. നിരവധി പ്രക്ഷോഭങ്ങൾക്കും സമരങ്ങൾക്കും ഒടുവിൽ എൻഡോസൾഫാൻ നിരോധിച്ചു. ഇതുപോലെ 1980-കളിൽ കേരളത്തിലുണ്ടായ ഒരു സമരത്തിന്റെ ഓർമ്മപ്പെടുത്തലാണീ ലേഖനം. അണക്കെട്ടുകൾക്കെതിരെ നിരവധി സമരങ്ങൾ നടന്നിട്ടുണ്ട്. അതൊക്കെ മനുഷ്യരുടെ കുടികിടപ്പ് അവകാശങ്ങൾക്കുവേണ്ടിയും ഒഴിപ്പിക്കലുകൾക്കുമൊക്കെ എതിരെ ഉള്ളവയായിരുന്നു. പരിസ്ഥിതി നശീകരണത്തിനെതിരെയും കാടിനും കാട്ടിലെ ജീവികൾക്കുമായും മനുഷ്യൻ നടത്തിയ ആദ്യസമരമായിരുന്നു സൈലന്റ് വാലിയിൽ നടന്നത്. എഴുത്തുകാരും കലാകാരന്മാരും കുട്ടികളും ചേർന്ന് ആറേഴു വർഷം തുടർച്ചയായി പൊരുതി. അങ്ങനെ സൈലന്റ് വാലിസമരം വിജയത്തിന്റെ കഥയായി. അവിടേക്കുള്ള ഒരു സഞ്ചാരത്തിന്റെ കഥയാണ് കെ.എ. ബീനയുടെ 'ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ' എന്ന ലേഖനം.



മലയാളത്തിലെ പ്രശസ്തയായ സഞ്ചാരസാഹിത്യകാരിയാണ് കെ.എ. ബീന, സ്കൂൾ വിദ്യാർഥിനിയായിരിക്കുമ്പോൾ ബീന നടത്തിയ റഷ്യൻ പര്യടനത്തെ ആസ്പദമാക്കി 1981-ൽ പ്രസിദ്ധീകരിച്ച 'ബീന കണ്ട റഷ്യ' ആണ് ആദ്യപുസ്തകം. കേരള കൗമുദി, കലാകൗമുദി, ഗൃഹലക്ഷ്മി തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽ പ്രവർത്തിച്ചു. ആനുകാലികങ്ങളിൽ കോളങ്ങളും കഥകളും ലേഖനങ്ങളും എഴുതുന്നു.

പ്രകൃതി നൽകുന്ന വൈകാരികാനുഭൂതി പകരുന്ന യാത്രാനുഭവങ്ങളാണ് കെ.എ. ബീനയുടെ 'നദി തിന്നുന്ന ദ്വീപ്' എന്ന ഈ യാത്രാക്കുറിപ്പ്. യാത്രാക്കുറിപ്പുകളിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും ആഖ്യാനങ്ങൾ തമ്മിൽ വ്യത്യാസമുണ്ടാകും. കാരണം പുരുഷന്റെയും സ്ത്രീയുടെയും ജീവിതങ്ങൾ തമ്മിലുള്ള വൈജാത്യങ്ങൾ യാത്രയിലും ജീവിതയാത്രയിലും പ്രതിഫലിക്കുന്നു. സ്ത്രീരചനകൾ സ്നേഹവും ലാവണ്യവും കരുത്താകുമ്പോൾ പുരുഷരചനകൾ അനുഭവവും നീരീക്ഷണവും കൊണ്ട് ശ്രദ്ധേയമാകുന്നു. പ്രകൃ

SGOU

തിയും വൈകാരികാനുഭൂതികളുമാണ് സ്ത്രീയാത്രാവിവരണങ്ങളെ സമ്പുഷ്ടമാക്കാറുള്ളത് എന്നാണ് ലേഖികയുടെ അഭിപ്രായം. തന്റെ യാത്രാവിവരണ ലേഖനങ്ങളിലൂടെ പ്രകൃതി നൽകുന്ന വൈകാരികാനുഭൂതി യാത്രിക ആസ്വാദകർക്കു പകർന്നു തരുന്നു.

കേരളത്തിനുള്ളിൽ നടത്തിയ ചില യാത്രകളുടെ വിവരണങ്ങളുമുണ്ട്. കെ. ബാലകൃഷ്ണന്റെ 'സഹ്യാദ്രിസാനുക്കളിൽ', എൻ. ശ്രീകണ്ഠൻ നായരുടെ 'രണ്ടിലയും ഒരു തിരിയും', ടി.എച്ച് ചെന്താരശ്ശേരിയുടെ 'കേരളത്തിന്റെ മലർവാടി' വി.വി.കെ. വാല്യത്തിന്റെ 'ശബരിമല', 'മൂന്നാർ', 'ഷോളയാർ', കെ. പാനൂരിന്റെ 'കേരളത്തിലെ ആഫ്രിക്ക', 'മലകൾ, താഴ്‌വരകൾ , മനുഷ്യർ', നെട്ടൂർ.പി. ദാമോദരന്റെ 'ആദിവാസികളുടെ കേരളം' മാധവിക്കുട്ടിയുടെ 'കേരളസഞ്ചാരം,' എന്നീ കൃതികളൊക്കെ കേരളത്തിനുള്ളിലെ സഞ്ചാരങ്ങളെക്കുറിച്ചുള്ള വിവരണഗ്രന്ഥങ്ങളാണ്. കെ.എ. ബീനയുടെ 'ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ' എന്ന ലേഖനവും കേരള സഞ്ചാരത്തെക്കുറിച്ചാണ്, പാലക്കാട് ജില്ലയിലെ സൈലന്റ് വാലിയിലൂടെ നടത്തിയ യാത്രയുടെ അനുഭവാവിഷ്കാരമാണിതിലുള്ളത്.

**പ്രധാനകൃതികൾ**

ബ്രഹ്മപുത്രയിലെ വീട്, ചുവടുകൾ, ബഷീർ എന്ന അനുഗ്രഹം, ബഷീറിന്റെ കത്തുകൾ (സമാഹരണം), ചരിത്രത്തെ ചിറകിലേറ്റിയവർ, റേഡിയോ കഥയും കലയും, കൗമാരം കടന്നുവരുന്നത്, അമ്മമാർ അറിയാത്തത്, അമ്മക്കുട്ടിയുടെ അത്ഭുതങ്ങൾ, പെരുമഴയത്ത് (സ്മരണ), ശീതനിദ്ര (കഥ).

## Keywords

യാത്രാവിവരണ സാഹിത്യം - കെ.എ. ബീനയുടെ സംഭാവനകൾ - സൈലന്റ് വാലി സമരം - സമര നേതാക്കൾ - സൈലന്റ് വാലി എന്ന നിത്യഹരിതവനം - പുണ്യഭൂമി - പ്രകൃതി സംരക്ഷിക്കേണ്ട ആവശ്യകത

## Discussion

'നദി തിന്നുന്ന ദ്വീപ്' എന്ന കെ.എ. ബീനയുടെ യാത്രാവിവരണ ഗ്രന്ഥത്തിലെ 'ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ' എന്ന ലേഖനമാണിവിടെ പാഠ്യഭാഗം. മൗനത്തിന്റെ മേടുകളിലേക്ക് യാത്ര തുടങ്ങുന്നതിന് ആത്മാവ് ആവേശത്തോടെ അതിന് പരിചിതമായ ഭാഷ വീണ്ടെടുത്തതായി ലേഖികയ്ക്ക് അനുഭവപ്പെടുന്നു. സൈലന്റ് വാലിയെ അറിയുകയായിരുന്നു ലക്ഷ്യം. കുറേ ദിവസങ്ങൾക്കു മുമ്പ് കാടിന്റെ വന്യതയിലലിയാനുള്ള മോഹം എഴുത്തുകാരിയുടെ മനസ്സിനെ കൊത്തി വലിയ്ക്കാൻ തുടങ്ങിയതാണ്. എൻ.എ. നസീറിന്റെ 'കാടും ഫോട്ടോഗ്രാഫറും' എന്ന കൃതി വായിച്ച് ഉന്മാദംപൂണ്ട് കാട്ടുസ്വപ്നങ്ങളുടെ പിടിയിൽപ്പെട്ടു പോകുകയായിരുന്നു. ആഗ്രഹിക്കുന്നതൊക്കെ കാട് സത്യമാക്കുമെന്ന നസീറിന്റെ വരികൾ സത്യമായി. കേരളം കാണാനെത്തുന്ന കാശ്മീരി പത്രപ്രവർത്തകസംഘത്തോടൊപ്പം സൈലന്റ് വാലിയിലേക്ക് ടൂർ ഓർഡർ ലഭിക്കുന്നു. ലേഖിക അതിൽ വളരെ സന്തോഷിക്കുന്നു.

സൈലന്റ് വാലി വെറുമൊരു കാടല്ല അതൊരു പുണ്യഭൂമി തന്നെയാണ്. കേരളീയന് പ്രകൃതി നൽകിയ സ്വകാര്യ അഹങ്കാരം. പ്രകൃതിക്കു വേണ്ടി ലോകത്തിൽ തന്നെ നടന്ന അപൂർവ സമരത്തിന്റെ വിജയകഥയാണ് നിത്യഹരിതവനത്തിന്റെ നിശബ്ദതയിലേക്ക് കയറുമ്പോൾ ലേഖികയ്ക്ക് ഓർമ്മ വരുന്നത്. കുന്തിപ്പുഴയുടെ കുറുകേ സൈരന്ധ്രിയിൽ അണക്കെട്ടുണ്ടാക്കി മഹാമൗനത്തിന്റെ, പ്രാപഞ്ചികസ്വത്വത്തിന്റെ തനിമകളിലേക്കു കടന്നു കയറാൻ തീരുമാനിച്ചവർക്കെതിരെ ഒരു നാട് ഒന്നിച്ചുനിന്നു പൊരുതി

SGOU

നേടിയ കാടാണ് സൈലന്റ് വാലി. അണക്കെട്ടുകൾക്കെതിരെ മുൻപുണ്ടായ സമരങ്ങളൊക്കെ മനുഷ്യരുടെ കുടികിടപ്പ് അവകാശങ്ങൾക്കു വേണ്ടിയുള്ളതായിരുന്നു. പക്ഷേ സൈലന്റ് വാലി സമരം കാടിനും കാട്ടിലെ ജീവികൾക്കുമായി മനുഷ്യൻ നടത്തിയ സമരമായിരുന്നു. എഴുത്തുകാരും, കലാകാരന്മാരും തുടങ്ങി എല്ലാവരും ആറേഴു വർഷം തുടർച്ചയായി പൊരുതി വിജയം നേടി.

സൈലന്റ് വാലി സമരവിജയത്തിനു ശേഷമുണ്ടായ ചിന്തയാണ് പരിസ്ഥിതിക്കാണോ വികസനത്തിനാണോ നാം പ്രാധാന്യം നൽകേണ്ടതെന്ന്. ചിന്ത ഇന്നും പ്രസക്തമാണ്, ചർച്ചകൾ ഇന്നും തുടരുന്നു. സമരത്തിൽ നിരവധി പേർ പങ്കെടുത്തു. അതിൽ ചരിത്രത്തിൽ രേഖപ്പെടുത്താത്ത വളരെയധികം പേരുണ്ട്, ലച്ചിയപ്പനെപ്പോലെയുള്ള ആദിവാസികളുമുണ്ട്. 1980 – കളിൽ നടന്ന സമരത്തിനു ശേഷം 1984–ൽ സൈലന്റ് വാലി ദേശീയപാർക്കായി മാറി. മരങ്ങൾക്കും മൃഗങ്ങൾക്കും പക്ഷികൾക്കും മനുഷ്യനോട് നന്ദി പറയാൻ കിട്ടുന്ന അപൂർവാവസരം ആയി അത്. അങ്ങനെ അതൊരു തീർഥഭൂമിയായി. ലേഖികയുടെ ഒപ്പമുള്ള റെനി, നന്മയുടെയും അറിവിന്റെയും നേരിന്റെയും കാടു പോലെ, കാടിനോട് നിറഞ്ഞ പ്രണയമുള്ള ഒരു മനുഷ്യജീവിയായിരുന്നു. അവിടേക്കുള്ള മോശം റോഡു പോലും കാടിന്റെ ശാന്തതയ്ക്ക് നല്ലതാണെന്ന അഭിപ്രായമായിരുന്നു അവർക്കുണ്ടായിരുന്നത്. കാടിന്റെ നിശബ്ദതയെപ്പോലും അവർ ആദരിക്കുന്നു. അഞ്ച് കോടി വർഷം പഴക്കമുണ്ട് ഈ കാടിന്. മനുഷ്യൻ നാശം വരുത്താത്ത ഒരു കാട്: മിക്ക കാടുകളിലും ആദിവാസികൾ ഉണ്ടാകും. പക്ഷേ സൈലന്റ് വാലിയിൽ ഒരു കാലത്തും മനുഷ്യവാസം ഉണ്ടായിട്ടില്ല. ലോകത്തു തന്നെ ഇത് അപൂർവമാണ്. പ്രകൃതി തന്നെ സ്വയം സംരക്ഷണം തീർക്കുകയായിരുന്നു. പണ്ട് ബ്രിട്ടീഷുകാർ കാപ്പിത്തോട്ടമുണ്ടാക്കാൻ ശ്രമിച്ച് പരാജയമടഞ്ഞു. virgin, untouched എന്നൊക്കെ ഈ കാടിനെ വിളിക്കാറുണ്ട്.

അജ്ഞാതവാസക്കാലത്ത് കുന്തീദേവി ദ്രൗപദിയുമൊത്ത് ഇവിടെ വന്നിരുന്നുവെന്നാണ് ഐതിഹ്യം. ദ്രൗപദിയുടെ അപരനാമമായ സൈരന്ധ്രി എന്നായിരുന്നു വനത്തിന്റെ ആദ്യപേര്. ബ്രിട്ടീഷുകാർക്കത് പറയാൻ കഴിയാത്തതിനാൽ സൈലന്റ് വാലിയെന്നാക്കിയെന്നും സദാ ചിലയ്ക്കുന്ന, ചീവീടുകൾ ഇല്ലാത്ത കാടായതിനാൽ നിശബ്ദ താഴ്വര എന്നർഥത്തിൽ സൈലന്റ് വാലിയെന്നിട്ടതാകാമെന്നും അഭിപ്രായമുണ്ട്. കുന്തീദേവിയുടെ ഓർമ്മയായി കുന്തിപ്പുഴയും പാത്രക്കടവ് ദ്രൗപദിയുടെ അക്ഷയപാത്രത്തിന്റെ ഓർമ്മയായും കരുതുന്നു. മനുഷ്യന്റെ ശബ്ദം പ്രതിധ്വനിക്കാത്ത ഇടം എന്നും പേരിനു പിന്നിലെ കഥയായി കരുതുന്നു. സൈലന്റ് വാലി കാടിന് രണ്ടു സോണുകളുണ്ട്: ഉള്ളിൽ കോർ സോണും പുറമേ ബഫർ സോണും. വീടിനു മതിൽ പോലെ കോർസോണിനെ ബഫർസോൺ സംരക്ഷിക്കുന്നു. അവിടേക്ക് എല്ലാവർക്കും പ്രവേശനമില്ല. കോർസോൺ മൃഗങ്ങളുടെ സ്വന്തം സാമ്രാജ്യമാക്കി നൽകി മനുഷ്യൻ മാറിനിൽക്കുന്നു.

നിലത്തുവീണ ഒരില പോലും തൊടാതെ ഒടിഞ്ഞു വീഴുന്ന മരങ്ങളെ മണ്ണിലലിഞ്ഞ് ചേർത്ത് ആവാസവ്യവസ്ഥയ്ക്ക് സന്തുലനം നിലനിർത്താൻ മനുഷ്യൻ ചിലപ്പോൾ ദൈവത്തെപ്പോലെ പ്രവർത്തിക്കുന്നു. സൈലന്റ് വാലി അത്തരമൊന്നാണ്. കോർസോണിലെ വഴിത്താരകളെ പോലും വന്ദിക്കുകയും ബഹുമാനിക്കുകയും ചെയ്യണമെന്ന് റെനി പറയുന്നു. കോർസോണിനെ മൂലക്ഷേത്രം പോലെ പരിപാവനമാക്കി സംരക്ഷിക്കുന്നു. പ്രകൃതിയെ മനുഷ്യൻ പണ്ടേ ആരാധിച്ചിരുന്നു. സൈലന്റ് വാലി കാണാനെത്തുന്നവർക്ക് ബഫർസോൺ മാത്രമേ കാണാൻ കഴിയൂ. കാടിന്റെ അപാരമായ മൗനം. പ്രകൃതിയോട് വിലയം ചേരാൻ കഴിവുള്ളവർ, കാടിനോട് ധ്യാനാത്മകമായ സമീപനമുള്ളവർ എന്നിവർക്ക് മാത്രമേ ഈ കാട് ആനന്ദം നൽകൂ. ഇടതിങ്ങിയ ഈ കാട്ടിൽ വന്യജീവികളെ കാണുക എളുപ്പമല്ല. കാടിനെ അറിയാനും അനുഭവിക്കാനുമേ ഇവിടെ കഴിയൂ, സിംഹവാലൻ കുരങ്ങുകളെ ധാരാളമായി കാണാം.

നിത്യഹരിതവനമാണിത്. വലിയ മരങ്ങൾ, ഓർക്കിഡുകൾ, ഷഡ്പദങ്ങൾ, ചോലക്കാടുകൾ, ഇലപൊഴിയും കാടുകൾ, പുൽമേടുകൾ, നിരവധി ഔഷധസസ്യങ്ങൾ ഇവ ചേർന്ന ജൈവവൈവിധ്യമാണ് സൈലന്റ് വാലിയെ സമ്പു

SGOU

ഷ്ടമാക്കുന്നത്. സൈരന്ധ്രിയുടെ സൗന്ദര്യം കണ്ട് മതിമറന്ന് കാശ്മീരി പത്രപ്രവർത്തകൻ ഹാറൂൺ റഷീദ് ഷാ, 'ഞാനിനി തിരിച്ചു പോകുന്നില്ല, ഈ സൈലന്റ് വാലിയിൽ ശിഷ്ടജീവിതം' എന്നു പ്രഖ്യാപിച്ചു. ഓരോരുത്തരും മനസ്സിൽ ആവാഹിക്കുകയായിരുന്നു ആ കാടിന്റെ അപൂർവമായ ശാന്തി, അപാരമായ അനുഗ്രഹം. കുന്തിപ്പുഴയുടെ വെള്ളച്ചാട്ടവും ഔഷധസമ്പത്തും മനസ്സിനും ശരീരത്തിനും കുളിർമ നൽക്കുന്നു. വാച്ച്ടവറിനടുത്തുള്ള മ്യൂസിയത്തിലുള്ള ചിത്രത്തിന്റെ തലക്കെട്ടുണ്ട് 'The most dangerous creature on earth' എന്ന് ഒരു തിരിച്ചറിവിന്റെ തലക്കെട്ടാണത്. കാശ്മീരി പത്രപ്രവർത്തകർ ഒരുമിച്ച് പറയുന്നു, ഇത് അപൂർവമായ ഒരനുഭവമാണ്, ഞങ്ങൾ എല്ലാം തകർക്കുന്നു, നിങ്ങൾ ആത്മാവിലേറ്റി പരിപാലിക്കുന്നു. ഈ കാടുകളിലെ ഒരേയൊരു ഭീഷണി കാട്ടുതീയാണ്. തീ പിടിച്ചാൽ മഴക്കാടുകളിൽ പെട്ടെന്നു തീപടരും – മരങ്ങളുടെ തൊലികട്ടി കുറഞ്ഞതായതിനാൽ വേഗം തീ പിടിക്കും. പല നിറങ്ങളാൽ ധാരാളം മരങ്ങൾ, മനുഷ്യനെ പേടിക്കാതെ പാമ്പുകളിഴയുന്ന കരിയിലക്കൂട്ടങ്ങൾ, പാടിയാർക്കുന്ന പക്ഷിക്കൂട്ടങ്ങൾ, നിരവധി ഗന്ധങ്ങൾ, കാടിനെ തൊട്ടറിയുന്ന കാലുകളിലൂടെ ഇരച്ചെത്തുന്നത് വന്യമായൊരു ഊർജസ്രോതസ്സാണ്. ഈ കാഴ്ചകൾ കണ്ട് റെനി കവിത ചൊല്ലുന്നു.

## വിശകലനം

കാടുസംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ജൈവവൈവിധ്യത്തിന്റെ പരിപാലനവുമൊക്കെ ഏറ്റെടുക്കേണ്ടത് വരുംതലമുറയാണ്. വരുംതലമുറയുടെ സ്വത്താണ് കാട്, ആയതിനാൽ സൈലന്റ് വാലിയിൽ സംഘടിപ്പിക്കുന്ന പ്രകൃതിപഠനക്യാമ്പുകളിൽ കുട്ടികളെയാണ് കൂടുതൽ പങ്കെടുപ്പിക്കുക. മടക്കയാത്രയിൽ ലേഖികയുടെ മനസ്സിൽ സങ്കടം വന്നു നിറയുന്നു. നിശബ്ദതാഴ്വരയുടെ ജലം, നീർച്ചോലയിൽ നിന്നെടുത്ത ഒരു കുപ്പിവെള്ളം അവർ നെഞ്ചോട് ചേർത്തുപിടിച്ചു: ആ വെള്ളം ഒരുപാടു കാര്യങ്ങൾ പറയുമ്പോലെ തോന്നുന്നു. രഹസ്യങ്ങളുടെ പൊരുളായി, സത്യത്തിന്റെ ആനന്ദത്തിന്റെ മഹാധാരയായി അത് അവരിൽ നിറഞ്ഞൊഴുകിയതായി ലേഖിക രേഖപ്പെടുത്തുന്നു. ഇനിയും തിരിച്ചു വരേണ്ടി വരുമെന്നതിനാൽ അവർ ആ കാടിനോട് യാത്ര പറഞ്ഞില്ല.

'ഞാൻ ബ്രഹ്മപുത്രയിലെ വീടും, ചുവടുകളുമൊക്കെ എഴുതുന്ന കാലത്ത് സ്ത്രീകളിങ്ങനെ യാത്ര ചെയ്യാറില്ല. അതു കൊണ്ട് ആ യാത്രകൾ എനിക്ക് വലിയ അനുഭവങ്ങളാണ്. എന്നാൽ ഇന്ന് ധാരാളം പെൺകുട്ടികൾ യാത്ര ചെയ്യുന്നുണ്ട്. ഞങ്ങളെ സഞ്ചാരിയാക്കിയത് കെ.എ. ബീനയാണ് എന്ന് ഇന്ന് പല പെൺകുട്ടികളും പറയുന്നുണ്ട്, എഴുതുന്നുണ്ട്. എന്റെ യാത്രകളും എഴുത്തും കേരളത്തിലെ സ്ത്രീകളെ അങ്ങനെ ചിന്തിപ്പിക്കാൻ സഹായകമായി എന്നതിൽ സന്തോഷമുണ്ട്.' വാക്കുകളിൽ നിഷ്കളങ്കത നിറച്ച് സൗഹൃദത്തിന്റെയും സഹാനുഭൂതിയുടെയും ആർദ്രതയോടെ കെ.എ. ബീന പറയുന്നു. യാത്ര എഴുത്തുകാരിയാക്കിയ ഒരുവളുടെ ആർജവത്തിന് ജീവിതത്തിന്റെ ചൂടും ചൂരുമുണ്ട്. ഞാൻ യാത്ര ആരംഭിക്കുകയാണ് എന്ന് കെ.എ. ബീന ഉറച്ച് പറയുമ്പോൾ കേരളത്തിലെ പെണ്ണുങ്ങൾ പറയുന്നു 'നിങ്ങൾ ഞങ്ങളെ സഞ്ചാരികളാക്കി.' അതെ, സ്ഥലകാലങ്ങൾക്കും സമയവേഗങ്ങൾക്കുമൊപ്പം യാത്ര പോകാൻ നമുക്കും ഒരുങ്ങാം.

SGOU

## Recap

- പാരിസ്ഥിതികവും സാമൂഹികവും സാംസ്കാരികവുമായ വൈവിധ്യങ്ങളുടെ സാഹിത്യരൂപമാണ് യാത്രാവിവരണങ്ങൾ
- സഞ്ചാരസാഹിത്യരംഗത്ത് കെ.എ. ബീന മികച്ച സംഭാവനകൾ നൽകിയിട്ടുണ്ട്.
- എൻ.എ. നസീറിന്റെ കാടും ഫോട്ടോഗ്രാഫറും
- സൈലന്റ് വാലി വെറുമൊരു കാടല്ല അതൊരു പുണ്യഭൂമി തന്നെയാണ്
- കേരളീയന് പ്രകൃതി നൽകിയ സ്വകാര്യ അഹങ്കാരം
- പ്രകൃതിക്കും കാടിനും വന്യമൃഗങ്ങൾക്കും വേണ്ടി മനുഷ്യർ നടത്തിയ മഹത്തായ സമരം
- സൈലന്റ് വാലിയിൽ ഒരു കാലത്തും മനുഷ്യവാസമുണ്ടായിരുന്നില്ല
- നിത്യഹരിതവനമാണ് സൈലന്റ് വാലി
- സൈലന്റ് വാലിയിൽ സിംഹവാലൻ കുരങ്ങുകളെ ധാരാളമായി കാണാം
- വലിയ മരങ്ങൾ, ഓർക്കിഡുകൾ, ഷഡ്പദങ്ങൾ, ചോലക്കാടുകൾ, ഇലപൊഴിയും കാടുകൾ, പുൽമേടുകൾ, നിരവധി ഔഷധസസ്യങ്ങൾ ഇവ ചേർന്ന ജൈവവൈവിധ്യമാണ് സൈലന്റ് വാലി
- കുന്തിപ്പുഴയുടെ വെള്ളച്ചാട്ടവും ഔഷധസമ്പത്തും മനസ്സിനും ശരീരത്തിനും കുളിർമ നൽകുന്നു
- കാടിനെ തൊട്ടറിയുന്ന കാലുകളിലൂടെ ഇരച്ചെത്തുന്നത് വന്യമായൊരു ഊർജസ്രോതസ്സാണ്
- സൈലന്റ് വാലി മനുഷ്യനെ കാട് എത്രത്തോളം അനുഭവിപ്പിക്കുന്നു എന്നു മനസ്സിലാക്കിക്കൊടുക്കുന്നു
- സൈലന്റ് വാലി കാടുകളിലെ ഒരേയൊരു ഭീഷണി കാട്ടുതീയാണ്. തീ പിടിച്ചാൽ മഴക്കാടുകളിൽ പെട്ടെന്നു തീപടരും
- ആവാസവ്യവസ്ഥയുടെ സന്തുലനം നിലനിർത്താൻ മനുഷ്യൻ ദൈവത്തെപ്പോലെ പ്രവർത്തിക്കുന്നു
- കാടും പരിസ്ഥിതിയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത വരും തലമുറയ്ക്ക് കാട്ടികൊടുക്കുന്നു
- വരുംതലമുറയുടെ സ്വത്താണ് ഇത്തരം കാടുകൾ എന്ന ബോധവത്ക്കരണ ക്ലാസുകളും പ്രകൃതിപഠന ക്യാമ്പുകളും നടത്തിവരുന്നു
- ദ്രൗപതിയുടെ അപരനാമം സൈരന്ധ്രി
- ചീവിടുകൾ ഇല്ലാത്ത കാടായതിനാൽ നിശബ്ദ താഴ്വര
- കോർസോണും ബഫർസോണും

SGOU

## Objective Type Questions

1. കാടിനും കാട്ടിലെ മൃഗങ്ങൾക്കു വേണ്ടി നടത്തിയ ഏക സമരമേതായിരുന്നു.?
2. ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ എന്ന ലേഖനം ഏതു കൃതിയിൽ നിന്നെടുത്താണ്?
3. ഏതു കൃതി വായിച്ചാണ് ലേഖിക ഉന്മാദം കൊണ്ടത്? ആരുടെ കൃതിയാണത്?
4. സ്കൂൾ വിദ്യാർഥിയായിരുന്നപ്പോൾ കെ.എ. ബീന എഴുതിയ സഞ്ചാരകൃതി ഏതായിരുന്നു?
5. ചീവീടുകൾ ചിലയ്ക്കാൻ മറക്കുമ്പോൾ - എന്ന ലേഖനം എന്തിനെക്കുറിച്ചുള്ളതാണ്?
6. സൈലന്റ് വാലി കാടിന്റെ ആദ്യ പേരെന്തായിരുന്നു?
7. ഏതു പുഴയുടെ കുറുകെയാണ് സൈരന്ധ്രിയിൽ അണക്കെട്ടുണ്ടാക്കാൻ ശ്രമിച്ചത്?
8. സൈലന്റ് വാലി ദേശീയപാർക്കാക്കി മാറ്റിയതെന്ന്?
9. എന്താണ് സൈലന്റ് വാലിയെ സമ്പുഷ്ടമാക്കുന്നത്?
10. സൈലന്റ് വാലിക്ക് ആ പേരു വരാൻ ഇടയാക്കിയ രണ്ടു കാരണങ്ങൾ ഏതെല്ലാം?
11. സൈലന്റ് വാലിയിലെ പ്രകൃതിപഠന ക്ലാസിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതെന്തിന്?
12. പാത്രക്കടവ് എന്തിന്റെ ഓർമ്മയ്ക്കിട്ട പേരാണ്?
13. ഈ വനത്തിൽ ഏത് മൃഗമാണ് കൂടുതൽ കാണപ്പെടുന്നത്?
14. കാശ്മീരി പത്രപ്രവർത്തകനായ ഹാറൂൺ റഷീദ് ഷാ സൈലന്റ് വാലിയെ അനുഭവിച്ചറിഞ്ഞപ്പോൾ എന്താണ് പറഞ്ഞത്?
15. സൈലന്റ് വാലിയിൽ നിന്നും തിരിച്ചിറങ്ങിയപ്പോൾ ലേഖിക കാടിനോട് യാത്രപറയാഞ്ഞതെന്തുകൊണ്ട്?
16. ആവാസവ്യവസ്ഥയുടെ സന്തുലനം നിലനിർത്താൻ സൈലന്റ് വാലിയിൽ മനുഷ്യൻ എന്തു പോലെ പ്രവർത്തിക്കുന്നു എന്നാണ് ലേഖിക പറയുന്നത്.

SGOU

## Answers

1. സൈലന്റ് വാലി സംരക്ഷണ സമരം
2. നദി തിന്നുന്ന ദ്വീപ്
3. എൻ.എ. നസീറിന്റെ 'കാടും ഫോട്ടോഗ്രാഫറും' എന്ന ലേഖനം
4. റഷ്യൻ പര്യടനത്തെ ആസ്പദമാക്കി 1981-ൽ പ്രസിദ്ധീകരിച്ച 'ബീന കണ്ട റഷ്യ' ആയിരുന്നു ആദ്യ പുസ്തകം.
5. സൈലന്റ് വാലിയെക്കുറിച്ചുള്ളത്
6. സൈരന്ധ്രിവനം
7. കുന്തിപ്പുഴ
8. 1984-ൽ
9. നിത്യഹരിതവനമാണിത്. നിരവധി മൃഗങ്ങളും നിരവധി ഔഷധസസ്യങ്ങളും ചേർന്ന ജൈവവൈവിധ്യമാണ് സൈലന്റ് വാലിയെ സമ്പുഷ്ടമാക്കുന്നത്.

10. ദ്രൗപദിയുടെ അപരനാമമായ സൈരന്ധ്രി വനത്തെ ബ്രിട്ടീഷുകാർ സൈലന്റ് വാലി യെന്നു വിളിച്ചു. സദാ ചിലയ്ക്കുന്ന ചീവീടുകൾ ഇല്ലാത്ത കാടായതിനാൽ നിശബ്ദ താഴ്വര എന്നർഥത്തിൽ സൈലന്റ് വാലിയെന്നുമാകാം.
11. പ്രകൃതിസംരക്ഷിക്കേണ്ട ആവശ്യകത വരുംതലമുറയ്ക്കാണ്. അവരുടെ സ്വത്താണ് കാട് അതുകൊണ്ടാണ്
12. ദ്രൗപദിയുടെ അക്ഷയപാത്രത്തിന്റെ ഓർമ്മയ്ക്ക്
13. സിംഹവാലൻ കുരങ്ങ്
14. ഞാനിനി തിരിച്ചു പോകുന്നില്ല എന്നാണു പറഞ്ഞത്
15. ഇനിയും തിരിച്ചങ്ങോട്ടു പോകേണ്ടി വരുമെന്നുള്ളതു കൊണ്ട്
16. ദൈവത്തെപ്പോലെ

## Assignments

1. മലയാളത്തിലെ സഞ്ചാരസാഹിത്യത്തെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.
2. യാത്രാവിവരണ സാഹിത്യരംഗത്ത് കെ.എ. ബീനയുടെ സംഭാവനകൾ, കൃതികളെ അടിസ്ഥാനമാക്കി വിലയിരുത്തുക.
3. സൈലന്റ് വാലിയുമായി ബന്ധപ്പെട്ട് ഉണ്ടായ സമരങ്ങളും സാഹിത്യകൃതികളും പരിചയപ്പെടുത്തുക.
4. പാരിസ്ഥിതികപ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്ന സഞ്ചാരസാഹിത്യകൃതികളെ കണ്ടെത്തി വിശദീകരിക്കുക.

## Suggested Reading


1. എം.ജി.എസ്. നാരായണൻ, ജാലകങ്ങൾ: ഒരു ചരിത്രാന്വേഷിയുടെ വഴികൾ, കാഴ്ച കൾ, കറന്റ് ബുക്സ്, തൃശ്ശൂർ.
2. പ്രൊഫ. വി. രമേഷ്ചന്ദ്രൻ, സഞ്ചാരസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻ സ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. കെ.എ. ബീന, നദി തിന്നുന്ന ദ്വീപ്, കറന്റ് ബുക്സ്, കോട്ടയം.


## Suggested Reading


1. ഡോ.കെ.എം. ജോർജ്, ആധുനിക സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.
2. തസ്മിൻ – കെ.എ. ബീന(അഭിമുഖം), സംഘടിത.കോം മാർച്ച് 1, 2022.


SGOU

# യൂണിറ്റ് - 2

# ചൂണ്ടക്കാരുടെ സ്വർഗ്ഗം (രണ്ടുയാത്രകൾ)

**സക്കറിയ**

## Learning Outcomes

- യാത്രാവിവരണ സാഹിത്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- യൂറോപ്യൻ യാത്രാവിവരണങ്ങളെ അറിയുന്നു
- സക്കറിയയുടെ സാഹിത്യ മേഖലകളെ പരിചയപ്പെടുന്നു
- രണ്ട് യാത്രകൾ എന്ന കൃതിയെ പഠിക്കുന്നു


## Prerequisite

1950 - കൾക്ക് ശേഷമാണ് യാത്രാവിവരണ സാഹിത്യം ഗദ്യസാഹിത്യത്തിൽ പ്രത്യേക ഇടം കണ്ടെത്തുന്നത്. വളരെയധികം കൃതികൾ ഇക്കാലയളവിൽ ഉണ്ടായി. എൻ.വി. കൃഷ്ണവാരിയർ ഇതേപറ്റി പറയുന്നതിങ്ങനെയാണ്. "ഈ ദശാബ്ദത്തിൽ ഏറ്റവും അധികം വളർച്ച നേടിയ സാഹിത്യവിഭാഗം ഏതെന്ന് ചോദിച്ചാൽ ഞാൻ പറയും യാത്രാസാഹിത്യം. വള്ളത്തോളിന്റെ കൃതികളിലൂടെ ഇന്ത്യ മലയാളത്തിലേക്ക് വന്നുവെങ്കിൽ കഴിഞ്ഞ ഏതാനും ആണ്ടുകൾക്കുള്ളിൽ ലോകം ആകെത്തന്നെ നമ്മുടെ സാഹിത്യത്തിൽകൂടി പാർക്കാൻ വരികയുണ്ടായി.'' ലോക സഞ്ചാര യാത്രാവിവരണങ്ങളുടെ ആധിക്യത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. എസ്.കെ. പൊറ്റെക്കാട്ട് ആയിരുന്നു പ്രഥമഗണനീയൻ. ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് തുടങ്ങിയ ഭൂഖണ്ഡങ്ങളിലെ കാഴ്ചകൾ അക്ഷരങ്ങളായി മലയാളികളുടെ മനസ്സിൽ തെളിഞ്ഞു. തുടർന്ന് ധാരാളം എഴുത്തുകാർ ലോക രാജ്യങ്ങളിലേക്ക് നടത്തിയ യാത്രകൾ മലയാളത്തിലെ സഞ്ചാര സാഹിത്യത്തെ വിപുലപ്പെടുത്തി. കാലം ചെല്ലുന്തോറും ലോകങ്ങൾ തമ്മിലുള്ള ദൂരങ്ങൾ കുറഞ്ഞുവരികയാണ്. ഇലക്ട്രോണിക് സൈബർ യുഗത്തിൽ ദൂരം അപ്രസക്തമാകുന്നു. എങ്കിലും മനുഷ്യരുടെ സാംസ്കാരികോന്നതി യാത്രയോട് ബന്ധപ്പെട്ടിരിക്കുന്നതാകയാൽ യാത്രകളും അവയുടെ വിവരണങ്ങളും ഒരു കാലത്തും നിലച്ചു പോവുകയില്ല.

വിദേശ യാത്രകളെപ്പറ്റി മികച്ച ഗ്രന്ഥങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അവയിൽ ബ്രിട്ടനെക്കുറിച്ചുള്ള സഞ്ചാര സാഹിത്യകൃതികൾ ആദ്യകാലം മുതൽ തന്നെ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ബാരിസ്റ്റർ ജി.പി. പിള്ളയുടെ 'ലണ്ടനും പാരീസും', കെ.പി. കേശവമേനോന്റെ 'ബിലാത്തി വിശേഷം', എസ്.കെ. പൊറ്റെക്കാട്ടിന്റെ 'ലണ്ടൻ നോട്ട് ബുക്ക്', ഡോക്ടർ കുഞ്ഞുണ്ണി രാജായുടെ 'ലണ്ടനിൽ', ഗൗരിയമ്മയുടെ 'ലണ്ടൻ ഡയറി', ഡോക്ടർ കെ. രാഘവൻപിള്ളയുടെ 'എന്റെ ലണ്ടൻ ജീവിതം' തുടങ്ങിയവ പ്രധാനം. അമേരിക്കൻ യാത്രാവിവരണങ്ങളിൽ ആദ്യത്തേത് ഇ.ഐ. വർഗീസിന്റെ 'നവലോക പര്യടനം'ആണ്. കെ. ഭാസ്ക്കരൻ നായരുടെ 'പുതുമയുടെ ലോകം', എൻ.വി. കൃഷ്ണവാരിയരുടെ 'അമേരിക്കയിലൂടെ', തകഴിയുടെ 'അമേരിക്കൻ തിരശീല', സി. ചന്ദ്രശേഖരന്റെ 'ന്യൂയോർക്ക് മുതൽ ബാങ്കോക്ക് വരെ' ഡോ. കെ.എം. ജോർജിന്റെ 'അമേരിക്കയിൽ പോയ കഥ', എം. ടി. വാസുദേവൻ നായരുടെ 'ആൾക്കൂട്ടത്തിൽ തനിയെ' തുടങ്ങിയവ അമേരിക്കൻ യാത്രാവിവരണ കൃതികളാണ്.

SGOU

റഷ്യൻ യാത്രാ വിവരണങ്ങളും മലയാളത്തിൽ സജീവമാണ്. എ.കെ. ഗോപാലന്റെ 'സോവിയറ്റ് യൂണിയനിൽ എന്റെ അനുഭവങ്ങൾ', 'ഞാനൊരു പുതിയ ലോകം കണ്ടു',എന്നീ കൃതികളാണ് ഇതിൽ ആദ്യത്തേത്. ആനി ജോസഫിന്റെ 'റഷ്യയിൽ', എസ്.കെ. പൊറ്റെക്കാട്ടിന്റെ 'സോവിയറ്റ് ഡയറി', സി.എച്ച്. മുഹമ്മദ് കോയയുടെ 'സോവിയറ്റ് യൂണിയനിൽ', ഇ.എം.എസിന്റെ 'കമ്മ്യൂണിസം കെട്ടിപ്പടുക്കുന്നവരുടെ കൂടെ', ആർ. കൃഷ്ണയ്യരുടെ 'സോവിയറ്റ് യൂണിയനിലൂടെ', ഡോ. കെ.എം. ജോർജിന്റെ 'സോവിയറ്റ് നാട്ടിൽ മൂന്നാഴ്ച', കെ.എ. ബീനയുടെ 'ഞാൻ കണ്ട റഷ്യ', എന്നീ കൃതികൾ പ്രശസ്തമാണ്.



റഷ്യൻ യാത്രാവിവരണങ്ങളിൽ അടുത്ത കാലത്ത് ഏറെ ശ്രദ്ധിക്കപ്പെട്ട കൃതിയാണ് സക്കറിയയുടെ 'രണ്ട് യാത്രകൾ' എന്ന യാത്രാവിവരണം. അതിലെ രണ്ട് ഭാഗങ്ങളാണ് സൈബീരിയൻ ഡയറിയും അലാസ്കാ ദിനങ്ങളും. റഷ്യയുടെ യാഥാർഥ്യത്തോട് അടുത്ത് നിൽക്കുന്ന രചനയാണ് സൈബീരിയൻ ഡയറി. കഥ പോലെ രസം പകരുന്നവയാണ് അലാസ്ക ദിനങ്ങൾ. അലാസ്കയിലേയും സൈബീരിയയിലേയും തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന ഈ പുസ്തകത്തിൽ കാഴ്ചകളേയും സംസ്കാരത്തേയും രാഷ്ട്രീയ സാമൂഹിക പശ്ചാത്തലത്തിൽ വിശകലനം ചെയ്യുന്നു. മലയാളത്തിലെ പ്രശസ്തനായ ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് പോൾ സക്കറിയ. തിരക്കഥയും ലേഖന സമാഹാരവും യാത്രാവിവരണവും എല്ലാം രചിച്ചിട്ടുണ്ട്. തീവ്രദേശീയതക്കെതിരെയും മതതീവ്രവാദത്തിനെതിരെയും ശക്തമായി പ്രതികരിച്ചു കൊണ്ടിരിക്കുന്നു. ഡൽഹിയിൽ പ്രസാധന - മാധ്യമ രംഗത്ത് ഇരുപതു വർഷത്തോളം പ്രവർത്തിച്ചു. ഏഷ്യാനെറ്റ് ടെലിവിഷന്റെ സ്ഥാപക പ്രവർത്തകനാണ്. കേരള-കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, എഴുത്തച്ഛൻ അവാർഡ് തുടങ്ങി നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

**പ്രധാന കൃതികൾ**

സലാം അമേരിക്ക, ഒരിടത്ത്, ആർക്കറിയാം, ഒരു നസ്രാണിയുവാവും ഗൗളിശാസ്ത്രവും, ഭാസ്കരപട്ടേലരും എന്റെ ജീവിതവും, എന്തുണ്ട് വിശേഷം പീലത്തോസേ, കണ്ണാടികാണ്മോളവും, സക്കറിയയുടെ കഥകൾ, പ്രെയ്സ് ദ് ലോർഡ്, ബുദ്ധിജീവികളെക്കൊണ്ട് എന്ത് പ്രയോജനം, ഇഷ്ടികയും ആശാരിയും, ഗോവിന്ദം ഭജ മൂഢമതേ (ലേഖനങ്ങൾ), ഒരു ആഫ്രിക്കൻ യാത്ര, തടാകനാട്, നബിയുടെ നാട്ടിൽ, അഗ്നിപർവതങ്ങളുടെ താഴ്വരയിൽ, വഴിപോക്കൻ(യാത്രാവിവരണങ്ങൾ), ജോസഫ് ഒരു പുരോഹിതൻ (തിരക്കഥ), ഉരുളിക്കുന്നത്തിന്റെ ലുത്തീനിയ, ഇതാണെന്റെ പേര്, തേൻ.

## Keywords

സക്കറിയ - രണ്ട് യാത്രകൾ - അലാസ്ക - സ്യൂവേഡ് - കിനായ് ദ്വീപ് സമൂഹം - സ്യൂവേഡ്സ് ഫോളി - ആംഗ്ലിങ്ങ് - ഫ്ളൈകൾ - സാമൺ മീനുകൾ - സോണാർ

## Discussion

സക്കറിയയുടെ 'രണ്ട് യാത്രകൾ' എന്ന സഞ്ചാര സാഹിത്യ കൃതിയിൽ നിന്നെടുത്തിട്ടുള്ളതാണ് ഈ പാഠഭാഗം. വടക്കെ അമേരിക്കൻ ഭൂഖണ്ഡത്തിൽപ്പെട്ട അലാസ്കയിലെ സവിശേഷ കാഴ്ചകളാണ് ലേഖകൻ ഇവിടെ പ്രതിപാദിക്കുന്നത്. കൗതുകകരമായ അവിടുത്തെ കാഴ്ചകൾ ലളിതസുന്ദരമായ ഭാഷയിൽ ലേഖകൻ പ്രതിപാദിച്ചിരിക്കുന്നു. അലാസ്കയിലെ

കാലാവസ്ഥ, അവിടുത്തെ വിനോദം, ചരിത്രം ഇവയെല്ലാം മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു. സ്ഥലവർണ്ണനകൾക്കുപരിയായി ആ പ്രദേശത്തിന്റെ ചരിത്രം, രാഷ്ട്രീയം, ജനജീവിതം എന്നിവയെ എഴുത്തുകാരൻ തന്റേതായ രീതിയിൽ നോക്കി കാണുന്നു. ഈ പുസ്തകത്തെ അലാസ്കാ ദിനങ്ങൾ, സൈബീരിയൻ ഡയറി എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട്. അമ്മേരിക്കയുടെ വടക്കെ അറ്റത്തുള്ള അലാസ്കയിലൂടെയുള്ള യാത്ര, മഞ്ഞും ഏകാന്തതയും നിറഞ്ഞ അലാസ്കയുടെ പ്രകൃതിയേയും ആദിമവാസികളുടെ ജീവിതത്തേയും തൊട്ടറിഞ്ഞുകൊണ്ടാണ്. റഷ്യയുടെ ഭാഗമായ സൈബീരിയയിലൂടെയുള്ള ട്രെയിൻ യാത്ര കമ്മ്യൂണിസ്റ്റ് ഭരണാനന്തര റഷ്യയുടെ അവസ്ഥയും സൈബീരിയയുടെ നിഗൂഢ സൗന്ദര്യവും അനുഭവിച്ചു കൊണ്ടാണ്. അലാസ്കാ ദിനങ്ങൾ എന്ന ഒന്നാം ഭാഗത്താണ് 'ചൂണ്ടക്കാരുടെ സ്വർഗം'എന്ന ലേഖനമുള്ളത്.

രാവിലെ തെക്കുള്ള സ്യൂവേഡ് (Seward) നഗരത്തിലേക്കാണ് ലേഖകൻ പുറപ്പെട്ടത്. പ്രസിദ്ധമായ കിനായ് ദ്വീപസമൂഹങ്ങളിലേക്ക് ബോട്ടുകൾ പുറപ്പെടുന്ന മുനമ്പിലാണ് സ്യൂവേഡ് നഗരം. ആ പേരിന് അലാസ്കയുടെ ചരിത്രവുമായി അടുത്ത ബന്ധമുണ്ട്. റഷ്യയുടെ കോളനിയായിരുന്ന അലാസ്ക വടക്കെ അമേരിക്കൻ ഭൂഖണ്ഡത്തിൽ സ്ഥിതി ചെയ്തതുകൊണ്ട് റഷ്യൻ അമേരിക്ക എന്നാണ് അറിയപ്പെട്ടിരുന്നത്. അലാസ്കയെ റഷ്യയിൽ നിന്ന് വിലക്കു വാങ്ങാനുള്ള തീരുമാനം നടപ്പാക്കിയ അമേരിക്കൻ വിദേശകാര്യ സെക്രട്ടറിയുടെ പേരായിരുന്നു വില്യം എച്ച്. സ്യൂവേഡ്. ഒരു ചതുരശ്ര കിലോമീറ്റർ ഭൂമിക്ക് ഏതാണ്ട് 24 അമേരിക്കൻ സെന്റ് അഥവാ ഉയർന്ന ഡോളർ മൂല്യം വെച്ച് നോക്കിയാൽ പോലും, ഏകദേശം 20 രൂപയ്ക്കായിരുന്നു ഈ അതിശയ വില്പന. യുദ്ധം ചെയ്ത് പാപ്പരായ റഷ്യൻ ചക്രവർത്തിയാണ് അമേരിക്കയോട് മധ്യസ്ഥർ വഴി അഭ്യർഥന നടത്തി ഈ കച്ചവടം നടത്തിയത്. ഇത്രയും ഗംഭീരമായ ലാഭക്കച്ചവടം നടത്തിയിട്ടും ആൾപ്പാർപ്പോ പ്രകൃതിവിഭവങ്ങളോ ഇല്ലാത്ത, പകുതിയിലേറെ സമയം മഞ്ഞുമൂടിക്കിടക്കുന്ന ഈ വിജനതയെ വിലയ്ക്കു വാങ്ങിയതിനെ രാഷ്ട്രീയ എതിരാളികളും മാധ്യമങ്ങളും 'സ്യൂവേഡ്സ് ഫോളി' (സ്യൂവേഡിന്റെ വിഡ്ഢിത്തം)എന്ന് പരിഹസിച്ചു. പക്ഷേ പിന്നീട് വിവിധ മൃഗവേട്ടകളുടെ കുത്തക പാട്ടങ്ങൾ വിറ്റതിലൂടെ മാത്രം അമേരിക്കയ്ക്കു ലഭിച്ചത് റഷ്യക്ക് കൊടുത്ത വിലയിലധികമായിരുന്നു.

ഇരുണ്ട മാനത്തിൻ കീഴിൽ നിശ്ചല സമുദ്രജലത്തിന്റെ കീറുകൾ കയറിയും ഇറങ്ങിയും കിടന്ന, അടുക്കുകയും അകലുകയും ചെയ്തു കൊണ്ടിരുന്ന തീരത്തുകൂടി വണ്ടി പാഞ്ഞു. ചെറുതായി ചാറ്റൽ മഴ പെയ്യുന്നുണ്ടായിരുന്നു. മങ്ങിയ വെളിച്ചം പിന്നെയും മങ്ങുമ്പോൾ മലകളും ആകാശവും കടലും ചേർന്ന് കറുപ്പിന്റെ വകഭേദങ്ങൾ വരച്ച ഒരു പേസ്റ്റൽ ചിത്രമായിത്തീരുന്നു. മഴക്കാർ മൂടിയ ആകാശവും കടലിന്റെ ചക്രവാളത്തിന്റെ അപ്പുറത്ത് നീലപ്പാട പോലെയുള്ള മലനിരകളും ലേഖകനെ അതിശയിപ്പിച്ചു. യാത്രയിൽ പർവതശിഖരങ്ങൾ തൊട്ടടുത്ത് വരുന്നു. ഉരുകാത്ത മഞ്ഞിന്റെ വെളുത്ത ചാലുകൾ തെളിയുന്നു. യാത്രയിൽ ലേഖകൻ കണ്ട ഈ ദൃശ്യവിസ്മയം വാക്കുകൾ കൊണ്ട് അനുഭവവേദ്യമാക്കിത്തീർക്കുന്നു. ചിത്രങ്ങളെടുക്കാൻ വേണ്ടി കാറിൽ നിന്നും പുറത്തിറങ്ങിയപ്പോൾ ഒരു കാറ്റ് എടുത്തു പൊക്കിക്കൊണ്ടു പോകും മുമ്പ് ലേഖകൻ നിലത്തിരുന്ന് രക്ഷപ്പെട്ടു. പുറമെ പ്രശാന്തമെന്ന് തോന്നുന്ന ആ അന്തരീക്ഷത്തിൽ ഭയങ്കരമായ കാറ്റ് വീശുന്നുണ്ട് എനറിയാഞ്ഞത് അതിന്റെ അടയാളം തരാൻ ചെടിയോ മരമോ പുല്ലോ എങ്ങുമില്ലാത്തതാണ്. അവർ കാറിൽ കയറി യാത്ര തുടർന്നു. കാറ്റിന്റെ കുതിരശക്തിയെ കാറിന്റെ കുതിരശക്തി നേരിട്ടു കൊണ്ടിരിക്കുകയാണ്.

കുറെക്കൂടി ദൂരം പോയപ്പോൾ മലകളിൽ പച്ചപ്പ് കണ്ടു. ഈ പച്ചപ്പിന്റെ ആയുസ്സ് മെയ് മുതൽ സെപ്തംബർ വരെയാണ്. പിന്നീട് മഞ്ഞുകാലം ഇലകളെ കൊഴിച്ച് മരങ്ങളെ ഗാഢനിദ്രയിലാഴ്ത്തും. വീണ്ടും പാതയുടെ ഓരത്ത് കടൽ കണ്ടു. ഇടയ്ക്കിടെ ചൂണ്ടക്കാർക്ക് വേണ്ടിയുള്ള ക്യാബിനുകൾ. വേനൽക്കാല അലാസ്ക ചൂണ്ടയിടൽ ഭ്രാന്തന്മാരുടെ സ്വർഗരാജ്യമാണ്. ആംഗ്ലിങ് എന്ന് വിളിക്കുന്ന ചൂണ്ടയിട്ടുള്ള മീൻ പിടുത്തം ലക്ഷക്കണക്കിന് പാശ്ചാത്യരുടെ തീരാത്ത ആനന്ദങ്ങളിലൊന്നാണ്. ആംഗ്ലിങ് എന്ന്


SGOU

ചൂണ്ടപിടുത്തത്തിന് പേരു വരാൻ കാരണം കൊളുത്തിന്റെ വളവാണ്. മുട്ടിനു മുകളിലുള്ള ബൂട്ടും കൈയിൽ ചൂണ്ടയുമായി എത്ര മണിക്കൂർ വേണമെങ്കിലും തണുത്ത ഒഴുക്കു വെള്ളത്തിൽ നിൽക്കാനോ കരയിൽ കസാലയോ സ്റ്റൂളോ ഇട്ട് സ്വപ്നം കണ്ടിരിക്കാനോ ആളുകൾ തയ്യാറാണ്. സായ്പ് വളരെക്കാലം മുമ്പു തന്നെ കൃത്രിമ ഇരകൾ ചൂണ്ടയിൽ കൊളുത്തി തുടങ്ങിയിരുന്നു. പതിനായിരത്തിലേറെ മീനുകൾ ഇഷ്ടപ്പെടുന്ന രൂപങ്ങൾ - ഫ്ളൈകൾ ഇന്ന് നിലവിലുണ്ട്. സുന്ദരങ്ങളും കലാപരവുമായ സൃഷ്ടികളാണവ. പ്രമുഖ ബ്രാന്റുകൾക്ക് തീപിടിച്ച വിലയാണ്. 'Favourite Flies and their Histories' എന്ന വർണ്ണചിത്ര പുസ്തകം ഫ്ളൈ സാഹിത്യത്തിലെ ക്ലാസിക്കാണ്. ഇംഗ്ലണ്ടിലെ ചൂണ്ടക്കാരുടെ വിശുദ്ധ ഗ്രന്ഥമാണ് 1653 - ൽ പ്രസിദ്ധീകരിച്ച Issac Walton എഴുതിയ 'The compleat Angler'എന്ന പുസ്തകം. പേരുകേട്ട ഓരോ ഫ്ളൈയും കൈകൊണ്ടുണ്ടാക്കുന്നതാണ് എന്നത് സർവം യന്ത്രമയമായ പാശ്ചാത്യ ലോകത്ത് അതിന്റെ മൂല്യം വർധിപ്പിക്കുന്നു.

ചൂണ്ടയിടൽ മറ്റെല്ലാ വേട്ടകളെയും പോലെ കർശനമായ നിയമങ്ങൾക്ക് വിധേയമാക്കിയിട്ടുണ്ട്. നിർദിഷ്ട കാലയളവുകളിൽ നിർദിഷ്ട ഇടങ്ങളിൽ നിർദിഷ്ട മീനുകളെ നിർദിഷ്ട എണ്ണത്തിൽ പിടിക്കാനേ അനുവാദമുള്ളൂ. അവയെ ഭക്ഷിക്കാനെടുക്കണമെങ്കിൽ നിർദിഷ്ട അളവും തൂക്കവുമുണ്ടായിരിക്കണം. ഹോട്ടലുകളുടെ റിസപ്ഷനിൽ തൂക്കിയിട്ട ബോർഡിൽ അടുത്തുള്ള പുഴകളിലേക്ക് കടലിൽ നിന്ന് കയറി വന്ന സാമെൺ മീനുകളുടെ എണ്ണം എഴുതി വെച്ചിട്ടുണ്ടാവും. സാമെണാണ് അലാസ്കയുടെ അഭിമാനമായ ദേശീയ മത്സ്യം. സോണാർ പോലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഈ കണക്കെടുപ്പ്. ഓരോ പുഴയിലെയും മീൻ സംഖ്യ ഓൺലൈനിലും ലഭ്യമാണ്. പഴയ കണക്കുകളും ലഭിക്കും. മേയ് മുതൽ ഓഗസ്റ്റ് വരെ നീണ്ടു നിൽക്കുന്ന വേനൽക്കാലത്തു മാത്രമേ മീൻ പിടിത്തം സാധ്യമാവൂ. പിന്നെ മഞ്ഞ് എല്ലാത്തിനെയും മൂടുന്നു.

അലാസ്കയിൽ മത്സ്യങ്ങളടക്കമുള്ള എല്ലാ വന്യജീവികളുടെയും സംരക്ഷണത്തിന് നൽകുന്ന ശ്രദ്ധ അതിശയിപ്പിക്കുന്നതാണ്. ഓരോ മൃഗത്തിനെയും വേട്ടയാടുന്നതിന് പ്രത്യേക പെർമിറ്റ് വേണം. ചില മൃഗങ്ങളെ റൈഫിൾ കൊണ്ടും മറ്റു ചിലതിനെ അമ്പും വില്ലും കൊണ്ടു മാത്രമേ വേട്ടയാടാൻ അനുവാദമുള്ളൂ. ഈ നിയമങ്ങൾ റദ്ദാക്കിക്കൊണ്ടാണ് ട്രംപ് ഈയിടെ അലാസ്കയിലെ കരടികളെയും കാട്ടുനായകളെയും മാനുകളെയും ഏതു രീതിയിലും കൊല്ലാനുള്ള അധികാരം വേട്ടക്കാർക്ക് നൽകിയത്. മൃഗങ്ങളുടെ എണ്ണം ക്രമാതീതമായി പെരുകുന്നതിനനുസരിച്ച് കൂടുതലുള്ളവയെ വേട്ടയാടാനുള്ള പെർമിറ്റും കൊടുക്കും. കാർ ഇടതൂർന്ന കാടുകളിലൂടെ മുന്നോട്ടു പോയപ്പോൾ ആയിരമായിരം വർഷങ്ങളിലൂടെ അഗ്നിപർവത സ്ഫോടനങ്ങളും ഭൂചലനങ്ങളും സുനാമികളും പോലുള്ള ശക്തികൾ ചേർന്ന് സൃഷ്ടിച്ച, മലകളും കാടുകളും ഹിമശിഖരങ്ങളും പൊഴികളും കടൽക്കീറുകളും ഗ്ലേസിയറുകളുമായി പരിണമിച്ച അലാസ്കൻ തീരപ്രപഞ്ചം അവരെ വലയം ചെയ്തു.

സക്കറിയയുടെ ഈ ഹ്രസ്വമായ യാത്രാവിവരണം അധികമൊന്നും അറിയപ്പെടാത്ത അലാസ്കയിലെ വേറിട്ട കാഴ്ചകളെ സുന്ദരമായി ആവിഷ്കരിക്കുന്നു. അനുവാചകരെ തുടർന്നുള്ള ഭാഗങ്ങൾ കൂടി വായിക്കാൻ പ്രേരണ ചെലുത്തും വിധം ആകർഷണീയമാണ് അദ്ദേഹത്തിന്റെ പ്രതിപാദന രീതി. ആ ഭൂഖണ്ഡം സന്ദർശിക്കാനും അവിടുത്തെ വിചിത്രമായ കാഴ്ചകൾ കാണുവാനുമുള്ള ആഗ്രഹം അനുവാചകരിൽ ഉണ്ടാക്കുന്ന അത്രയും ആകർഷണീയമാണത്. ആളുകൾ നിരന്നിരുന്ന് ചൂണ്ടയിടുന്നതിന്റെയും പെട്ടെന്ന് മാറുന്ന കാലാവസ്ഥയുടെയും ഇടതൂർന്ന കാടുകളുടെയും തീരപ്രദേശങ്ങളുടെയുമെല്ലാം വിവരണം മനസ്സിൽ മായാതെ നിലകൊള്ളുന്നു. പുതിയ ലോകക്രമത്തെക്കുറിച്ചും വ്യത്യസ്ത സംസ്കാരങ്ങളെക്കുറിച്ചുമുള്ള അന്വേഷണം ഈ യാത്രാവിവരണത്തെ വ്യത്യസ്തമാക്കുന്നു.

SGOU

## Recap

- രണ്ട് യാത്രകൾ സഞ്ചാര സാഹിത്യകൃതി
- വടക്കെ അമേരിക്കൻ ഭൂഖണ്ഡത്തിൽപ്പെട്ട അലാസ്കയിലെ സവിശേഷ കാഴ്ചകൾ
- അലാസ്കയിലെ കാലാവസ്ഥ, അവിടുത്തെ വിനോദം, ചരിത്രം ഇവയെല്ലാം മനോഹരമായി ചിത്രീകരിച്ചിരിക്കുന്നു
- സ്ഥലവർണ്ണനകൾക്കുപരിയായി ആ പ്രദേശത്തിന്റെ ചരിത്രം, രാഷ്ട്രീയം, ജനജീവിതം
- സ്യൂവേഡ് (Seward) നഗരത്തിലേക്കുള്ള യാത്ര
- പ്രസിദ്ധമായ കിനായ് ദ്വീപ് സമൂഹങ്ങളിലേക്ക് ബോട്ടുകൾ പുറപ്പെടുന്ന മുനമ്പിലാണ് സ്യൂവേഡ് നഗരം.
- 'സ്യൂവേഡ്സ് ഫോളി' (സ്യൂവേഡിന്റെ വിഡ്ഢിത്തം)
- വേനൽക്കാല അലാസ്ക ചൂണ്ടയിടൽ ഭ്രാന്തന്മാരുടെ സ്വർഗരാജ്യമാണ്
- ആംഗ്ലിങ് എന്ന് വിളിക്കുന്ന ചൂണ്ടയിട്ടുള്ള മീൻപിടുത്തം
- ഫ്ളൈകൾ സുന്ദരങ്ങളും കലാപരവുമായ ഇരകൾ
- "Favourite Flies and their Histories' എന്ന വർണ്ണചിത്ര പുസ്തകം ഫ്ളൈ സാഹിത്യത്തിലെ ക്ലാസിക്
- ഓരോ ഫ്ളൈയും കൈകൊണ്ടുണ്ടാക്കുന്നത്
- ചൂണ്ടയിടൽ മറ്റെല്ലാ വേട്ടകളെയും പോലെ കർശനമായ നിയമങ്ങൾക്ക് വിധേയം
- സാമൊണാണ് അലാസ്കയുടെ അഭിമാനമായ ദേശീയ മത്സ്യം
- സോണാർ പോലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചാണ് സാമൊൺ മത്സ്യത്തിന്റെ കണക്കെടുപ്പ്
- വേട്ടയാടുന്നതിന് പെർമിറ്റ് ആവശ്യമുണ്ട്

## Objective Type Questions

1. രണ്ട് യാത്രകൾ ആരെഴുതിയ യാത്രാവിവരണം
2. ബിലാത്തി വിശേഷം എന്ന കൃതി എഴുതിയതാര്?
3. ചൂണ്ടക്കാരുടെ സ്വർഗ്ഗം ഏത്?
4. സ്യൂവേർഡ് നഗരം സ്ഥിതി ചെയ്യുന്നതെവിടെ?
5. 'റഷ്യൻ അമേരിക്ക' എന്നറിയപ്പെടുന്ന സ്ഥലം ഏത്?
6. 'സ്യൂവേർഡിന്റെ വിഡ്ഢിത്തം 'എന്ന് പരിഹസിക്കപ്പെട്ട സംഗതി എന്ത്?
7. ചൂണ്ടയിടലിന് ഇംഗ്ലീഷിൽ പറയുന്ന പേരെന്ത്? അതിന്റെ കാരണമെന്ത്?
8. കൃത്രിമ ഇരകൾ അഥവാ ഫ്ളൈകളെപ്പറ്റി പറയുന്ന വർണ്ണചിത്ര പുസ്തകം ഏത്?
9. അലാസ്കയുടെ ദേശീയ മത്സ്യം ഏത്?
10. അലാസ്കയിൽ മൃഗവേട്ടക്കുള്ള നിബന്ധനകൾ എന്തെല്ലാം?
11. സാമൊൺ മത്സ്യങ്ങളുടെ കണക്കെടുക്കുന്നത് എപ്രകാരം
12. ഇംഗ്ലണ്ടിലെ ചൂണ്ടക്കാരുടെ വിശുദ്ധ ഗ്രന്ഥം ഏത്?

SGOU

## Answers

1. സക്കറിയ
2. കെ.പി. കേശവ മേനോൻ
3. അലാസ്ക
4. കിനായ് ദ്വീപസമൂഹങ്ങളിലേക്ക് ബോട്ടുകൾ പുറപ്പെടുന്ന മുനമ്പിലാണ് സ്യൂവേഡ് നഗരം
5. അലാസ്ക
6. അമേരിക്കൻ വിദേശകാര്യ സെക്രട്ടറി വില്യം എച്ച്. സ്യൂവേഡ് ഒരു ചതുരശ്ര കിലോ മീറ്റർ ഭൂമിക്ക് ഏതാണ്ട് 24 അമേരിക്കൻ സെന്റ് വിലയ്ക്ക് തരിശായ ഭൂമി വാങ്ങിയതു കൊണ്ട്.
7. ആംഗ്ളിങ്, കൊളുത്തിന്റെ വളവ് കാരണം
8. "Favourite Flies and their Histories'
9. സാമൺ
10. നിർദിഷ്ട കാലയളവുകളിൽ നിർദിഷ്ട ഇടങ്ങളിൽ നിർദിഷ്ട മീനുകളെ നിർദിഷ്ട എണ്ണത്തിൽ പിടിക്കാനേ അനുവാദമുള്ളൂ.
11. സോണാർ എന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച്
12. Issac Walton എഴുതിയ 'The compleat Angler'

## Assignments

1. മലയാളത്തിലെ യാത്രാവിവരണ സാഹിത്യത്തെക്കുറിച്ച് ഉപന്യസിക്കുക.
2. സക്കറിയയുടെ യാത്രാവിവരണ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തി രചനാ സവിശേഷതകൾ വിവരിക്കുക.
3. അലാസ്കാ ദിനങ്ങളിലെ സാമൂഹ്യ സാംസ്കാരിക ഘടകങ്ങളെ അപഗ്രഥിക്കുക.
4. സക്കറിയയുടെ ചരിത്ര രാഷ്ട്രീയബോധം രണ്ട് യാത്രകളിൽ പ്രതിഫലിക്കുന്നതെങ്ങനെയെന്ന് ചർച്ച ചെയ്യുക.

## Reference


1. സക്കറിയ, രണ്ട് യാത്രകൾ, ഡി.സി. ബുക്സ്, കോട്ടയം
2. പ്രൊഫ. വി. രമേഷ് ചന്ദ്രൻ, സഞ്ചാര സാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
3. കെ.എം. ജോർജ്, ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി. ബുക്സ്, കോട്ടയം.


## Suggested Reading


1. സക്കറിയ, ഒരു ആഫ്രിക്കൻ യാത്ര, ഡി.സി. ബുക്സ്, കോട്ടയം


SGOU

BLOCK - 06

# അനുഭവസാഹിത്യം

SGOU

# യൂണിറ്റ് - 1
# എന്നെ പാണനെന്ന് വിളിക്കരുത് - എതിര്

**എം. കുഞ്ഞാമൻ**

## Learning Outcomes

- ആത്മകഥാ സാഹിത്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- മലയാളത്തിലെ ദലിത് സാഹിത്യത്തെക്കുറിച്ച് അറിയുന്നു
- അനുഭവാഖ്യാനങ്ങളുടെ ചരിത്രത്തിൽ എം. കുഞ്ഞാമന്റെ എതിര് എന്ന കൃതിയുടെ പ്രാധാന്യം മനസ്സിലാക്കുന്നു
- സ്വത്വപഠനത്തിന്റെ സാധ്യതകൾ മനസ്സിലാക്കുന്നു


## Prerequisite

ഒരാൾ തന്റെ ഭൂതകാലത്തിലേക്ക് വസ്തുതാപരമായും യുക്തിപരമായും നടത്തുന്ന യാത്രകളുടെ ആഖ്യാനമാണ് ആത്മകഥ. അനുഭവങ്ങളാണ് അതിൽ പ്രധാനം. അറിയപ്പെടുന്ന സാമ്പത്തിക ശാസ്ത്രജ്ഞനും സാമൂഹിക നിരീക്ഷകനുമായ എം. കുഞ്ഞാമന്റെ ഓർമ്മക്കുറിപ്പുകൾ മലയാളികളോട് സംവദിക്കുന്നതിന്റെ പശ്ചാത്തലവും വ്യത്യസ്തമല്ല. ദീർഘമായ സംവാദങ്ങളിലൂടെയും അഭിമുഖങ്ങളിലൂടെയും ഉരുത്തിരിഞ്ഞ ചിന്തകളെയും അഭിപ്രായങ്ങളെയും ജീവിതത്തിലെ ചില സന്ദർഭങ്ങളോട് ചേർത്ത് ഇതിൽ അവതരിപ്പിച്ചിരിക്കുന്നു. ഡോ.എം. കുഞ്ഞാമന്റെ അതിജീവനക്കുറിപ്പുകൾ, താൻ നേരിട്ട ഭീകരമായ പ്രതികൂല സാഹചര്യങ്ങളോട് നിരന്തരം പൊരുതി ഉയർന്നു വന്നതിന്റെയും, അതോടനുബന്ധപ്പെട്ട് നടത്തിക്കൊണ്ടിരുന്ന സ്വതന്ത്രമായ ബൗദ്ധിക അന്വേഷണങ്ങളുടെയും ക്രോഡീകരണമാണ്. ഈ അതിജീവനക്കുറിപ്പുകൾ തീക്ഷ്ണമായ ജീവിത പീഡാനുഭവങ്ങളെ തികഞ്ഞ സത്യസന്ധതയോടെ ആവിഷ്കരിക്കുകയാണ്. സാധാരണക്കാർക്ക് കഴിയാത്ത രീതിയിലുള്ള സാമൂഹിക പ്രതിബദ്ധതയാണ് ഇവിടെ ദൃശ്യമാകുന്നത്.

ആധുനികാനന്തര ചിന്തകളുടെ ഭാഗമായാണ് അരികുവല്കരിക്കപ്പെട്ട ജനതയുടെ ശബ്ദം സാഹിത്യത്തിൽ മുഴങ്ങി കേൾക്കാൻ തുടങ്ങിയത്. ജാതിപരമായും ലിംഗപരമായും കീഴാളത കല്പിച്ചിരുന്ന ജനത തങ്ങളുടെ ദൃശ്യതയുടെ രാഷ്ട്രീയം ഉയർത്തിപ്പിടിച്ചു കൊണ്ടു മുന്നോട്ടു വന്നു. ഇതിന്റെ ഫലമായി സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, ദലിതർ തുടങ്ങി സമൂഹം അടിത്തട്ടിലേക്ക് മാറ്റി നിർത്തിയ ജനത മുന്നോട്ടു വരികയും തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ചു തുടങ്ങുകയും ചെയ്തു. ആദ്യ ഘട്ടത്തിൽ ആത്മകഥകളും അനുഭവാഖ്യാനങ്ങളും ഓർമ്മക്കുറിപ്പുകളുമായാണ് അവർ എഴുതി തുടങ്ങിയത്. ദലിത് സാഹിത്യത്തിൽ ആത്മകഥകൾക്കും അനുഭവ ആഖ്യാനങ്ങൾക്കും സവിശേഷമായ സ്ഥാനമുണ്ട്. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട കൃതിയാണ് എം. കുഞ്ഞാമന്റെ എതിര്. എം. കുഞ്ഞാമൻ ജീവിച്ച കാലഘട്ടത്തെയും അദ്ദേഹത്തിന്റെ ജാതിസ്വത്വത്തിനുള്ളിലെ തിക്താനുഭവങ്ങളെയും പൊരുതി നേടിയ ജീവിതത്തെയും എതിരിൽ സംഗ്രഹിക്കുന്നു.

പാലക്കാട് ജില്ലയിലെ വാടാനംകുറിശ്ശിയിൽ 1949 ഡിസംബർ മൂന്നിന് എം. കുഞ്ഞാമൻ ജനിച്ചു. മണ്ണിയമ്പത്തൂർ അയ്യപ്പനാണ് പിതാവ്. ചെറോണയാണ് മാതാവ്. വാടാനംകുറിശ്ശി എൽ.പി. സ്കൂളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടി. പ്രീഡിഗ്രി മുതൽ എം.എ. വരെ

SGOU



പാലക്കാട് വിക്ടോറിയ കോളജിൽ പഠിച്ചു. 1974-ൽ കോഴിക്കോട് സർവകലാശാലയിൽനിന്ന് സാമ്പത്തികശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ എം.എ. പാസായി. രാഷ്ട്രപതിയായിരുന്ന കെ.ആർ. നാരായണനുശേഷം ഒന്നാം റാങ്ക് ലഭിച്ച ആദ്യ ദലിത് വിദ്യാർഥിയായിരുന്നു എം. കുഞ്ഞാമൻ. തുടർന്ന് തിരുവനന്തപുരം സെന്റർഫോർ ഡവലപ്മെന്റ് സ്റ്റഡീസിൽ നിന്ന് ഡോ. കെ.എൻ. രാജന്റെ മാർഗനിർദേശത്തിൽ ഗവേഷണം പൂർത്തിയാക്കി. ഇന്ത്യയിലെ സംസ്ഥാനതല ആസൂത്രണത്തെക്കുറിച്ച് 'കുസാറ്റി'ൽ നിന്ന് പിഎച്ച്.ഡി. 1979-ൽ കേരള സർവകലാശാലയിൽ സാമ്പത്തികശാസ്ത്ര വിഭാഗത്തിൽ ലക്ചറർ. 2006 വരെ, 27 വർഷം കാര്യവട്ടം ക്യാമ്പസിൽ അധ്യാപകൻ. ഇതിനിടെ, ഒന്നര വർഷത്തോളം യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ അംഗമായി സേവനമനുഷ്ഠിച്ചു. പ്രൊഫസറായിരിക്കേ കേരള സർവകലാശാലയിൽനിന്ന് രാജിവെച്ച് 2006-ൽ മഹാരാഷ്ട്രയിലെ തുൽജാപ്പൂരിലെ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ പ്രൊഫസറായി ചേർന്നു. റിട്ടയർമെന്റിനുശേഷവും നാലുവർഷം കൂടി അവിടെ തുടർന്നു.

**പ്രധാന കൃതികൾ**

Development of Tribal Economy, State Level Planning In India, Globalization: A Subaltern Perspective, Economic Development and Social change, കേരളത്തിലെ വികസനപ്രതിസന്ധി.

## Keywords

ദലിത് ജീവിതാവസ്ഥ - ദലിതെഴുത്ത് - അനുഭവാഖ്യാനങ്ങൾ - സ്വത്വനിർമ്മിതി - അധികാരപോരാട്ടം - അതിജീവനം - എതിര് - പാണൻ - ചാത്തൻ - വിശപ്പ്

## Discussion

ഡോ.എം. കുഞ്ഞാമന്റെ അതിജീവനക്കുറിപ്പുകളാണ് എതിര് എന്ന പുസ്തകത്തിലെ കേന്ദ്രപ്രമേയം. ജാതീയതയും ഉച്ചനീചത്വവും കൊടികുത്തിവാണിരുന്ന കാലഘട്ടത്തോടും വ്യവസ്ഥിതിയോടും നിരന്തരം പൊരുതി നേടിയ ജീവിതത്തെക്കുറിച്ചുള്ള ഓർമ്മകൾ എതിര് എന്ന കൃതിയിൽ അദ്ദേഹം വീണ്ടെടുക്കുന്നു. പരാജയപ്പെട്ട വ്യവസ്ഥിതിയിൽ നിസ്സഹായരാക്കപ്പെട്ട മനുഷ്യർക്ക് മുന്നോട്ടു പോകാനുള്ള ഊർജം പകർന്നു നൽകുന്ന കൃതിയാണ് എതിര്. എതിരിലെ ആദ്യത്തെ അധ്യായമാണ് 'എന്നെ പാണൻ എന്നു വിളിക്കരുത്.' ഇരുട്ടുനിറഞ്ഞ കാലത്ത് പേടി മാത്രം നൽകിയിരുന്ന ജാതി സമുദായത്തിനുള്ളിൽ ജീവിച്ച തന്റെ ബാല്യകാല ഓർമ്മകളെ എം. കുഞ്ഞാമൻ ഈ അധ്യായത്തിൽ സംഗ്രഹിക്കുന്നു. എച്ചിലെടുത്തും തിന്നും ജീവിക്കേണ്ടി വന്ന ജീവിതത്തിനുള്ളിൽ നിന്ന് പോരാടി നേടിയ ജീവിതത്തെക്കുറിച്ച് അദ്ദേഹം പറയുന്നു. എന്നെ പാണൻ എന്നു വിളിക്കരുത്, ഭയം, പുറകിലൂടെ വന്ന ചണ്ഡാളൻ, സർവകലാശാലയുടെ ജാതി, ജാതിയില്ലാത്ത ക്ലാസ്സ്റൂം, ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുറമ്പോക്കിൽ കുടിൽ കെട്ടി ജീവിക്കുന്ന ചാത്തനാണ് ഞാൻ, ദലിതന് മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കണമെങ്കിൽ അയാൾ മൂട്ടയായി പുനർജനിക്കേണ്ടിവരും, തുൽജാപ്പൂരിൽ, ഓപ്പൺ അല്ലാത്ത ശത്രു, വരുന്ന - ദലിത് മുതലാളിത്തം, സംവരണം സൃഷ്ടിച്ച വരേണ്യത, എൽ.ഡി.എഫിനെ പരാജയപ്പെടുത്തിയ ബ്യൂറോക്രാറ്റിക് ഗൂഢാലോചന, അട്ടിമറിക്കപ്പെട്ട ഭൂപരിഷ്കരണം, ഇപ്പോൾ പിന്നാക്ക വിഭാഗങ്ങളാണ് ദലിതരുടെ പ്രശ്നം, വേണ്ടപാർട്ടിയും വികസനവും, പ്രികേറിയേറ്റ് എന്ന മൂന്നാം വർഗം, മാർക്സിസത്തിന് തിരിച്ചുവരവില്ല എന്നിങ്ങനെയുള്ള ഭാഗങ്ങളിലൂടെ ജീവിതക്കുറിപ്പുകൾ കടന്നു പോകുന്നു.

SGOU

തന്റെ സമൂഹം തനിക്ക് തന്നത് ദാരിദ്ര്യം, ഭയം, അപകർഷതാബോധം, ആത്മവിശ്വാസമില്ലായ്മ, ധൈര്യമില്ലായ്മ എന്നിവയാണെന്ന് കുഞ്ഞാമൻ ആവർത്തിച്ചു പറയുന്നുണ്ട്. എന്നെ പാണൻ എന്നു വിളിക്കരുത് എന്ന ഭാഗത്ത് ദരിദ്രന് അഭിമാനമില്ലെന്നുള്ള വേദനാജനകമായ സത്യം കുഞ്ഞാമൻ തുറന്നെഴുതുകയാണ്. ഭയം എന്നുള്ള ഭാഗത്ത് താനുൾപ്പെടുന്ന അധഃകൃതസമൂഹം പൈതൃകമായി തന്നിട്ടുള്ള ഭയത്തിൽ നിന്നും അപകർഷതാബോധത്തിൽ നിന്നും ധൈര്യമില്ലായ്മയിൽ നിന്നും താൻ ഇനിയും മുക്തനായിട്ടില്ല എന്ന് കുഞ്ഞാമൻ തുറന്നു സമ്മതിക്കുകയാണ്. "കാരണമൊന്നുമില്ലാതെ അപമാനം ഏറ്റുവാങ്ങാനുള്ള ചോരയും നീരും വറ്റിപ്പോയ ഉണക്കശരീരങ്ങളായിരുന്നു അന്ന് ഞങ്ങൾ. സാമ്പത്തിക ആശ്രിതത്വത്തിൽ നിന്ന് ഭയം രൂപപ്പെടുന്നു. ഭക്ഷണത്തിന് മറ്റുള്ളവരെ ആശ്രയിക്കേണ്ടി വരുമ്പോൾ അതു മറ്റു പല തരത്തിലുമുള്ള ആശ്രിതത്വങ്ങളുമുണ്ടാക്കുന്നു. അപ്പോൾ ചുറ്റുപാടുകളെയെല്ലാം പേടിക്കാൻ തുടങ്ങും. സ്വന്തം നിഴൽ തന്റേതല്ല എന്നൊരു അന്യഥാബോധം കൂടി ഉണ്ടാകും." പുറകിലൂടെ വന്ന ചണ്ഡാളൻ എന്ന ഭാഗത്ത് ആദർശത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് തനിക്കുള്ള കാഴ്ചപ്പാടുകൾ കുഞ്ഞാമൻ സൂചിപ്പിക്കുന്നുണ്ട്. അദ്ദേഹം പറയുന്നുണ്ട്. "ഞാനെപ്പോഴും വിചാരിക്കാറുണ്ട്. 'A wrong idea is not a bad idea' അതുകൊണ്ട് വിദ്യാർഥികൾ ഒരു മണ്ടൻ ആശയവുമായി അദ്ദേഹത്തിന്റെ അടുത്തു ചെന്നാലും അദ്ദേഹം അവരെ പ്രോത്സാഹിപ്പിക്കുമെന്ന്. 'ഇന്നത്തെ മണ്ടൻ ആശയം നാളെ വിമർശിക്കപ്പെടും. മറ്റന്നാൾ അംഗീകരിക്കപ്പെടും".

നാലാം ഭാഗത്ത് സർവകലാശാലയിലെ ജാതിയെക്കുറിച്ചുള്ള അഭിപ്രായം കുറിക്കുന്നു. സർവകലാശാലയിലെ മാടമ്പിത്തരത്തിനെക്കുറിച്ച് അദ്ദേഹം എടുത്തു പറയുന്നു. 'പിന്നാക്ക വിഭാഗം സവർണ്ണർക്ക് എതിരാണ്. പക്ഷെ അവർ ജാതിവ്യവസ്ഥയ്ത് എതിരല്ല. അവർ ജാതിവ്യവസ്ഥ നിലനിർത്താൻ ശ്രമിക്കുന്നവരാണ്. അവർ സമ്പന്നരായി രാഷ്ട്രീയത്തിൽ സ്വാധീനശക്തിയുള്ളവരായി അവർക്ക് വ്യവസ്ഥിതി നിലനിർത്തലാണ് ആവശ്യം, മാറ്റമല്ല. എന്നാൽ ദലിതർ ജാതിവ്യവസ്ഥയ്ക്ക് എതിരാണ്. വ്യവസ്ഥിതിയെ മാറ്റിമറിക്കലാണ് ദലിതരുടെ ആവശ്യം താൻ മാർക്സിസ്റ്റ് തത്വശാസ്ത്രവും ആശയസംഹിതകളും അംഗീകരിക്കുന്നയാളാണെന്നും എന്നാൽ, ഇടതുപക്ഷക്കാരിൽ നിന്നും മാർക്സിസ്റ്റുകാരിൽ നിന്നുമാണ് ഏറെയും പ്രതിബന്ധങ്ങളുണ്ടായിട്ടുള്ളത് എന്നും അദ്ദേഹം തുറന്നു പറയുന്നു. ജാതിയില്ലാത്ത ഒരു ക്ലാസ്സ് റൂമായിരുന്നു അദ്ദേഹം സൃഷ്ടിച്ചത്. ഒരോ ക്ലാസ്സ് റൂമും അദ്ദേഹത്തിന് ഓരോ അനുഭവമായിരുന്നു. അധികാരികളെ ആദരിക്കുന്നവരോ വ്യവസ്ഥിതിയോട് വിധേയത്വമുള്ളവരോ ഭയമുള്ളവരോ ആകരുത് നല്ല അധ്യാപകർ എന്ന കാഴ്ചപ്പാടായിരുന്നു അദ്ദേഹത്തിന്റേത്. ക്ലാസ്സുമുറിയിൽ വിജ്ഞാനം പകർന്നു കൊടുക്കുന്ന ആളല്ലായിരുന്നു കുഞ്ഞാമൻ. ചിന്തിപ്പിക്കാൻ പ്രേരിപ്പിക്കുന്ന ഒരധ്യാപകനായിരുന്നു അദ്ദേഹം. അധികാരം പിടിക്കാൻ പഠിപ്പിക്കുന്ന സ്ഥലമല്ല സർവകലാശാല എന്നും, അധികാരത്തെ എതിർക്കാൻ പഠിപ്പിക്കുന്ന സ്ഥലമാണ് എന്നും അദ്ദേഹം കരുതുന്നു.

ഉന്നതവിദ്യാഭ്യാസ മേഖലയിൽ നാലു സാമൂഹിക വിഭാഗങ്ങളാണ് 68 ശതമാനം കോളേജുകളും നിയന്ത്രിക്കുന്നതെന്ന് അദ്ദേഹം പറയുന്നു. ക്രിസ്ത്യൻ, മുസ്ലീം, ഈഴവർ, നായർ. സർക്കാരാകട്ടെ പണം കൊടുത്തു കൊണ്ടിരിക്കുന്ന ഒരു ഏജൻസിയും. "ഉന്നത വിദ്യാഭ്യാസമേഖലയുടെ പുറമ്പോക്കിൽ കുടിൽ കെട്ടി ജീവിക്കുന്ന ഒരു ചാത്തനാണ് ഞാൻ. എന്നെ പോലെയുള്ളവർ അവിടെ എന്നും ചാത്തനും പുലയനുമാണ്. ഇവിടെ ഞങ്ങൾക്ക് മുഖ്യധാരയിൽ നിൽക്കാൻ പറ്റില്ല." "ദലിതന് മുഖ്യമന്ത്രിക്കസേരയിൽ ഇരിക്കണമെങ്കിൽ അയാൾ മൂട്ടയായി പുനർജനിക്കേണ്ടി വരും എന്ന് കുഞ്ഞാമൻ കുറിക്കുകയാണ്." തുൽജാപ്പൂരിൽ ക്യാമ്പസ് മേധാവിയായിരുന്ന സമയത്തെ അനുഭവങ്ങളും കുഞ്ഞാമൻ പങ്കുവയ്ക്കുന്നുണ്ട്. ആഗ്രഹമാണ് മനുഷ്യനെ മുന്നോട്ടു നയിക്കുന്ന ശക്തി. പണ്ടുണ്ടായിരുന്ന നിസ്സംഗത ഇന്നത്തെ തലമുറയ്ക്കില്ല. അവർക്ക് ഫോണുണ്ട് നല്ല വസ്ത്രമുണ്ട്. ഇതൊക്കെ അവരെ ജനാധിപത്യവത്ക്കരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന കാര്യങ്ങളാണ്. അംബേദ്ക്കറുടെ ചിന്താഗതികൾ വിലയിരുത്തുകയാണ് ഓപ്പൺ അല്ലാത്ത ശത്രു എന്ന ഭാഗത്ത്. അംബേ

SGOU

ദ്ക്കറുടെ ക്യാൻവാസ് വിപുലമാണ്. അത് അടിച്ചമർത്തപ്പെടുന്ന അധഃകൃതന്റെ മോചനത്തിനുള്ളതായിരുന്നു. അതേ സമയം മാർക്സിസത്തെക്കുറിച്ച് അദ്ദേഹം വ്യക്തമാക്കുന്നത് ഇങ്ങനെയാണ്. “മാർക്സിസം ഒരിക്കലും വിമോചനശാസ്ത്രമല്ല. അത് മുതലാളിത്തത്തെ കേന്ദ്രീകരിച്ചു കൊണ്ടുള്ള വിശകലനമാണ്. അതുകൊണ്ട് തന്നെ അതിനെ ഒരു വിമോചനശാസ്ത്രമായി പരിഗണിക്കാൻ കഴിയില്ല.”

ദലിത് മുതലാളിത്തം വരേണ്ടതിന്റെ ആവശ്യകതയാണ് കുഞ്ഞാമൻ പറയുന്നത്. സമ്പത്ത് നിയന്ത്രിയുന്നവരാണ് രാഷ്ട്രീയം നിയന്ത്രിക്കുന്നത്. ദലിതന് സമ്പത്തില്ല. രാഷ്ട്രീയത്തിൽ സ്വാധീനവുമില്ല. സമ്പത്ത് നിയന്ത്രിക്കാൻ കഴിഞ്ഞാൽ ജാതി ഇല്ലാതാകും. ദലിതൻ അടിച്ചമർത്തപ്പെടേണ്ടി വന്നത് സമ്പത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ടതു കൊണ്ടായിരുന്നു. ദലിത് മുതലാളിമാർക്ക് യാതൊരു വിവേചനവും ഇല്ല. ദലിതരിൽ നിന്നും ആദിവാസികളിൽ നിന്നും സമ്പന്നരുണ്ടാകുക മുതലാളിമാർ ഉണ്ടാകുക എന്നതാണ് സ്വാഭാവികമായും വരേണ്ടത് എന്ന് കുഞ്ഞാമൻ എടുത്തു പറയുന്നു.

സാമൂഹ്യനീതിയുടെ ഭാഗമായാണ് സംവരണം എന്ന ആശയം ആദ്യമായി ഉന്നയിക്കപ്പെട്ടിരുന്നത്. സംവരണത്തിലൂടെ തൊഴിലും വിദ്യാഭ്യാസവും കിട്ടിയത് കുറേ വ്യക്തികൾക്ക് മാത്രമാണെന്നും, ദലിത് ആദിവാസികൾ അവിടെയും പിന്തള്ളപ്പെട്ടു എന്നും കുഞ്ഞാമൻ അഭിപ്രായപ്പെടുന്നു. എന്നാൽ ഇന്ന് അതിന് കുറേശ്ശെ മാറ്റം വന്നിരിക്കുന്നു എന്ന കാര്യത്തിൽ അദ്ദേഹം ആശ്വസിക്കുകയും ചെയ്യുന്നു. വികസനത്തെ അനുകൂലിക്കുന്നതായും അദ്ദേഹം പറയുന്നുണ്ട്. ഭൂപരിഷ്കരണ നിയമം അട്ടിമറിച്ചതിനെക്കുറിച്ചും തുടർന്ന് അദ്ദേഹം സൂചിപ്പിച്ചിരിക്കുന്നു. ആദിവാസി പ്രശ്നം, ദലിത് പ്രശ്നം ഇവ ഇന്ന് വ്യത്യസ്തമാണെന്നും കുഞ്ഞാമൻ പറയുന്നുണ്ട്. രാഷ്ട്രീയ പാർട്ടികളുടെയും മതങ്ങളുടെയും സമീപനത്തെക്കുറിച്ചും കുഞ്ഞാമന് വ്യക്തമായ അഭിപ്രായങ്ങളുണ്ടായിരുന്നു. നേതൃത്വത്തെ ചോദ്യം ചെയ്യാതെ അനുസരിക്കുക. മതത്തിനകത്ത് നടക്കുന്ന ചോദ്യം ചെയ്യലുകൾ കൂടി രാഷ്ട്രീയ പാർട്ടികളുടെ ഇടയിൽ നടക്കുന്നില്ല. ഇവയെല്ലാം ചില ചോദ്യങ്ങൾ ആയി അവശേഷിക്കുകയാണ്. എല്ലാ വ്യക്തികൾക്കും തുല്യപ്രാധാന്യം നൽകുന്ന ഒരു വ്യവസ്ഥിതിയാണ് കുഞ്ഞാമൻ ലക്ഷ്യം വയ്ക്കുന്നത്. ആഗോളവത്ക്കരണവും അതിന്റെ ഭാഗമായി ഉയർന്നുവന്ന ലിബറൽ നയങ്ങളും ഇന്ത്യയിൽ ദലിത് സമൂഹത്തിന് ഗുണകരമായിത്തീരുകയായിരുന്നു എന്ന കുഞ്ഞാമന്റെ നിരീക്ഷണവും ശ്രദ്ധേയമാണ്. കുഞ്ഞാമന്റെ ജീവിതത്തിലെ വഴിത്തിരിവായ ഒരു സംഭവത്തെക്കുറിച്ചാണ് എന്നെ പാണൻ എന്നു വിളിക്കരുത് എന്ന ഭാഗത്തിൽ പറയുന്നത്.

## എന്നെ പാണൻ എന്ന് വിളിക്കരുത്

എം. കുഞ്ഞാമന്റെ ജീവിതത്തിൽ വഴിത്തിരിവായി മാറിയ ഒരു സന്ദർഭത്തെക്കുറിക്കുന്ന വാചകമാണ് ഒന്നാം അധ്യായത്തിന് തലക്കെട്ടായി നൽകിയിരിക്കുന്നത്. തന്നെ ജാതിപ്പേരിലൂടെ മാത്രം സംബോധന ചെയ്ത സ്കൂളിലെ പ്രമാണിയായ അധ്യാപകനോട് ‘സാർ എന്നെ ജാതിപ്പേര് വിളിക്കരുത്’ എന്ന് കുഞ്ഞാമൻ പറയുന്ന മറുപടിയിൽ നിന്നാണ് ഈ അധ്യായത്തിന് ‘എന്നെ പാണൻ എന്നു വിളിക്കരുത്’ എന്ന് നാമകരണം ചെയ്തിരിക്കുന്നത്. ജാതിയുടെ അതിരുകളിലൂടെയും മുറിവുകളിലൂടെയും നിർമ്മിതമായ തന്റെ ബാല്യകാല ഓർമ്മകളെ വീണ്ടെടുക്കുകയാണ് ഈ അധ്യായത്തിൽ എം. കുഞ്ഞാമൻ.

“ഇരുട്ടുനിറഞ്ഞതായിരുന്നു കാലം. പേടി മാത്രം നൽകിയിരുന്ന സമുദായം” എന്ന വാചകത്തോടെയാണ് എന്നെ പാണൻ എന്നു വിളിക്കരുത് എന്ന ഒന്നാം അധ്യായം ആരംഭിക്കുന്നത്. അയ്യപ്പന്റെയും ചെറോണയുടെയും മകനായി എം. കുഞ്ഞാമൻ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛനും അമ്മയും നിരക്ഷരരായിരുന്നു. എച്ചിലെടുത്തും അത് തിന്നുമാണ് ജീവിതം. അച്ഛൻ കന്നുപൂട്ടാൻ പോകും. കടുത്ത ദാരിദ്ര്യവും അടിച്ചമർത്തപ്പെട്ട ജാതിയും. ഒന്നു മറ്റൊന്നിനെ ഊട്ടിവളർത്തി എന്ന് കുഞ്ഞാമൻ രേഖപ്പെടുത്തിയിരിക്കുന്നു.

### ജനനം

പട്ടാമ്പിക്കടുത്തുള്ള വാടാനംകുറിശ്ശിയിലാണ് എം. കുഞ്ഞാമൻ ജനിച്ചത്. വീട് എന്നല്ല ചാള എന്നാണ് അദ്ദേഹം തന്റെ ജന്മഗൃഹത്തെ

SGOU

ക്കുറിച്ച് പറയുന്നത്. ജാതിയിൽ താഴ്ന്നവർക്ക് കേരളത്തിൽ വീടുണ്ടായിരുന്നില്ല. ചാളകൾ, കുടികൾ, മാടങ്ങൾ എന്നിങ്ങനെയാണ് കീഴാള രുടെ വാസസ്ഥലങ്ങളെ വിളിച്ചിരുന്നത്. അദ്ദേ ഹത്തിന്റെ വീട്ടിൽ ഒരു മണ്ണെണ്ണവിളക്കു മാത്ര മാണുണ്ടായിരുന്നത്. കുഞ്ഞാമൻ എഴുതുന്നു. "ഞാൻ പുസ്തകം വായിക്കാൻ തുടങ്ങുമ്പോൾ വിളക്ക് അമ്മ അടുക്കളയിലേക്കു കൊണ്ടുപോ കും. അപ്പോൾ, എന്നിലേക്ക് ഇരുട്ട് അരിച്ചിറ ങ്ങാൻ തുടങ്ങും. ലോകം ഒരു ഇരുട്ടായി എന്നെ ചുറ്റിവരിയും".

ഇരുട്ടു നിറഞ്ഞ കാലം എന്ന പ്രയോഗത്തിനു പിന്നിലെ യുക്തിയെ തന്റെ അനുഭവത്തിലൂടെ തുറന്നു കാട്ടുകയാണ് കുഞ്ഞാമൻ. ഇരുട്ടിൽ മാ ത്രം ജീവിക്കാൻ നിർബന്ധിതരായ കീഴാള ജീവി തങ്ങളുടെ അവസ്ഥയെ മണ്ണെണ്ണവിളക്കിനോട് ചേർത്തു നിർത്തി വ്യാഖ്യാനിക്കുന്നു. അക്ഷരം കുഞ്ഞാമനെ സംബന്ധിച്ച് വെളിച്ചമാണ്. അക്ഷ രത്തിൽ നിന്നും അകന്നു നിൽക്കുന്ന വെളിച്ചം അദ്ദേഹത്തിന്റെ ജാതിസമുദായത്തിന്റെ അവ സ്ഥയും. അമ്മ വെളിച്ചത്തെ അടുക്കളയിലേയ് ക്കാണ് കൊണ്ടുപോകുന്നത്. പുസ്തകത്തിൽ നിന്ന് വെളിച്ചം അടുക്കളയിലെത്തുന്നതോടെ വിശപ്പാണ് തന്റെ തലമുറ നേരിട്ടിരുന്ന പ്രധാന പ്രശ്നമെന്ന് കുഞ്ഞാമൻ രേഖപ്പെടുത്തുന്നു.

## വിശപ്പ്

"വയറുകാളാൻ തുടങ്ങുമ്പോൾ ജന്മിമാരുടെ വീടുകളിലേക്കുപോകും. അവിടെ കഞ്ഞി പാത്ര ത്തിൽ തരില്ല. മുറ്റത്തുപോലുമല്ല, തൊടിയിൽ മണ്ണുകുഴിച്ച്, ഇലയിട്ട് ഒഴിച്ചുതരും. പതിന്നാലു വയസ്സുള്ളപ്പോഴാണ്, വീടിനടുത്തുള്ള ഒരു ജന്മി യുടെ വീട്ടിൽ കഞ്ഞിക്കുചെന്നത്. മണ്ണിൽ കു ഴി കുഴിച്ച് കഞ്ഞിയൊഴിച്ചുതന്നു. അവിടെ ഭയങ്ക രനായ ഒരു പട്ടിയുണ്ടായിരുന്നു. എന്നോടൊപ്പം അവനോടും ചെന്ന് കഞ്ഞികുടിക്കാൻ പറഞ്ഞു വീട്ടുകാർ. കുഴിയുടെ അടുത്തേക്കു കുരച്ചെ ത്തിയ പട്ടി കഞ്ഞികുടിക്കാനുള്ള ആർത്തിയിൽ എന്നെ കടിച്ചുമാറ്റി. ഒരു മനുഷ്യനും പട്ടിയും തമ്മിലുള്ള ബന്ധമായിരുന്നില്ല അത്, രണ്ടു പട്ടികളുമായുള്ള ബന്ധമായിരുന്നു. രണ്ടു പട്ടി കൾ കഞ്ഞിക്കുവേണ്ടി മത്സരിക്കുന്നു. പട്ടി കടി ച്ച് മുറിവിൽനിന്നു ചോര വന്നപ്പോൾ ദേഷ്യമല്ല തോന്നിയത്, എന്റെ അവസ്ഥയിലുണ്ടായിരുന്ന മറ്റൊരു ജീവി എന്ന അനുതാപം മാത്രം" എന്ന് വിശപ്പിനെക്കുറിച്ച് എം. കുഞ്ഞാമൻ പറയുന്നു.

മനുഷ്യനും നായയും തമ്മിൽ വ്യത്യാസം കൽപ്പിക്കാത്ത വിധം ജാതിചിന്തയാൽ അധഃ പതിച്ച ഒരു കാലത്തിന്റെ മുഖം കുഞ്ഞാമന്റെ വാക്കുകളിൽ നിന്ന് ലഭിക്കുന്നുണ്ട്. സാമ്പത്തി കമായ സ്വാതന്ത്ര്യമില്ലായ്മ മനുഷ്യരെ നിസ്സ ഹായരും അടിമകളുമാക്കി മാറ്റും. ജാതീയമായി കീഴാളർക്കു വേണ്ടി നിർമ്മിച്ച അടിമ ജീവിത ത്തിനുള്ളിൽ നായയ്ക്കും തനിക്കും ഒരു പദവി യായിരുന്നു ഉണ്ടായിരുന്നതെന്ന് കുഞ്ഞാമൻ രേഖപ്പെടുത്തുന്നു. വിശക്കുന്ന രണ്ട് ജീവികൾ തമ്മിലുള്ള പോരാട്ടമായി അദ്ദേഹത്തിന് നായ യുടെ അക്രമണത്തെ കാണാൻ കഴിയുന്നത് അതുകൊണ്ടാണ്. ബാല്യത്തിൽ കുഞ്ഞാമൻ നേരിട്ടിരുന്ന പ്രധാന പ്രശ്നം വിശപ്പായിരുന്നു.

## ജാതിയും വിശപ്പും

ഞങ്ങളുടെ സമുദായത്തിന്റെ ജോലി ഓല ക്കുട ഉണ്ടാക്കലായിരുന്നു. ഉയർന്ന ജാതിക്കാ രുടെ വീട്ടിൽ സദ്യയോ അടിയന്തിരമോ ഉണ്ടാ കുമ്പോൾ വാഴയില മുറിച്ചുകൊടുക്കുന്നത് ഞങ്ങളാണ്. സദ്യ കഴിഞ്ഞ എച്ചിലും ഞങ്ങ ളാണെടുക്കുക. ഞാനൊക്കെ എച്ചിൽ വലിയ ആർത്തിയോടെയാണ് എടുക്കുക. കളയാനല്ല, കഴിക്കാൻ. ഹൈസ്കൂളിൽ പഠിക്കുന്ന കാലത്ത് ചില സഹപാഠികളുടെ വീട്ടിൽ സദ്യയുണ്ടാകും. അവർ കാൺകെ എച്ചിലിനായി മത്സരിക്കുന്ന തും അത് ആർത്തിയോടെ കഴിക്കുന്നതും അപ കർഷതാബോധമുണ്ടാക്കിയിരുന്നു. എങ്കിലും എല്ലാ ലജ്ജകളെയും ശമിപ്പിക്കുന്നതായിരുന്നു വിശപ്പിന്റെ കാളൽ. ആത്മാഭിമാനമല്ല, എന്തിനെ യും ആ വേവൽ വെണ്ണീറാക്കുമായിരുന്നു എന്ന് കുഞ്ഞാമൻ എഴുതുന്നു. വിശപ്പിന്റെ വിളിക്ക് മുന്നിൽ അഭിമാനത്തിന് പ്രസക്തിയുണ്ടായിരു ന്നില്ല. ഉയർന്ന ജാതിക്കാർ തങ്ങളെ മർദ്ദിക്കുന്ന തെന്തിനെന്നോ അവർ കഴിച്ച ഭക്ഷണത്തിന്റെ ബാക്കി തരുന്നതെന്തിനെന്നോ ചിന്തിക്കാനുള്ള ശേഷി അന്ന് തനിക്കുണ്ടായിരുന്നില്ല എന്ന് അദ്ദേഹം ഓർമ്മിക്കുന്നുണ്ട്.

വിശപ്പിന്റെ അടിസ്ഥാന കാരണം വിഭവങ്ങളുടെ അഭാവമായിരുന്നു. വിഭവങ്ങളുടെ അഭാവത്തിന് കാരണം ജാതിയും. പാണനായി ജനിച്ചതുകൊണ്ടാണ് തനിക്ക് വിശപ്പൊരു പ്രശ്നമായി മാറുന്നത്. തന്റെ ജാതിയായിരുന്നു താനനുഭവിക്കേണ്ടി വന്ന പ്രതികൂലസാഹചര്യങ്ങളുടെ മൂലകാരണമെന്ന് കുഞ്ഞാമൻ കണ്ടെത്തുന്നു. സ്കൂളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണം പ്രതീക്ഷിച്ചു മാത്രമാണ് അദ്ദേഹം പഠിക്കാനായി സ്കൂളിൽ ചേർന്നത് എന്ന് പറയുന്നുണ്ട്.

പുസ്തകവും സ്ലേറ്റും ഷർട്ടുമില്ലാത്ത ഞാൻ സ്കൂളിൽ പോയിരുന്നത് പഠിക്കാനല്ല, ഒരുമണി വരെയിരുന്നാൽ ചില ദിവസങ്ങളിൽ ഉച്ചകഞ്ഞി കിട്ടും. അത് കുടിക്കാനായിരുന്നു പോയിരുന്നത്. സ്കൂളിൽ പോകുമ്പോൾ ഒരു പിഞ്ഞാണം മാത്രമാണ് കൈയ്യിലുണ്ടാകുക. അന്ന് ഹൈസ്കൂൾ ക്ലാസുകളിൽ ഉച്ചക്കഞ്ഞിയില്ല. നാട്ടിലെ ആരെങ്കിലും വിശേഷാവസരങ്ങളിൽ സ്കൂളിൽ കഞ്ഞി വിതരണം ചെയ്യും. ഞങ്ങൾ അതും കാത്തിരിക്കും. കഞ്ഞിയില്ലാത്ത ദിവസങ്ങളിൽ ഉച്ചയ്ക്ക് ഏട്ടൻ മാങ്ങ അരിഞ്ഞുകൊണ്ടുവരും. അത് തിന്ന് പച്ചവെള്ളവും കുടിച്ച് ക്ലാസിൽ പോയിരിക്കും. എൽ.പി. സ്കൂൾ വിദ്യാർഥികൾക്ക് അന്ന് സർക്കാർ വക ഉപ്പുമാവുണ്ട്. ഉപ്പുമാവുണ്ടാക്കുന്നത് ലക്ഷ്മിയേടത്തിയാണ്. അവർ ഒരു കടലാസുകഷ്ണത്തിൽ ഉപ്പുമാവ് പൊതിഞ്ഞ് ഇറയത്ത് എനിക്കായി ഒളിച്ചുവെക്കും. ഞാനത് എടുത്തുകൊണ്ടുപോയി മൂത്രപ്പുരയിലിരുന്ന് കഴിക്കും. കാരണം, ഹൈസ്കൂൾ വിദ്യാർഥിയായ ഞാൻ ഉപ്പുമാവ് കഴിക്കുന്നത് ആരെങ്കിലും കണ്ടാൽ, ലക്ഷ്മിയേടത്തിയുടെ പണി പോകും. വാടാനംകുറിശ്ശിയിലെ സ്കൂളിനെക്കുറിച്ച് ഓർക്കുമ്പോൾ എനിക്ക് ആദ്യം ഓർമ്മ വരുന്നത് അധ്യാപകരെയും ക്ലാസ്സ് മുറികളെയുമല്ല, ലക്ഷ്മിയേടത്തിയെയാണ്. അവർ ഉപ്പുമാവ് തന്നില്ലായിരുന്നുവെങ്കിൽ എനിക്ക് ക്ലാസിലിരിക്കാൻ കഴിയുമായിരുന്നില്ല. സ്കൂളിൽ നിന്ന് ഉച്ചയ്ക്ക് ലഭിക്കുന്ന ഭക്ഷണമായിരുന്നു അദ്ദേഹത്തെ സ്കൂളിലെത്തിച്ച പ്രധാന ഘടകം. ഉച്ചഭക്ഷണം ലഭിച്ചതുകൊണ്ടു മാത്രമാണ് കുഞ്ഞാമന് സ്കൂളിലിരിക്കാനും പഠിക്കാനും കഴിഞ്ഞത്. ഉച്ചഭക്ഷണം മാത്രം പ്രതീക്ഷിച്ച് സ്കൂളിലെത്തിയ കുഞ്ഞാമന്റെ ജീവിതത്തിലുണ്ടായ പ്രധാനപ്പെട്ട ഒരു വഴിത്തിരിവിനെക്കുറിച്ച് അദ്ദേഹം എഴുതുന്നുണ്ട്.

### വേർതിരിവിന്റെ ജാതീയത

കുട്ടികൾക്ക് ഭയവും ബഹുമാനവുമുണ്ടായിരുന്ന ഒരു അധ്യാപകനുണ്ടായിരുന്നു. മൂന്നാം ക്ലാസിൽ. അദ്ദേഹം എന്നെ പേര് വിളിക്കില്ല, പാണൻ എന്നാണ് വിളിക്കുക. ബോർഡിൽ കണക്ക് എഴുതി: 'പാണൻ പറയെടാ' എന്നുപറയും. സഹികെട്ട് ഒരിക്കൽ ഞാൻ പറഞ്ഞു: 'സാർ എന്നെ ജാതിപ്പേര് വിളിക്കരുത്, കുഞ്ഞാമൻ എന്നു വിളിക്കണം.' 'എന്താടാ നിന്നെ ജാതിപ്പേര് വിളിച്ചാൽ' എന്നുചോദിച്ച് ചെകിട്ടത്ത് ആഞ്ഞടിച്ചു. അയാൾ നാട്ടിലെ പ്രമാണിയാണ്. എവിടെടാ പുസ്തകം എന്ന് ചോദിച്ചു. ഇല്ലെന്നു പറഞ്ഞപ്പോൾ കഞ്ഞി കുടിക്കാനാണ് വന്നത്, പഠിക്കാനല്ല എന്നായി പരിഹാസം. അടിയേറ്റ് വിങ്ങിയ കവിളുമായാണ് വീട്ടിലെത്തിയത്. അമ്മയോട് കാര്യം പറഞ്ഞു, അവർ പറഞ്ഞു: 'നമുക്ക് ഒന്നും ചെയ്യാൻ പറ്റില്ല മോനേ, നന്നായി വായിച്ച് പഠിക്കൂ.' അന്ന് ഞാൻ സ്കൂളിലെ കഞ്ഞികുടി നിർത്തി. ഉച്ചഭക്ഷണ സമയത്ത് ഒരു പ്ലാവിന്റെ ചോട്ടിൽ പോയിരിക്കും. എന്നെ മർദ്ദിച്ച മാഷ് ഒരു ദിവസം അടുത്തുവന്നു: 'കുഞ്ഞാമാ, പോയി കഞ്ഞി കുടിക്ക്. അന്നാണ് അദ്ദേഹം ആദ്യമായി എന്നെ പേര് വിളിക്കുന്നത്. 'വേണ്ട സർ' "ഞാൻ അങ്ങനെ പറഞ്ഞതുകൊണ്ടാണോ?' സർ പറഞ്ഞതിൽ തെറ്റൊന്നുമില്ല, കഞ്ഞി കുടിക്കാൻ വേണ്ടി മാത്രമാണ് ഞാൻ വന്നിരുന്നത്. പക്ഷേ, ഇനി എനിക്കു കഞ്ഞി വേണ്ട, എനിക്കു പഠിക്കണം."

ആ അധ്യാപകന്റെ മർദ്ദനം ജീവിതത്തിലെ വഴിത്തിരിവായി. കാരണം, കഞ്ഞി കുടിക്കാനല്ല പഠിക്കുന്നത് എന്ന തിരിച്ചറിവുണ്ടായി. തുടർച്ചയായി വായന തുടങ്ങി. 'വിശപ്പു മാറ്റാൻ വേണ്ടി സ്കൂളിൽ എത്തിയ വിദ്യാർഥിയിൽ നിന്ന് ആത്മാഭിമാനത്തോടെ ജീവിക്കാൻ വേണ്ടി തയ്യാറെടുക്കുന്ന വ്യക്തിയിലേയ്ക്കുള്ള വളർച്ചയായിരുന്നു അത്. ഭക്ഷണമില്ലായ്മയുടെ കാരണത്തെക്കുറിച്ച്, അതിനുള്ളിൽ പ്രവർത്തിക്കുന്ന അധികാരബന്ധങ്ങളെക്കുറിച്ച്, തന്റെ ജാതിസ്വത്വത്തെക്കുറിച്ച് കുഞ്ഞാമൻ ആദ്യമായി ചിന്തിച്ചു തുടങ്ങിയ ഘട്ടമായിരുന്നു അത്. പാ



SGOU

ണൻ എന്ന തന്റെ ജാതിസ്വത്വം നിർമ്മിക്കുന്ന കീഴാളബോധ്യങ്ങളും തനിക്കുമേൽ മേലാളർ ചെലുത്തുന്ന അധികാരരൂപങ്ങളും കുഞ്ഞാമൻ തിരിച്ചറിയാൻ തുടങ്ങി. കോളേജിൽ പഠിക്കാൻ പറ്റുമെന്ന തിരിച്ചറിവിലേയ്ക്ക് തുടർന്ന് അദ്ദേഹം എത്തിച്ചേരുന്നുണ്ട്.

## വിദ്യാഭ്യാസവും തൊഴിലും

തന്റെ സമുദായക്കാർ പണിക്കു പോയാൽ ദിവസം ഏഴു രൂപ കൂലി കിട്ടും. അന്ന് കോളേജിൽ ചേർന്നാൽ മാസം ഏഴര രൂപയാണ് കിട്ടുന്നത്. ജോലിക്കു പോയാൽ അധികം കിട്ടുന്നതിനാൽ പണിക്കു വന്നു കൂടെ എന്ന് അദ്ദേഹത്തിന്റെ സമുദായക്കാർ അദ്ദേഹത്തോട് ചോദിക്കാറുണ്ടായിരുന്നു. വാടാനംകുറിശ്ശിയിൽ നിന്ന് എസ്.എസ്.എൽ.സി പാസായ ആദ്യത്തെ ദലിതൻ കുഞ്ഞാമനായിരുന്നു. തനിക്കു കോളേജിൽ പോകാൻ കഴിഞ്ഞത് താൻ കഴുതയെ പോലെ കഠിനാധ്വാനം ചെയ്തിട്ടാണ് എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. യാതൊരു തരത്തിലുള്ള സാംസ്കാരിക മൂലധനവുമില്ലാത്ത കുടുംബത്തിൽ നിന്ന് വിവേചനത്തിന്റെ ദിനമായ അനുഭവങ്ങളിലൂടെ നടന്ന് അദ്ദേഹം പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ അഡ്മിഷൻ നേടി. ആ ദിവസത്തെക്കുറിച്ച് കുഞ്ഞാമൻ ഇപ്രകാരം ഓർക്കുന്നു. കോളേജിലെത്തി. വൈകിട്ട് നാലരവരെ കാത്തുനിന്ന ശേഷമാണ് അഡ്മിഷന് പ്രിൻസിപ്പലിന്റെ മുറിയിലെത്താൻ കഴിഞ്ഞത്. എല്ലാം കഴിഞ്ഞപ്പോൾ അഞ്ചര. അതുവരെ ഭക്ഷണം പോലും കഴിച്ചിട്ടില്ല. ഒരുവിധം ഒലവക്കോട് റെയിൽവേ പൊലീസ് സ്റ്റേഷനിലെത്തി. അവിടെ അയൽവാസിയായ കോൺസ്റ്റബിളുണ്ട്. അദ്ദേഹം അന്ന് വന്നിട്ടില്ല. ഒരു പോലീസുകാരനോട് കാര്യം പറഞ്ഞു:'കോളേജിൽ ചേരാൻ വന്നതാണ്. ദിവസം മുഴുവൻ ജലപാനം കഴിച്ചിട്ടില്ല. ഒരു ചായ വാങ്ങിത്തരാമോ?' അദ്ദേഹം ചായയും പഴംപൊരിയും വാങ്ങിത്തന്നു. അദ്ദേഹത്തിനോട് സ്നേഹവും ബഹുമാനവും തോന്നി. വിശക്കുന്നവനു മുന്നിൽ ദൈവം അപ്പത്തിന്റെ രൂപത്തിലാണ് പ്രത്യക്ഷപ്പെടുക എന്നാണല്ലോ. വിശക്കുന്നവന് വേറേ ദൈവമില്ല, ഭക്ഷണമാണ് ദൈവം.

ദാരിദ്ര്യത്തിന്റെയും ജാതിവിവേചനത്തിന്റെയും തിക്താനുഭവങ്ങൾക്കിടയിൽ നിന്ന് കുഞ്ഞാമൻ വിക്ടോറിയ കോളേജിൽ പഠനത്തിനായി ചേർന്നു. അദ്ദേഹം തേർഡ് ഗ്രൂപ്പാണ് എടുത്തത്. കോളേജിൽ ചേർന്നശേഷം നാട്ടിലെത്തി. വീടിനടുത്ത ചായക്കടയിൽ ചെന്നപ്പോൾ "കോളേജ് ഒന്ന് കണ്ടു അല്ലേ എന്നുചോദിച്ച് അവിടെയുണ്ടായിരുന്നവർ എല്ലാവരുംകൂടി ചിരിച്ചു. കാണുക മാത്രമല്ല, അതിനകത്ത് എന്താണ് എന്ന് അറിയാനും ശ്രമിക്കുന്നുണ്ട് എന്ന് കുഞ്ഞാമൻ മറുപടി പറഞ്ഞു." കോളേജിൽ പഠിക്കുന്ന കാലത്ത് അദ്ദേഹം ധാരാളം വായിച്ചിരുന്നു. രണ്ടു കാര്യങ്ങളിലായിരുന്നു വായനയുടെ ഊന്നൽ ഒന്ന്, അടിച്ചമർത്തപ്പെടുന്ന സാമൂഹികാവസ്ഥയിൽ നിന്ന് രക്ഷപ്പെടുക - കുഞ്ഞാമന് അതൊരു വിശ്വാസം കൂടിയായിരുന്നു. പിന്നെ, ചുറ്റുപാടുകളെക്കുറിച്ചും ലോകത്തെക്കുറിച്ചുമുള്ള ഒരുതരം അന്വേഷണത്തിന്റെ ഭാഗമായി വായിക്കുക. റസലിന്റെ യുക്തിചിന്തകളാണ് അദ്ദേഹത്തെ ഏറെ സ്വാധീനിച്ചത്. നാട്ടുകാർ ദാനം നൽകിയ മുണ്ടും ഷർട്ടുമാണ് അദ്ദേഹത്തിന് കോളേജ് പഠനകാലത്ത് ധരിക്കാനുണ്ടായിരുന്നത്. മാത്യു എന്ന സഹപാഠി സമ്മാനിച്ച രണ്ട് ഷർട്ടിനെക്കുറിച്ച് കുഞ്ഞാമൻ ഓർക്കുന്നുണ്ട്.

കുഞ്ഞാമനെ സംബന്ധിച്ച് കോളേജ് മറ്റൊരു ലോകമായിരുന്നു. അതിനെ കുറിക്കാൻ ഒരു പാരഡൈം ഷിഫ്റ്റ് എന്ന പദമാണ് അദ്ദേഹം പ്രയോഗിച്ചിരിക്കുന്നത്. കഴിവുണ്ടാക്കണം, പഠിക്കണം എന്ന തോന്നൽ കുഞ്ഞാമനെ മുന്നോട്ടു നയിച്ചു. കൺസഷന്റെ പേരിലുള്ള കളിയാക്കലുകളൊഴികെ ക്ലാസിൽ വലിയ ജാതീയ പ്രശ്നങ്ങളുണ്ടായിരുന്നില്ല എന്ന് കുഞ്ഞാമൻ എഴുതുന്നു. അവധി ദിവസങ്ങളിൽ വീട്ടിൽ പോകാൻ പണമില്ലാത്തതിനാൽ അദ്ദേഹം ഹോസ്റ്റലിൽ തന്നെ തുടർന്നു. വാശിയോടെ പഠിച്ച് പ്രീഡിഗ്രിയ്ക്ക് ക്ലാസ്സോടെ പാസായി. അദ്ദേഹം റാങ്ക് നേടിയ വിവരം അറിഞ്ഞ നാട്ടുകാർ അദ്ദേഹത്തെ അഭിനന്ദിക്കുന്നതിന് പകരം അവഗണിക്കാനും നിരുത്സാഹപ്പെടുത്താനുമാണ് ശ്രമിച്ചത്. അതിനു പിന്നിലുള്ള കാരണം അദ്ദേഹത്തിന്റെ ജാതിയായിരുന്നു. പ്രീഡിഗ്രി ഫലം അറിഞ്ഞു എന്നു പറഞ്ഞപ്പോൾ പാസായോ എന്നല്ല, ഏത് സബ്

SGOU

ജക്റ്റാണ് പോയത് എന്നായിരുന്നു ജന്മിയുടെ മകളായ അധ്യാപിക ആദ്യം ചോദിച്ചത്.

ജന്മിയുടെ കുടുംബത്തിനു കുഞ്ഞാമൻ കോളേജിൽ പോകുന്നത് ഇഷ്ടമായിരുന്നില്ല. അറിവിലൂടെ നേടുന്ന അധികാരം കീഴാളതയെ ഇല്ലാതാക്കുമെന്നും അതുവഴി ജന്മിത്തത്തിന്റെ വേരുകൾ ചോദ്യം ചെയ്യപ്പെടുമെന്നും അവർക്കറിയാമായിരുന്നു. അറിവിൽ നിന്ന് ദലിതരെ അകറ്റി നിർത്തുന്നതിലൂടെ ജന്മിത്തം അതിന്റെ അധികാരം ഊട്ടി ഉറപ്പിക്കുകയാണ് ചെയ്യുന്നത്. എം. കുഞ്ഞാമൻ വിദ്യാഭ്യാസത്തിലൂടെ അതുവരെ തനിക്കില്ലാതിരുന്ന സാംസ്കാരിക മൂലധനത്തെ കൈവരിക്കുന്ന ഒരു സന്ദർഭത്തെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തുന്നു. 'സ്കൂളിൽ പഠിക്കുന്ന ഒരു ഹരിജൻ ചെക്കനില്ലേ ഇവിടെ?' ആരെങ്കിലും വന്നാൽ എന്നെ അന്വേഷിച്ചിരുന്നത് ഇങ്ങനെയാണ്. പക്ഷേ, കോളേജിൽ പഠിക്കാൻ തുടങ്ങിയപ്പോൾ 'കോളേജിൽ പഠിക്കുന്ന ഒരു ഹരിജൻ കുട്ടിയില്ലേ ഇവിടെ?' എന്നായി. അതെനിക്ക് ഇഷ്ടമായി. ഹരിജൻ ചെക്കൻ എന്ന അവഗണനയുടെ സ്വരത്തിൽ നിന്ന് ഹരിജൻ കുട്ടി എന്ന പരിഗണനയുടെ സ്വരത്തിലേയ്ക്ക് അധികാരത്തിന്റെ ഭാഷ പരുവപ്പെടുന്നതായി കുഞ്ഞാമന്റെ അനുഭവത്തിൽ നിന്ന് മനസ്സിലാക്കാം.

## നേതൃത്വവും ആശ്വാസവും

ബി.എയ്ക്ക് പഠിക്കുമ്പോൾ, വിദ്യാർഥികളെ സംഘടിപ്പിക്കാൻ ക്യാമ്പസിൽ വന്നിരുന്ന എം. ഗോവിന്ദൻ എന്ന വ്യക്തിയെക്കുറിച്ച് കുഞ്ഞാമൻ ഓർക്കുന്നുണ്ട്. അദ്ദേഹം ഒരു റെയിൽവേ ഉദ്യോഗസ്ഥനായിരുന്നു. എം. ഗോവിന്ദൻ കേരള ഹരിജൻ സ്റ്റുഡന്റ്സ് ഓർഗനൈസേഷൻ എന്നൊരു സംഘടനയുണ്ടാക്കി. ഇതിന്റെ ആഭിമുഖ്യത്തിൽ പ്രസംഗങ്ങൾ നടത്തിയിരുന്നു. അതിന്റെ ഭാഗമായി പുറത്തുനിന്ന് നിരവധി പേർ വരികയും, ഏറെ റാഡിക്കലായിട്ടല്ല എങ്കിലും തങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് ഇവരൊക്കെ സംസാരിക്കുകയും ചെയ്തിരുന്നതായി എം. കുഞ്ഞാമൻ ഓർക്കുന്നു. തങ്ങൾക്കുവേണ്ടി സംസാരിക്കാൻ ഒരാളുണ്ട് എന്നൊരു തോന്നൽ സൃഷ്ടിക്കാൻ ഗോവിന്ദന് കഴിഞ്ഞു എന്ന് കുഞ്ഞാമൻ എഴുതുന്നു. അധികാരത്തിൽ നിന്ന് പുറത്താക്കപ്പെട്ടവരും അസംഘടിതരുമായ ജനതയുടെ തലമുറ എന്ന നിലയിൽ ഗോവിന്ദൻ ദലിത് വിദ്യാർഥികൾക്ക് ഒരു ആശ്വാസമായിരുന്നു. തങ്ങളുടേതെന്നു പറയാൻ ഒരു ശബ്ദമുണ്ട് എന്ന തോന്നൽ അവരുടെ ആത്മവിശ്വാസത്തെ ഉയർത്തിയിരുന്നു എന്ന് സാരം.

## സാഹിത്യാഭിരുചിയും കലാപ്രവർത്തനവും

എം. കുഞ്ഞാമൻ ബി.എയ്ക്ക് പഠിക്കുമ്പോൾ കഥകളും ലേഖനങ്ങളും എഴുതിയിരുന്നു. അന്ന് അദ്ദേഹം ജാതീയതയെ മുൻനിർത്തി രണ്ടു സീനുള്ള നാടകം എഴുതി കോളേജിൽ അവതരിപ്പിച്ചു. അത് ശ്രദ്ധിക്കപ്പെട്ടു. ജനകീയ സാംസ്കാരിക പ്രവർത്തകരും മറ്റും അദ്ദേഹത്തെ അന്വേഷിച്ചുവന്നു. തങ്ങളെയൊന്നും സംരക്ഷിക്കാൻ ആരുമില്ലല്ലോ എന്ന തോന്നൽ അദ്ദേഹത്തിന്റെയുള്ളിൽ ഭയമുണ്ടാക്കി. കുറച്ചിടങ്ങളിൽ അവതരിപ്പിച്ചശേഷം അദ്ദേഹം തന്നെ ആ നാടകം നശിപ്പിച്ചുകളഞ്ഞതായും രേഖപ്പെടുത്തിയിട്ടുണ്ട്. അധികാരത്തെ ചോദ്യം ചെയ്യാറുള്ള പ്രധാന മാർഗങ്ങളിലൊന്ന് കലയാണ്. കേരള നവോത്ഥാനത്തെ സംബന്ധിച്ച് കലാജാഥകൾക്ക് വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് നാടകങ്ങൾക്ക്, ജനങ്ങളെ സംഘടിപ്പിക്കാനും ശബ്ദമുയർത്താനുമുള്ള മാർഗമായി നവോത്ഥാന നായകന്മാർ നാടകങ്ങളെ ഉപയോഗിച്ചിരുന്നു. അധികാരികൾ കലാകാരന്മാരെ അടിച്ചമർത്തിയതും അക്രമിച്ചതും ചരിത്ര സംഭവങ്ങളാണ്. അധികാരത്തിന്റെ ശ്രേണീബന്ധങ്ങൾക്ക് പുറത്തു നിൽക്കുന്ന ഒരാൾ ഒറ്റയ്ക്ക് വ്യവസ്ഥിതിയെ വെല്ലുവിളിക്കുന്ന ഒരു നാടകം രചിക്കുക എന്നു പറഞ്ഞാൽ അയാൾക്ക് വലിയ പ്രതിസന്ധികൾ അഭിമുഖീകരിക്കേണ്ടതായി വരും. അതുകൊണ്ടായിരിക്കണം അദ്ദേഹത്തിന് ആ നാടകം കത്തിച്ചു കളയേണ്ടി വന്നത്.

## പ്രഥമസ്ഥാനവും ദാരിദ്ര്യവും

എം. കുഞ്ഞാമൻ കോളേജിൽ ഒന്നാമനായിരുന്നുവെങ്കിലും ദാരിദ്ര്യമായിരുന്നു സഹപാഠി എന്ന് അദ്ദേഹം എഴുതിയിട്ടുണ്ട്. കോളേജിന്



SGOU

പുറത്തു വന്നിട്ടാണ് ചെരുപ്പിടാൻ തുടങ്ങിയത്. കോളേജിലെ ഒരു പെൺകുട്ടി അദ്ദേഹത്തെ 'ബെഗ്ഗർ' എന്ന് വിളിച്ച സന്ദർഭത്തെക്കുറിച്ചും എം. കുഞ്ഞാമൻ എഴുതിയിട്ടുണ്ട്. എം. കുഞ്ഞാമൻ സാമ്പത്തിക ശാസ്ത്രത്തിൽ ഒന്നാം റാങ്ക് നേടിയാണ് എം.എ പഠനം പൂർത്തിയാക്കിയത്. കെ.ആർ. നാരായണനു ശേഷം ആദ്യമായി ഒന്നാം റാങ്ക് കിട്ടിയ ദലിത് വിദ്യാർഥിയായിരുന്നു എം.കുഞ്ഞാമൻ. അന്നത്തെ പത്രമാധ്യമങ്ങളിലെല്ലാം വാർത്ത വന്നതായി അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാലഘട്ടത്തിൽ കുഞ്ഞാമൻ തന്റെ എൽ.പി സ്കൂൾ അധ്യാപികയുടെ മകന് ട്യൂഷനെടുത്തിരുന്നു. അവർ നൽകിയ നിർദ്ദേശ പ്രകാരമാണ് സർവകലാശാലയിൽ പോയി റാങ്കിന്റെ വിവരങ്ങൾ അന്വേഷിക്കുന്നതും തനിക്ക് റാങ്ക് കിട്ടിയ വാർത്ത അദ്ദേഹം അറിയുന്നതും. അവിടെ വെച്ച് എം.എയ്ക്ക് കൂടെ പഠിച്ച ഒരാളെ അദ്ദേഹം കണ്ടുമുട്ടുകയുണ്ടായി. നല്ല വസ്ത്രങ്ങൾ ധരിച്ച് സകൂളിലെത്തിയിരുന്ന അയാൾ വലിയ സാമ്പത്തിക നിലയുള്ള കുടുംബത്തിൽ നിന്നു വരുന്ന വിദ്യാർഥിയാണെന്നാണ് കുഞ്ഞാമൻ മനസ്സിലാക്കിയിരുന്നത്. എന്നാൽ സഹപാഠിയുടെ വീട്ടിലെ സാഹചര്യം കണ്ടു മനസ്സിലാക്കിയതോടെ അദ്ദേഹത്തിന് ദാരിദ്ര്യത്തെ മുൻനിറുത്തി നിലനിന്നിരുന്ന ചില ധാരണകൾ തിരുത്തപ്പെടുകയുണ്ടായി. സമ്പന്നനായി പ്രത്യക്ഷപ്പെട്ടിരുന്ന അവനുണ്ടായിരുന്നത് രണ്ടു സെന്റിൽ ഒരു ചെറ്റപ്പുര. അവിടെ ഉമ്മയും അനിയന്മാരും അനിയത്തിമാരും. രാത്രി കിടക്കുമ്പോൾ അവൻ പറഞ്ഞു: 'എടാ, ഞാൻ അന്ന് കോളേജിൽ ധരിച്ചുവന്ന വേഷമെല്ലാം കടം വാങ്ങിയതാണ്. കടം കിട്ടണമെങ്കിൽ നല്ല വേഷത്തിൽ വരണം. നമ്മളെപ്പോലെതന്നെ കഷ്ടപ്പെടുന്ന ഒരാൾ, നമ്മളിൽ നിന്ന് ഭിന്നമായ ഒരു മനോഭാവത്തോടെ മുന്നിൽ നിൽക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. ആ കാരക്ടർ കുഞ്ഞാമനെ സ്വാധീനിച്ചതായും അദ്ദേഹം എഴുതിയിട്ടുണ്ട്.

റാങ്ക് കിട്ടിയ അനുഭവത്തെക്കുറിച്ച് കുഞ്ഞാമൻ ഇപ്രകാരം എഴുതുന്നു. എന്റെ സമുദായക്കാർക്ക് റാങ്ക് എന്നാൽ എന്താണ് എന്ന് അറിയില്ലായിരുന്നു. റാങ്ക് കിട്ടിയപ്പോൾ എന്നെ അനുമോദിക്കാൻ പാലക്കാട്ട് വലിയൊരു സമ്മേളനം നടന്നു. മന്ത്രി എം.എൻ. ഗോവിന്ദൻ നായരും ടി.കെ. ദിവാകരനും വന്നു. അന്ന് കിട്ടിയ സ്വർണ്ണമെഡൽ, പാലക്കാട്ടുനിന്ന വാടാനംകുറിശ്ശിയിലെത്തിയതിന്റെ പിറ്റേന്നുതന്നെ പണയം വച്ചു. പത്തുദിവസം കഴിഞ്ഞ് വിൽക്കുകയും ചെയ്തു. വീട്ടിൽ കൊടുംപട്ടിണിയായിരുന്നു. അതുകൊണ്ട് റാങ്ക് വലിയൊരു കാര്യമായി അനുഭവപ്പെട്ടില്ല. സാമ്പത്തിക പ്രശ്നങ്ങളും അവഗണനയും ചൂഷണവും മാത്രം അനുഭവിക്കേണ്ടി വന്ന ഒരു ജനതയുടെ പ്രതിനിധിയാണ് താനെന്ന് കുഞ്ഞാമൻ വ്യക്തമാക്കുന്നു. വർഷങ്ങളോളം ഷോക്കേസിൽ സൂക്ഷിച്ചുവെക്കാനുള്ള ഒന്നായിരുന്നില്ല അദ്ദേഹത്തിന്റെ അന്നത്തെ ജീവിത സാഹചര്യത്തിൽ സ്വർണ്ണമെഡൽ. വിശപ്പ് വലിയൊരു പ്രശ്നമാണ് എന്ന് തിരിച്ചറിയുന്നതിനൊപ്പം വിശപ്പിനു പിന്നിലെ കാരണങ്ങളെയും അദ്ദേഹം മനസ്സിലാക്കാൻ തുടങ്ങി. 'റാങ്കിനെക്കുറിച്ച് പറയാൻ ചെന്നപ്പോൾ, സഹോദരിയെപ്പോലെ, അമ്മയെപ്പോലെ സ്നേഹിച്ചിരുന്ന വീടിനടുത്തുള്ള ഉയർന്ന ജാതിക്കാരി കഞ്ഞി തരാം എന്നു പറഞ്ഞാണ് എന്നെ വിളിച്ചത്. ഞാൻ പറഞ്ഞു: കഞ്ഞി വേണ്ട, വിശപ്പില്ല. ഒന്നാം റാങ്കു കിട്ടിയതിൽ അഭിമാനം തോന്നിയില്ല. കാരണം, "വയറുവിശക്കുന്നവന് അഭിമാനമില്ല. ദരിദ്രർക്ക് അഭിമാനമില്ല. ഉണ്ടെങ്കിൽ തന്നെ ദുരഭിമാനമാണ്. ഭക്ഷണം കഴിച്ചാലേ അഭിമാനം വരൂ."

ഹെഗൽ 1820-ൽ എഴുതിയ 'ഫിലോസഫി ഓഫ് റൈറ്റ്' എന്ന കൃതിയിൽ പറയുന്നുണ്ട് സമ്പത്തുള്ളവനേ സ്വാതന്ത്ര്യമുള്ളൂ. എനിക്ക് ഒരിക്കലും സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിഞ്ഞിരുന്നില്ല. നാട്ടിൽ സാമ്പത്തികമായി മെച്ചപ്പെട്ട കുടുംബങ്ങളിൽനിന്ന് വന്നവർക്ക് ധൈര്യമുണ്ടായിരുന്നു. ആത്മാഭിമാനമുണ്ടായിരുന്നു. സ്വാതന്ത്ര്യമുണ്ടായിരുന്നു. ജീവിതത്തിൽ എനിക്കിപ്പോഴും സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുന്നില്ല. ഇതൊരു മൗലികകാര്യമാണ്. തലച്ചോറല്ല, ശരീരത്തിന്റെ പ്രധാന അവയവം വയറാണ്. അതുകൊണ്ടുതന്നെ ഭക്ഷണം കഴിക്കാത്തവന് അഭിമാനം എന്നൊന്നില്ല. റാങ്ക് എന്നെ ഒരുവിധത്തിലും സന്തോഷിപ്പിച്ചില്ല. ഒരു ചായയ്ക്ക് അത് എന്നെ സഹായിച്ചിട്ടില്ല. കുറേ വേദന നൽകിയതല്ലാതെ. സാമൂഹികജീവിതത്തിൽ പ്രസക്തമായത് ഇതൊന്നുമല്ല എന്ന് എനിക്ക് തോന്നി. മറ്റു



SGOU

ചിലർക്ക് ഇത് പ്രയോജനപ്പെട്ടേക്കാം, എന്നാൽ, എന്നെപ്പോലുള്ളവർക്ക് ഇത് ഒരു ഗുണവും ചെയ്യില്ല എന്ന് തിരിച്ചറിഞ്ഞു. പല സ്വീകരണങ്ങളിലും പങ്കെടുത്തിരുന്നുവെങ്കിലും ഈയൊരു യാഥാർഥ്യബോധം എന്നെ വിട്ടുപോയില്ല എന്ന വാചകത്തോടെയാണ് എന്നെ പാണൻ എന്നു വിളിക്കരുത് എന്ന അധ്യായം അവസാനിക്കുന്നത്.

## അവലോകനം

എതിര് എന്ന വാക്കിന് നിഷേധത്തിന്റെയും പ്രതിഷേധത്തിന്റെയും അർഥപരിസരങ്ങളാണ് അവകാശപ്പെടാനുള്ളത്. അതിജീവനത്തിന്റെയും പോരാട്ടത്തിന്റെയും വീര്യത്തെ എതിര് എന്ന പ്രയോഗത്തിൽ നിന്ന് കണ്ടെത്താൻ കഴിയും. സാഹചര്യങ്ങളൊന്നടങ്കം എതിരായി നിന്നിട്ടും തോറ്റു പിന്മാറാതെ മുന്നോട്ടു പോയ ജീവിതത്തെ അർഥപൂർണ്ണമാക്കുന്ന തലക്കെട്ടാണ് എതിര് എന്ന പ്രയോഗത്തിലൂടെ വ്യക്തമാകുന്നത്. ജാതിയിലൂടെ നിർണ്ണയിക്കപ്പെടുന്ന അധികാരബന്ധങ്ങളെ എതിര് എന്ന കൃതി പ്രശ്നവത്ക്കരിക്കുന്നുണ്ട്. ഇന്ന് ദലിത് വിഭാഗം ഉയർത്തുന്ന ചോദ്യങ്ങൾ വ്യത്യസ്തമാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഉയർത്തിയ ചോദ്യങ്ങൾ അല്ല അവർ ഇന്ന് ഉന്നയിക്കുന്നത്. മനുഷ്യരായി അംഗീകരിക്കാൻ, വഴി നടക്കാൻ, അമ്പലത്തിൽ പോകാൻ തുടങ്ങിയ മനുഷ്യാവകാശ തലത്തിൽ നിന്ന് തുല്യതയ്ക്ക് വേണ്ടിയുള്ള തലത്തിലേക്ക് വികസിച്ചിരിക്കുന്നു അവരുടെ ചോദ്യങ്ങൾ.

യുവതലമുറ ആവശ്യപ്പെടുന്നത് തുല്യതയാണ് അതേസമയം എല്ലാ രംഗങ്ങളിലും മേലാള നേതൃത്വവും നിയന്ത്രണവും ആണുള്ളത്. അവർക്ക് പരമ്പരാഗതമായ കിട്ടിയ സമ്പത്തുണ്ട്. അവരെ വളരാൻ ഈ സമ്പത്താണ് സഹായിച്ചത്. വ്യവസായ മുതലാളിമാർ മാത്രമല്ല രാഷ്ട്രീയത്തിൽ വന്ന് മുതലാളിമാരായവരും ഉണ്ട്. കേരളത്തിലെ അവസ്ഥനോക്കിയാൽ വ്യത്യസ്ത പാർട്ടികളിൽ കേരളത്തെ വിലയ്ക്ക് വാങ്ങാൻ സാമ്പത്തികമുള്ള രാഷ്ട്രീയ മുതലാളിമാർ ഉണ്ട്. അവരും മുതലാളിമാരാണ്, അവർ സമ്പത്ത് കയ്യടക്കി വെച്ചിരിക്കുന്നു. ഇവരാണ് ഇന്നത്തെ പ്രധാന ചൂഷകർ. അധ്വാനിക്കുന്നവന്റെ അധ്വാനഫലം ചൂഷണം ചെയ്ത് ജീവിക്കുന്നവർ, മനുഷ്യരാശിക്ക് യാതൊരു സംഭാവനയും നൽകാത്തവരാണ്. ഈ നേതൃത്വത്തെയാണ് പുതിയ തലമുറ ചോദ്യം ചെയ്യുന്നത്. എന്നെ പാണനെന്ന് വിളിക്കരുത് എന്ന് കുഞ്ഞാമൻ പറയുമ്പോൾ അത് കേവലം ഒരു വ്യക്തിയുടെ പറച്ചിലായല്ല, ദലിത് സമൂഹത്തിന്റെ മുഴുവൻ പ്രതിഷേധസ്വരമായി മാറുന്നു. കുഞ്ഞാമൻ പൊരുതി നേടിയ ജീവിതത്തെയാണ് എതിരിൽ അടയാളപ്പെടുത്തിയിരിക്കുന്നത്. അദ്ദേഹത്തിന്റെ അറിവും തിരിച്ചറിവുകളും എതിരിൽ നിന്ന് വായിച്ചെടുക്കാം. ദലിത് സ്വത്വാവസ്ഥയ്ക്കുള്ളിലെ ജീവിതത്തെയും ജാതിനിർമ്മിതമായ സമൂഹത്തിന്റെ ഭിന്നമുഖങ്ങളെയും പകർത്തുന്നതിലൂടെ കുഞ്ഞാമൻ കീഴാള ജീവിതങ്ങളുടെ ഭാഷയെയും രാഷ്ട്രീയത്തെയും മുന്നോട്ടു വെയ്ക്കുന്നു.

പ്രതികൂല സാഹചര്യങ്ങളുടെ തീച്ചൂളയിൽ നിന്നു ഉയർന്നുവന്ന പ്രതിഭയാണ് കുഞ്ഞാമൻ. ഒറ്റ കുഴിയിൽ നിന്നും കഞ്ഞി വാരിക്കുടിച്ചപ്പോൾ കടിച്ച നായയെക്കുറിച്ച് സ്നേഹത്തോടെ ഓർത്ത ഒരു മനസ്സായിരുന്നു കുഞ്ഞാമന്റേത്. ജാതിപ്പേരു വിളിക്കരുതെന്നും സ്വന്തം പേര് വിളിക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ അധ്യാപകന്റെ കൈ കുഞ്ഞാമന്റെ ചെകിടത്ത് വീണത് സ്വാതന്ത്രഭാരതത്തിൽ തന്നെയല്ലേ എന്ന് നമുക്ക് അതിശയം തോന്നാം. പുസ്തകവും കുപ്പായവും കൂടാതെ, കഞ്ഞിയോ ഉപ്പുമാവോ കഴിക്കാൻ വേണ്ടി മാത്രം സ്കൂളിൽ പോയിരുന്ന ഒരു ബാല്യം കുഞ്ഞാമനുണ്ടായിരുന്നതുപോലെ എത്രയോ കുട്ടികൾക്ക് ഉണ്ടായിരിക്കും. ഓർമ്മക്കുറിപ്പുകളുടെ ആദ്യഭാഗം തന്റെ ജീവിതവീക്ഷണങ്ങൾ രൂപപ്പെട്ട ഗ്രാമഘടന, പൊതുസ്ഥാപനങ്ങൾ, പ്രധാനപ്പെട്ട വ്യക്തികൾ, പുസ്തകങ്ങൾ എന്നിവയെക്കുറിച്ചാണെങ്കിൽ പിന്നീട് ഇന്ത്യൻ സമൂഹത്തെയും അതിനുള്ളിലെ ആന്തരിക വൈരുദ്ധ്യങ്ങളെയും വിശകലനം ചെയ്യുന്നതിലാണ് ശ്രദ്ധിക്കുന്നത്. ചരിത്രം, തത്വചിന്ത, സാമൂഹിക ശാസ്ത്രം, സമ്പദ്ശാസ്ത്രം, രാഷ്ട്രീയചിന്ത തുടങ്ങി വിപുലമായ മേഖലയിലെ വായനാനുഭവവും പ്രായോഗിക ബോധ്യങ്ങളും കൂട്ടിച്ചേർത്തു കൊണ്ടാണ് തന്റെ വീക്ഷണങ്ങൾ എം. കുഞ്ഞാമൻ അവതരിപ്പിക്കുന്നത്.

SGOU

## Recap

- ദലിത് സ്വത്വനിർമ്മിതിയുടെ രാഷ്ട്രീയം
- എതിര് – എം. കുഞ്ഞാമന്റെ അനുഭവവാഖ്യാനങ്ങൾ
- സാമൂഹികവും ചരിത്രപരവുമായ സവിശേഷ സന്ദർഭവും ജാതീയതയും
- അടിമമനോഭാവത്തിൽ നിന്ന് അഭിമാനബോധത്തിലേയ്ക്ക്
- ഇരുട്ട് നിറഞ്ഞ ബാല്യകാലത്തിന്റെ ഓർമ്മകൾ
- വിശപ്പായിരുന്നു പ്രധാന പ്രശ്നം
- ജാതി നിർമ്മിതമായ സാമൂഹികാവസ്ഥ
- വിശപ്പിന്റെ അടിസ്ഥാന കാരണം വിഭവങ്ങളുടെ അഭാവമായിരുന്നു
- ഭക്ഷണത്തിനായി സ്കൂളിലേയ്ക്ക് പോയ കാലം
- എന്നെ ജാതിപ്പേര് വിളിക്കരുത് എന്ന് പറഞ്ഞ സന്ദർഭം
- കഞ്ഞി കുടിക്കാനല്ല പഠിക്കുന്നത് എന്ന തിരിച്ചറിവുണ്ടായി
- കെ.ആർ. നാരായണനു ശേഷം ആദ്യമായി ഒന്നാം റാങ്ക് നേടിയ ദലിത് വിദ്യാർഥി
- ദാരിദ്ര്യവും അതിജീവനവും – സ്വർണ്ണ മെഡൽ വിൽക്കേണ്ടി വന്നു
- ഭക്ഷണം കഴിച്ചാലേ അഭിമാനം വരൂ എന്ന ചിന്ത
- സമ്പത്തുള്ളവനേ സ്വാതന്ത്ര്യമുള്ളൂ

## Objective Type Questions

1. എതിര് ആരുടെ കൃതിയാണ്?
2. എതിര് എന്ന കൃതിയുടെ എഡിറ്റർ ആരാണ്?
3. എന്നെ പാണൻ എന്നു വിളിക്കരുത് – എന്നത് ഏതു കൃതിയിലെ അധ്യായമാണ്?
4. എന്റെ അവസ്ഥയിലുണ്ടായിരുന്ന മറ്റൊരു ജീവി എന്ന അനുതാപം മാത്രം – കുഞ്ഞാമന്റെ ഈ പരാമർശം ആരെക്കുറിച്ചാണ്?
5. കുഞ്ഞാമന്റെ സമുദായത്തിന്റെ പ്രധാന തൊഴിൽ എന്തായിരുന്നു?
6. 'പുസ്തകവും സ്ലേറ്റുമില്ലാതെ ഞാൻ സ്കൂളിൽ പോയിരുന്നത് പഠിക്കാനല്ല.' – എന്തിനായിരുന്നു കുഞ്ഞാമൻ സ്കൂളിൽ പോയിത്തുടങ്ങിയത്?
7. 'എടാ, എന്റെ ഉപ്പുമാവ് തിന്നു പഠിച്ചിട്ടാണ് നിനക്ക് റാങ്ക് കിട്ടിയത്' – ആരുടെ വാക്കുകളാണിത്?
8. സാർ, എന്നെ ജാതിപ്പേര് വിളിക്കരുത് ' – ആരുടെ വാക്കുകളാണിവ?
9. എത്ര സീനുള്ള നാടകമാണ് കുഞ്ഞാമൻ രചിച്ചത്?
10. എന്തായിരുന്നു കുഞ്ഞാമൻ രചിച്ച നാടകത്തിന്റെ പ്രമേയം?
11. കുഞ്ഞാമനെ ദാറ്റ് ബെഗ്ഗർ എന്നു വിളിച്ചതാര്?
12. സമ്പത്തുള്ളവനേ സ്വാതന്ത്ര്യമുള്ളൂ എന്ന ഹെഗലിന്റെ ഏതു കൃതിയിലാണ് പറയുന്നത്?

SGOU

## Answers

1. എം. കുഞ്ഞാമന്റെ
2. കെ. കണ്ണൻ
3. എതിര്
4. പട്ടിയെക്കുറിച്ച്
5. ഓലക്കുടയുണ്ടാക്കൽ
6. ഭക്ഷണത്തിന്
7. ലക്ഷ്മിയേടത്തിയുടെ
8. എം. കുഞ്ഞാമന്റെ
9. രണ്ട്
10. വ്യവസ്ഥിതിയോടുള്ള വെല്ലുവിളി
11. കോളേജിലെ പെൺകുട്ടി
12. ഫിലോസഫി ഓഫ് റൈറ്റ്

## Assignments

1. ദലിത് സാഹിത്യവും അനുഭവ ആഖ്യാനങ്ങളും - ഉപന്യസിക്കുക.
2. മലയാള സാഹിത്യവും ദലിത് സ്വത്വനിർമ്മിതിയും - ഉപന്യസിക്കുക.
3. ദാരിദ്ര്യവും ജാതിപദവിയും - എന്നെ പാണൻ എന്നു വിളിക്കരുത് എന്ന അധ്യായത്തെ മുൻനിർത്തി ഉപന്യസിക്കുക.
4. കയ്പ്പേറിയ ബാല്യകാലത്തിന്റെ ഓർമ്മകളെ സംഗ്രഹിക്കുന്ന അധ്യായമാണ് എന്നെ പാണൻ എന്നു വിളിക്കരുത് എന്നത്. കുഞ്ഞാമന്റെ ജീവിതാനുഭവങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുക.
5. കേരള നവോത്ഥാനവും ജാതീയതയും - ഉപന്യാസം തയ്യാറാക്കുക.
6. കേരളസമൂഹവും ജാതിചിന്തയും വർത്തമാനകാല കേരളീയ ജീവിതത്തെ മുൻനിർത്തി ചർച്ച ചെയ്യുക.

SGOU

## Reference


1. എം. കുഞ്ഞാമൻ, എതിര് - ചെറോണയുടെയും അയ്യപ്പന്റെയും മകന്റെ ജീവിത സമരം, ഡി.സി. ബുക്സ്, കോട്ടയം.
2. എരുമേലി പരമേശ്വരൻ പിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.
3. ഡോ. ജോബിൻ ചാമക്കാല (എഡി.) ദലിത് സാഹിത്യം വിചാരം വായന, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. ടി.കെ. അനിൽകുമാർ, ദലിത് സാഹിത്യം ചരിത്രവും വർത്തമാനവും, കേരളസാഹിത്യ അക്കാദമി, തൃശൂർ


## Suggested Reading


1. ഡോ. പ്രദീപൻ പാമ്പിരികുന്ന്, ദലിത് പഠനം സ്വത്വം സംസ്കാരം സാഹിത്യം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
2. കെ.കെ.എസ്. ദാസ്, ദലിത് പ്രത്യായശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം


SGOU

# യൂണിറ്റ് - 2
# ദരിദ്രന്റെ ക്രിസ്മസ് (പച്ചവിരൽ)

**ദയാബായി**

## Learning Outcomes

- വ്യക്തിയുടെ ഓർമ്മകൾക്ക് ചരിത്രത്തിലുള്ള സ്ഥാനത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- മലയാളത്തിലെ അനുഭവാഖ്യാനസാഹിത്യത്തിൽ ദയാബായിയുടെ പച്ചവിരലിനുള്ള ഇടം കണ്ടെത്തുന്നു
- കേട്ടെഴുത്ത് സാഹിത്യത്തെക്കുറിച്ച് പഠിക്കുന്നു
- ദയാബായി എന്ന വ്യക്തിയുടെ ജീവിതവീക്ഷണവും പ്രവർത്തനമണ്ഡലവും മനസ്സിലാക്കുന്നു

## Prerequisite

ഒരു വ്യക്തിയുടെ ജീവിതത്തെ അയാൾ സ്വയം ചിത്രീകരിക്കുന്നതാണ് ആത്മകഥ. 1980 കളിലാണ് ലോകവ്യാപകമായി മികച്ച ആത്മകഥകൾ പുറത്തുവന്നത്. സത്യത്തിന്റെ ആവിഷ്കാരങ്ങൾ മാത്രമേ തങ്ങളുടെ ആത്മകഥകളിൽ ഉള്ളൂ എന്ന് മിക്ക ആത്മകഥാകാരമാരും അവകാശപ്പെടുന്നു. എങ്കിലും അവരിൽ ആരും തന്നെ ജീവചരിത്രകാരന്മാരെ പോലെ സത്യങ്ങൾ മുഴുവനും വിളിച്ചുപറയാൻ താല്പര്യപ്പെടുന്നുമില്ല. എഴുത്തുകാരുടെ വ്യക്തിപ്രഭാവത്തോടൊപ്പം അവരുടെ കാലഘട്ടത്തിന്റെ സാമൂഹികവും മതപരവുമായ പശ്ചാത്തലം കൂടി ചിത്രീകരിക്കുന്ന ആത്മകഥകൾ ആണ് നവോത്ഥാന കാലത്തുള്ള ആത്മകഥകൾ. ആത്മകഥയിൽ ആവിഷ്കരിക്കുന്ന ജീവിതം സത്യസന്ധമായിരിക്കണം എന്നത് ആത്മകഥാകാരന്മാർ പാലിച്ചിരിക്കേണ്ട ഒരു നിയമമാണ്. അതിന്റെ ഭവിഷ്യത്ത് എന്തു തന്നെയായാലും എല്ലാം സത്യമായി പറയാനുള്ള ഒരു ധീരത അയാൾക്ക് ഉണ്ടായിരിക്കുകയും വേണം. ആത്മകഥകൾ വ്യക്തിജീവിതത്തിന്റെ അപൂർണ്ണ ആവിഷ്കാരങ്ങൾ മാത്രമാണ്. വളച്ചു കെട്ടില്ലാതെ ലളിതമായി പറയുക, സത്യസന്ധമായി അവതരിപ്പിക്കുക, എഴുതുന്ന കാര്യങ്ങളോട് ആത്മാർഥത ഉണ്ടായിരിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം ആത്മകഥയിൽ പാലിച്ചിരിക്കേണ്ടതാണ്.

ആത്മകഥയും ജീവചരിത്രവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിലൊന്ന് എഴുതുന്ന ആളിന്റെ കർതൃത്വ പദവിയാണ്. ഒരു വ്യക്തി സ്വന്തം ജീവിതത്തിലേയ്ക്ക് നോക്കുന്നതും, ഒരാളുടെ ജീവിതം മറ്റൊരാൾ പഠിച്ച് എഴുതുന്നതും തമ്മിൽ വലിയ അന്തരമുണ്ട്. ആത്മകഥയിൽ ആത്മാംശം കൂടുതലായിരിക്കും. ജീവചരിത്രത്തിൽ വസ്തുനിഷ്ഠതയ്ക്കായിരിക്കും കൂടുതൽ പ്രാധാന്യം. എന്നാൽ അനുഭവ സാഹിത്യത്തിലെത്തുമ്പോൾ ആത്മകഥാസാഹിത്യത്തിന്റെയും ജീവചരിത്രസാഹിത്യത്തിന്റെയും വീക്ഷണം അതിൽ പ്രവർത്തിക്കുന്നതായി കാണാം. സവിശേഷമായി സാംസ്കാരിക മൂലധനം അവകാശപ്പെടാനുണ്ടായിരുന്ന വ്യക്തികൾ മാത്രം ആത്മകഥകൾ രചിച്ചിരുന്ന കാലഘട്ടത്തിൽ നിന്ന് രചനാരീതികൾ മാറുകയും അരിക്വത്കരിക്കപ്പെട്ടവർക്കും അടയാളപ്പെടുത്താൻ പാകത്തിന് അനുഭവങ്ങളുണ്ടെന്ന് തിരിച്ചറിയുകയും ചെയ്തതോടെ ആത്മകഥാസാഹിത്യത്തെ മുൻനിർത്തിയുള്ള മുൻധാരണകൾ തിരുത്തപ്പെട്ടു. ഒരാളുടെ ആത്മകഥ അയാൾ തന്നെ എഴുതണമെന്ന് നിർബന്ധമില്ലാത്ത അവസ്ഥ സാഹിത്യ

SGOU

ത്തിൽ സംജാതമായി. അതിന്റെ ഭാഗമായാണ് കേട്ടെഴുത്ത് സാഹിത്യം വികാസം പ്രാപിക്കുന്നത്. അനുഭവങ്ങളുടെ കേട്ടെഴുത്തിലൂടെ ആത്മകഥകൾ രചിക്കപ്പെട്ടു. ഒരാളുടെ ജീവിതം അയാളുടെ തന്നെ ഭാഷയിൽ കേട്ടെഴുതുക എന്നതാണ് കേട്ടെഴുത്ത് സാഹിത്യത്തിന്റെ ഒരു രീതി. ഇവിടെ കേൾവിക്കാരനല്ല പറച്ചിലുകാരനാണ് കൂടുതൽ പ്രസക്തി. അനുഭവ ആഖ്യാന സാഹിത്യത്തിന്റെ വലിയൊരു ഭാഗവും അത്തരത്തിൽ കേട്ടെഴുതിയ ആത്മചരിതങ്ങളാണ്.

ദയാബായിയുടെ ജീവിതത്തെ അവരുടെ ഭാഷയിൽ പകർത്തുന്ന ആത്മകഥാഖ്യാനമാണ് പച്ചവിരൽ. വിത്സൺ ഐസക്കാണ് പച്ചവിരൽ തയ്യാറാക്കിയിരിക്കുന്നത്. അദ്ദേഹം 1969-ൽ മൂവാറ്റുപുഴയിൽ ജനിച്ചു. കൊമേഴ്സിൽ ബിരുദധാരിയാണ് വിത്സൺ ഐസക്. പോലീസ് വകുപ്പിൽ ജോലി ചെയ്യുന്നു. പോലീസ് അസോസ്സിയേഷൻ മുഖമാസികയായ കാവൽകൈരളിയുടെ പത്രാധിപസമിതിയംഗമാണ്. 'ജനാധിപത്യത്തിലെ പോലീസ്' എന്ന പഠനഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. മേഴ്സിമാത്യുവിൽ നിന്ന് ദയാബായിയിലേക്കുള്ള ജീവിതസഞ്ചാരത്തെ അടയാളപ്പെടുത്തുന്ന അനുഭവാഖ്യാനമാണ് പച്ചവിരൽ എന്ന പുസ്തകം. കന്യാമഠത്തിൽ നിന്ന് കീഴാള മണ്ണിലെത്തിയ ദയാബായിയുടെ ആത്മകഥ എന്ന ശീർഷക വാചകത്തോടു കൂടിയാണ് പച്ചവിരൽ എന്ന തലക്കെട്ട് നൽകിയിരിക്കുന്നത്.

മേഴ്സി എന്ന വാക്കിന് ദയ, കരുണ എന്നെല്ലാമാണ് അർഥം. മനുഷ്യത്വത്തിന്റെ ഏറ്റവും മൂല്യവത്തായ ഭാഗങ്ങളിലൊന്നാണ് ദയ. ദയ എന്ന പേര് കേൾക്കുമ്പോൾ മലയാളികളുടെ മനസ്സിലേയ്ക്ക് കടന്നുവരുന്ന ഒരു മുഖം ദയാബായിയുടേതാണ്. ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ ലോകത്തിന് മാതൃകയായ വ്യക്തിത്വത്തിന് ഉടമയാണ് ദയാബായി. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' എന്ന കവിവാക്യത്തെ അർഥപൂർണ്ണമാക്കുന്ന ജീവിതത്തിന് ഉടമയാണ് ദയാബായി. സാമൂഹിക പ്രവർത്തനരംഗത്തെ സജീവസാന്നിധ്യമായി കേരളത്തിന് കാട്ടിക്കൊടുക്കാനുള്ള മികച്ച മാതൃകയാണ് അവരുടെ ജീവിതം.



1949-ൽ പാലയിലെ പൂവരണിയിൽ ദയാബായി ജനിച്ചു. മെഴ്സി മാത്യു എന്നാണ് ദയാബായിയുടെ യഥാർഥ പേര്. കോട്ടയം ജില്ലയിലാണ് സ്കൂൾ പഠനകാലം ചിലവഴിച്ചത്. ബി.എസ്.സി, എം.എസ് ഡബ്ല്യു, എൽ.എൽ.ബി ബിരുദങ്ങൾ നേടിയിട്ടുണ്ട്. ഗാന്ധി പീസ് പ്രൈസ്, സോഷ്യൽ സർവിസ് സൊസൈറ്റിയുടെ പ്രഥമ ഗുഡ് സമരിറ്റൻ ദേശീയ അവാർഡ്, സ്വിറ്റ്സർലൻഡിലെ കേളി വുമൺ ഓഫ് ദി ഇയർ അവാർഡ്, അയോധ്യ രാമായണട്രസ്റ്റിന്റെ ജനനി ജാഗ്രതി അവാർഡ്, വനിതാ വുമൺ ഓഫ് ദിഇയർ അവാർഡ്, മികച്ച സാമൂഹിക പ്രവർത്തകയ്ക്കുള്ള ധർമ്മഭാരതി പുരസ്കാരം, ദി സ്പിരിറ്റ് ഓഫ് അസ്സിസി ദേശീയ പുരസ്കാരം, വിജിൽ ഇന്ത്യ മൂവ്മെന്റിന്റെ മനുഷ്യാവകാശ അവാർഡ്, ഫാദർ വടക്കൻ സ്മാരക പുരസ്കാരം, വി. സുരേന്ദ്രനാഥ സ്മാരക പുരസ്കാരം, സ്ത്രീശക്തി അവാർഡ് എന്നീ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

1958-ൽ ബീഹാറിലെ ഹസാരിബാഗ് കോൺവെന്റിൽ കന്യാസ്ത്രീയാവാൻ ചേർന്ന ദയാബായി പരിശീലനം പൂർത്തിയാവാൻ ഒരു വർഷം മാത്രം ബാക്കി നിൽക്കേ 1965-ൽ കോൺവെന്റിലെ ജീവിതം ഉപേക്ഷിച്ച് തെരുവിലേയ്ക്ക് ഇറങ്ങി. പിന്നീടുള്ള ജീവിതത്തിന്റെ വലിയൊരു ഭാഗവും ബീഹാറിലെ ഗോത്രജനതയ്ക്കൊപ്പമായിരുന്നു. ദയാബായി ബീഹാറിലെ ഗോത്രവർഗമേഖലയായ മഹോഡ ഗ്രാമത്തിലെ ഹൈസ്കൂളിൽ ഒന്നരവർഷക്കാലം അധ്യാപികയായി പ്രവർത്തിച്ചു. പിന്നീട് തിരിച്ച് നാട്ടിലെത്തി നഴ്സിംഗ് പരിശീലിച്ചു. സിസ്റ്റേഴ്സ് ഓഫ്

SGOU

ചാരിറ്റിയുടെ ബോംബെ കേന്ദ്രത്തിലെ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമായിരുന്നു. 1971-ലെ ബംഗ്ലാദേശ് യുദ്ധത്തോടനുബന്ധിച്ച് സന്നദ്ധസേവന പ്രവർത്തനങ്ങളിൽ സജീവമായി. ബോംബെയിലെ ചേരിപ്രദേശങ്ങളിൽ പാർക്കുകയും അവിടുത്തെ ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്തു. ആന്ധ്രാപ്രദേശിലും ഹരിയാനയിലുമുണ്ടായ പ്രകൃതിദുരന്തങ്ങളിൽ ജനങ്ങൾ കഷ്ടപ്പെടുന്ന കാലത്ത് അവിടെ എത്തി ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളിയായി. 1981 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ തിൻസൈ എന്ന ഗോത്രവർഗ ഗ്രാമത്തിൽ ജീവിച്ചുകൊണ്ട് അവിടുത്തെ ജനങ്ങളുടെ അവകാശ സംരക്ഷണത്തിനു വേണ്ടി പോരാടി. 1995 മുതൽ ചിന്ത് വാഡായിലെ ബറൂൾ ഗ്രാമത്തിൽ ജൈവകൃഷിയുടെയും ജലസംരക്ഷണത്തിന്റെയും പാഠങ്ങൾ പകർന്നു നൽകികൊണ്ട് ജീവിക്കുന്നു.

## Keywords

ആത്മകഥാസാഹിത്യം - അനുഭവമെഴുത്ത് - കേട്ടെഴുത്ത് - പച്ചവിരൽ - ദയാബായിയുടെ ജീവിതം - പോരാട്ടം - ചരിത്രം - സ്വത്വപഠനം - ഓർമ്മ

## Discussion

### പച്ച വിരൽ

പച്ചവിരൽ എന്ന പുസ്തകത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ ദയാബായിയുടെ സാമൂഹ്യതിന്മയ്ക്കെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ അവതരണമാണ്. ഹിന്ദിയിലും ഇംഗ്ലീഷിലുമുള്ള തലക്കെട്ടുകൾ പുസ്തകം മറിച്ച് നോക്കുന്നവരിൽ ജിജ്ഞാസ ഉളവാക്കി വായിക്കാൻ പ്രേരിപ്പിക്കുന്നവയാണ്. ചെറിയ അധ്യായങ്ങൾ പ്രത്യേക കഥനവൈഭവത്തിലൂടെ, ഒട്ടേറെ കാര്യങ്ങൾ ചെപ്പിലടച്ചു വച്ചതുപോലെ സാന്ദ്രമാക്കുന്നു. ദയാബായിയുടെ കുടുംബപശ്ചാത്തലം, അവരിൽ അച്ഛൻ ചെലുത്തിയ സ്വാധീനം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ഏതാനും ഖണ്ഡികയിൽ ഒതുക്കുന്നു. പ്രധാന പ്രമേയത്തിന് ശോഭ കൂട്ടുന്ന രീതിയിൽ വൈവിധ്യമാർന്ന കാര്യങ്ങൾ ഈ പുസ്തകത്തിൽ പറഞ്ഞു വച്ചിരിക്കുന്നു. വനമേഖലയോട് ചേർന്ന് ഗോത്രവർഗജില്ലയായ ചിന്ത്വാഡായിലെ സുർളഘാപ്പ, തിൻസൈ, ബറൂൾ തുടങ്ങിയ ഗ്രാമങ്ങളിലെ ജീവിതങ്ങളും അനുഭവങ്ങളുമാണ് പ്രധാനമായും ദയാബായി പറയുന്നത്. സ്ഥാപനവത്കരിക്കപ്പെട്ട ക്രിസ്തീയ അന്വേഷണത്തിന്റെ പാത ഉപേക്ഷിച്ചാണവർ ഗോത്രവർഗജീവിതം തിരഞ്ഞെടുത്തത്. ജീവിതം എന്ന സത്യത്തെ അടിസ്ഥാനമാക്കിയുള്ള ദൈവികതയാണ് അവരുടേത്. അത് ക്രിസ്തു എന്ന ചരിത്രസത്യത്തെ മുൻനിറുത്തിയുള്ളതാണ്. ദയാബായിയുടെ ജീവിതം, അനുഭവം എന്നീ ഭാഗങ്ങളോടൊപ്പം ആ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള ദൈവശാസ്ത്രത്തിന്റെ വിശകലനവും ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മനുഷ്യരുടെ വിമോചനം അന്വേഷിക്കുന്ന നിരവധി പേരുടെ അന്വേഷണങ്ങൾ ഇതിലുണ്ട്. കാൾമാർക്സ് മുതൽ ക്രിസ്തീയസഭകളുടെ അകത്തും പുറത്തും നിന്നിട്ടുള്ളവരും വിഭിന്ന മതവിശ്വാസങ്ങൾ പുലർത്തുന്നവരും അവരുടെ ആശയങ്ങളും എല്ലാം ഇതിലുൾപ്പെടുത്തിയിട്ടുണ്ട്. ലിയോ ടോൾസ്റ്റോയ് മുതൽ സിസ്റ്റർ ജെസ്മി വരെയുള്ളവരുടെ അനുഭവങ്ങളും പറച്ചിലും എഴുത്തും ഇതിലുണ്ട്.

കന്യാസ്ത്രീമഠത്തിൽ നിന്ന് കീഴാളമണ്ണിലെത്തിയ ദയാബായിയുടെ ആത്മകഥയാണ് പച്ചവിരൽ. മേഴ്സി മാത്യുവിൽ നിന്ന് ദയാബായിയിലേക്കു ഉള്ള ജീവിതത്തെ പച്ചവിരൽ എന്ന ഗ്രന്ഥം കൃത്യമായി രേഖപ്പെടുത്തുന്നു. പച്ചവിരലിലെ രണ്ടാമത്തെ അധ്യായമാണ് ദരിദ്രന്റെ ക്രിസ്മസ്. ലോകമെമ്പാടും സമൃദ്ധിയുടെയും സന്തോഷത്തിന്റെയും ഉത്സവമായി ക്രിസ്മസ്

SGOU

ആഘോഷിക്കുമ്പോൾ ദയാബായി ക്രിസ്മസ് ദിനത്തിൽ ദരിദ്രരുടെയും പാവപ്പെട്ടവരുടെയും ഒപ്പം ജീവിക്കാൻ തീരുമാനമെടുക്കുന്നതാണ് ഈ അധ്യായത്തിലെ പ്രധാന ആശയം, ജീവിതം, അനുഭവം, അനുബന്ധം എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാണ് ഗ്രന്ഥത്തിനുള്ളത്. ജീവിതം എന്ന ഭാഗത്തിൽ 'മേ ഐ കം ഇൻ,' 'ദരിദ്രന്റെ ക്രിസ്മസ്,' 'പച്ചവിരൽ,' 'പ്രകൃതിക്കു കൊടുക്കുക,' 'ചമാരോം കി ബഹൻജി,' 'മൗനം പകർന്ന്' എന്നിങ്ങനെ ആറ് അധ്യായങ്ങളുണ്ട്.

ഒന്നാം അധ്യായത്തിന്റെ പേര് 'മേ ഐ കം ഇൻ' എന്നാണ്. നിലാവില്ലാത്ത രാത്രികളിൽ ടോർച്ചുമായി പോകുമ്പോൾ പലപ്പോഴും വഴി തെറ്റിയതായി സൂചിപ്പിച്ചിട്ടുണ്ട്. എങ്കിലും അവർ രാത്രിയാത്രകളെ ഒട്ടും ഭയപ്പാടോടെയല്ല കണ്ടിരുന്നത്. മനുഷ്യരെയാണ് ഭയക്കേണ്ടത് എന്നാണ് അവരുടെ അഭിപ്രായം. 1965–ൽ ഹസാരിബാഗിലെ കോൺവെന്റ് ഉപേക്ഷിച്ചതിനു ശേഷം നിരവധി ദുരന്തമുഖങ്ങളിലൂടെയും അഭയാർഥിക്യാമ്പുകളിലൂടെയും അലഞ്ഞു തിരിഞ്ഞതിനു ശേഷം 1980–ലാണ് മധ്യപ്രദേശിലെ ഗോത്രവർഗജില്ലയായ ചിന്ത്‌വാഡായിലെത്തുന്നത്. അവിടെ ആദിവാസികളോടൊപ്പം അവർ കഴിയുന്നു. പാവപ്പെട്ട ആദിവാസികളുടെ പരാതികൾ പരിഹരിക്കാനായി അവർ ശ്രമിക്കുന്നു. പ്രതിസന്ധികളിൽ നിന്ന് പ്രതിസന്ധികളിലേക്ക് ബ്യൂറോക്രസി ഗ്രാമജീവിതങ്ങളെ നയിക്കുന്നത് അവർ മനസ്സിലാക്കുന്നു. തങ്ങൾക്ക് നേരെ ഉയർന്നു വരുന്ന എതിർപ്പുകളുൾപ്പെടെ എല്ലാത്തിനും കാരണക്കാരി ദയാബായിയാണെന്ന് ഉദ്യോഗസ്ഥവൃന്ദങ്ങൾ മനസ്സിലാക്കുന്നു. 'അവളാണ് ജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നത് അവളാണ് എല്ലാത്തിനും പിന്നിൽ എന്നായിരുന്നു ഉദ്യോഗസ്ഥ - രാഷ്ട്രീയ - ജന്മി - ഗുണ്ട കൂട്ടുകെട്ടിന്റെ ഭാഷ്യം'. ഭീഷണികളുടെ നിഴലിൽ ഭയപ്പാടോടു കൂടിയുള്ള തന്റെ ജീവിതത്തെക്കുറിച്ച് ദയാബായി ഓർക്കുന്നുണ്ട്. ദരിദ്രന്റെ ക്രിസ്മസ് എന്ന രണ്ടാം അധ്യായത്തിൽ ആർഭാടപൂർണ്ണമായ ആഘോഷങ്ങളോടുള്ള തന്റെ വിരക്തിയാണ് ദയാബായി പറഞ്ഞിരിക്കുന്നത്.

മൂന്നാം അധ്യായത്തിൽ ചെടികളോടുള്ള ദയാബായിയുടെ ഇഷ്ടത്തെക്കുറിച്ചും കൃഷിരീതികളെക്കുറിച്ചും പറഞ്ഞിരിക്കുന്നു. ബറൂൾ എന്ന ട്രൈബൽ ഗ്രാമത്തിലെ കൃഷിയിടത്തെക്കുറിച്ച് ഇതിൽ സൂചിപ്പിച്ചിരിക്കുന്നു. വിവിധയിനം കൃഷികളെയും കൃഷിരീതികളെയുംപറ്റി ഇതിൽ സൂചനയുണ്ട്. കാടിനോട് ചേർന്ന ചെറിയ കുന്നിൻ ചരിവുകളും സമതലങ്ങളുമാണ് സമീപ പ്രദേശങ്ങളിലെയെല്ലാം കൃഷിഭൂമി. കേരളത്തിലെ പോലെ വെള്ളം നിർത്തിയുള്ള കൃഷിരീതി ഇവിടെയില്ല. പൊതുവെ തണുപ്പുള്ള പ്രദേശമായതുകൊണ്ട് മണ്ണിന് സ്വാഭാവികമായ ഈർപ്പം മിക്കവാറും ഉണ്ടാകും. ഗ്രാമത്തിലെ മിക്കവാറും കർഷകർക്ക് കലപ്പയോടൊപ്പം മൂടിയില്ലാത്ത കാളവണ്ടിയുമുണ്ട്. ഗോതമ്പ് ഒരു വിന്റർ ക്രോപ്പാണിവിടെ.

നാലാം അധ്യായത്തിന് 'പ്രകൃതിക്ക് കൊടുക്കുക' എന്നാണ് പേരിട്ടിരിക്കുന്നത്. കർണ്ണാടക, രാജസ്ഥാൻ തുടങ്ങിയ ചില സംസ്ഥാനങ്ങളിലെ ആദിവാസികൾക്കിടയിൽ നീർത്തട സംരക്ഷണത്തിന്റെ പരമ്പരാഗതരീതികളുണ്ട്. കിണർ അവർക്കെന്നും പൂജനീയമാണ്. കുടിവെള്ളത്തിന്റെ സ്വാഭാവികമായ ഉറവകളെ അവർ ബഹുമാനിക്കുന്നു. എന്നാൽ ഇന്ന് മഴയെയും മണ്ണിനെയുംക്കുറിച്ചുള്ള പരമ്പരാഗത അറിവുകൾ പലതും അവർക്കിപ്പോൾ കൈമോശം വന്നുപോയി. അങ്ങനെ ഏതൊരു ഗ്രാമജീവിതത്തിലുമെന്നപോലെ മഴയെ മണ്ണിൽ നിർത്താനും മഴവെള്ളത്തെ മണ്ണിൽ സംഭരിക്കാനുമുള്ള നീർത്തട സംരക്ഷണ പാഠങ്ങൾ ചിന്ത്‌വാഡായിലെ ആദിമവാസികൾക്കിടയിൽ നിന്നും അന്യമായി. മണ്ണുസംരക്ഷണത്തിന്റെയും ജലസംരക്ഷണത്തിന്റെയും പ്രകൃതിപാഠങ്ങൾ ഗോത്രവർഗഗ്രാമങ്ങളിലേക്ക് പകർന്നുനൽകുവാൻ പാട്ടുകളിലൂടെയും നാടകങ്ങളിലൂടെയുമുള്ള ബോധനരീതികളും ദയാബായി അവലംബിച്ചിട്ടുണ്ട്.

അഞ്ചാം അധ്യായത്തിന് 'ചമാരോകി ബഹൻജി' എന്നാണ് പേരിട്ടിരിക്കുന്നത്. ദലിതരോടും ദരിദ്രരോടുമൊപ്പം സഹവസിച്ചതിനുള്ള അവഹേളനം ദയാബായി എന്നും അഭിമുഖീകരിക്കേണ്ടി വന്നിരുന്നു. ബോംബയിലെ ചേരികൾക്കിടയിൽ ജീവിക്കുമ്പോൾ നിത്യചെലവിനായി കുട്ടികൾക്ക് ട്യൂഷനെടുക്കുകയും സാൻഡ്‌വിച്ചുണ്ടാക്കി സ്കൂളുകൾക്ക് മുന്നിൽ കൊണ്ടുപോ


SGOU

യി വിൽക്കുകയും ചെയ്തു. കുശവന്മാരുടെ അടുത്തു പോയി മൺപാത്രനിർമ്മാണം പഠിച്ചു. ബോംബെ രൂപതയ്ക്കു വേണ്ടി ജോലി ചെയ്യു മ്പോൾ ആളുകളെ പ്രത്യേകിച്ച് ആദിവാസികളെ സംഘടിപ്പിച്ചു. അങ്ങനെ ഒടുവിൽ ഹരിയാനയി ലെ ദുരന്തഭൂമി ദയാബായിയുടെ കർമ്മഭൂമിയാ യി. പിന്നാക്കജാതിക്കാരായ ചമാർ, ഭംഗി എന്നീ വിഭാഗങ്ങളിൽപ്പെട്ടവരുടെയിടയിലായിരുന്നു ദയാബായിയുടെ പ്രധാന പ്രവർത്തനമേഖല. അവിടെ അവർ ദയാവതി എന്നാണ് അറിയപ്പെ ട്ടിരുന്നത്. നഴ്സിങ് പരിശീലിക്കുന്ന സമയത്ത് വഴിയിൽ അവശനായി ആരോരുമില്ലാതെ കിട ന്നിരുന്ന ഒരു വൃദ്ധനെ പരിചരിക്കുന്ന കൃത്യം കൂടി ദയാബായി ഏറ്റെടുത്തു. ഒടുവിൽ അതും അവർക്ക് ഒരു പരീക്ഷണഘട്ടമായി തന്നെ തീർന്നു.

ആറാം അധ്യായം 'മൗനം പകർന്നു' എന്ന നാമത്തിലാണ് അറിയപ്പെടുന്നത്. പെൻഷനു വേണ്ടിയല്ല സമരം ചെയ്തതെന്ന് പറഞ്ഞ് സ്വാ തന്ത്ര്യസമര പെൻഷൻ നിരസിച്ച പൂവരണി പുല്ലാട്ടുകുടുംബത്തിലെ മാത്യു എന്ന പിതാ വിന്റെ മകളാണ് ദയാബായി. ഗാന്ധിയും ഗാ ന്ധിയൻ രീതിയും അത്ര മാത്രം വിലപ്പെട്ടതാ യിരുന്നു ദയാബായിക്ക്. തന്റെ കുടുംബവീടായ പുല്ലാട്ടു തറവാട്ടിൽ നിരവധി പുലയസ്ത്രീക ളും പുരുഷന്മാരും മറ്റു പല പാവപ്പെട്ടവരും പല മതവിഭാഗങ്ങളും ആശ്രിതരായുണ്ടായിരുന്നു. ഇരുപതോളം പേർ സ്ഥിരമായി കൃഷിപ്പണികളും കൈവേലകളും ചെയ്തിരുന്നു. ദയബായിയും അവരോടൊപ്പം കൂടുമായിരുന്നു. പുലയരോടൊ പ്പം ഭക്ഷണം കഴിച്ചാൽ എന്താണ് സംഭവിക്കുക യെന്ന് എപ്പോഴും ദയാബായി ചിന്തിച്ചു കൊണ്ടി രുന്നു. പപ്പയേയും അമ്മയേയുംക്കുറിച്ചുള്ള നല്ല ഓർമ്മകളും ദയാബായി പങ്കുവയ്ക്കുന്നുണ്ട്. കീഴാളവർഗത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തി ലും എല്ലാവിധ സഹായവും നൽകുന്നവരായി രുന്നു അവരിരുവരും. ഒരിക്കൽ തന്നെ കണ്ടാൽ മദാമ്മയെ പോലെയായിരുന്നെന്നും ഇപ്പോൾ കണ്ടാൽ പുലയസ്ത്രീയെ പോലെയാണെന്നും ഒരു ബന്ധു പറഞ്ഞപ്പോൾ ദയാബായി തനിക്ക് പ്രേരണയും കൂട്ടുമായി പപ്പ കൂടെയുണ്ടെന്നോർ ത്ത് സമാധാനിച്ചു.

അനുഭവം എന്ന ഭാഗത്തുള്ള 'പോലിസ് മു റകൾ' എന്ന അധ്യായത്തിൽ പോലീസിന്റെ ക്രൂരപീഡനത്തെക്കുറിച്ച് പറയുന്നു. 'മുൽജിം കീ രക്ഷ' എന്ന ഭാഗത്ത് അഴിമതിയുടെ ചാ ലുകളെക്കുറിച്ചും പോലീസുദ്യോഗസ്ഥരുടെ കൈക്കൂലിയെക്കുറിച്ചുമൊക്കെ ദയാബായി സൂ ചിപ്പിച്ചിട്ടുണ്ട്. 'കഹാം ജാ രഹീ ഹോ' എന്ന അധ്യായത്തിൽ തന്നോട് ചോദ്യങ്ങൾ ചോദിച്ച പോലീസുകാരനോട് കയർത്ത ദയാബായിയെ കാണാം. പൂച്ഛനാ ജരൂരി ഹേ ക്യാ ? എന്ന് ദയാ ബായി തിരിച്ചു ചോദിക്കുന്നു. അയാൾ അവരു ടെ നേരെ നീട്ടിതുപ്പുന്നു. 'ഭൂതം പിടിച്ച ഗ്രാമം' എന്ന അധ്യായത്തിൽ സ്വയം ശാക്തീകരിക്കപ്പെ ടാവുന്ന നിരക്ഷരരായ സ്ത്രീകളും പുരുഷന്മാ രുമടങ്ങിയ ഒരു ഗോത്രവർഗഗ്രാമത്തെ എങ്ങനെ ഭൂതം പിടിക്കാമെന്നും നിശ്ശബ്ദരായി തീരുമെന്നു മുള്ളതിന്റെ ദൃഷ്ടാന്തങ്ങൾ ദയാബായി ചൂണ്ടി കാണിക്കുന്നു. 'ഞങ്ങൾ ഖേദിക്കുന്നു' എന്ന ഭാഗത്ത് സുപ്രീംകോടതിയിലെ സൗജന്യ നിയമ സഹായ ഏജൻസിയായ സിലാസിന്റെ മാഗസി നിൽ മധ്യപ്രദേശിലെ മൊബൈൽ കോടതിയെ സംബന്ധിച്ച ലേഖനം എഴുതിയതുകൊണ്ടാണ് ദയാബായി ആരാണ് എന്ന് നിയമവൃത്തങ്ങൾ അറിഞ്ഞത്. സുർജാഘാപ്പയിലെ താമസത്തിനി ടയ്ക്കാണ് ആദിവാസിഗ്രാമങ്ങളിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം പുറത്തു നിന്നുള്ളവരുടെ ചൂഷണമാണെന്ന് ദയാബായിക്ക് മനസ്സിലായത്.

'വെടിയൊച്ചകൾക്കിടയിൽ' എന്ന ഭാഗത്ത് യു ദ്ധത്തിന്റെ ഭീകരതയെക്കുറിച്ചും ഗതാഗത സൗ കര്യങ്ങൾ താറുമാറായതിനെക്കുറിച്ചുമൊക്കെ പറഞ്ഞിരിക്കുന്നു. 'എം.പി ഫ്രം എം.പി' എന്ന ഭാഗത്ത് മലേറിയ എന്ന സാംക്രമിക രോഗത്തെ ക്കുറിച്ചും അതിൽ നിന്നും ജനത എങ്ങനെ മോചിതരായി എന്നും പറഞ്ഞിരിക്കുന്നു. 'പുല യപ്പാട്ട്' എന്ന അധ്യായത്തിൽ ജീവിതയാത്രയി ലെ ഒരു ഓർമ്മയാണ് ദയാബായി പങ്കുവയ്ക്കു ന്നത്. സ്ട്രീറ്റ് നാടകങ്ങളെക്കുറിച്ചുള്ള ചർച്ചയും നടത്തിയിരിക്കുന്നു. 'ഗവൺമെന്റ്' എന്ന അധ്യാ യത്തിൽ അടിസ്ഥാന ജനവിഭാഗങ്ങളുടെ പ്രശ്ന ങ്ങൾ ചർച്ച ചെയ്യാൻ തനിക്ക് അനുമതി കിട്ടിയ തിന്റെ സന്തോഷം ദയാബായി പങ്കുവയ്ക്കുന്നു. 'എന്റെ കൂട്ട്', 'ഗോയി', 'സൂര്യകാന്തികളുടെ

SGOU

വഴിയിൽ', 'ജീവജലം' എന്നീ അധ്യായങ്ങളിലും ഗോത്രവർഗസംരക്ഷണത്തിനായി ദയാബായി ചെയ്ത പ്രവർത്തനങ്ങൾ വിവരിക്കുന്നു. 'ദൈവശാസ്ത്രം', 'ദൈവത്തിന്റെ വിവർത്തനങ്ങൾ', 'മതം വയ്ക്കാത്ത മനുഷ്യത്വം' എന്നീ മൂന്ന് ഭാഗങ്ങൾ കൂടി ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. രണ്ടാം അധ്യായമായ ദരിദ്രന്റെ ക്രിസ്മസ് എന്ന ഭാഗത്തിൽ ക്രിസ്മസ് ദാരിദ്ര്യത്തിന്റെ ഉത്സവമായി ദയാബായി ചിത്രീകരിച്ചിരിക്കുന്നു

## ദരിദ്രന്റെ ക്രിസ്മസ്

മനുഷ്യനായ ദൈവമാണ് എന്റെ മുന്നിലുള്ളത്. ഒരു മനുഷ്യൻ എന്ന നിലയിൽ ഞാൻ അവനെ കണ്ടെത്തുന്നു. അവന്റെ സഹനങ്ങളെ, അനീതികൾക്കിരയായവനിലേക്കും പാവപ്പെട്ടവനിലേക്കും ദുരിതമനുഭവിക്കുന്നവനിലേക്കും എത്തുന്ന അവന്റെ തിരിച്ചറിവിനെ. അവൻ പിറന്നത് അവർക്കു വേണ്ടിയാണ്. അതുകൊണ്ട് എന്റെ ക്രിസ്മസ് ദാരിദ്ര്യത്തിന്റെ ഉത്സവമാണ്. എന്ന വാചകത്തോടെയാണ് പച്ചവിരലിലെ 'ദരിദ്രന്റെ ക്രിസ്മസ്' എന്ന അധ്യായം ആരംഭിക്കുന്നത്.

പള്ളിമേടകളിലും സെമിനാരികളിലും ക്രിസ്മസ് എന്നത് ആർഭാടപൂർണ്ണമായ ഉത്സവകാലമാണ്. സദ്യവട്ടങ്ങളും പലതരം ഇറച്ചിക്കറികളും കേക്കുകളും ബിസ്ക്കറ്റുകളുമൊഴുകുന്ന ധാരാളിത്തത്തിന്റെയും പകിട്ടിന്റെയും ആഘോഷങ്ങളാണ് കോൺവെന്റുകളിലെ ക്രിസ്മസ് കാലം. അതിനുള്ളിലെ ആർഭാടപൂർണ്ണമായ സന്യാസിജീവിതത്തോട് ദയാബായിക്ക് വിരക്തി തോന്നിതുടങ്ങിയ അനുഭവമാണ് അവർ ഈ അധ്യായത്തിൽ പ്രധാനമായും പങ്കുവയ്ക്കുന്നത്. ദൈവം ദുഃഖിതരുടേയും ദുരിതമനുഭവിക്കുന്നവരുടേയും ഇടയിൽ വസിക്കുമ്പോൾ ആർഭാടങ്ങളിൽ രമിച്ചുള്ള സഭാജീവിതം ദയാബായിയെ അസ്വസ്ഥമാക്കി. താൻ വായിച്ചിരുന്ന പുസ്തകങ്ങളിൽ നിന്ന് അറിഞ്ഞ സന്യാസജീവിതമല്ല ദയാബായിക്ക് സഭയ്ക്കുള്ളിൽ കാണാൻ കഴിഞ്ഞത്.

സ്കൂൾ കാലത്ത് വായിച്ചു കൂട്ടിയ പുസ്തകങ്ങളിൽ നിന്ന് കണ്ടെത്തിയ മിഷണറിമാരെയോ, പ്രേഷിതവേല ചെയ്യുന്നവരെയോ കോൺവെന്റുകളിലോ സെമിനാരികളിലോ അവർക്ക് കണ്ടെത്താനായില്ല. 'എന്റെ ചിന്തയിലുണ്ടായിരുന്ന മിഷണറിമാർ കാറ്റും വെയിലും കൂസാതെ, ദുരിതജീവിതം നയിക്കുന്നവർക്കൊപ്പം അവരുടെ ദുരിതങ്ങൾ പങ്കിട്ടു ജീവിക്കുന്നവരായിരുന്നു' എന്ന് ദയാബായി എഴുതിയിരിക്കുന്നു. ബംഗ്ലാവും ബംഗ്ലാവിനു മുന്നിലെ പൂന്തോട്ടവും മേശപ്പുറത്ത് നിരന്ന വിഭവങ്ങളും ദയാബായിയെ വീർപ്പുമുട്ടിച്ചു. ഉച്ചയ്ക്ക് കഴിക്കാൻ വീട്ടിൽ നിന്നുകൊണ്ടുവരുന്ന പൊതിച്ചോറ് വഴിയരികിലെ അന്ധന് നൽകി സ്കൂളിലെത്തിയ ദയാബായിയെ സംബന്ധിച്ച് ദൈവം ചില്ലുമേടയ്ക്കുള്ളിലിരിക്കുന്ന കേവലമൊരു ബിംബമായിരുന്നില്ല, മറിച്ച് അവർ ദൈവത്തെ കണ്ടെത്തിയത് തെരുവിൽ ദുരിതമനുഭവിക്കുന്നവർക്കൊപ്പമായിരുന്നു. ഒരു ക്രിസ്മസ് വൈകുന്നേരം ദയാബായി സഭാജീവിതത്തിൽ നിന്ന് ദുരിതമനുഭവിക്കുന്ന മനുഷ്യർക്കിടയിലേയ്ക്കു ഇറങ്ങി നടന്നു. ആ സന്ദർഭത്തെക്കുറിച്ച് ദയാബായി ഇപ്രകാരം ഓർക്കുന്നു.

## ഒരു ക്രിസ്മസ് രാവും ഭാവിചിന്തയും

'ഹസാരിബാഗ് കോൺവെന്റിന്റെ മുറ്റത്തൊരുക്കിയ ക്രിസ്മസ്ട്രീയുടെ ചുവട്ടിൽ, ബീഹാറിലെ കാട്ടുമരങ്ങൾക്കിടയിൽ നിന്നുവന്ന ആദിവാസികളായ കുറെ മനുഷ്യർ തീർത്തും അന്യരായിരുന്നു. ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും ഊരുകളിൽനിന്ന് രണ്ടു ദിവസം മുമ്പേ അവർ തങ്ങളുടെ ചട്ടിയും കലവുമേന്തി വന്നിരുന്നു. ഏകദേശം 200 പേർ. ക്രിസ്മസ് ദിനങ്ങളുടെ മഞ്ഞുപെയ്യും രാവിൽ കോൺവെന്റ് മുറ്റത്ത് അവർ തമ്പടിച്ചു. ഊരുകളിൽ നിന്നും അവർ കരുതിക്കൊണ്ടുവന്ന വിഭവങ്ങൾ അവർ പാകം ചെയ്ത് പരസ്പരം പങ്കുവച്ചു. തിരുസഭയും വൈദികരും തണുത്തു വിറയ്ക്കുന്ന ആ നിസ്വരായ മനുഷ്യർക്ക് ക്രിസ്മസ് മംഗളങ്ങൾ നേർന്നു. ശേഷം അവർ തങ്ങളുടെ ചൂടുള്ള മുറികളിലേക്ക് തിരിച്ചു പോയി.' ആ രാത്രി ദയാബായിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. ആദിവാസികളായ ആ മനുഷ്യർക്കൊപ്പം പോകാൻ ദയാബായി തയ്യാറെടുത്തു. പുലർകാലത്ത് അവർ മദർ സുപ്പീരിയറിന്റെ വാതിൽ മുട്ടി തന്റെ ആവശ്യം അറിയിച്ചു. 'ഞാൻ എന്റെ കഴിവിന്റെ പരമാവധി ശ്രമിച്ചു.

SGOU

ഇനി പറ്റില്ല, മദർ. എന്റെ ജീവിതം അവർക്കൊപ്പ മാണ്'. എന്നാൽ ദയാബായിയുടെ വാക്കുകളെ പിശാചിന്റെ വിളിയായാണ് സഭ കണ്ടത്.

ചിട്ടയുടെയും ഭദ്രതയുടെയും കോൺവെന്റു ഭിത്തികൾക്കകത്തെ പിശാചിന്റെ പ്രലോഭനങ്ങ ളെന്ന് സഭ അതിനെ വിലയിരുത്തി. കേവലം 22 വയസുള്ള ഒരു പെൺകുട്ടി ദൈവവിളി ഉപേക്ഷി ച്ചു പോകുന്നത് സഭയ്ക്കു അംഗീകരിക്കാനാ യില്ല. അവർ പോകാനനുവദിച്ചില്ലെങ്കിൽ പഠനം പൂർത്തിയാവുമ്പോഴുള്ള പ്രതിജ്ഞ താനെടുക്കി ല്ലെന്ന് ദയാബായി തീരുമാനിച്ചു. മേലധികാരി കൾ ദയാബായിക്ക് വീട്ടിലേയ്ക്കു പോകാനുള്ള ടിക്കറ്റ് കൊടുക്കാമെന്നും മെഡിസിന് പഠിക്കാൻ പോകുന്നതാണ് നല്ലതെന്നും നിശ്ചയിച്ചെങ്കിലും ദയാബായി അതിനൊന്നും ഒരുക്കമായിരുന്നില്ല. അവസാനം അവർ ബീഹാറിലെ ഗോത്രവർഗ മേഖലയായ 'ഡാൽറ്റൻഗഞ്ച്' (Daltonganj) ജി ല്ലയിലുള്ള ഒരു സ്കൂളിലേക്ക് ടീച്ചറായി ജോലി ചെയ്യുന്നതിന് ദയാബായിയെ വിട്ടു. അവിടെ വെ ച്ച് ദയാബായി അതുവരെയുള്ള തന്റെ സന്യാസ ജീവിതത്തിൽ നിന്നു പുതിയൊരു തലത്തിലേ യ്ക്ക് കടന്നു. ഗോത്രവർഗക്കാരിൽ ഒരാളായി മാറുന്നതിനായി കീഴാള ജീവിതശൈലിയെ സ്വ യം സ്വീകരിച്ചു. കോസ്മെറ്റിക് സോപ്പും ടൂത്ത് പേസ്റ്റും ഉപേക്ഷിക്കുകയും കരിയും ഉപ്പും വാ ങ്ങി പല്ലു തേയ്ക്കാൻ തുടങ്ങുകയും ചെയ്തു. ഗോത്രവർഗക്കാരുടെ ദാത്തൂൻ ഉപയോഗിക്കാൻ ശീലിച്ചു. അത്തരത്തിൽ ഗോത്രജീവിതത്തോട് ചേർന്നു നിന്നുകൊണ്ട് ദയാബായി തന്റെ സാമൂ ഹിക പ്രവർത്തനങ്ങൾ ആരംഭിച്ചു.

## ക്രിസ്മസ് സന്ദേശവും ജീവിതവും

ക്രിസ്മസ് ദിനത്തെക്കുറിച്ച് ദയാബായി ഇപ്ര കാരം എഴുതുന്നു "ദൈവത്വം മനുഷ്യത്വത്തിൽ വിലയം ചെയ്യുന്നതാണ് ക്രിസ്മസ്. അവൻ ഏറ്റ വും താഴെയുള്ളവരുടെ അടുക്കൽ വന്നാണ് ജീവിച്ചത്. അത് ഒരിക്കലും സെലിബ്രേഷനാ യിരുന്നില്ല. ക്രിസ്മസിന്റെ ആത്മാവ് മറ്റൊന്നാ ണ്. അത് നാലുതരം ഇറച്ചിയും കേക്കുമല്ല. കിഴക്കൻ യൂറോപ്പുകാരുണ്ടാക്കിയ തിരുത്തല്ല. ദരിദ്രന്റെയും പാവങ്ങളുടെയും കൂടെച്ചേരുന്ന തിരിച്ചറിവാണ്." എന്ന് ദയാബായി ക്രിസ്മ സിനെ നിർവചിക്കുന്നു.' അവൻ ആരുടെ രക്ഷ യ്ക്കുവേണ്ടിയാണോ വന്നത്, അവരിൽ ഒരാളാ യിത്തീരുകയായിരുന്നു. അവരുടെ ജീവിതവും നിലനിൽപ്പിനുവേണ്ടിയുള്ള പോരാട്ടവും അവ നായിത്തീർന്നു. അങ്ങനെ അവന്റെ പിറവിതന്നെ നിലവിലുള്ള ആധിപത്യങ്ങൾക്കെതിരായിരുന്നു. ശേഷജീവിതം പ്രതിരോധത്തിന്റെ സുവിശേഷ മായിരുന്നു. പുരോഹിതരും പ്രേഷിത വേലചെ യ്യുന്നവരും മറ്റൊരു വർഗമായിത്തീരുന്ന ലോ കത്ത് അവനെ കണ്ടെത്തുക അസാധ്യമായി. അതുകൊണ്ട് സമ്പത്തിന്റെ മണിമേടയിൽനിന്ന് ദരിദ്രന്റെ തുറസ്സിലേക്ക് ഇറങ്ങിവരേണ്ടിയിരുന്നു. അങ്ങനെയാണ് ക്രിസ്മസ് ദരിദ്രന്റെ ക്രിസ്മസ് ആയിത്തീരുന്നത്. ഓരോ ക്രിസ്മസിലും ദരി ദ്രരുടെയും പീഡിതരുടെയും ദുരിതമനുഭവിക്കു ന്നവരുടെയും ഇടം തേടി പോയിട്ടുണ്ട്.' എന്ന് ദയാബായി തന്റെ ക്രിസ്മസ് ഓർമ്മയെ ജീവി തത്തിന്റെ വഴിഞ്ഞിരിവായി കണ്ടെത്തുകയാണ്.

ക്രിസ്മസ് നന്മയുടെയും സ്നേഹത്തിന്റെ യും പ്രതീകമാണ്. ലോകനന്മയ്ക്കായി പിറ ന്ന യേശുദേവന്റെ ജന്മദിനമായാണ് ക്രിസ്മസ് ആഘോഷിക്കപ്പെടുന്നത്. എന്നാൽ യേശുവിന്റെ സന്ദേശങ്ങളെയും അദ്ദേഹം മുന്നോട്ടുവെച്ച ജീ വിതബോധങ്ങളെയും മാനിക്കാതെയുള്ള വാഴ് ത്തിപ്പാട്ടുകൾ മാത്രമായി സഭാജീവിതം ചുരുക്ക പ്പെടുമ്പോൾ പ്രാർഥനകൾക്കപ്പുറം നിൽക്കുന്ന പ്രവൃത്തികളിലൂടെ ക്രിസ്മസിന്റെ സന്ദേശം തന്റെ ജീവിതത്തിലൂടെ ലോകത്തിന് കാട്ടിത്തരി കയാണ് ദയാബായി. മട്ടുപ്പാവിലെ സന്യാസജീ വിതം അവരെ പ്രലോഭിപ്പിച്ചില്ല. ദുരിതപൂർണ്ണ മായ ലോകത്തിന് ആശ്വാസം പകരുന്നതിൽ നിന്നാണ് ദയാബായി ദൈവത്തെ കണ്ടെത്തു ന്നത്. സമ്പത്തിന്റെ മണിമേടയിൽ നിന്ന് ദരി ദ്രന്റെ തുറസ്സിലേയ്ക്ക് ഇറങ്ങി വന്ന അനുഭ വത്തെ ദയാബായി വിവരിക്കുന്നു. പ്രമേയത്തെ അർഥപൂർണ്ണമാക്കുന്ന പേരാണ് അധ്യായത്തിന് നൽകിയിരിക്കുന്നത്. തുടർന്നുള്ള ഭാഗം ദയാ ബായിയുടെ ആദർശങ്ങളെയും പ്രവർത്തനമേ ഖലകളെയും സാധൂകരിക്കുന്നു.

## അനുഭവങ്ങൾ, പ്രവർത്തനങ്ങൾ

അനുഭവമെഴുതുകയെന്നാൽ അത് കേവലം വ്യക്തിപരമായ കാര്യങ്ങളുടെ വിവരണമല്ലെ

SGOU

ന്നും വ്യക്തികൾ അവരുടെ ഓർമ്മകളിലൂടെ വീണ്ടെടുക്കുന്ന ചരിത്രമാണ് അനുഭവരചനകളെന്നും സാഹിത്യമേഖല തിരിച്ചറിയുന്നുണ്ട്. ഓരോ വ്യക്തിയും ഓരോ ചരിത്രഘട്ടത്തിന്റെ പ്രതിനിധിയാണ്. ചരിത്രത്തിന് രേഖീയമായ മുഖമില്ലെന്ന് അനുഭവാഖ്യാനങ്ങൾ തെളിയിക്കുന്നു. ഇന്ദിരാഗാന്ധിയുടെ വധം നടന്ന ചരിത്ര സന്ദർഭത്തെ ദയാബായി സ്വന്തം അനുഭവത്തിലൂടെ വീണ്ടെടുക്കുകയാണ് ഇവിടെ. ഇന്ദിരാഗാന്ധിയുടെ വധത്തെ തുടർന്നുള്ള ഡൽഹിയിലെ ഒരു ട്രെയിൽ യാത്രാനുഭവമാണ് ദയാബായി രചിച്ചിരിക്കുന്നത്. സിക്കുകാരെ തിരഞ്ഞുപിടിച്ചു കൊല്ലുന്ന കലാപത്തിന്റെ മുഖം നമുക്ക് ദയാബായിയുടെ വാക്കുകളിൽ നിന്ന് ലഭിക്കുന്നു. കലാപത്തിനു ശേഷമുള്ള ദുരിതജീവിതത്തെ ദയാബായി തന്റെ ഓർമ്മകളിൽ നിന്ന് വീണ്ടെടുക്കുന്നുണ്ട്.

ദയാബായി 1984–ൽ ഡൽഹിയിലെ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസോഴ്സ് പേഴ്സണായി ജോലി ചെയ്യുമ്പോഴാണ് ഭോപ്പാൽ വാതകദുരന്തവും ഇന്ദിരാഗാന്ധിയുടെ കൊലപാതകവും നടക്കുന്നത്. ആ ചരിത്രസന്ദർഭത്തെ ദയാബായി ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. “നാഗ്പൂരിൽ നിന്ന് ഭോപ്പാലിലേക്ക് ഒരു സെമിനാറിൽ പങ്കെടുക്കാനുള്ള യാത്രയിലായിരുന്നു. വഴിക്കുവച്ച് ഇന്ദിരാഗാന്ധി കൊല്ലപ്പെട്ട വിവരം കിട്ടി. ട്രെയിൻ സ്റ്റേഷനുകളിലെത്തുമ്പോൾ ജനാലകളെല്ലാം അടച്ചിട്ടാണ് അവിടം വരെ എത്തിയത്. തീക്കുന്തവും മണ്ണെണ്ണഡബ്ബകളുമായി ‘കോയ് സർദാർജി ഹേ?’എന്നു ചോദിച്ചുകൊണ്ട് കലാപകാരികൾ ഇരുമ്പുവടികളുമായി കയറിയിറങ്ങുകയായിരുന്നു. ചില കമ്പാർട്ട്മെന്റുകളിൽ സഹയാത്രികരെ ടോയ്‌ലറ്റുകളിൽ കയറ്റി വാതിലടച്ചാണ് രക്ഷപ്പെടുത്തിയത്. എന്നിട്ടും എത്രയോ സിക്കുകാരെയാണ് വെട്ടിയും തീയിട്ടും കൊന്നത്. ഡൽഹിയിൽ അന്ന് ഭീതിയുടെയും മരണത്തിന്റെയും തീയും പുകയുമായിരുന്നു”.

“കലാപത്തിനുശേഷമുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ, ഭക്ഷണം വിതരണം ചെയ്തും അഡ്ഹോക്ക് ഗ്രൂപ്പുകളുടെ കൂടെ പങ്കുചേർന്നും പ്രവർത്തിച്ചു. പെണ്ണുങ്ങൾ ആരും തന്നെയില്ലായിരുന്നു ആ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ. ആരും ഇറങ്ങാൻ ധൈര്യപ്പെടാതിരുന്നപ്പോൾ നടക്കാനിറങ്ങി. എത്രമാത്രം ഡെഡ്ബോഡികളാണ് കാണേണ്ടിവന്നത്! സിക്കുകാരുടെ എത്രയോ വീടുകളും കടകളും കത്തിനശിച്ചു. ഒരു വീട്ടിൽ ഒന്നിച്ച് ഒളിച്ചിരുന്ന രണ്ടു വീടുകളിലെ ആളുകൾക്ക് മുകളിലാണ് ബോംബെറിയപ്പെട്ടത്. ഓരോ പുനരധിവാസമേഖലകളിലും ആരുടെയും ലേബലും വേഷവുമില്ലാതെ ഇരകളുടെയും കുറ്റവാളികളുടെയും ഇടയിലൂടെ മനുഷ്യത്വത്തിന്റെ മാത്രം യൂണിഫോമണിഞ്ഞ് സഞ്ചരിച്ചുകൊണ്ടിരുന്നു. കലാപഭൂമിയിൽ ദയാബായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചാണ് അവർ സംഗ്രഹിക്കുന്നത്. കലാപങ്ങൾ എത്രമാത്രം മനുഷ്യത്വരഹിതമാണെന്നു ദയാബായിയുടെ വാക്കുകൾ വ്യക്തമാക്കുന്നു. ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കിടയിൽ പ്രവർത്തിക്കാൻ ഏതെങ്കിലും സഭയുടെയോ സംഘടനയുടെയോ ചിഹ്നങ്ങൾ ആവശ്യമില്ലെന്നും മനുഷ്യത്വത്തിന്റെ മുഖമാണ് വേണ്ടതെന്നും ദയാബായി അവരുടെ ജീവിതംകൊണ്ട് തെളിയിക്കുകയാണ്.

“അവിടെനിന്നാണ് ഭോപ്പാലിന്റെ ദുരന്തഭൂമിയിലേക്ക് തിരിച്ചത്. ഒരു 14 അംഗ ഡോക്ടേഴ്സ് ടീം വന്നിട്ടുണ്ടായിരുന്നു. അവർക്കൊപ്പംകൂടി. ദുരന്തത്തിൽപ്പെട്ടവരെ മെഡിക്കൽ പരിശോധന നടത്തുന്നതിനും എക്സ്റേ എടുക്കുന്നതിനും മറ്റും സഹായിച്ചു. നഴ്സിങ് പഠിച്ചത് അന്ന് വളരെ ഗുണപ്പെട്ടു. തപൻബോസ്, സുഹാസിനി എന്നിവർ ചേർന്ന ഒരു ഡോക്യുമെന്ററി ടീമും അവരോടൊപ്പമുണ്ടായിരുന്നു. വിഷവാതകം ശ്വസിച്ച് വീർപ്പുമുട്ടി ഓടുന്നതിനിടയിൽ പലരും വീഴുകയായിരുന്നു. ബോധംനശിച്ച് വീണുപോയവർ പലരും മരിച്ചു എന്നുകരുതി ഉപേക്ഷിക്കപ്പെട്ടു. ഡെഡ്ബോഡികൾ കൂട്ടിയിട്ട് കത്തിക്കുന്നതിനിടയിൽ നിന്ന് ഒരു സ്ത്രീയെ രക്ഷപ്പെടുത്തുകയുണ്ടായി. അവരുടെ ശരീരം കുറേയേറെ പൊള്ളിയിട്ടുണ്ടായിരുന്നു. ബോധമില്ലാതെ കിടക്കുന്നവർക്ക് എഴുന്നേറ്റുവന്ന് ഞങ്ങൾക്ക് ജീവനുണ്ടെന്ന് പറയാനാവില്ലല്ലോ!”

“ഹൊഷംഗബാദിൽ വീണുകിടന്ന പലരെയും പുഴയിൽ തള്ളിയിട്ടു. കട്ടി കൂടിയ വിഷവാ

SGOU

തകം മുകളിലേക്കു പോകാത്തതുകൊണ്ട് ടെറസ്സിനു മുകളിൽ കയറിയിരുന്നവർ മാത്രമാണ് രക്ഷപ്പെട്ടത്. ഭോപ്പാൽ റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻമാസ്റ്റർ ഭോപ്പാലിലേക്കുവന്ന വണ്ടികളെല്ലാം വഴി തിരിച്ചുവിട്ടു. സ്റ്റേഷനിൽ കിടന്ന വണ്ടികൾ നാലുപാടും വിടുകയും ചെയ്ത ശേഷം അദ്ദേഹം അവിടെത്തന്നെ മരിച്ചുവീണു. പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ഒളിച്ചോടുന്ന ഉദ്യോഗസ്ഥന്മാർ ഉള്ള നമ്മുടെ നാട്ടിൽ തന്നെയാണ്, ദുരന്തത്തിന്റെ ഭീകരതയെയും അപകടത്തെയും കുറച്ചുകൊണ്ടുവരുന്നതിന് സഹായിച്ച സ്റ്റേഷൻമാസ്റ്ററുടെ മഹനീയമായ ഈ നടപടി." എന്നു പറഞ്ഞുകൊണ്ടാണ് അധ്യായം അവസാനിക്കുന്നത്. ദൈവകാരുണ്യത്തിന്റയും ആത്മത്യാഗത്തിന്റെയും പ്രതിഫലേച്ഛയില്ലാത്ത പരിചരണകർമ്മങ്ങളുടെയും മഹത്വവും ഭൗതികസുഖങ്ങളുടെ മായയും എന്തെന്നു മനസ്സിലാക്കിയ ഒരു സാധ്വിയുടെ മനോബലമാണ് ഈ അധ്യായത്തിൽ വെളിപ്പെടുന്നത്.

## അവലോകനം

ദയാബായിയുടെ ജീവിതത്തിന്റെ ഒരു ഭാഗം മാത്രമാണ് 'പച്ചവിരൽ' എന്ന ആത്മകഥാ പുസ്തകം. സ്നേഹത്തിന്റെയും സഹനത്തിന്റെയും ത്യാഗത്തിന്റെയും ഭിന്നമുഖങ്ങളുള്ള അവരുടെ ജീവിതത്തെ സംഗ്രഹിക്കുന്ന അധ്യായമാണ് ദരിദ്രന്റെ ക്രിസ്മസ്. സഭയുടെ ചട്ടക്കൂടുകളും വേഷപ്പകർച്ചകളും ഉപേക്ഷിച്ച് ദുരിതമനുഭവിക്കുന്നവർക്കിടയിലേയ്ക്ക് ഇറങ്ങിത്തിരിച്ച ദിനത്തെ ദയാബായി രേഖപ്പെടുത്തിയിരിക്കുന്നു. ബിഹാറിലെ ഗോത്രവർഗക്കാർക്കിടയിൽ ആരംഭിച്ച അവരുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഓർമ്മകളിൽ നിന്ന് ഇന്ദിരാഗാന്ധിയുടെ വധവുമായി ബന്ധപ്പെട്ടുണ്ടായ കലാപത്തിന്റെ ഓർമ്മകളിലേക്കും ഭോപ്പാൽ ദുരന്തത്തിന്റെ ഓർമ്മകളിലേയ്ക്കും ദരിദ്രന്റെ ക്രിസ്മസ് എന്ന അധ്യായം കടന്നു ചെല്ലുന്നതിലൂടെ ചരിത്രത്തിന്റെ ഭാഗമാകുകയാണ്. നേർരേഖയിൽ എഴുതപ്പെട്ട കാര്യകാരണ വിവരങ്ങൾ മാത്രമല്ല ചരിത്രമെന്നും, വ്യക്തിയുടെ ഓർമ്മകൾക്ക് ചരിത്രത്തിൽ വലിയ ഇടമുണ്ടെന്നും ഈ അധ്യായം വ്യക്തമാക്കുന്നു.

ഇച്ഛാശക്തിയുടെയും നിശ്ചയദാർഢ്യത്തിന്റെയും തീച്ചൂളയിൽ ഒരു മനുഷ്യന്റെ എല്ലാ ദൗർബല്യങ്ങളും വെന്തുരുകിപ്പോകുമെന്നും കരുത്തുറ്റ ഒരു മനുഷ്യസ്നേഹിയായി ആർക്കും സമാധാനത്തോടെ ജീവിക്കാം എന്നുമാണ് ദയാബായിയുടെ ജീവിതം നൽകുന്ന സന്ദേശം. ഗോത്ര വർഗമേഖലയിലെ ജീവിതരീതികൾ ഭംഗിയായി അവതരിപ്പിച്ച പുസ്തകത്തിൽ അവരുടെ പ്രശ്നങ്ങൾ നമ്മളുടെ കൂടി പ്രശ്നങ്ങളാണെന്ന ചിന്ത പകർന്നു തരുന്നു. പാലായിലെ പൂവരണി എന്ന ഗ്രാമത്തിൽ ജനിച്ചു വളർന്ന മേഴ്സി മാത്യു ബീഹാറിലെ ഹസാരിബാഗിലെ കന്യാസ്ത്രീമഠത്തിൽ എത്തിച്ചേരുന്നത് സേവനത്തിന്റെ വലിയ സ്വപ്നങ്ങൾ കണ്ടുകൊണ്ടായിരുന്നു. കന്യാസ്ത്രീമഠത്തിന്റെ ചിട്ടകളോട് യോജിക്കാനാകാതെ അവർ ആ കോൺവെന്റ് വിട്ടുപോകുന്നു. സഭയെ ഉപേക്ഷിക്കുന്നു. മധ്യപ്രദേശിലെ ചിന്ത്‌വാഡാജില്ലയിൽ എത്തിയ അവർ ഗോത്ര വർഗങ്ങളോടൊത്ത് കഴിയുന്നു. ജൈവകൃഷിയുടെയും ജലസംഭരണത്തിന്റെയും പാഠങ്ങൾ അവർ ഗ്രാമീണർക്ക് പറഞ്ഞു കൊടുക്കുന്നു. ആ മണ്ണിനെ പ്രകൃതിപാഠങ്ങൾക്ക് തന്നെ തിരികെ കൊടുക്കുക മാത്രമാണ് താൻ ചെയ്തതെന്ന് ദയാബായി പറയുമ്പോൾ അതിനോട് അവർക്കുള്ള കൂറും താത്പര്യവും നമുക്ക് മനസിലാക്കാം.

വെള്ളം കണ്ടെത്താനും അത് സംരക്ഷിക്കാനും ഗ്രാമീണരെ അവർ പഠിപ്പിച്ചു കൊടുക്കുന്നു. സാമൂഹ്യസേവനത്തിന്റെ മറ്റൊരു മുഖമാണ് ഇവിടെ ദൃശ്യമാകുന്നത്. പൊതുസ്ഥലത്തു നിൽക്കുന്ന സ്ത്രീയെക്കുറിച്ചും അവർ പരാമർശിക്കുന്നുണ്ട്. നീ എവിടെ പോകുന്നു എന്ന ചോദ്യത്തിനു മുന്നിൽ പതറരുത് എന്നു കൂടി അവർ ആഹ്വാനം ചെയ്യുന്നുണ്ട്. സ്കൂളിൽ നിന്നു വിനോദയാത്ര പോയ ദയാബായി നഗരത്തിൽ നിന്നു വാങ്ങിക്കൊണ്ടുവന്നത് സപ്പോട്ടച്ചെടിയും കറുവാമരത്തിന്റെ തൈയുമാണ്. അന്നേ എനിക്കൊരു പച്ചവിരലുണ്ടായിരുന്നുവെന്നാണ് അതേക്കുറിച്ച് ദയാബായി പറയുന്നത്. മധ്യപ്രദേശിലെ ഉൾഗ്രാമത്തിൽ ധാന്യങ്ങളും പച്ചക്കറികളും കൃഷി ചെയ്യുന്നതും ഫലവൃക്ഷങ്ങളും ഔഷധസസ്യങ്ങളും നട്ടു പിടിപ്പിക്കുന്നതും ആ പച്ചവിരൽ തന്നെ. സാമൂഹിക സേവനത്തിനിടെ മുംബെയിലെ ചേരികളിലും ഫുട്

പാത്തുകളിലും അലഞ്ഞുതിരിഞ്ഞ അവർ ഇടയന്മാർക്കൊപ്പം കന്നുകാലികളെ മേച്ചും വിശക്കുമ്പോൾ അരുവിയിൽ നിന്നും വെള്ളം കുടിച്ചും കഴിഞ്ഞു. ആദിവാസികളെ അക്ഷരം പഠിപ്പിച്ചതിനും അവർക്കു വേണ്ടി ശബ്ദമുയർത്തിയതിനും ജന്മികളുടെ എതിർപ്പും അക്രമങ്ങളും ഉണ്ടായി. പോലീസിന്റെ അടിയേറ്റ് പല്ല് നഷ്ടപ്പെട്ടതാണ് ആദ്യത്തെ അവാർഡെന്നു ദയാബായി പറയുന്നു. ദയാബായിയുടെ സാമൂഹ്യസേവനം എടുത്തു പറയേണ്ടതാണ്. കേരളത്തിൽ ചെങ്ങറയിലേയും മുത്തങ്ങയിലെയും സമരങ്ങൾക്കും എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരങ്ങൾക്കും പിന്തുണയുമായി ദയാബായി എത്തിയിരുന്നു.

## Recap

- ആത്മകഥയിൽ ആവിഷ്കരിക്കുന്ന ജീവിതം സത്യസന്ധമായിരിക്കണം
- സ്വത്വനിർമ്മിതിയും അനുഭവാഖ്യാനങ്ങളും
- വ്യക്തികൾ അവരുടെ ഓർമ്മകളിലൂടെ വീണ്ടെടുക്കുന്ന ചരിത്രമാണ് അനുഭവരചന.
- മലയാളിയായ സാമൂഹിക പ്രവർത്തക
- സഭവിട്ടിറങ്ങിയ ദയാബായിയുടെ ജീവിതം
- ഓരോ വ്യക്തിയും ഓരോ ചരിത്രഘട്ടത്തിന്റെ പ്രതിനിധിയാണ്
- ദുരിതപൂർണ്ണമായ ലോകത്തിന് ആശ്വാസം പകരുന്നതിൽ നിന്നാണ് ദയാബായി ദൈവത്തെ കണ്ടെത്തുന്നത്
- ആർഭാടങ്ങളിൽ രമിച്ചുള്ള സഭാജീവിതം ദയാബായിയെ അസ്വസ്ഥമാക്കി
- സഹനം, സ്നേഹം, ത്യാഗം - എന്നിവ ചേർന്ന ജീവിതം
- ദൈവത്വം മനുഷ്യത്വത്തിൽ വിലയം ചെയ്യുന്നതാണ് ക്രിസ്മസ്
- ദരിദ്രന്റെ ക്രിസ്മസ് - ദയാബായിയുടെ പുതിയ ജീവിതത്തിന് തുടക്കം
- ക്രിസ്മസിന്റെ യാഥാർഥ സന്ദേശം മനസ്സിലാക്കുന്ന ദയാബായി
- ഹസാരിബാഗ് കോൺവെന്റിലെ ക്രിസ്മസ് രാത്രി
- ബീഹാറിലെ ആദിവാസികൾക്കൊപ്പം പോകാൻ തീരുമാനം
- ഗോത്രമേഖലയായ ഡാൽറ്റൻ ഗഞ്ചിൽ എത്തുന്നു
- ഗോത്രവർഗക്കാർക്കൊപ്പമുള്ള ജീവിതം ആരംഭിക്കുന്നു
- 1984-ൽ ഡൽഹിയിലെ സോഷ്യൽ ഇൻസ്റ്റിറ്റ്യൂട്ടിൽ റിസോഴ്സ് പേഴ്സൺ
- ഭോപ്പാൽ ദുരന്തവും ഇന്ദിരാഗാന്ധിയുടെ വധവും
- വ്യക്തിയുടെ ഓർമ്മകൾക്ക് ചരിത്രത്തിൽ വലിയ ഇടമുണ്ട്
- സ്നേഹത്തിന്റെയും സഹനത്തിന്റെയും ത്യാഗത്തിന്റെയും ഭിന്നമുഖങ്ങൾ
- സാമൂഹ്യസേവനത്തിന്റെ മറ്റൊരു മുഖം

## Objective Type Questions

1. പച്ചവിരൽ ആരുടെ ആത്മകഥയാണ്?
2. കേരളത്തിൽ എവിടെയാണ് ദയാബായി ജനിച്ചത്?
3. 'മനുഷ്യനായ ദൈവമാണ് എന്റെ മുന്നിലുള്ളത്. ഒരു മനുഷ്യൻ എന്ന നിലയിൽ ഞാനവനെ കണ്ടെത്തുന്നു' - ആരുടെ ആത്മകഥയിലാണ് ഇത്തരമൊരു വാചകം ഉൾപ്പെടുത്തിയിരിക്കുന്നത്?

SGOU

4. 'ധാരാളിത്തത്തിന്റെയും പകിട്ടിന്റെയും ആഘോഷങ്ങളിൽ രമിക്കുന്ന ക്രിസ്മസ് എനിക്ക് സ്വയം നഷ്ടപ്പെടുകയുണ്ടായി' എന്നു പറഞ്ഞതാര്?
5. ബംഗ്ലാവും ബംഗ്ലാവിനു മുന്നിലെ പൂന്തോട്ടവും മേശപ്പുറത്ത് നിരന്ന വിഭവങ്ങളും എന്നെ വീർപ്പുമുട്ടിച്ചു - എന്ന് പറഞ്ഞതാര്?
6. സ്കൂൾ പഠനകാലത്ത് വായിച്ചു കൂട്ടിയ പുസ്തകങ്ങളിൽ കണ്ടെത്തിയ മിഷണറിമാരെയോ, പ്രേഷിതവേല ചെയ്യുന്നവരെയോ ദയാബായിക്ക് കണ്ടെത്താനാകാഞ്ഞത് എവിടെയാണ്?
7. സ്കൂൾ പഠനകാലത്ത് ഉച്ചയ്ക്ക് കഴിക്കാൻ വീട്ടിൽ നിന്നുകൊണ്ടുവരുന്ന ചോറ് ദയാബായി ആർക്കാണ് നൽകിയത്?
8. ദയാബായിയെ സഭ ബീഹാറിലെ ഏത് ജില്ലയിലേയ്ക്കാണ് അയച്ചത്?
9. ഡാൽറ്റൻഗഞ്ച് ജില്ലയിലെ സ്കൂളിൽ എന്തു ജോലിയാണ് ദയാബായിക്ക് നൽകിയിരുന്നത്?
10. പച്ചവിരൽ എന്ന ഗ്രന്ഥം തയ്യാറാക്കിയത് ആരാണ്?
11. ദയാബായിയുടെ ശരിയായ പേര് എന്ത്?
12. യുദ്ധത്തിന്റെ ഭീകരത ചിത്രീകരിക്കുന്ന ആത്മകഥയിലെ അധ്യായം ഏത്?
13. ദയാബായി ദൈവത്തെ കണ്ടുമുട്ടിയത് എവിടെയാണ്?

## Answers

1. ദയാബായി
2. പാലയിലെ പൂവരണിയിൽ
3. ദയാബായിയുടെ
4. ദയാബായി
5. ദയാബായി
6. സെമിനാരിയിലും കോൺവെന്റിലും
7. വഴിയരികിലെ അന്ധന്
8. ഡാൽറ്റൻഗഞ്ച്
9. സ്കൂൾ ടീച്ചർ
10. വിത്സൺ ഐസക്
11. മേഴ്സി മാത്യു
12. വെടിയൊച്ചകൾക്കിടയിൽ
13. തെരുവിൽ ദുരിതമനുഭവിക്കുന്നവർക്കൊപ്പം

SGOU

## Assignments

1. മലയാളസാഹിത്യവും അനുഭവാഖ്യാനങ്ങളും - ഉപന്യസിക്കുക.
2. പച്ചവിരൽ എന്ന അനുഭവാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ ദയാബായിയുടെ ജീവിതത്തെക്കുറിച്ച് വിശദീകരിക്കുക
3. പച്ചവിരലിലെ രണ്ടാം അധ്യായത്തിന് ദരിദ്രന്റെ ക്രിസ്മസ് എന്നാണ് പേര് നൽകിയിരിക്കുന്നത്. പേരിന്റെ ഔചിത്യം പരിശോധിക്കുക.
4. ആക്റ്റിവിസ്റ്റ് എന്ന നിലയിൽ ദയാബായിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിവരിക്കുക.

## Reference


1. ദയാബായി, പച്ചവിരൽ, ഡി.സി. ബുക്സ്, കോട്ടയം.
2. കെ.എം. ജോർജ് (എ.ഡി.), ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി ബുക്സ്, കോട്ടയം.


## Suggested Reading


1. നടുവട്ടം ഗോപാലകൃഷ്ണൻ, ആത്മകഥാസാഹിത്യം മലയാളത്തിൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. വിജയാലയം ജയകുമാർ, ആത്മകഥാസാഹിത്യം, എൻ.ബി.എസ്., കോട്ടയം.
3. എരുമേലി പരമേശ്വരൻപിള്ള, മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.


SGOU

# യൂണിറ്റ് - 3
# വരുമോ വസന്തം
# (ഒരു മലയാളി ഹിജഡയുടെ ആത്മകഥ)

ജെറീന

## Learning Outcomes

- ട്രാൻസ്ജെൻഡർ സ്വത്വനിർമ്മിതിയെക്കുറിച്ച് പഠിക്കുന്നു
- ക്വിയർ (Queer) സിദ്ധാന്തത്തെക്കുറിച്ച് മനസ്സിലാക്കുന്നു
- ലിംഗപദവി, ലൈംഗികത എന്നിവയെ മുൻനിർത്തി രൂപംകൊണ്ട പരമ്പരാഗത ധാരണകൾ തിരുത്തുന്നു
- മലയാളത്തിലെ അനുഭവാഖ്യാനങ്ങളിൽ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ'യ്ക്കുള്ള ഇടം കണ്ടെത്തുന്നു

## Prerequisite

ഒരാളുടെ ജീവിതകഥ അയാൾ തന്നെ എഴുതുന്നതാണ് ആത്മകഥ. വ്യക്തിയുടെ ആന്തരികലോകത്തെ ബാഹ്യലോകവുമായി ബന്ധിപ്പിക്കുന്ന പ്രക്രിയയാണ് ആത്മകഥ. ഒരാളുടെ വ്യക്തിസത്തയുടെ കലാപരമായ ആവിഷ്കരണം എന്ന നിലയിൽ ആത്മകഥയ്ക്ക് വൈകാരികവും പ്രജ്ഞാപരവുമായ രണ്ട് ഘടകങ്ങളുണ്ട്. തന്റെ ആത്മസത്ത പ്രകടിപ്പിക്കാനുള്ള തിടുക്കത്തിൽ വേണ്ടത്ര വിവേചനം കൂടാതെ എഴുതുന്ന ആത്മകഥ വികാരത്തെ അതിരുകടന്ന് ആശ്ലേഷിക്കുന്നു. സമചിത്തതയോടെ അനുഭവങ്ങൾ വേണ്ടത്ര വിലയിരുത്തി പ്രതിപാദിക്കുന്നതിനാൽ പ്രജ്ഞാപരമായ ഘടകത്തിന് മുൻതൂക്കമുള്ള ആത്മകഥ താരതമ്യേന മികച്ചുനിൽക്കുന്നു. പക്ഷേ ആത്മനിഷ്ഠമായ വൈകാരിക അംശം ചോർന്നു പോയാൽ ആത്മകഥ നിർജീവമായി പരിഗണമിക്കും. ആത്മകഥകളിൽ സാധാരണ കാണാറുള്ള ദൗർബല്യങ്ങൾ ചിലതുണ്ട്. അഹംബോധത്തിന്റെ മുദ്ര പതിഞ്ഞവ ആയിരിക്കും ചില ആത്മകഥകൾ. സ്വന്തം അപദാനങ്ങൾ ഉയർത്തി കാണിക്കുന്നതാകും ഇങ്ങനെയുള്ള ആത്മകഥകളുടെ മുഖ്യലക്ഷ്യം. വൈവിധ്യം നിറഞ്ഞ ആഖ്യാന രൂപങ്ങൾ ആത്മകഥാസാഹിത്യത്തിനുണ്ട്. ഓർമ്മക്കുറിപ്പ്, ഡയറിക്കുറിപ്പ്, തൂലികാചിത്രം, യാത്രാവിവരണം എന്നിങ്ങനെ പലതരത്തിൽ ആത്മകഥകൾ ഉണ്ട്. ഒരു പുതിയ സാഹിത്യരൂപമായി ആത്മകഥ വളർന്നത് ഇരുപതാം നൂറ്റാണ്ടിലാണ്. ആഖ്യാനത്തിലും പ്രമേയത്തിലും നോവലിനു സമാനമായിരുന്നു ആത്മകഥ. ജെറീന എഴുതിയ ആത്മകഥയാണ് 'ഒരു ഹിജഡയുടെ ആത്മകഥ' എന്നത്.

ആരാണ് 'ട്രാൻസ്ജെൻഡർ' എന്നു ചോദിച്ചാൽ ഒറ്റവാക്കിൽ ഉത്തരം പറയുക പ്രയാസമായിരിക്കും. നിലനിൽക്കുന്ന ധാരണകളെ മുൻനിർത്തി മാത്രമേ ട്രാൻസ്ജെൻഡർ എന്ന പദത്തെ നിർവചിക്കുവാൻ കഴിയൂ. പുരുഷശരീരത്തിനുള്ളിലെ സ്ത്രീസ്വത്വമെന്നോ, സ്ത്രീശരീരത്തിനുള്ളിലെ പുരുഷസ്വത്വമെന്നോ ട്രാൻസ്ജെൻഡറുകളെക്കുറിച്ച് സാമാന്യമായി പറയാം. ജെറീനയുടെ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ' എന്ന കൃതിയാണ് മലയാളത്തിൽ കർതൃത്വപദവിയിലേയ്ക്ക് ഉയർന്ന ആദ്യത്തെ ട്രാൻസ്ജെൻഡർ രചന എന്നത് പറയാം. വിജയൻ കോടഞ്ചേരിയും ഹരി ബി. യും ചേർന്നാണ് രചന നിർവഹിച്ചിരിക്കുന്ന

SGOU

ത്. ചെറുപ്പത്തിലേ തന്നെ കേരളത്തിൽ നിന്ന് ആട്ടിയോടിക്കപ്പെട്ട് ബാംഗ്ലൂരിൽ എത്തപ്പെട്ട വ്യക്തിയാണ് ജെറീന. ലൈംഗിക - ലിംഗന്യൂനപക്ഷങ്ങളുടെ മനുഷ്യാവകാശങ്ങൾക്കുവേണ്ടി അഹോരാത്രം പോരാടുന്ന ബാംഗ്ലൂർ സംഗമയിലെ മനോഹറിനും സഹപ്രവർത്തകർക്കുമാണ് ആത്മകഥ സമർപ്പിച്ചിരിക്കുന്നത്. കേരളത്തിലെ ട്രാൻസ്ജെൻഡറുകളുടെ സാഹിത്യത്തിലേയ്ക്കുള്ള ആദ്യത്തെ ചുവടുവെയ്പ്പ് കൂടിയാണ് ഈ കൃതി. ഹിജഡ കൂട്ടായ്മയിൽ എത്തപ്പെടുന്ന ട്രാൻസ്ജെൻഡറുകളുടെ ജീവിതമാണ് ജെറീന മുഖ്യമായും അവതരിപ്പിക്കുന്നത്. ഹെഡ്മാസ്റ്ററുടെ ചുംബനം, പ്രഭ എന്ന പ്രഭാകരനും എന്റെ സ്ത്രൈണ ചാപല്യങ്ങളും, അൾസൂരിലേക്കു പോകും പാതകൾ, ഹമാം ദിനങ്ങൾ, കിനാക്കൾ പൂത്ത കാലം, നടവഴിയിലെ കരിയിലകൾ, വരുമോ വസന്തം എന്നിങ്ങനെ ഏഴ് അധ്യായങ്ങളിലായി ജെറീനയുടെ ജീവിതകഥയെ രേഖപ്പെടുത്തിയിരിക്കുന്നു.


ലിംഗ - ലൈംഗിക ന്യൂനപക്ഷങ്ങളെയെല്ലാം ഉൾക്കൊള്ളുന്നതും അവരുടെ ദൃശ്യത അടയാളപ്പെടുത്തി വികസിച്ചുവന്നതുമായ സിദ്ധാന്തമാണ് ക്വിയർ സിദ്ധാന്തം (Queer Theory ). LGBTIQA+ എന്ന ചുരുക്കെഴുത്തുകൊണ്ട് ക്വിയർ കൂട്ടായ്മയെ അടയാളപ്പെടുത്തുന്നു. ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ, ഇന്റർസെക്സ്, ക്വിയർ, അസെക്ഷ്വൽ എന്നിങ്ങനെ ഐഡന്റിറ്റി അടയാളപ്പെടുത്തിയവരും അല്ലാത്തവരുമായി ലിംഗ - ലൈംഗിക വൈവിധ്യം പേറുന്നവരെ ക്വിയർ കൂട്ടായ്മ ഉൾക്കൊള്ളുന്നു. ക്വീയർ സിദ്ധാന്തത്തെക്കുറിച്ച് പഠിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട പ്രധാനപ്പെട്ട ഒരു കാര്യം മേൽപ്പറഞ്ഞ വിഭാഗത്തിൽ അടിയുറച്ച ഒരു ആണോ പെണ്ണോ ഇല്ലായെന്നുള്ളതാണ്. അവർക്കിടയിലെ ബന്ധങ്ങളെയും വൈവിധ്യങ്ങളെയും നിലവിലിരിക്കുന്ന സാമൂഹികനിയമവ്യവസ്ഥകൾക്കുള്ളിൽ ഒതുക്കി നിർത്താനാവില്ല. ആണത്ത അധികാരവ്യവസ്ഥ കലഹം പ്രഖ്യാപിച്ച ക്വിയർ ജനത തങ്ങളുടെ അവകാശ പോരാട്ടത്തിന്റെ ഭാഗമായി ക്വിയർ കൂട്ടായ്മയ്ക്കുള്ളിൽ ഒന്നിച്ചു നിൽക്കുന്നു.

SGOU

## Keywords

ട്രാൻസ്ജെൻഡർ ജീവിതം - സ്വത്വബോധം - ദൃശ്യത - കർതൃത്വപദവി - ഹിജഡ - ക്വിയർ - ബതായ് - വാർധക്യജീവിതം - ഗുരു-ചേല ബന്ധം - സംഗമ

## Discussion




ട്രാൻസ്ജെൻഡർ ആയതിനാൽ കേരളത്തിൽ നിന്ന് പലായനം ചെയ്യേണ്ടി വന്ന ജെറീനയുടെ ജീവിതകഥയാണ് ഒരു മലയാളി ഹിജഡയുടെ ആത്മകഥ എന്ന ഗ്രന്ഥം. ആണിനും പെണ്ണിനും അപ്പുറമുള്ള ലിംഗ-ലൈംഗിക വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ തയ്യാറാകാതിരുന്ന കേരളസമൂഹത്തെ ഈ കൃതി കൃത്യമായി അടയാളപ്പെടുത്തുന്നു. കേരളത്തിൽ നിന്ന് പലായനം ചെയ്യപ്പെട്ട് ഹിജഡാ കൂട്ടായ്മയിൽ എത്തിച്ചേർന്നവരുടെ ജീവിതക്കാഴ്ചകളാണ് ഈ ഗ്രന്ഥം. സുരേന്ദ്രനോടൊപ്പം ഉള്ള തന്റെ ജീവിതത്തെക്കുറിച്ചും ആ ജീവിതത്തിന് പിന്നിടുണ്ടായ പരിവർത്തനത്തെക്കുറിച്ചുമുള്ള ഓർമ്മകൾ ജെറീന പങ്കുവയ്ക്കുന്നുണ്ട്. സുരേന്ദ്രനോടൊപ്പമുള്ള ജീവിതത്തിനിടയിൽ താനൊരു സ്ത്രീയാണെന്നുള്ള ബോധ്യം തന്നിൽ രൂപപ്പെട്ടതായി ജെറീന പറയുന്നു. ട്രാൻസ്ജെൻഡർ, ഹിജഡ എന്നീ നാമങ്ങളുടെ വ്യത്യാസത്തെക്കുറിച്ചും ജെറീന മനസ്സിലാക്കുന്നുണ്ട്. എല്ലാ നന്മകൾക്കിടയിലും തങ്ങളോടുള്ള സൂഹത്തിന്റെ കാഴ്ചപ്പാടിലുള്ള വൈരുധ്യം ജെ

റീനയെ വല്ലാതെ വിഷമിപ്പിച്ചിരുന്നു. വാർധക്യ കാലം ഹിജഡകളെ സംബന്ധിച്ചിടത്തോളം ഒരു പേടിസ്വപ്നമായിരുന്നു. ഇതൊക്കെയാണെങ്കിലും അമ്മയാകാനുള്ള തന്റെ ആഗ്രഹം ജെറീന മറച്ചുവയ്ക്കുന്നില്ല. ചില തിക്താനുഭവങ്ങൾ അവരുടെ ജീവിതത്തെ വല്ലാതെ ഉലച്ചിരുന്നു. സാമൂഹ്യവിരുദ്ധരുടെയും പോലീസുകാരുടെയും ഉപദ്രവങ്ങൾ പലപ്പോഴും ഒരു വേദനയായി അവരിൽ അവശേഷിച്ചു. സിനിമയും മാധ്യമങ്ങളും അവരെ ചിത്രീകരിക്കുന്നതിലുള്ള വൈരുധ്യം അവരുടെ പ്രതീക്ഷകളെ തകർക്കുന്നതായിരുന്നു. എന്നാലും ചില സ്വപ്നങ്ങളൊക്കെ ഇന്നും തങ്ങളുടെ മനസ്സിലുണ്ടെന്ന് ഹിജഡകൂട്ടായ്മക്കുള്ളിലെ ഓരോ വ്യക്തിയും കരുതുകയാണ്. ഒരു ഹിജഡയുടെ ആത്മകഥ എന്ന പുസ്തകത്തിലെ വരുമോ വസന്തം എന്ന ഭാഗത്തിൽ ജെറീന തന്റെ അനുഭവങ്ങളും, സ്വപ്നങ്ങളും, നിരാശകളും, പ്രതീക്ഷകളും, എല്ലാം പങ്കുവയ്ക്കുകയാണ്.

## വരുമോ വസന്തം

ജെറീന ജീവിതപങ്കാളിയായി സ്വീകരിച്ച സുരേന്ദ്രന്റെ മരണത്തെക്കുറിച്ച് പറഞ്ഞു കൊണ്ടാണ് വരുമോ വസന്തം എന്ന അധ്യായം ആരംഭിക്കുന്നത്. ജെറീന പറയുന്നു 'ഭാര്യാഭർത്തൃബന്ധത്തിന്റെ ഊഷ്മളതയും അതു നഷ്ടപ്പെടുമ്പോഴുണ്ടാകുന്ന വേദനയും എന്തെന്ന് ഇന്നെനിക്കു ശരിക്കറിയാം. ഞാനൊരു പരിപൂർണ്ണസ്ത്രീയാണെന്ന് അംഗീകരിച്ച ആദ്യത്തെയും അവസാനത്തെയും പുരുഷൻ സുരേന്ദ്രനാണ്. ജീവിതത്തിൽ ഇന്നുവരെ ഒരു പുരുഷന്റെ ഫീലിംങ് ഉണ്ടായിട്ടില്ലാത്ത എന്നെ പുരുഷനായി എല്ലാവരും ചിത്രീകരിച്ചപ്പോൾ എന്റെ മനസ്സിനെ തൊട്ടറിഞ്ഞത് സുരേന്ദ്രനാണ്. സുരേന്ദ്രൻ വന്നതിനുശേഷമാണ് ഞാൻ ശരിക്കുമൊരു സ്ത്രീയാണെന്ന് എനിക്കു ബോധ്യപ്പെട്ടതും ഇനിയുള്ള ജീവിതം സ്ത്രീയായിത്തന്നെ ജീവിക്കണം എന്ന ഉറച്ച തീരുമാനത്തിലെത്തിയതും.

ജെറീനയും സുരേന്ദ്രനും തമ്മിലുള്ള ആറു വർഷക്കാലത്തെ പ്രണയവും ദാമ്പത്യവും വേർപിരിയലും കിനാക്കൾ പൂത്തകാലം, നടവഴിയിലെ കരിയിലകൾ എന്നീ അധ്യായങ്ങളിൽ സംഗ്രഹിച്ചിട്ടുണ്ട്. ആറു വർഷത്തെ ദാമ്പത്യത്തിന്റെ ഒരു ഘട്ടത്തിൽ സുരേന്ദ്രനിൽ വന്നു ചേർന്ന മൗനം ജെറീനയെ വല്ലാതെ അസ്വസ്ഥതപ്പെടുത്തിയിരുന്നു. അവർ അതിന്റെ കാരണം അന്വേഷിച്ചു ചെന്നപ്പോൾ സുരേന്ദ്രന്റെ അമ്മ അയച്ച ഒരു കത്തു ലഭിക്കുകയുണ്ടായി.

കത്തു വായിച്ചതോടെ സുരേന്ദ്രനിലുണ്ടായ അസ്വസ്ഥതയുടെ കാരണം ജെറീന കണ്ടെത്തി. അവർ സുരേന്ദ്രനെ മറ്റൊരു വിവാഹം കഴിക്കാൻ നിർബന്ധിച്ചു. സുരേന്ദ്രൻ നാട്ടിലേയ്ക്ക് തിരിച്ചതോടെ അർധഭാഗം നഷ്ടപ്പെട്ട പക്ഷിയെപ്പോലെയായി ജെറീന. സുരേന്ദ്രൻ ഗിരിജ എന്ന സ്ത്രീയെ വിവാഹം ചെയ്തു. ശേഷം ജെറീന അയാളുടെ ജീവിതത്തിലേക്ക് കടന്നു ചെല്ലാൻ ഇഷ്ടപ്പെട്ടിരുന്നില്ല, എങ്കിലും സുരേന്ദ്രന്റെ മരണം ജെറീനയെ വല്ലാതെ തളർത്തി. തുടർന്ന് ട്രാൻസ്ജെൻഡർ വ്യക്തി എന്ന നിലയിലുള്ള തന്റെ ജീവിതത്തെയും തനിക്കു ചുറ്റുമുള്ള ലോകത്തെയും അവർ വിലയിരുത്തുന്നു.

"സുരേന്ദ്രൻ വന്നതിനുശേഷമാണ് ഞാൻ ശരിക്കുമൊരു സ്ത്രീയാണെന്ന് ബോധ്യപ്പെട്ടതും ഇനിയുള്ള ജീവിതം സ്ത്രീയായിത്തന്നെ ജീവിക്കണം എന്ന ഉറച്ച തീരുമാനത്തിലെത്താൻ കാരണവും. എന്നാൽ സമൂഹം ഹിജഡകളെ സ്ത്രീയായി അംഗീകരിക്കില്ലല്ലോ? ഞങ്ങൾക്കാരാണ് തൊഴിൽ തരിക? സെക്സ് എന്ന കോളത്തിൽ സ്ത്രീയെന്നോ പുരുഷൻ എന്നോ എഴുതേണ്ടേ? തേർഡ് ജെൻഡർ എന്നൊക്കെ പറഞ്ഞാൽ ആർക്കു മനസ്സിലാകും. സംശയത്തിന്റെ കണ്ണുകളോടെയാണ് ആളുകൾ ഞങ്ങളെ കാണുന്നത്. പണിയെടുക്കാൻ മടിയുള്ളതുകൊണ്ട് വേഷം കെട്ടി ഭിക്ഷയാചിച്ചു നടക്കുന്നവർ എന്നാണ് മിക്കവരുടെയും ധാരണ. ഇതു മനസ്സുമായി ബന്ധപ്പെട്ട പ്രശ്നമാണെന്ന് അറിയാവുന്ന എത്ര പേർ നമുക്കിടയിലുണ്ട്? സ്ത്രീകൾ ഞങ്ങളെ സ്ത്രീകളായി അംഗീകരിക്കാതിരിക്കുമ്പോൾ പുരുഷന്മാർ അവരുടെ വർഗത്തിലും പെടുത്തുന്നില്ല. ഹിജഡകൾ മനുഷ്യസമൂഹത്തിന്റെ ഭാഗമല്ലെന്നാണ് ഇന്നേവരെയുള്ള എന്റെ ലോകപരിചയം

SGOU

വെച്ച് എനിക്കു തോന്നിയിട്ടുള്ളത്.

ഇവിടത്തെ നിയമങ്ങളും ഭരണകൂടങ്ങളും സമൂഹവും ഒന്നും തന്നെ ഞങ്ങളെ മനുഷ്യരായി അംഗീകരിക്കുന്നില്ല. ബസ്റ്റാൻഡിലും റെയിൽവേ സ്റ്റേഷനിലും മറ്റു പൊതുസ്ഥലങ്ങളിലും കാണുന്ന പബ്ലിക് ടോയ്‌ലറ്റുകളിൽ 'മെൻ', 'വിമൻ' എന്നെഴുതിക്കാണും. ഒരു ഹിജഡ ഏതു ടോയ്‌ലറ്റിലാണ് കേറേണ്ടത്. എണ്ണത്തിൽ തീരെ കുറവായ ഹിജഡകൾക്കായി പ്രത്യേകം ടോയ്‌ലറ്റുകൾ പണിയണോ എന്നുള്ള ചോദ്യം ഉയരാവുന്നതാണ്. അതിനു പരിഹാരമുണ്ട്. സാരിയുടുത്ത ഹിജഡകൾ പെണ്ണുങ്ങളുടെ ടോയ്‌ലറ്റിലും അല്ലാത്തവർ പുരുഷന്മാരുടെ ടോയ്‌ലറ്റിലും പോകട്ടെ. എന്നാൽ സമൂഹം അതനുവദിക്കുമെന്നു തോന്നുന്നില്ല. സ്ത്രീകളുടെയോ പുരുഷന്മാരുടെയോ ടോയ്‌ലറ്റുകളിൽ ഒരു ഹിജഡയെ കണ്ടാൽ എന്തായിരിക്കും പുകില്? ഇതേ അനുഭവം തന്നെയാണ് യാത്രയിലുമുണ്ടാകുന്നത്. സ്ത്രീകളുടെയടുത്ത് ഇരിക്കുകയാണെങ്കിൽ ഏതോ അന്യഗ്രഹജീവിയെ കണ്ടതുപോലെ ഭയത്തോടെ തുറിച്ചുനോക്കും. പുരുഷന്മാരുടെ അടുത്തിരിക്കാനാണെങ്കിൽ സ്ത്രീസഹജമായ ലജ്ജയും അനുഭവപ്പെടും. ഞങ്ങളുടെ ഇത്തരം പ്രശ്നത്തെക്കുറിച്ച് ആർക്കറിയാം? അല്ലെങ്കിൽ ആർക്കാണ് അതൊക്കെ അറിയാൻ താത്പര്യം? ഗവൺമെന്റിനോ നിയമത്തിനോ താത്പര്യമില്ലാത്ത ഞങ്ങളെപ്പോലുള്ളവരുടെ പ്രശ്നത്തിൽ പൊതുജനം മാത്രം താത്പര്യമെടുക്കും എന്ന് വിശ്വസിക്കുന്നതു വെറുതേയാണ്. ഐ.പി.സി. 377-ാം വകുപ്പു തന്നെ ഞങ്ങളുടെ കഞ്ഞിയിൽ മണ്ണുവാരിയിടാനായി ഉണ്ടാക്കിയ വകുപ്പായിട്ടാണ് ഞങ്ങൾക്കനുഭവപ്പെടുന്നത്. സ്ത്രീയല്ലാത്ത ഞങ്ങളും ഗേകളുമെല്ലാം എങ്ങനെയാണ് പിന്നെ സെക്സ് വർക്ക് നടത്തേണ്ടത്? നമ്മുടെ നിയമങ്ങളൊക്കെ കാലാനുസൃതമായി പരിഷ്കരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്."

### ട്രാൻസ്ജെൻഡർ

ട്രാൻസ്ജെൻഡർ എന്നതിനു പകരം ഹിജഡ എന്ന വാക്കാണ് ജെറീന തുടർച്ചയായി ഉപയോഗിച്ചിരിക്കുന്നത്. ഇന്ത്യയിലെ ഒരു ട്രാൻസ്ജെൻഡർ-ക്വിയർ കൂട്ടായ്മ മാത്രമാണ് ഹിജഡകൾ. ഹിജഡ കൂട്ടായ്മയിലുള്ള എല്ലാ മനുഷ്യരും ട്രാൻസ്ജെൻഡറുകളാകണമെന്ന് നിർബന്ധമില്ല. ലൈംഗിക തൊഴിൽ ചെയ്തും ഭിക്ഷാടനം വഴിയും ജീവിത വരുമാനമാർഗം കണ്ടെത്തുന്ന ഈ കൂട്ടായ്മയ്ക്കുള്ളിലെ ജനത സമൂഹത്തിന്റെ പലതട്ടുകളിൽ നിന്ന് ആട്ടിയോടിക്കപ്പെട്ടവരോ ഒഴിവാക്കപ്പെട്ടവരോ ആണ്. ആൺ-പെൺ അധികാര ഘടനയ്ക്കുള്ളിൽ നിന്നുകൊണ്ട് നിർമ്മിക്കപ്പെട്ട സാമൂഹികമൂല്യങ്ങൾ ലിംഗ വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ തയ്യാറായിരുന്നില്ല. കേരളത്തിൽ നിന്ന് പലായനം ചെയ്യേണ്ടിവന്ന ജെറീന ഒരു മലയാളി ഹിജഡയുടെ ആത്മകഥ എന്ന പുസ്തകത്തിലെ ആദ്യ അധ്യായങ്ങളിൽ അക്കാര്യം വ്യക്തമാക്കുന്നുണ്ട്. മാനുഷിക പരിഗണനകൾ പോലും നിഷേധിക്കപ്പെട്ട ട്രാൻസ്ജെൻഡർ ജനത നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് ജെറീന ഇവിടെ സംഗ്രഹിക്കുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും വേണ്ടി മാത്രമായി നിർമ്മിച്ചിരിക്കുന്ന പൊതു ശൗചാലയങ്ങൾ ലിംഗപരമായ വൈവിധ്യം പേറുന്ന ജനതയുടെ പ്രാഥമികമായ അവകാശങ്ങളെപ്പോലും നിഷേധിക്കുന്നു. ട്രാൻസ്ജെൻഡറുകളുടെ അവകാശ പോരാട്ടത്തിൽ പങ്കു ചേരുന്ന ആക്റ്റിവിസ്റ്റുകൾ ഇക്കാര്യങ്ങൾ പലയാവർത്തി പറഞ്ഞിട്ടുണ്ട്.

"എന്തുകൊണ്ടാണെന്നറിയില്ല ഇപ്പോൾ കൗമാരക്കാരാണ് ഞങ്ങളെ തേടിയെത്തുന്നവരിൽ ഏറെയും. മുമ്പൊന്നും അങ്ങനെയായിരുന്നില്ല. മദ്യപന്മാരും ലൈംഗികവിഷയങ്ങളിൽ വ്യത്യസ്തത തേടുന്നവരുമായിരുന്നു പണ്ടൊക്കെ ഞങ്ങളുടെ കസ്റ്റമേഴ്സ്. ദൃശ്യമാധ്യമങ്ങളുടെ സ്വാധീനംകൊണ്ടോ മറ്റോ ആയിരിക്കുമോ പുതിയ കുട്ടികളുടെ വരവെന്നു സംശയിക്കേണ്ടിയിരിക്കുന്നു. സ്റ്റുഡന്റ്സിനെയൊക്കെ സ്വീകരിക്കാൻ ഞങ്ങൾക്കു പേടിയാണ്. പുതിയ തലമുറയെ ഞങ്ങൾ വഴിതെറ്റിക്കുന്നു എന്ന പഴി കേൾക്കാൻ താത്പര്യമില്ലാത്തതുകൊണ്ടാണത്. അല്ലെങ്കിൽ ത്തന്നെ പൊതുസമൂഹത്തിനു ദുശ്ശകുനമായ ഞങ്ങൾ ഇത്തരമൊരു ഭാരം കൂടി ചുമലിലേറ്റണ്ടതില്ലല്ലോ." സമൂഹത്തിന്റെ കാഴ്ചപ്പാടുകളെക്കുറിച്ചാണ് ജെറീന പിന്നീട് പറയുന്നത്. "ഇങ്ങനെയൊക്കെയാണെങ്കിലും ശുഭകാര്യങ്ങൾക്കു പോകുമ്പോൾ ഞങ്ങളുടെ അനുഗ്രഹം വാങ്ങു

SGOU

ന്നത് നല്ലതാണെന്നു പൊതുവിശ്വാസമുണ്ട്. ചിലർ പത്തോ പതിനഞ്ചോ രൂപ ഞങ്ങൾക്കു തന്ന് ഞങ്ങളുടെ കൈയിൽനിന്ന് ഒരു രൂപ നാണയം വാങ്ങി സൂക്ഷിച്ചുവെക്കും. വേറെ ചിലർ പറയും ഞാൻ ഇങ്ങനെയൊരു കാര്യത്തിനു പോകുകയാണ് ഒന്നു പ്രാർഥിച്ചോണേ.

ലൈംഗിക തൊഴിലും ഭിക്ഷാടനവുമാണ് ഹിജഡ കൂട്ടായ്മയ്ക്കുള്ളിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗം. ഇരുതൊഴിലിനും സമൂഹം നൽകുന്ന പദവിയെക്കുറിച്ച് ജെറീന സൂചിപ്പിക്കുന്നുണ്ട്. ലൈംഗിക തൊഴിലാളി എന്ന നിലയിൽ ആട്ടിയോടിക്കപ്പെടുമ്പോഴും അനുഗ്രഹത്തിനായി ട്രാൻസ് ജെൻഡർ കമ്മ്യൂണിറ്റിയ്ക്ക് മുൻപിൽ എത്തിച്ചേരുന്നു. ബതായ് നല്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്ക് ശ്രീരാമദേവനിൽനിന്നു ലഭിച്ചതാണ്. വിശേഷപ്പെട്ട എല്ലാ അവസരങ്ങളിലും ഞങ്ങൾ പങ്കെടുത്ത് ബതായ് നല്കാറുണ്ട്. പാട്ടും ഡാൻസും അനുഗ്രഹവർഷവുമൊക്കെ കലർന്ന ഒരു രീതിയാണ് ബതായിൽ ഉള്ളത്. ഷോപ്പുകളുടെ ഉദ്ഘാടനം, വീടിന്റെ കട്ടിളവെപ്പ്, കുട്ടികളുടെ ജനനം തുടങ്ങിയ അവസരങ്ങളിലൊക്കെ ബന്ധപ്പെട്ടവർ ഞങ്ങളെ കൂട്ടിക്കൊണ്ടു പോകും. മോശമല്ലാത്ത തുക ദക്ഷിണയായി നല്കിയാണ് ഞങ്ങളെ മടക്കിയയയ്ക്കുക. ബോംബെയിലും ഹൈദരബാദിലുമൊക്കെ ഒരേ പദ്ധതിയുടെ പല ഘട്ടങ്ങളിലും ബതായ് നടത്താറുണ്ട്. അതായത് ഒരു ഷോപ്പിന്റെ കാര്യത്തിലാണെങ്കിൽ അതിനു തറക്കല്ലിടുമ്പോഴും കട്ടിളവെപ്പിന്റെ സമയത്തും വാർക്കപ്പണി തുടങ്ങുമ്പോഴും വയറിങ് ആരംഭിക്കുമ്പോഴും അങ്ങനെ ഒടുവിൽ ഷോപ്പ് ഉദ്ഘാടനം ചെയ്യുമ്പോഴും ഒക്കെ ബതായ് നടത്തുന്നു. വൻമുതലാളിമാരാണ് ഇങ്ങനെയൊക്കെ ചെയ്യുന്നത്. അതുകൊണ്ടുതന്നെ മോശമല്ലാത്ത തുക ദക്ഷിണയായി ലഭിക്കാറുണ്ട്. ഇത്തരം ദക്ഷിണകളും സെക്സിൽ നിന്നു ലഭിക്കുന്ന തുകയും കൊണ്ടാണ് ഞങ്ങൾ ജീവിക്കുന്നത്." എന്ന് ജെറീന വിവരിക്കുന്നു.

### വാർധക്യജീവിതം

ഹിജഡാ കൂട്ടായ്മയ്ക്കുള്ളിലുള്ള ജീവിതത്തിനാണ് ജെറീന തന്റെ ആത്മകഥയിൽ പ്രാധാന്യം നൽകിയിരിക്കുന്നത്. ഗുരു-ചേല (ശിഷ്യ) ബന്ധങ്ങളിൽ തുടരുന്ന ഹിജഡാ കൂട്ടായ്മയ്ക്കുള്ളിലെ അംഗങ്ങളുടെ ജീവിതത്തെക്കുറിച്ച് ജെറീന പറയുന്നുണ്ട്. പ്രായമായാലാണ് ഏറെ കഷ്ടപ്പാട്. വൃദ്ധരായ ഹിജഡകളുടേതു വേദനാജനകമായ ഒരു ജീവിതമാണ്. വിശേഷാവസരങ്ങളിൽ ബതായ് നടത്താൻ മിക്ക വൃദ്ധരും മടിച്ചുനില്ക്കുന്നു. വാർധക്യസഹജമായ അപകർഷതാബോധമായിരിക്കാം കാരണം. എങ്കിലും ചിലരെങ്കിലും പങ്കെടുക്കാറുണ്ട്. പ്രായമായവരെത്തേടി സെക്സ് വർക്കിന് ആരും എത്തില്ല എന്നതും സ്വാഭാവികമാണ്. പിന്നെ ഏകരക്ഷ ഭിക്ഷാടനമാണ്. ഗുരുവിന്റെ ചെലവുകൂടി നടത്താൻ ചേലകൾ ബാധ്യസ്ഥരാണ്. എന്നാൽ ഇന്ന് അതൊന്നും ശരിയായ രീതിയിൽ നടത്തപ്പെടുന്നില്ല. മുമ്പ് ഒരുപാടു ചേലകളുള്ള ഗുരുവിനെ ഭാഗ്യവതിയായി കണക്കാക്കിയിരുന്നു. കാരണം, ഗുരുവിന്റെ ഭാവിയും ശോഭനമാണ് എന്നതു കൊണ്ടായിരുന്നു അത്. ഇന്ന് അങ്ങനെയൊന്നുമല്ല കാര്യങ്ങൾ. ആർക്കും ആരുടെയും കാര്യത്തിലിടപെടാൻ കഴിയുന്നില്ല. സ്വയം തന്നെ വലിയ പ്രശ്നങ്ങളിൽ പെട്ടിരിക്കുന്ന ഒരാൾക്കു മറ്റുള്ളവരുടെ ക്ഷേമാന്വേഷണം നടത്താൻ എവിടെയാണ് നേരം.

ഹമാമിൽനിന്നും ഭിക്ഷാടനത്തിനായി ഇറങ്ങിപ്പുറപ്പെടുന്ന വൃദ്ധരായ ഹിജഡകളിൽ പലരും മടങ്ങിച്ചെല്ലാറില്ല. ഭൂതകാലത്തിന്റെ സുന്ദരനിമിഷങ്ങൾ ചെലവഴിച്ച ഹമാമുകളിൽ വാർധക്യത്തിന്റെ അവശതകളിൽ, നിത്യവും വന്നെത്തുന്ന കസ്റ്റമേഴ്സിനാൽ പരിത്യക്തരാക്കപ്പെട്ട് കഴിയാനുള്ള മനോബലം കുറവായതുകൊണ്ടായിരിക്കാം തെരുവിന്റെ ഇരുണ്ട മൂലകളിലും വലിയ സിമന്റ് പൈപ്പുകൾക്കകത്തും കൂടാരമൊരുക്കി അവർ ശിഷ്ടജീവിതം തള്ളിനീക്കുന്നത്. പിന്നെ എപ്പോഴെങ്കിലും തെരുവിൽ നിന്ന് ഒരു വൃദ്ധഹിജഡയുടെ ജഡം കണ്ടെടുക്കുമ്പോൾ നാട്ടുകാർക്ക് കുറച്ചു ദിവസത്തേക്കു പറഞ്ഞു ചിരിക്കാൻ വാർത്തയുമാകാം. ഞങ്ങളുടെയും ജീവിതം അങ്ങനെയൊക്കെയാവാം. അങ്ങനെയൊന്നും ആകരുതേ എന്ന് പ്രാർഥിക്കുന്നു. ജീവിതത്തിൽ ഉടനീളം ആടിയോടിക്കപ്പെട്ട അനുഭവങ്ങളാണ് ഒരു കാലത്ത് ട്രാൻസ്ജെൻഡർ – ക്വിയർ

കൂട്ടായ്മയ്ക്ക് പറയാനുണ്ടായിരുന്നത്. കേരള ത്തിൽ നിന്ന് പലായനം ചെയ്യപ്പെട്ട അവരിൽ വലിയൊരു വിഭാഗവും ഹിജഡാ കൂട്ടായ്മകൾ ക്കുള്ളിൽ എത്തപ്പെടുന്നു. 'ജെൻഡർ നില' വെ ളിപ്പെടുത്തിയതു മുതൽ പൊതുസമൂഹത്തിൽ നിന്ന് തഴയപ്പെട്ട അവരുടെ നില വാർധക്യമെ ത്തുമ്പോൾ കൂടുതൽ പരിതാപകരമായി മാറു ന്നു എന്ന് ജെറീനയുടെ വാക്കുകളിൽ നിന്ന് വ്യ ക്തമാണ്.

## ജീവിത സ്വപ്നങ്ങൾ

ജീവിത സ്വപ്നങ്ങളെക്കുറിച്ചാണ് ജെറീന തു റന്നെഴുതുന്നത്. ആർക്കറിയാം നമ്മുടെയൊക്കെ അന്ത്യനിമിഷങ്ങൾ എങ്ങനെയായിരിക്കുമെന്ന്. ഇനിയും ഒരു ജന്മമുണ്ടെങ്കിൽ ഒരു സ്ത്രീയായി ജനിക്കാനാണ് എനിക്കിഷ്ടം. സഫലമാകാതെ പോയ ഒരു പിടി സ്വപ്നങ്ങൾ സഫലീകരിക്കാ നായിട്ടെങ്കിലും ഒരു സ്ത്രീജന്മം ലഭിച്ചെങ്കിൽ എന്നൊരു ആഗ്രഹം. ഭർത്താവും കുട്ടികളുമൊ ക്കെയായി ഒരു കുടുംബജീവിതം ഞാനും ആഗ്ര ഹിക്കുന്നു. കൊച്ചുകുട്ടികളെ എനിക്ക് എന്തി ഷ്ടമാണെന്നോ! അവരെ കാണുമ്പോൾ ഒരു സ്ത്രീയല്ലാത്തതിന്റെ വേദന, ഒരു കുഞ്ഞിനെ പ്രസവിക്കാൻ കഴിയാത്തതിന്റെ ദുഃഖം ഞാൻ ശരിക്കുമറിയുന്നു. പ്രസവിക്കാൻ കഴിയാത്തതി നാലാണ് ഞങ്ങളുടെ ആൾക്കാർ ദത്തെടുക്കുന്ന ത്. അമ്മയാവുക എന്ന സ്വപ്നം സഫലീകരിക്ക പ്പെടുന്നതു ദത്തിലൂടെയാണ്. എന്നിരിക്കിലും പത്തുമാസം ചുമന്ന് നൊന്ത് പ്രസവിച്ചിട്ടുണ്ടാ കുന്നതിന്റെ അനുഭൂതി മറ്റൊന്നിനും ലഭിക്കി ല്ലെന്നു തോന്നുന്നു. പുനർജന്മം ഒക്കെ ഒരു സങ്കല്പമല്ലേ. ഈ ജന്മത്തിലെ ആഗ്രഹങ്ങ ളെക്കുറിച്ചാണു ഞാനിപ്പോൾ ചിന്തിക്കുന്നത്. സമൂഹം നിർമ്മിച്ച ആൺ-പെൺ ലിംഗപദവി ക്കുള്ളിൽ നിന്നുകൊണ്ടാണ് ജെറീനയും സം സാരിക്കുന്നത്. ക്വിയർ കൂട്ടായ്മയെക്കുറിച്ചോ അവർ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയത്തെക്കു റിച്ചോ ഉള്ള ധാരണയില്ലായ്മ ജെറീനയുടെ വാക്കുകളിൽ പ്രകടമാണ്. അവരുടെ ജീവിത സാഹചര്യങ്ങൾ അത്തരം പരിമിതികൾക്ക് കാര ണമായിരുന്നിരിക്കാം.

പരിഹാസങ്ങളും അപമാനങ്ങളുമേൽക്കാതെ ശിഷ്ടജീവിതം നാട്ടിൽത്തന്നെ കഴിയണം എന്നാ ണ് തന്റെ ആഗ്രഹം എന്ന് ജെറീന പറയുന്നു. "നാട് എന്നും എനിക്കൊരു ദൗർബല്യമാണ്. പലപ്പോഴും നാട്ടിലൊക്കെ പോയി ഹമാമിൽ മടങ്ങിയെത്തുമ്പോൾ ആകെയൊരു മ്ലാനതയാ ണ് കുറെ നാളേക്ക്. ഭക്ഷണം കഴിക്കാനൊന്നും തോന്നില്ല. ഹമാമിന്റെ ഇരുൾമൂടിയ മുറികളും അതിലെ വൃത്തി കുറഞ്ഞ ജീവിതരീതികളും മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തിക്കൊണ്ടി രിക്കും. പക്ഷേ, എന്തു ചെയ്യാം? നാട്ടിൽ പുരു ഷനായി കഴിയുന്നതിനെക്കാളും എളുപ്പമാണ് ഇത് എന്ന ആശ്വാസത്തിൽ പൊരുത്തപ്പെടാൻ എളുപ്പമാണ്. അല്പകാലം കൂടി കഴിഞ്ഞാൽ നാട്ടിലെത്തി സ്വസ്ഥമായി ജീവിക്കണമെന്നു ണ്ട്. നാട്ടുകാർ സ്ത്രീയാകാൻ അനുവദിച്ചില്ലെ ങ്കിൽ പുരുഷനായെങ്കിലും അവിടെ കഴിയണം. സ്വസ്ഥതയും മനസ്സമാധാനവും അവിടെ ലഭി ക്കണേ എന്ന പ്രാർഥന മാത്രമാണ് ഇപ്പോൾ. ഞാൻ നാട്ടിൽ ചെറിയൊരു സ്ഥലം വാങ്ങിയി ട്ടുണ്ട്. ഇനി അതിലൊരു ചെറിയ വീടുവയ്ക്ക ണം. വീടിന് ചുറ്റും അല്പം കൃഷിയൊക്കെയാ യി അങ്ങനെ ജീവിക്കണം എന്നാണ് ആഗ്രഹം. എന്നാൽ ഈ ആത്മകഥ എനിക്കൊരു കുരിശാ കുമോ എന്ന സംശയം ഇല്ലാതില്ല. അതുകൊ ണ്ടാണ് ഞാൻ എന്റെ യഥാർഥ പുരുഷനാമം വെളിപ്പെടുത്താത്തത്. അതുകൊണ്ടു തന്നെയാ ണ് എന്റെ വിലാസവും നല്കാത്തത്.

ഈയിടെ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഒരു മലയാളി ഹിജഡയുടെ ആത്മകഥ എന്ന് എന്നെ ക്കുറിച്ചൊരു ആർട്ടിക്കിൾ വന്നിരുന്നു. അതിലെ എന്റെ ഫോട്ടോ കണ്ട് എന്റെ നാട്ടുകാർ എന്നെ തിരിച്ചറിഞ്ഞു. വീട്ടിൽ നിന്ന് ചീത്തയും അടി യും വേണ്ടുവോളം കിട്ടി. അതുകൊണ്ടാണ് പുസ്തകത്തിൽ എന്റെ ഫോട്ടോ ഉപയോഗിക്ക രുതെന്നു പറയാൻ കാരണം. ജീവിതത്തിന്റെ നീണ്ടകാലം ഹിജഡാ കൂട്ടായ്മയ്ക്കുള്ളിൽ ചി ലവഴിച്ച ജെറീനയ്ക്ക് നാട് ഒരു വിദൂരസ്വപ്നമാ ണ്. സ്വന്തം ജെൻഡർ ഐഡന്റിറ്റി വെളിപ്പെടു ത്തിയതുകൊണ്ട് തന്റെ നാട്ടിൽ ജീവിക്കാനുള്ള

SGOU

സാഹചര്യം ജെറീനയ്ക്കുണ്ടായിരുന്നില്ല. ഒരു മലയാളി ഹിജഡയുടെ ആത്മകഥ പ്രസിദ്ധീകരിച്ച് വന്നപ്പോൾ സ്വന്തം വീട്ടിൽ നിന്നുണ്ടായ പ്രതികരണം എപ്രകാരമാണെന്ന് അവർ പറയുന്നുണ്ട്. ക്വിയർ കൂട്ടായ്മയുടെ അവകാശങ്ങളെക്കുറിച്ച് ജ്ഞാനമില്ലാതിരുന്ന സാമൂഹിക സാഹചര്യത്തെ കൂടി ജെറീനയുടെ ആത്മകഥയിൽ നിന്ന് വായിച്ചെടുക്കാൻ കഴിയും."

സ്ത്രീയാകാനുള്ള ആഗ്രഹം പോലെ അവകാശങ്ങളെക്കുറിച്ചുള്ള ബോധവും ഒരു സ്വപ്നം മാത്രമായി അവശേഷിക്കാം. സ്വപ്നങ്ങളൊന്നും സാധിച്ചില്ലെങ്കിലും ഇനിയുമൊരു ഹിജഡയായി ജനിക്കരുതേ എന്നതാണ് ഏറ്റവും വലിയ പ്രാർഥന. 'സ്വന്തം ജെൻഡർ ഐഡന്റിറ്റി' (gender identity) ഒരു ഭാരമാണെന്ന് പ്രഖ്യാപിക്കുന്ന വാക്കുകൾ ജെറീന ആത്മകഥയിൽ ചേർത്തിട്ടുണ്ട്. സ്ത്രീയ്ക്കും പുരുഷനുമപ്പുറം ലിംഗാവസ്ഥകളും ലൈംഗികാവസ്ഥകളുമുണ്ട്. ആണത്ത ബോധങ്ങൾ നിർമ്മിച്ച സാമൂഹിക അധികാരഘടനയാണ് സ്ത്രീ, പുരുഷൻ എന്നിങ്ങനെ ഹെഡ്രോസെക്ഷ്വൽ ബന്ധങ്ങളിൽ മാത്രം കേന്ദ്രീകരിക്കപ്പെട്ട വേർതിരിവുകളെ മുന്നോട്ടു വെച്ചത്. അവയെ ചെറുക്കേണ്ടത് ഏറെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പ്രശ്നമാണ്.

## ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശകൾ

ജീവിതത്തെക്കുറിച്ച് ജെറീനയ്ക്ക് ഏറെ പ്രത്യാശയുണ്ട്. ഇതൊക്കെ ഇട്ടെറിഞ്ഞ് നാട്ടിൽ പോയി ജീവിച്ചാലോ എന്നു പല തവണ ചിന്തിച്ചതാണ്. പിന്നെ തോന്നി വേണ്ടെന്ന്. കുറെക്കൂടി കഴിയട്ടെ. അടങ്ങിയൊതുങ്ങി വീട്ടിൽ കഴിയാനുള്ള വരുമാനമൊക്കെയാകട്ടെ. എന്നിട്ടു പോകാം. പക്ഷേ, നാട്ടിലേക്കു മടങ്ങിപ്പോയ ഹിജഡകളെല്ലാം ഹമാമിൽത്തന്നെ തിരിച്ചുവന്ന് അഭയം തേടിയതിന്റെ ഓർമ്മകൾ മനസ്സിനെ വിഹ്വലമാക്കുന്നു. ഹമാമിലെ ജീവിതം മടുത്ത് നിരവധി കൂട്ടുകാർ നാട്ടിലേക്കു മടങ്ങിപ്പോയിരുന്നു. അവർക്കാർക്കും സന്തുഷ്ടമായ ഒരു ജീവിതം നയിക്കാൻ കഴിഞ്ഞിട്ടില്ലെന്നതാണു സത്യം. പലരും കുറച്ചു കാലത്തിനുള്ളിൽ തന്നെ മടങ്ങി വന്നു. പലരും അപമാനങ്ങൾ കടിച്ചൊതുക്കി ജീവിക്കുന്നു. ഗുദ് എന്നും ഗാണ്ടു എന്നും വിളികേട്ട് മടുത്ത് ആത്മഹത്യയ്ക്കൊരുങ്ങിയ ചിലരുണ്ട്. ജനിച്ചുപോയതുകൊണ്ട് ജീവിക്കുന്നു, അത്രതന്നെ. അപമാനങ്ങളുടെയും അവഹേളനങ്ങളുടെയും ഇടയിലായിരുന്നു ജെറീനയുടെ ജീവിതം. ട്രാൻസ്ജെൻഡറുകളുടെ അവകാശങ്ങളെക്കുറിച്ച് ജെറീന ബോധവതിയല്ല. കുടുംബം, കുട്ടികൾ, തുടങ്ങിയ ചട്ടക്കൂടുകൾക്കുള്ളിൽ ഒതുക്കപ്പെട്ട മനസ്സാണ് ജെറീനയുടേത്. നാട്ടിലേയ്ക്ക് മടങ്ങിപ്പോയവരുടെ ജീവിതവും അവർ ഏറ്റുവാങ്ങേണ്ടി വന്ന അപമാനഭാരവും ജെറീനയെ മടങ്ങിപ്പോക്കിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

തുടർന്ന് ജെറീന എന്ന പേര് സ്വീകരിച്ചതിനു പിന്നിലെ കഥ പറയുകയാണ്. ഹൈദ്രാബാദിൽ വെച്ചാണ് സന്ധ്യ എന്ന പേര് മാറ്റി ജെറീന എന്ന പേര് സ്വീകരിക്കുന്നത്. ബാംഗ്ലൂരിൽ തിരിച്ചെത്തിയപ്പോൾ ജെറീനയുടെ ഹിജഡാ കൂട്ടായ്മയ്ക്കുള്ളിലെ അമ്മ മണിലത പേരുകേട്ട് ഞെട്ടുകയും ജെറീനയെ ചേലയായി സ്വീകരിക്കുകയും ചെയ്തു. ഇത്തരത്തിൽ ഹിജഡ കൂട്ടായ്മയ്ക്കുള്ളിലെ ജീവിതത്തെക്കുറിച്ച് ജെറീന പറയുന്നു. ഒരേ ഒരു ജന്മത്തിനിടയിൽ ഞങ്ങൾ തമ്മിൽ എന്തെല്ലാം ബന്ധങ്ങളായി ജ്യേഷ്ഠത്തി - അനുജത്തി, അമ്മ - മകൾ, ഗുരു - ചേല ബന്ധങ്ങൾ. ഇതുപോലെതന്നെ ഹമാമിലുള്ളവരുമായി വളരെ നല്ല ബന്ധമാണുള്ളത്. മണിലതയും ഞാനും ഒരേ ഹമാമിനെ രണ്ടാക്കിത്തിരിച്ച് മേൽനോട്ടം വഹിച്ചുവരികയാണ്. ഒന്നിന്റെ ഉടമസ്ഥ ഇപ്പോൾ ഞാനാണ്. ഇവിടെ ഞങ്ങളെപ്പോലുള്ള ആളുകൾ വന്നുകൊണ്ടിരിക്കും. കുറെ നാൾ സെക്സ് വർക്ക് ചെയ്ത് മറ്റൊരു ഹമാമിലേക്കു പോകും. അപ്പോൾ വേറേ ചിലർ എത്തിച്ചേരും. ജമാഅത്തിൽ ഒന്നിച്ചു കാണുന്നതിനാൽ എല്ലാവർക്കും അന്യോന്യം പരിചയമുണ്ടാവും. ഇവിടെ ഇപ്പോൾ തമിഴ്നാട്ടുകാരിയായ ഷീലയുണ്ട്. അവൾ മുമ്പ് പഞ്ചാബിലെ പാനിപത്തിലും സോണിപത്തിലും കർണ്ണാലിലും അംബാലയിലും ലുധിയാനയിലും കൂടാതെ ദില്ലിയിലുമൊക്കെ സെക്സ് വർക്ക് നടത്തിയിട്ടുണ്ട്.

## തിക്താനുഭവങ്ങൾ

തുടർന്ന് തന്റെ സഹപ്രവർത്തകരും കൂട്ടുകാരുമായ മറ്റു ട്രാൻസ്ജെൻഡറുകളെക്കുറിച്ച്



SREENARAYANAGURU OPEN UNIVERSITY

ജെറീന എഴുതുന്നു. നാമക്കൽ സ്വദേശിയായ കസ്തൂരി കഴിഞ്ഞ ആറു വർഷമായി ഇവിടെ ത്തന്നെയാണ്. ബാംഗ്ലൂരിലെ ഒരു ഗാരേജ് ഓണ റായ അർജുന എന്നയാളുടെ ഭാര്യാപദവി അവ ളിപ്പോൾ വഹിക്കുന്നുണ്ട്. അർജുന ഇടയ്ക്കിടെ അവളെ കാണാനെത്തും. ബാംഗ്ലൂരുകാരി തന്നെ യായ പ്രേമ, രണ്ടു വർഷമായി ഞങ്ങളുടെ കൂ ടെത്തന്നെയാണ്. ഏതൊരു പെണ്ണിനെക്കാളും സുന്ദരിയാണ് പ്രേമ. അവൾക്കൊരു കാമുകനു ണ്ട് വെങ്കിടേഷ്. അവന് അവളെ വളരെ ഇഷ്ടമാ ണ്. ഇടയ്ക്കിടയ്ക്കു വന്ന് അവളെ കാണാറുണ്ട്. പണ്ട് ഇതുപോലെ ഇടയ്ക്കിടെ ഹമാമിലെത്തിയ ഒരാൾ ഞങ്ങളിലൊരാളെ (ഈ ഹമാമിലേതല്ല, ബാംഗ്ലൂരിലെതന്നെ മറ്റൊരു ഹമാം) സ്നേഹി ച്ചു. കുറെക്കാലം കഴിഞ്ഞപ്പോൾ ഭാര്യാഭർത്താ ക്കന്മാരായി ജീവിക്കാൻ അവർ തീരുമാനിച്ചു. വി വാഹം കഴിഞ്ഞ് നാളുകൾക്കകം തന്നെ അവൾ പൊള്ളലേറ്റു മരിച്ചു. അതൊരു കൊലപാതകമാ ണെന്നു സാഹചര്യത്തെളിവുകൾ ഉണ്ടെങ്കിലും ആത്മഹത്യയായി എഴുതിത്തള്ളപ്പെട്ടു. കൊല പാതകിയായ ഭർത്താവ് ദുരന്തനായകനുമായി. പത്രങ്ങൾ സഹതാപം കാട്ടിയത് ഒരു കൊലപാ തകിയോട്. മരിച്ചവൾ വഞ്ചകിയായും ചിത്രീക രിക്കപ്പെട്ടു. കാരണം ഒന്നേയുള്ളൂ-കൊല്ലപ്പെട്ട വൾ ഹിജഡയായിരുന്നു എന്നതാണ്.

ജീവിതത്തിലുണ്ടായ കയ്പേറിയ അനുഭവ ങ്ങളാണ് ജെറീന പങ്കുവയ്ക്കുന്നത്. കോകില എന്നവളുടെ കാര്യം ആലോചിക്കുമ്പോൾ നടു ക്കമാവുന്നു. മദ്യപിച്ച് മദോന്മത്തരായ നിരവ ധിപേർ അവളെ സെക്സ് ചെയ്യാൻ വിളിച്ചു. നിര വധി പേരെ കണ്ടപ്പോൾ അവൾ പറ്റില്ല എന്നു പറഞ്ഞു. അവർ അവളെ കുപ്പിയൊക്കെ പൊട്ടി ച്ച് കുത്തി പരിക്കേല്പിച്ചു. പിന്നെ എല്ലാവരും മാറി മാറി ലൈംഗികമായി പീഡിപ്പിച്ചു. ബോ ധമൊക്കെ നഷ്ടപ്പെട്ട് മരണത്തിൽനിന്ന് കഷ്ടിച്ച് രക്ഷപ്പെടുകയായിരുന്നു അവൾ. ഹിജഡകളെ കാണുമ്പോൾ ഒന്നു കൈവയ്ക്കണമെന്നു തോ ന്നാത്ത സാമൂഹ്യവിരുദ്ധർ കുറവാണ്. ഹിജഡാ കൂട്ടായ്മയ്ക്കുള്ളിലെ വൈകാരിക ബന്ധങ്ങളെ ക്കുറിച്ചാണ് ജെറീന പറയുന്നത്. പ്രണയവും ചൂ ഷണവും അവരെ ചുറ്റി വലയ്ക്കുന്നു. ആർക്കും ഉപദ്രവിക്കാവുന്ന മനുഷ്യരായി തങ്ങൾ മാറുന്ന തിന് പിന്നിലെ രാഷ്ട്രീയത്തെ ഓർത്ത് അവർ വേദനിക്കുന്നു.

ട്രാൻസ്ജെൻഡർ ജനതയുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് പകരം അവരെ ഏറ്റവും കൂടുതൽ ദ്രോഹിച്ച ഒരു വിഭാഗം പോലീസു കാരാണെന്ന് നിരവധി ട്രാൻസ്ജെൻഡറുകൾ പറയുകയുണ്ടായി. മനുഷ്യജീവി എന്ന പരി ഗണന കൂടി നൽകാത്ത പോലീസ് സ്റ്റേഷൻ അനുഭവത്തെക്കുറിച്ച് ജെറീന ഇപ്രകാരം എഴു തുന്നു. 'പോലീസ് സ്റ്റേഷനിൽ പരാതിയുമായി ചെന്നാൽ ഓരോ അവയവങ്ങളും അവർക്കു പരിശോധിക്കണം. ഗുദത്തിൽ എന്തോ ഒളിപ്പിച്ചു വെച്ചിട്ടുണ്ടോ എന്നറിയാൻ വേണ്ടിയായിരിക്കും പലപ്പോഴും ലാത്തി കടത്തി പരിശോധിക്കാറു ണ്ട്. പിന്നെ അവർക്ക് ഇഷ്ടാനുസരണം സെക്സ് ചെയ്തുകൊടുക്കണം. അതിനു സമ്മതിച്ചില്ലെ ങ്കിൽ അടിച്ചും ഇടിച്ചും ബലാൽസംഗം ചെയ്യും. പിന്നെ തെളിയിക്കപ്പെടാത്ത ഏതെങ്കിലും കേ സിലെ പ്രതിയായി പേരു ചേർക്കുകയും ചെ യ്യും.'

## സിനിമയും ജീവിതവും

മലയാള ചലച്ചിത്രമായ ചാന്തുപൊട്ട് എന്ന സിനിമയെക്കുറിച്ച് ജെറീന എഴുതുന്നുണ്ട്. ചാ ന്തുപൊട്ടിലെ രാധയെപ്പോലെയാണ് ഹിജഡ കൾ എന്നൊരു പൊതുധാരണയുണ്ടെന്നു മന സ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ ഞങ്ങളുടെ പ്രശ്നം രാധയുടേതല്ല. ചെറുപ്പത്തിലേ സ്ത്രീയു ടെ രീതികൾ പരിശീലിപ്പിച്ചതുകൊണ്ട് അദ്ദേഹം സ്ത്രീയെപ്പോലെ പെരുമാറുന്നു എന്നേയുള്ളൂ. ഞങ്ങളുടേതു മനസ്സുമായി ബന്ധപ്പെട്ട പ്രശ് നമാണ്'. ട്രാൻസ്ജെൻഡറുകളുടെ അവസ്ഥ രാധയുടേതിൽ നിന്നു ഭിന്നമാണെന്നും വളർ ത്തപ്പെടലല്ല തങ്ങളുടെ പ്രശ്നമെന്നും ജെറീന പറയുന്നു. ട്രാൻസ്ജെൻഡറുകളുടെ അവസ്ഥ യെക്കുറിച്ച് നിരവധി തെറ്റിധാരണകൾ നിർമ്മിച്ച ചിത്രമാണ് ചാന്തുപൊട്ട്. അക്കാര്യം ജെറീന വ്യ ക്തമാക്കുന്നുണ്ട്. “ഞങ്ങളുടെ വൈകാരികവും മാനസികവുമായ പ്രശ്നങ്ങളെക്കുറിച്ച് സാധാര ണജനങ്ങൾക്ക് അറിഞ്ഞുകൂടാ. ഈ അജ്ഞത കൊണ്ടായിരിക്കാം ചിലർ മുൻധാരണകളോടെ ഞങ്ങളെ പരിഹസിക്കാനും ദോഹോപദ്രവമേല് പിക്കാനുമൊക്കെ പ്രേരിപ്പിക്കുന്നത്. ഞങ്ങളിൽ ചിലരുടെ ജീവിതരീതികളും ഈ ധാരണകൾ

SGOU

ശക്തമാക്കുന്നതിനിടയാക്കിയിരിക്കും എന്നാണ് എനിക്കു തോന്നുന്നത്."

ജീവിതത്തെക്കുറിച്ച് ഏറെ പ്രതീക്ഷകളൊന്നുമില്ലാത്തതുകൊണ്ട് സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള നികൃഷ്ടജീവിയായി കണക്കാക്കപ്പെടുന്നതിലുള്ള അപകർഷതാബോധം – അതൊക്കെ മറക്കാനും മറച്ചുവെക്കാനും വേണ്ടി ഞങ്ങളിൽ മിക്കവരും നന്നായി മദ്യപിക്കും. സമൂഹത്തിന്റെ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ലജ്ജയില്ലാതെ സ്ത്രീവേഷമിട്ട് നടക്കുകയും പൊതുസ്ഥലങ്ങളിൽ ആടുകയും പാടുകയും, മദ്യപിച്ച് കൂത്താടുകയും വ്യഭിചരിക്കുകയും ചെയ്യുന്ന വർഗം. മുഖ്യധാരാസമൂഹം ഏറ്റവും നികൃഷ്ടമായി കണക്കാക്കുന്ന കാര്യങ്ങളാണ് ഞങ്ങൾ അനുദിനം ചെയ്തുകൊണ്ടിരിക്കുന്നത്. പിന്നെയെങ്ങനെയാണ് കാരുണ്യമുള്ള ഒരു സമീപനം പ്രതീക്ഷിക്കുക? ഇതൊന്നും മനഃപൂർവമല്ല ചെയ്യുന്നതെന്നറിയുക. ഹിജഡകൾക്ക് ആരും തൊഴിലു കൊടുക്കുന്നില്ല, സ്ത്രീയാണ് എന്ന വ്യാജേന ജോലിക്കു ചേർന്നുകഴിഞ്ഞാൽ ഹിജഡയാണെന്ന് അറിയുന്ന നിമിഷം സ്ഥാപനത്തിൽനിന്നു പുറത്താക്കപ്പെടും. ആരോട് പരാതി പറയാൻ? നീതിപീഠങ്ങൾ സ്ത്രീ - പുരുഷന്മാർക്കുള്ളതാണ്. തൊഴിൽ ലഭിക്കാത്തവർ വലിച്ചിഴയ്ക്കപ്പെടുകയാണ്. പാരമ്പര്യത്തൊഴിൽ, ഭിക്ഷാടനം, സെക്സ് വർക്ക്, ബതായ് - ഹിജഡകൾക്ക് ഇതൊക്കെയേ വിധിച്ചിട്ടുള്ളൂ. സെക്സ് വർക്കിന്റെ പേരിലാണ് ഞങ്ങൾക്കേറ്റവും അധികം പീഡനങ്ങൾ ഏൽക്കേണ്ടിവരുന്നത്'. സമൂഹത്തിലെ ഏറ്റവും ചെറിയ യൂണിറ്റായ കുടുംബം മുതൽ അധികാരത്തിന്റെ എല്ലാ വ്യവഹാര ഇടങ്ങളിൽ നിന്നും തങ്ങൾ ആട്ടിയോടിക്കപ്പെടുകയായിരുന്നു എന്ന് ജെറീന പറയുന്നു.

"ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ടിലെ വകുപ്പുകൾ ചേർത്താണ് ഞങ്ങളെയൊക്കെ അറസ്റ്റ് ചെയ്യുന്നത്. തൊട്ടടുത്തുള്ള ബാതലുകളിലേക്കു നിയമപാലകർ തിരിഞ്ഞുനോക്കുക പോലുമില്ല. എന്നാൽ ഞങ്ങളെ അറസ്റ്റ് ചെയ്യാൻ യാതൊരു കാരണവും വേണ്ട. ബതായിയും സെക്സ് വർക്കും ഭിക്ഷാടനവും നിർത്തൽ ചെയ്താൽ ഇന്നത്തെ സമൂഹത്തിൽ ഹിജഡകൾ പട്ടിണി കിടന്നു ചത്തുപോവുകയേയുള്ളൂ. ആരും തിരിഞ്ഞുനോക്കില്ല. ഹിജഡകളുടെ സഹായത്തിന് സമൂഹമോ നിയമമോ പോലീസോ ഭരണകൂടമോ ആരും തന്നെ എത്തിച്ചേരില്ല. ഞങ്ങൾ പരിത്യജിക്കപ്പെട്ടവരാണ്. ആർക്കും വേണ്ടാത്തവർ. മുഖ്യധാരാസമൂഹത്തെ ബോധവൽക്കരിച്ചാൽ മാത്രമേ ഞങ്ങൾക്കിനി രക്ഷയുള്ളൂ. ഞങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ചു ശരിക്കുമറിയാവുന്നവർക്ക് ഒരിക്കലും ഞങ്ങളോട് ഇത്രയും ക്രൂരമായി പെരുമാറാൻ കഴിയില്ല, തീർച്ച. ലൈംഗിക ന്യൂനപക്ഷങ്ങളുടെ മനുഷ്യാവകാശങ്ങൾക്കു വേണ്ടി ബാംഗ്ലൂരിലെ ശിവാജി നഗറിലെ സംഗമയുടെ മനോഹറും കൂട്ടുകാരും അഹോരാത്രം കഷ്ടപ്പെടുന്നു. അവരുടെ പ്രവർത്തനങ്ങൾ ബാംഗ്ലൂരിലെ ജനങ്ങൾക്കിടയിലെങ്കിലും ഹിജഡകൾ എന്താണ് എന്നും അവരുടെ പ്രശ്നങ്ങൾ എന്താണ് എന്നതിനെക്കുറിച്ചും ഏതാണ്ട് ഒരു ധാരണയുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. ഇപ്പോൾ ബാംഗ്ലൂരിലെ ജനങ്ങളും പോലീസും മാധ്യമങ്ങളും ഞങ്ങളെ ഏറെ സഹിഷ്ണതയോടെയാണു കാണുന്നത്. ദൈവത്തിന് നന്ദി. പിന്നെ ഞങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന മനോഹരനും കൂട്ടുകാർക്കും. 'ഹിജഡകളുടെ മനുഷ്യാവകാശങ്ങളെ അംഗീകരിക്കുന്ന, ഹിജഡയായിപ്പോയതിന്റെ പേരിൽ തലകുനിച്ച് നടക്കേണ്ടിവരുന്ന സാഹചര്യമില്ലാത്ത ഒരു ലോകമാണെന്റെ സ്വപ്നം'. എന്നു പറഞ്ഞു കൊണ്ടാണ് വരുമോ വസന്തം എന്ന അധ്യായം അവസാനിക്കുന്നത്.

## അവലോകനം

വസന്തത്തിന് വേണ്ടിയുള്ള കാത്തിരിപ്പാണ് ജെറീനയുടെ ജീവിതം എന്ന് അവർ പറയുകയാണ്. അഭിമാനത്തോടെ ജീവിക്കാനുള്ള അവകാശമുള്ള കാലത്തെക്കുറിച്ചാണ് ജെറീന സ്വപ്നം കാണുന്നത്. എന്നാൽ ഗ്രന്ഥത്തിൽ ഉടനീളം ഹിജഡ എന്ന പദമാണ് ജറീന ഉപയോഗിച്ചിരിക്കുന്നത്. ട്രാൻസ്ജെൻഡർ എന്ന പദമോ ക്വിയർ കൂട്ടായ്മ മുന്നോട്ടു വെയ്ക്കുന്ന രാഷ്ട്രീയമോ ജെറീന മുന്നോട്ടു വെയ്ക്കുന്നില്ല. കാലഘട്ടത്തിന്റെ പരിമിതികൾ ജെറീനയുടെ എഴുത്തിലും പ്രകടമാണ്. എന്നാൽ വരുമോ വസന്തം എന്ന അധ്യായത്തിൽ തങ്ങൾക്ക് നിഷേധിക്കപ്പെടുന്ന മൗലിക അവകാശങ്ങളെക്കുറിച്ച് അവർ

സംസാരിക്കുന്നുണ്ട്.

തന്റെ കുടുംബത്തിന് യാതൊരുവിധ അപമാനവും ഉണ്ടാകരുതെന്ന് കരുതി സ്വയം അപകർഷതയിൽ ആണ്ടുപോകുന്ന വ്യക്തിയെയാണ് ജെറീനയിൽ നിന്ന് വായിച്ചെടുക്കാൻ കഴിയുന്നത്. ഹെഡ്മാസ്റ്ററുടെ ചുംബനം എന്ന തലക്കെട്ടിൽ ആരംഭിക്കുന്ന ഒന്നാം അധ്യായം മുതൽ ലൈംഗിക തൃഷ്ണയുടെ ആവിഷ്കാരങ്ങൾക്കാണ് ജെറിന പ്രാധാന്യം നൽകിയിരിക്കുന്നത്. പ്രണയവും കാമവും നിറഞ്ഞ അനുഭൂതികളിലൂടെ കടന്നുപോകുന്ന ജീവിതത്തെ ജെറീന പകർത്തുന്നു. ജെറിന എഴുതുന്നു 'സമൂഹം ഹിജഡകളെ സ്ത്രീയായി അംഗീകരിക്കില്ലല്ലോ? ഞങ്ങൾക്കാരാണ് തൊഴിൽ തരിക? സെക്സ് എന്ന കോളത്തിൽ സ്ത്രീ എന്നോ പുരുഷനെന്നോ എഴുതണ്ടേ? 'തേർഡ് ജെൻഡർ എന്നൊക്കെ പറഞ്ഞാൽ ആർക്കു മനസ്സിലാകും? സംശയത്തിന്റെ കണ്ണുകളിലൂടെയാണ് ആളുകൾ ഞങ്ങളെ കാണുന്നത്.' (ജെറീന, ഒരു മലയാളി ഹിജഡയുടെ ആത്മകഥ, 2013: 59) എന്ന് ജെറീന പറയുന്നു.

അപകർഷതാബോധവും ആത്മനിന്ദയും നിറഞ്ഞ സങ്കല്പമായാണ് ട്രാൻസ്ജെൻഡർ ജീവിതത്തെ ജെറീന വിലയിരുത്തുന്നത്. ഇതൊരു മോശം അവസ്ഥയോ വൈകല്യമോ ആണെന്ന ധാരണ അവർ വച്ചുപുലർത്തുന്നു. വരും ജന്മത്തിൽ 'സ്ത്രീയും പുരുഷനുമായില്ലെങ്കിലും ഹിജഡയായിട്ടൊരു ജന്മം ഇനിയും നൽകരുതേ' എന്നുള്ള പ്രാർഥനയാണുള്ളത് എന്ന് ജെറീന പറയുന്നുണ്ട്. ഇത്തരത്തിൽ ആത്മനിന്ദയോടെ സ്വയം വിലയിരുത്തുന്ന ജീവിതത്തെയാണ് ജെറീനയുടെ ആത്മകഥ അവതരിപ്പിക്കുന്നത്. അവകാശപോരാട്ടത്തിന്റെ ഭാഗമാകേണ്ടതുണ്ടെന്നോ തങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കേണ്ടതുണ്ടെന്നോ ഉള്ള ബോധം അവർ മുന്നോട്ട് വയ്ക്കുന്നില്ല. മുഖ്യധാരാസമൂഹം ഒരു മനുഷ്യജീവിയായെങ്കിലും ഞങ്ങളെ അംഗീകരിക്കണം എന്ന അപേക്ഷയോടെയാണ് അവരുടെ ആത്മകഥ അവസാനിക്കുന്നത്.

ജെറീനയുടെ ആത്മകഥ മുന്നോട്ട് വയ്ക്കുന്ന രാഷ്ട്രീയത്തിന് മേൽപ്പറഞ്ഞ പരിമിതികളുണ്ടെങ്കിലും ആത്മകഥാരചനയിലൂടെ അവർ നേടിയെടുത്ത എഴുത്തിടത്തെ കണ്ടില്ലെന്ന് നടിക്കാനാകില്ല. കർതൃത്വപദവിയിലേക്ക് ഒരു ചുവടുവയ്പ്പ് നടത്തി എന്നുള്ളതാണ് ഈ ആത്മകഥയുടെ പ്രധാന മെച്ചം. ഹിജഡ കൂട്ടായ്മയ്ക്കുള്ളിലെ ജീവിതത്തിന്റെ ചെറിയൊരു ഭാഗം കാട്ടിത്തരാൻ ജെറീനയ്ക്ക് കഴിയുന്നുണ്ട്. ആ നിലയിൽ ആൺ-പെൺ സങ്കല്പങ്ങൾക്കപ്പുറം ലിംഗബോധമുണ്ടെന്ന ചിന്ത സമൂഹത്തിന്റെ പൊതുമണ്ഡലത്തിൽ ഉറപ്പിക്കുവാനുള്ള ഒരു മുന്നേറ്റം കൂടിയായിരുന്നു ജെറീനയുടെ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ.'

## Recap

- ട്രാൻസ്ജെൻഡർ സ്വത്വനിർമ്മിതിയും ക്വിയർസിദ്ധാന്തവും
- ലിംഗപദവിയും ലൈംഗികതയും
- പൊതുസമൂഹത്തിന്റെ പരമ്പരാഗതധാരണകൾ
- അരിക്വത്ക്കരിക്കപ്പെട്ട ട്രാൻസ്ജെൻഡർ ജീവിതം
- ഹിജഡാ കൂട്ടായ്മയും ഹമാമുകളിലെ ജീവിതവും
- ലിംഗപദവിയും അധികാരവും
- ലൈംഗിക തൃഷ്ണയോടുള്ള ആഭിമുഖ്യം ആദ്യഭാഗങ്ങളിൽ
- ആത്മനിന്ദയും അപകർഷതാബോധവും
- സമൂഹം കൽപ്പിക്കുന്ന അതിർവരമ്പുകൾ
- പലായനത്തിന്റെ രാഷ്ട്രീയവും ട്രാൻസ്ജെൻഡർ ജീവിതവും
- ഹിജഡ കൂട്ടായ്മയ്ക്കുള്ളിൽ അനുഭവിക്കേണ്ടി വരുന്ന പ്രശ്നങ്ങൾ
- സുരേന്ദ്രന്റെ മരണം തീർത്ത വേദന
- നാട്ടിലേയ്ക്ക് പോകാനുള്ള ആഗ്രഹം

- ജീവിതത്തെ വിലയിരുത്തുന്നു
- വസന്തത്തിന് വേണ്ടിയുള്ള കാത്തിരിപ്പ്
- ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ
- പോലീസിൽ നിന്നുള്ള അതിക്രമങ്ങൾ
- സൗഹൃദവലയങ്ങൾ - പ്രണയ സങ്കല്പങ്ങൾ
- പുനർജന്മം ഒരു സങ്കല്പമാണ്.
- വൈകാരികതലവും ജീവിതവീക്ഷണവും
- മൗലികാവകാശങ്ങളെക്കുറിച്ചുള്ള ആലോചനകൾ
- ആത്മനിന്ദയോടെ സ്വയം വിലയിരുത്തുന്ന ജീവിതം
- വരും ജന്മത്തിൽ ഹിജഡയാകരുതേ എന്ന പ്രാർഥന
- പൊതുബോധത്തിൽ നിന്ന് ഉദയം ചെയ്ത വീക്ഷണങ്ങൾ
- ആത്മകഥാരചനയിലൂടെ എഴുത്തിടത്തെ നേടിയെടുത്തു

## Objective Type Questions

1. ആരുടെ ജീവിതത്തെയാണ് 'ഒരു മലയാളി ഹിജഡയുടെ ആത്മകഥയിൽ' രേഖപ്പെടുത്തിയിരിക്കുന്നത്?
2. ആരെല്ലാം ചേർന്നാണ് ജെറീനയുടെ ജീവിതകഥ കേട്ടെഴുതിയത്?
3. ആരുടെ മരണത്തെക്കുറിച്ച് പരാമർശിച്ചു കൊണ്ടാണ് വരുമോ വസന്തം എന്ന അധ്യായം ആരംഭിക്കുന്നത്?
4. വരുമോ വസന്തം എന്ന അധ്യായത്തിൽ പരാമർശിക്കുന്ന സുരേന്ദ്രൻ ജെറീനയുടെ ആരായിരുന്നു?
5. ജെറീനയുടെ ഗുരുവും അമ്മയും ഒരാളായിരുന്നു. അവരുടെ പേരെന്താണ്?
6. ഇരുൾമൂടിയ മുറികളും അതിലെ വൃത്തി കുറഞ്ഞ ജീവിതരീതികളും മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കും. എവിടെയുള്ള മുറികളെക്കുറിച്ചാണ് ജെറീന പറയുന്നത്?
7. 'ഇതൊക്കെ ഇട്ടെറിഞ്ഞ് നാട്ടിൽ പോയി ജീവിച്ചാലോ എന്നു പല തവണ ചിന്തിച്ചതാണ്.' ആരാണ് ഇങ്ങനെ ചിന്തിച്ചത്?
8. 'അവരുടെ പ്രവർത്തനങ്ങൾ കുറഞ്ഞത്, ബാംഗ്ലൂരിലെ ജനങ്ങൾക്കിടയിലെങ്കിലും ഹിജഡകൾ എന്താണ് എന്നും അവരുടെ പ്രശ്നങ്ങൾ എന്താണ് എന്നതിനെക്കുറിച്ചും ഏതാണ്ട് ഒരു ധാരണയുണ്ടാക്കും' - ആരുടെ പ്രവർത്തനത്തെക്കുറിച്ചാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്?
9. ഹിജഡ കൂട്ടായ്മയ്ക്കുള്ളിലെ പ്രധാന തൊഴിലുകൾ എന്തെല്ലാമാണെന്നാണ് ജെറീന പറയുന്നത്?
10. 'ഇവിടെ ഞങ്ങളെപ്പോലുള്ള ആളുകൾ വന്നുകൊണ്ടിരിക്കും.' - എവിടേയ്ക്ക്?
11. എവിടെ വെച്ചാണ് സന്ധ്യ എന്ന പേരുമാറ്റി ജെറീന എന്ന പേര് സ്വീകരിക്കുന്നത്?
12. 'ഒരേ ഒരു ജന്മത്തിനിടയിൽ ഞങ്ങൾ തമ്മിൽ എന്തെല്ലാം ബന്ധങ്ങളായി ജ്യേഷ്ഠത്തി-അനുജത്തി, അമ്മ-മകൾ, ഗുരു-ചേല ബന്ധങ്ങൾ' - ആരെക്കുറിച്ചാണ് ജെറീന ഇപ്രകാരം പറയുന്നത്?

SGOU

## Answers

1. ജെറീനയുടെ
2. വിജയൻ കോടഞ്ചേരി, ബി. ഹരി
3. സുരേന്ദ്രൻ
4. ജീവിതപങ്കാളി
5. മണിലത
6. ഹമാമിലെ
7. ജെറീന
8. സംഗമയുടെ
9. ലൈംഗിക തൊഴിലും ഭിക്ഷാടനവും
10. ഹമാമിലേയ്ക്ക്
11. ഹൈദ്രാബാദിൽ വച്ച്
12. മണിലതയെ

## Assignments

1. ക്വിയർ സിദ്ധാന്തത്തെക്കുറിച്ച് വിവരിക്കുക.
2. ട്രാൻസ്ജെൻഡറുകളും കേരളസമൂഹവും - ചർച്ച ചെയ്യുക.
3. ട്രാൻസ്ജെൻഡറുകളുടെ മൗലിക അവകാശങ്ങളും ഇന്ത്യൻസമൂഹവും - ഉപന്യസിക്കുക.
4. ലിംഗപദവിയും അധികാരവും കേരളസമൂഹത്തിൽ 'ഒരു മലയാളി ഹിജഡയുടെ ആത്മകഥ'യെ മുൻനിർത്തി വിശദീകരിക്കുക
5. ആത്മകഥാസാഹിത്യവും ട്രാൻസ്ജെൻഡർ ദൃശ്യതയും - മലയാളത്തിലെ ട്രാൻസ് ജെൻഡർ എഴുത്തുകാരുടെ ആത്മകഥകളെ മുൻനിർത്തി ഉപന്യാസം തയ്യാറാക്കുക.
6. ട്രാൻസ്ജെൻഡറുകൾ അനുഭവിക്കുന്ന ദുരിതങ്ങൾ ചുരുക്കി വിവരിക്കുക.

SGOU

## Reference

1. ജെറീന, വിജയൻ കോടഞ്ചേരി, ബി. ഹരി, ഒരു മലയാളി ഹിജഡയുടെ ആത്മകഥ, ഡി.സി. ബുക്സ്, കോട്ടയം.
2. അശ്വനി എ.പി, ട്രാൻസ്ജെൻഡർ ജീവനം അതിജീവനം, ധ്വനി ബുക്സ്, കോഴിക്കോട്.

## Suggested Reading


1. ലിസി മാത്യു (എഡി.), നവോത്ഥാനം സർഗാത്മകതയും ദേശസ്മൃതിയും, എഡിറ്റർ മലയാള വിഭാഗം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, പയ്യന്നൂർ കേന്ദ്രം.
2. എരുമേലി പരമേശ്വരൻപിള്ള, മലയാള സാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, കോട്ടയം.


SGOU

# Model Question Paper Sets

SGOU

# SREENARAYANAGURU OPEN UNIVERSITY

QP CODE: ……… Reg. No : ……….............

Name : ………………...

**MODEL QUESTION PAPER- SET- A**

**FOUR YEAR UNDER GRADUATE DEGREE EXAMINATIONS**

**FOURTH SEMESTER B. A. (Honours) MALAYALAM LANGUAGE AND LITERATURE**

**SGB24ML504ME-**

**മലയാള സാഹിത്യമാതൃകകൾ : ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം**

( CBCS - UG )

Time: 3 Hours Max Marks: 70

SGOU

## SECTION - A

**I. ഏതെങ്കിലും എട്ട് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. ദലിതൻ എന്ന ആത്മകഥയ്ക്ക് അവതാരിക എഴുതിയതാര്?
2. ഒറ്റയിരുപ്പിന് വായിച്ചു തീർത്ത പുസ്തകം എന്ന് എം.ടി. വാസുദേവൻ നായർ അഭിപ്രായപ്പെട്ട പുസ്തകം ഏത്?
3. നക്സലിസത്തോട് ചുള്ളിക്കാടിന്റെ സുഹൃത്തായ രാധന്റെ മനോഭാവം എന്തായിരുന്നു?
4. പ്രണയകാലം മുതൽ മരണം വരെയുള്ള സി.ജെ. തോമസിന്റെ ജീവിതത്തെ വെളിവാക്കുന്ന കൃതി ഏത് ?
5. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത മയിലമ്മയുടെ ജീവിതകഥയുടെ പേരെന്ത് ?
6. സി.ജെ. സ്വപ്നം കണ്ട സിനിമാകമ്പനിയുടെ പേര് എന്ത് ?
7. രാജൻ കാക്കനാടൻ മുഖ്യ കഥാപാത്രമായി അഭിനയിച്ച സിനിമ ഏത്?
8. റിയാദിൽ റഗ്ബ എന്ന മരുഭൂമിയിൽ നിന്ന് 30 വർഷങ്ങൾക്കുള്ളിൽ അപ്രത്യക്ഷമായ നദികൾ ഏതെല്ലാം?
9. എം.ജി.എസ്സ്. നാരായണന്റെ വള്ളത്തോൾ വിമർശനത്തെ അക്ഷേപിച്ച് പ്രസംഗിച്ചതാര്?
10. ഭാഗ്യലക്ഷ്മിയുടെ അമ്മ എന്തിനാണ് കുട്ടികളെ ബാലമന്ദിരത്തിൽ ചേർത്തത്?

**(8X1 = 8 Marks)**

## SECTION - B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

11. 'ഇവിടമാണദ്ധ്യാത്മവിദ്യാലയം' എന്ന് ലേഖകന് തോന്നാൻ കാരണമെന്ത്?
12. മധുരവേലിയിലെ പ്രാചീനകൃഷി സമ്പ്രദായം, ഭൂപ്രകൃതി എന്നിവയുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നു?
13. കള്ളിമുൾച്ചെടികൾ നിലാവിൽ കുളിച്ചു നിൽക്കുന്നതു കണ്ടപ്പോൾ ലേഖകനുണ്ടായ വികാരവിചാരങ്ങൾ എന്തെല്ലാമായിരുന്നു?

14. സി.ജെ. യുടെ പ്രധാനപ്പെട്ട സ്വപ്നങ്ങളെന്തെല്ലാമായിരുന്നു ?
15. സൈലന്റ് വാലിയെ സമ്പുഷ്ടമാക്കുന്നത് എന്തെല്ലാമാണ്?
16. ദരിദ്രന്റെ ക്രിസ്മസ് എന്ന അധ്യായത്തിന് ആ പേര് നൽകിയതിന്റെ സാംഗത്യമെന്ത്?
17. ബാലമന്ദിരത്തിൽ നിന്ന് ഭാഗ്യലക്ഷ്മിയ്ക്ക് വിട്ടുപോകാനിടയായ സാഹചര്യം വ്യക്തമാക്കുക.
18. വള്ളത്തോളിന്റെ ജന്മദിനത്തിൽ പങ്കെടുക്കാൻ പോയ ലേഖകനുണ്ടായ അനുഭവം എന്ത്?

**(6×2=12 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

19. സൈലന്റ് വാലിയുമായി ബന്ധപ്പെട്ട് ഉണ്ടായ സമരങ്ങളും സാഹിത്യകൃതികളും പരിചയപ്പെടുത്തുക.
20. സോനപ്രയാഗിൽ ലേഖകന്റെ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു?
21. ആശുപത്രിയിൽ ലേഖകനുണ്ടായ അനുഭവങ്ങൾ എന്തെല്ലാമായിരുന്നു.
22. രാജൻ കാക്കാനാടന്റെ ഹിമാലയൻ അനുഭവങ്ങളെപ്പറ്റി പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.
23. ട്രാൻസ്ജെൻഡറുകൾ അനുഭവിക്കുന്ന ദുരിതങ്ങൾ ജെറീനയുടെ ആത്മകഥയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക.
24. കന്യാസ്ത്രീമഠത്തിൽ നിന്നും കീഴാളമണ്ണിലേക്കിറങ്ങിയ ദയാബായിയുടെ കർമ്മമണ്ഡലത്തെക്കുറിച്ച് വിവരിക്കുക
25. വള്ളത്തോൾ നിരൂപണത്തിൽ തനിക്ക് തെറ്റ് പറ്റി എന്ന് ലേഖകൻ സമ്മതിക്കാനിടയായ കാര്യങ്ങൾ ഏതൊക്കെ?
26. “ഇനി എനിക്കു കഞ്ഞി വേണ്ട, എനിക്കു പഠിക്കണം.’’ കുഞ്ഞാമന് ഇങ്ങനെ പറയാനിടയായ സാഹചര്യത്തെപ്പറ്റി ചർച്ച ചെയ്യുക.

**(6×5=30Marks)**

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

27. മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ അനുഭവതീവ്രത രാജൻ കാക്കനാടന്റെ ഹിമവാന്റെ മുകൾത്തട്ടും കെ.എ. ബീനയുടെ നദി തിന്നുന്ന ദ്വീപും മുൻ നിർത്തി വിലയിരുത്തുക.
28. ജീവചരിത്രരചനയിൽ ശ്രീനാരായണഗുരുവിന്റെ ചരിത്രസ്ഥാനം അടയാളപ്പെടുത്തുക.
29. പാർശ്വവത്കരിക്കപ്പെട്ടവരുടെ ജീവിതദുരിതങ്ങൾ അടയാളപ്പെടുത്തുന്ന അനുഭവ സാഹിത്യകൃതികളായ കുഞ്ഞാമന്റെ എതിരും ജെറീനയുടെ ഒരു മലയാളി ഹിജഡയുടെ ആത്മകഥയും വിലയിരുത്തുക.
30. നിരാലംബരുടെ പ്രതിഷേധത്തിന്റെ പ്രതീകമെന്ന നിലയിൽ മയിലമ്മയുടെയും ദയാബായിയുടെയും ആത്മകഥകളെ താരതമ്യാത്മകമായി വിശകലനം ചെയ്യുക.

**(2×10=20Marks)**

SGOU

# SREENARAYANAGURU OPEN UNIVERSITY

QP CODE: ………  Reg. No : ………...............

Name : ………………...

**MODEL QUESTION PAPER- SET- B**

**FOUR YEAR UNDER GRADUATE DEGREE EXAMINATIONS**

**FOURTH SEMESTER B. A. (Honours) MALAYALAM LANGUAGE AND LITERATURE**

**SGB24ML504ME-**

**മലയാള സാഹിത്യമാതൃകകൾ : ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം**

( CBCS - UG )

Time: 3 Hours  Max Marks: 70

## SECTION - A

**I. ഏതെങ്കിലും എട്ട് ചോദ്യത്തിന് ഒറ്റവാക്കിലോ വാചകത്തിലോ ഉത്തരമെഴുതുക.**

1. കെ.കെ. കൊച്ച് ദലിത് പ്രവർത്തനങ്ങൾക്ക് ആദ്യാക്ഷരം കുറിച്ച ലേഖനം ഏത്?
2. കടുത്തുരുത്തിയെപ്പറ്റി പരാമർശിക്കുന്ന പ്രാചീന കൃതി ഏത്?
3. മകന്റെ ജനനശേഷം സി.ജെ.തോമസ് തന്റെ ഉപന്യാസ സമാഹാരത്തിന് നൽകിയ പേരെന്ത്?
4. കാട്ടിലെ മൃഗങ്ങൾക്ക് വേണ്ടി കേരളത്തിൽ ഉണ്ടായ ഏക സമരമേതായിരുന്നു?
5. 'കുടജാദ്രിയുടെ സംഗീതം' എന്ന കൃതി എഴുതിയതാര്?
6. ജെറീനയുടെ അമ്മയും ഗുരുവുമായ ആളാരായിരുന്നു?
7. തമിഴിലേക്ക് വിവർത്തനം ചെയ്ത മയിലമ്മയുടെ ജീവിതകഥയുടെ പേരെന്ത്?
8. എന്നെ പാണനെന്ന് വിളിക്കരുത് എന്ന അധ്യായം ഏത് കൃതിയിൽ ആണുള്ളത്?
9. പച്ചവിരൽ എന്ന ഗ്രന്ഥം കേട്ടെഴുതി തയ്യാറാക്കിയതാരാണ്?
10. 'സ്യൂവേർഡിന്റെ വിഡ്ഢിത്തം 'എന്ന് പരിഹസിക്കപ്പെട്ട സംഗതി എന്ത്?

**(8X1 = 8 Marks)**

## SECTION - B

**II. ഏതെങ്കിലും ആറ് ചോദ്യത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.**

11. പ്ലാച്ചിമട സമരത്തിന്റെ കാരണങ്ങൾ എന്തായിരുന്നു?
12. പരിചയമില്ലാത്ത വീട്ടിൽ ഓണം ഉണ്ണാൻ പോയ കവിക്കുണ്ടായ അനുഭവങ്ങൾ എന്തെല്ലാം?
13. കവിതയിൽ മാത്രമല്ല കർമ്മത്തിലും ജാതിവിരുദ്ധാർശം പ്രാവർത്തികമാക്കിയിട്ടുണ്ട് വള്ളത്തോൾ എന്ന് ലേഖകൻ പറയാനിടയായ സാഹചര്യം എന്താണ്?
14. സൈലന്റ് വാലിക്ക് ആ പേര് വരാൻ ഇടയായ കാരണങ്ങൾ എന്തെല്ലാം?
15. ലേഖകൻ മരുഭൂമിയിൽ കണ്ട അസ്തമയദൃശ്യത്തിന്റെ സവിശേഷത എന്ത്?
16. അലാസ്കയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത എന്തെന്ന് വിവരിക്കുക?



SGOU

17. 'സർ, ഇനിയെന്നെ ജാതിപ്പേര് വിളിക്കരുത്.' - കുഞ്ഞാമൻ ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത്?
18. ജെറീനയുടെ ജീവിതസ്വപ്നങ്ങൾ എന്തൊക്കെയായിരുന്നു.

**(6×2=12 Marks)**

## SECTION - C

**III. ഏതെങ്കിലും ആറ് ചോദ്യത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.**

19. 'ഇതൊക്കെ ഇട്ടെറിഞ്ഞ് നാട്ടിൽ പോയി പോയി ജീവിച്ചാലോ എന്ന് പല തവണ ചിന്തിച്ചതാണ്.' - ജെറീന ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യമെന്ത്?
20. ആശുപത്രിയിൽ വെച്ച് ലേഖകന് എന്തൊക്കെ നഷ്ടങ്ങളാണുണ്ടായത്?
21. ശ്രീനാരായണ ഗുരുവിന്റെ അരുവിപ്പുറം ശിവപ്രതിഷ്ഠയുടെ മുഖ്യലക്ഷ്യമെന്തായിരുന്നു.
22. സൈലന്റ് വാലിയെപ്പറ്റി ലേഖികയുടെ നിഗമനങ്ങളെന്തെല്ലാം ?
23. 'ജീവിതപ്പാത' എന്ന ആത്മകഥ ഒരു പരിധി വരെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജീവിതരേഖ കൂടിയാണ് - വിലയിരുത്തുക.
24. പച്ചവിരൽ എന്ന അനുഭവാഖ്യാനത്തെ മുൻനിർത്തി ദയാബായിയുടെ ജീവിതത്തെ വിശകലനം ചെയ്യുക.
25. ചൂണ്ടക്കാരുടെ സ്വർഗം എന്ന വിശേഷണം എന്തിനെപ്പറ്റിയാണ്. കാരണസഹിതം വ്യക്തമാക്കുക.
26. സാഹസികമായ തന്റെ ഹിമാലയൻയാത്രയെ രാജൻ കാക്കനാടൻ അടയാളപ്പെടുത്തിയിരിക്കുന്നതെങ്ങനെ?

**(6×5=30Marks)**

## SECTION D

**IV. ഏതെങ്കിലും രണ്ട് ചോദ്യത്തിന് മൂന്നു പുറത്തിൽ ഉത്തരമെഴുതുക.**

27. ജീവചരിത്രരചനയുടെ സവിശേഷതകൾ ശ്രീനാരായണഗുരുവിന്റെയും സി.ജെ. തോമസിന്റെയും ജീവിതരേഖ മുൻനിർത്തി ചർച്ച ചെയ്യുക.
28. ആത്മകഥാസാഹിത്യത്തിന്റെ പ്രത്യേകതകൾ ചിദംബരസ്മരണ, ദലിതൻ, സ്വരഭേദങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി വിലയിരുത്തുക.
29. ദയാബായിയുടെ പച്ചവിരലും ജെറീനയുടെ ഒരു മലയാളി ഹിജഡയുടെ ആത്മകഥയും അതിജീവനത്തിന്റെ പ്രശ്നങ്ങളെ ചിത്രീകരിക്കതെങ്ങനെ?
30. വ്യത്യസ്തതയാർന്ന യാത്രാനുഭവങ്ങൾ എന്ന നിലയിൽ ഹിമവാന്റെ മുകൾത്തട്ടിൽ, മരുഭൂമിയുടെ ആത്മകഥ, രണ്ട് യാത്രകൾ - എന്നിവ വിശകലനം ചെയ്യുക.

**(2×10=20Marks)**

SGOU

**സർവ്വകലാശാലാഗീതം**

---------------------

വിദ്യയാൽ സ്വതന്ത്രരാകണം
വിശ്വപൗരരായി മാറണം
ഗ്രഹപ്രസാദമായ് വിളങ്ങണം
ഗുരുപ്രകാശമേ നയിക്കണേ

കൂരിരുട്ടിൽ നിന്നു ഞങ്ങളെ
സൂര്യവീഥിയിൽ തെളിക്കണം
സ്നേഹദീപ്തിയായ് വിളങ്ങണം
നീതിവൈജയന്തി പാറണം

ശാസ്ത്രവ്യാപ്തിയെന്നുമേകണം
ജാതിഭേദമാകെ മാറണം
ബോധരശ്മിയിൽ തിളങ്ങുവാൻ
ജ്ഞാനകേന്ദ്രമേ ജ്വലിക്കണേ

**കുരീപ്പുഴ ശ്രീകുമാർ**

# SREENARAYANAGURU OPEN UNIVERSITY

## Regional Centres


### Kozhikode
Govt. Arts and Science College
Meenchantha, Kozhikode,
Kerala, Pin: 673002
Ph: 04952920228
email: rckdirector@sgou.ac.in

### Thalassery
Govt. Brennen College
Dharmadam, Thalassery,
Kannur, Pin: 670106
Ph: 04902990494
email: rctdirector@sgou.ac.in

### Tripunithura
Govt. College
Tripunithura, Ernakulam,
Kerala, Pin: 682301
Ph: 04842927436
email: rcedirector@sgou.ac.in

### Pattambi
Sree Neelakanta Govt. Sanskrit College
Pattambi, Palakkad,
Kerala, Pin: 679303
Ph: 04662912009
email: rcpdirector@sgou.ac.in


SGOU


SAY NO TO RAGGING
BEFORE YOU EVEN THINK OF RAGGING
Humiliation
Blacklisting
Ruined Career
Download
ANTI RAGGING
App
Don't just stand and watch. Stop Ragging! Show Character
Visit UGC Website i.e. www.ugc.Ac.in & www antinaging.in to UGC Anti Ragging regulations.
Are You Being Ragged ?
Ministry of Education
Government of India
विश्वविद्यालय अनुदान आयोग
University Grants Commission
quality higher education for all
DON'T LET IT BE TOO LATE
SAY NO TO DRUGS
LOVE YOURSELF AND ALWAYS BE HEALTHY
SREENARAYANAGURU OPEN UNIVERSITY
The State University for Education, Training and Research in Blended Format, Kerala
SGOU

# മലയാള സാഹിത്യമാതൃകകൾ:

## ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, അനുഭവസാഹിത്യം

COURSE CODE: SGB24ML504ME

SGOU

Sreenarayanaguru Open University
Kollam, Kerala Pin- 691601, email: info@sgou.ac.in, www.sgou.ac.in Ph: +91 474 2966841

ISBN 978-81-687084-4-0